

ഫാറൂഖ് കോളേജ് (സ്വയംഭരണം)

**മാഗസിൻ 2023-2024**

ഫാറൂഖ് കോളേജ് പി.ഒ



സ്വാർത്ഥ താല്പര്യമോ സ്തുതിക്കും സ്തുതിപാഠനത്തിനും വേണ്ടിയുള്ള മോഹമോ നിങ്ങളെ തിന്നരുത്. കാരണം, യഥാർത്ഥ വിജയത്തിന്റെ മാനദണ്ഡം ആത്മാർത്ഥതയാണ്. യഥാർത്ഥ പുഷ്പത്തിൽനിന്നു മാത്രമേ പരിമളം അടിച്ചുവീശുകയുള്ളു.കടലാസുപുഷ്പങ്ങൾ അവ എത്ര മനോഹരമാണെങ്കിലും ഒരിക്കലും പരിമളം വിതറുകയില്ല. മതപരമായ തർക്കങ്ങളിൽ നിന്ന് വിട്ടുനിൽക്കണം. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കണം, തന്റെ അഭിപ്രായങ്ങളെ സൗമ്യതയോടെ, സ്നേഹപുർവ്വം, നയത്തിൽ എതിരഭിപ്രായക്കാരെ കേൾപ്പിക്കാൻ ശ്രമിക്കണം. അന്യോന്യം സത്യം ഗ്രഹിക്കുക എന്നതായിരിക്കണം ലക്ഷ്യം. മറിച്ച് താൻ ഏതെങ്കിലും വിധത്തിൽ ജയിക്കണമെന്നാകരുത്.

- മൗലാനാ അബുസ്സബാഹ്

BP-4235



ഒലിവിന്റെ നാട്ടുകാർക്ക്
നാട്ടിൽ ഒലിച്ചുപോയവർക്ക്
ബാങ്കൊലി നിലച്ച ആരാധനാലയങ്ങൾക്ക്
മാറ്റൊലി കാതോർക്കുന്ന മാനവർക്ക്

FAROOK COLLEGE LIBRARY
Acc.No.............................
FAROOK COLLEGE LIBRARY

2024

Chief Editor: Dr. Aysha Swapna K A
Staff Editor: Noora V
Student Editor: Raseen Muhammed
Editorial Board:
Dr. Mohamed Saleem Pulsarakath
Dr. M. Abdul Jabbar | Dr. K.P. Abbas
Dilara M | Dr. Zeenath Mohammed Kunhi
Sahad CT | Safa Minsha
Afla KE | Aslam ET | Faizan Azeez
Advertisement: Fathima Safa
Photos:
Farhan Ummar | Navaf
Illustration:
Sonu | Shamil Avala
Layout & Design:Mahin Pulpdesign
Special Thanks: Aysha Wafa
Printing :
A-one offset prints, Ramanattukara
Ph: 0495 - 2442934

ഭൂപടത്തിന്റെ വിളർത്ത ഉടലിൽ,
മരുഭുമിയുടെ തുന്നുണങ്ങാത്ത
അടിവയറ് വരഞ്ഞു കീറി
'ആ നദി' പുറത്തേക്ക് പെറ്റുചാടുന്നു...
ചുഴ്ന്നെടുപ്പ് തീരാത്ത ഖനികളിൽ നിന്ന്
'ആദി'യിലെ അവസാനത്തെ ശേഷിപ്പായ
ക്ലാവ് പിടിച്ച തലയോട്ടികളെ വലിച്ചെടുത്ത്
പടർന്നു കൊണ്ടിരിക്കുന്ന നീലഞരമ്പുകൾ.
ഒഴുകാനുള്ള വഴികൾ
മാഞ്ഞുപോയിട്ടാകണം,
മതിൽക്കെട്ടുകളിൽ പറ്റിപ്പിടിച്ച് ഇഴഞ്ഞു നീങ്ങുന്നത്.
അതിർത്തികളിലെത്തുമ്പോൾ
ചലനം പുർണമായി നഷ്ടപ്പെട്ടു പോകുന്നത്.
സമുദ്രങ്ങളെത്തിരഞ്ഞ്,
പുറമ്പോക്ക് ഭുമിയിലുടെ
നദികളെ അടക്കം ചെയ്ത
ഇടങ്ങളിലെത്തുമ്പോൾ
ഭുപടം നനഞ്ഞുകീറുന്നു.
അന്നേരം,
വാക്കുകൾ ഉറയുരിഞ്ഞ
കടലാസുകെട്ട് മാത്രമായി
ഈ മാഗസിൻ
അവരോടൊപ്പം മരിച്ച് ജീവിക്കും.



തീരങ്ങൾ നീതിയുടെ കഥകളൊന്നും മന്ത്രിക്കുന്നില്ല.
ചോരയും നീരും ചരിത്രത്തിൻ വരികൾ
കൊത്തിവെച്ചിടത്ത്,
അടയാളങ്ങൾ മാത്രം ബാക്കി.
ഇന്നത് അവ്യക്തമായി മങ്ങുന്നു.
പ്രാണൻ നിശബ്ദതയുടെ ഭാരം വഹിക്കുന്നു,
ചരിത്രം വിസ്മരിച്ച അടിമ ശബ്ദവും.
ഇനി അത് ജനങ്ങളുടേതല്ലത്രെ
ആരുടേതെന്നില്ലാതെ ഒഴുകുന്നത്,
ഉത്തരം നൽകാതെ
കാലത്തെ അജ്ഞാതമായത് പ്രതിഫലിപ്പിക്കുന്നു,
പ്രതിരോധം നഷ്ടപ്പെട്ടതിന്റെ സ്മാരകമായി.
തകർന്ന സ്വപ്നങ്ങത്രയും ബാക്കി,
ചെറുത്തുനിൽപ്പിന്റെ കഥകൾ കേട്ടുകേൾവി.
വേലിയേറ്റങ്ങളാൽ ചലിക്കാതെ നദി,
അവശിഷ്ടങ്ങളിലൂടെ ഒഴുകുന്ന നദി
തലമുറകൾക്ക് പോരാട്ടങ്ങൾ ഒന്നുതന്നെ,
നീതിയുടെ നിഴലുകൾക്ക്
ഇരുട്ടറകൾ തല തപ്പി
ഭാവി ഒരു മരീചികയും
മാറുന്നതൊക്കയും ക്രൂരവും,
നാട് നഗരമാക്കി കുട് കൂടാരമാക്കി
ജനിച്ച മണ്ണിൽ അന്യനാക്കി
പൊടിപടലങ്ങൾ അപരിചിതം.





കുടിയിറക്കപ്പെട്ടവർക്കായി
ഹൃദയം തുടിക്കുകില്ല.
ഭുപരിഷ്കരണങ്ങൾ
ബുട്ടുകൾക്ക് കീഴിൽ,
നീതിയുടെ വയലുകൾ തരിശു ഭുമി.
അടിച്ചമർത്തും വീഥി നാം നടന്നു നീങ്ങും,
ചുവടുകൾ പ്രതിധ്വനിക്കും,
പൊള്ളയും കൊള്ളയും.
ചോറു കട്ടവൻ മരിക്കും
നാടു കട്ടവൻ മുടിക്കും
ദേശവാദി കേഴും നാട്ടുജാതി.
യുഗങ്ങളായി തുടങ്ങി
ചതികളാൽ വാഴും
ജാതിമത വേർതിരിവ്.
വിളയിച്ചെടുത്ത മണ്ണ്
കൊയ്തെടുത്ത പൊന്ന്
പൊന്നും നീതിയും ചോദിക്കാൻ അടിമയാര്?
ചരിത്ര പുസ്തകത്തിൽ അടിമക്കിടമേത്?
ഈ ഭുമി ആരുടേത്?





# आभ्यंतर न्याय

नदी के पवित्र तट पर जन्म की पगडंडियाँ बिछी हैं,
इतिहास की कहानियों में खून और आँसू की कड़ियाँ जुड़ी हैं।
बदलते दौर में ज़मीं से परायापन सा हो चला है,
नदी उदासीन है, किसी के भी हक़ को नकारती है।
रूप बदलता है, मगर दर्द की भाषा वही रहती है,
हवा की फुसफुसाहट में अनकही चीखें बहती हैं।
लड़कियों की दिनचर्या में ढलते वीरता के पहर,
न्याय की रेखाएँ धुँधली हैं, कोई रंग नहीं कहती हैं।
समंदर में खोई कविताओं का कोई अर्थ नहीं,
मिझिमुडी सुनते वक़्त नदी का भी सम्मान नहीं।
कोई आता है, चला जाता है, वक्त की रफ़्तार है,
आभ्यंतर न्याय बस ख्वाबों की दीवार है।





# ഹേ പ്രഭൂ, യേ ക്യാ ഹുവാ

## My Lord; What the fun*# is this

നീതിമാന്റെ 'ദൈവം' നീതിപുസ്തകമായിരിക്കണം!!
നീതിപുസ്തകം നോക്കി വേണം ന്യായംവിധിക്കാൻ!
അശരീരി കേട്ടും മതിഭ്രമം ബാധിച്ചും,
വിരമിച്ചശേഷം കിട്ടുന്ന അപ്പക്കഷണത്തിനുവേണ്ടി
വിധിക്കുന്ന 'അനീതി'കളെ വെള്ളപൂശാൻ
ദയവായി ദൈവത്തെ കൂട്ടുപിടിക്കാതിരിക്കുക!


Don't
Forget
us


അനീതി കലിതുള്ളിയാടിത്തുടങ്ങിയിട്ട്
കാലമേറെയായി...കലാപത്തിനു തിരി കൊളുത്താൻ
ഒരു ഈർക്കിൽക്കമ്പുപോലുമില്ലാതെ പോയോ
നമുക്ക്... നഗരത്തിൽ അസ്തമയത്തിനു മുമ്പേ
കത്തിയെരിയേണ്ടിയിരുന്നത് നമ്മുടെ ഭയമായിരുന്നു

# ഉള്ളടക്കം


ഒരുമയുടെ കഥ തനിമയുടേതല്ല ..... 12
ഒലി ..... 15
Make In Indiaa
Breaking India ..... 20
അറിയാം ഫാസിസത്തെ ..... 27
കുഴിമാന്തികളും കുഴിതോണ്ടികളും ..... 31
ജനാധിപത്യം ഭൂരിപക്ഷഹിതമാണോ? ..... 35
ഇന്ത്യൻ പരിസരങ്ങളിലെ ജാതീയത
അതിജീവനവും നിലനിൽപ്പും ..... 39
സത്യമേവ ജയതേ പ്രതീക്ഷ നൽകിയ പരാജയം ..... 45
The poor the downtrodden and the marginalised voices ..... 48
New Opposition and the Representation of Women ..... 51
Religion and politics ..... 53
കുരുതികെട്ടും സുരക്ഷയും ..... 55
പാതിരാ 'മണി'മുഴക്കം എട്ടാണ്ടുകൾക്ക് ഇപ്പുറം ..... 60
പരിണാമ സിദ്ധാന്തം ..... 62
മൂങ്ങജന്മങ്ങൾ ..... 63
The Etymology of Memory ..... 65
The Land Undefeated ..... 70
ABNORMALIZING NORMALISATION ..... 73
Babari The beginning of the end ..... 76
ചമ്പൽ നദി ..... 77
മനപ്പൂർവം മറന്ന 'ഉമർ ഖാലിദ്' ..... 78
വിദ്യാർഥിസമരത്തെ ഒരു വിദ്യാർഥി
നോക്കിക്കാണുന്നു ..... 82
അക്ഷരംപ്രതി ..... 85
ഒഴുകുന്ന ജാതി നദി: ജാതി വ്യവസ്ഥയും
ജാതി സെൻസസിന്റെയും ആവശ്യം ..... 86
ചുവരിലെ അംബേദ്കറും മേശപ്പുറത്തെ
ഭരണഘടനയും ..... 88
തെക്ക്-വടക്ക് അന്തരം വിഭജന രാഷ്ട്രീയം
അളവ് കോലാവുമ്പോൾ ..... 91
നിഷ്കളങ്ക നീതി ..... 94
ചെറിയ മനുഷ്യരുടെ വലിയ ആകാശം ..... 95
The Future is Accessible ..... 97
The Deliberate Stigmatization of Sign Language
Or Why We Must Question the Defaults ..... 99
സാംസ്കാരിക കേരളം;
അകത്തളങ്ങളിലേക്കൊരു എത്തിനോട്ടം ..... 103
കാലചക്രം ..... 105
നിലനിൽപ്പ് ..... 106
ഉടവ് ..... 106
സുഗ്ഗും കോട്ടുമിട്ട ചപ്ലാച്ചി ഭാഷ ..... 107
കളിയിലെ കാര്യം ..... 109
The ugly patch on the beautiful game ..... 111
'ചെങ്കൊലുകൊണ്ട് അളക്കാനാവില്ല
സർ ഈ പെൺകുട്ടികളുടെ മഹത്വം' ..... 113
Margam kali ..... 115
Sow and Reap ..... 116
പുറത്താക്കപ്പെട്ടവരുടെ രാജ്യം ..... 117
അശാന്തിയുടെ വെള്ളക്കെട്ട് ..... 120
പൂർവികർ ..... 121
പരാ'ജയം' ..... 122
ഗാന്ധി കോട്ടും മോദി പാന്റും ..... 123
ഉറുമ്പുകൾ കവിതകൾ എഴുതാറുണ്ട് ..... 124
കഥാബീജങ്ങൾ ..... 126
Breath Of Life:
Navigating The Hazards Of
Deteriorating Air uality ..... 127
Its all about you ..... 130
Dear Home ..... 131
Gaza's child ..... 132
We are all palestinians ..... 133
Heaven on fire ..... 134
Frightened soul ..... 136
Silent cOllapse ..... 137
Half A Dream ..... 138
Is The Pen Mightier
Than The Sword? ..... 140
The Bloody Dowry ..... 143
ഉരുള ..... 144
അട്ട ..... 144
വേര് ..... 145
الإنسانية هو ملجأ ..... 147
അക്ഷരങ്ങൾ ഒരു സമൂഹത്തിന്റെ
ചരിത്രം രചിക്കുന്നു ..... 150




**അഫ്സൽ മുണ്ടക്കുളം**
MSc. Psychology

# ഒരുമയുടെ കഥ തനിമയുടേതല്ല

ദേശത്തെ ഏറ്റവും സാധാരണക്കാരന്റെ വരെ കണ്ണീരൊപ്പുക എന്നതാണ് ഒരു രാഷ്ട്രം എന്നതുകൊണ്ട് ഇന്ത്യ എന്ന രാഷ്ട്രത്തിന്റെ ധർമ്മമെന്ത് എന്ന ചോദ്യത്തിന് ഗാന്ധി കൊടുത്ത ഉത്തരം. കഴിഞ്ഞ പതിറ്റാണ്ടിൽ ഒരു ലക്ഷത്തിലേറെ കർഷകരാത്മഹത്യ ചെയ്ത രാഷ്ട്രത്തിന്റെ ധർമ്മമാണ് ഏറ്റവും നിസ്വനായ സാധാരണക്കാരന്റെ കണ്ണീരൊപ്പുക എന്നത്. എന്നിരിക്കെ ഭൂഗോളം കണക്കിന് ആശയ അടിസ്ഥാനത്തിൽ ചിലർ കറങ്ങിത്തിരിഞ്ഞ് സ്വത്വത്തെ അഥവാ ഇല്ലായ്മ ചെയ്യുന്നിടം എന്ത് ധർമ്മം?

ദശകങ്ങളായി ഇരുട്ടിന്റെയും കളവിന്റെയും മറവിൽ വെറുപ്പിന്റെ ശക്തികൾ നിഗൂഢമായ പദ്ധതികളാൽ ഫലം കൊയ്യുമ്പോൾ, രാഷ്ട്രത്തിന്റെ ധർമ്മത്തെയും രാഷ്ട്രത്തെയും അന്യവൽക്കരിച്ച് സ്വാർഥമായ അജണ്ടകളാൽ സ്വരാസ്ത്രം പടുത്തുയർത്തുമ്പോൾ, ചരിത്രത്തെയും അസ്ഥിത്വത്തിനെയും കവച്ചുവച്ചുകൊണ്ട് ദേശീയമായ മിത്യാഭിമാനത്തിന്റെ തകര ചെണ്ടകളാൽ വിധികൾ എഴുതുമ്പോൾ മാറു കീറി വേർതിരിക്കുന്നത് മനുഷ്യവംശത്തെയാണ്.






മനുഷ്യവംശം എന്ന ഒരുമയുടെ കഥ തനിമയുടെ കഥയായി ദുർവ്യാഖ്യാനം നടത്തി വംശീയ ശുദ്ധീകരണത്തിന് വഴിയൊരുക്കുകയാണ് ഇതിലൂടെ സാധ്യമാക്കുന്നത്.

ലയനങ്ങളിലൂടെ കുടിക്കലർന്നുണ്ടായ യാന്ത്രികതയെ പോലും അതിജീവിക്കുന്ന മറ്റെന്തിനേക്കാളും മൂല്യവത്തായ സങ്കല്പത്തെയാണ് വെട്ടിമുറിച്ചും തരംതിരിച്ചും ഇന്നില്ലാതാക്കുന്നത്. ചവിട്ടിമിതിച്ച് നിലകൊള്ളുന്നത് അത്രയും വെട്ടിപ്പിടിച്ചവൻ അറിയുന്നില്ല കുടിയേറിയവരാണ് നാം എന്നത്. സ്ഥലചലനങ്ങളാൽ വൈവിധ്യമുള്ള വ്യത്യസ്തങ്ങൾ നിറഞ്ഞ ഇടകലർന്ന മിഥ്യ.





മനുഷ്യവംശം എന്ന കുടിക്കലർച്ചയോടുള്ള ഭയം ഇന്നിന്റെയോ നാളെയുടെയോ അല്ല ചരിത്രത്തിലുടനീളമുണ്ട്. മനുഷ്യൻ കുടിയേറുമ്പോൾ, ദൈവങ്ങൾ, സ്ഥലങ്ങൾ ഭാവനാബന്ധങ്ങൾ തുടങ്ങി വ്യത്യസ്തതകൾ ഇഴ ചേരുകയാണ്. അങ്ങനെ ചേർന്നുകൊണ്ട് കലർപ്പില്ലാതെ കലർന്നുണ്ടായ ഒന്നാകുന്നു മനുഷ്യൻ. ആ മനുഷ്യന്റെ വിജയകരമായ കുടിയേറ്റം ആയിരുന്നു മനുഷ്യവംശത്തിന്റെ വിജയം ആയിരുന്നത്.

സിന്ധു നദീതീരത്ത് പ്രാഥമിക കാർഷിക വിജ്ഞാനം മാത്രമുള്ള ഇന്നിന്റെ ദക്ഷിണേഷ്യൻ സ്റ്റെപ്പി പ്രദേശങ്ങളിൽ നിന്നും കുടിയേറിയവരാണ് പ്രാരംഭഘട്ടത്തിൽ ഈ ദേശത്തിന്റെ ആധാരം എഴുതുന്നത്. ഒരു മഹാജനവിഭാഗത്തെ ആവരണം ചെയ്യുന്ന നാഗരികതയും സംസ്കാരവും രാഷ്ട്രീയവും ഭാവന ബന്ധങ്ങളും പതിയെ പതിയെ പടുത്തുയർത്തുകയായിരുന്നു ഇവർ. പതിയെ ഇവർ ദുർബലരായി കൊണ്ടിരിക്കെ പലപല അലകളാൽ കുടിയേറിയ പുത്തൻ കാർഷിക വിജ്ഞാനമുള്ള ഇരുമ്പ് കൈവശം കൊണ്ട ഒരു വിഭാഗം, തകർന്നിരുന്ന മുമ്പേ കുടിയേറി പാർത്തയിടങ്ങളിൽ കുടി കലർന്ന് പുതിയ സംസ്കൃതി, ആശയം, ദൈവഭാവന എന്നിവയ്ക്ക് രൂപം നൽകുകയായിരുന്നു. വേദങ്ങളും ഉപനിഷത്തുകളും ഐതിഹ്യങ്ങളും രൂപം കൊള്ളുന്നത് ഈ കുടിക്കലർച്ചയിൽ ആകാം എന്നും ആയിരുന്നു എന്നതും ചരിത്രം.

പുരോഗതിയുടെയും ആധുനികതയുടെയും ചുവട് പിടിച്ച് ഇന്ന് ആ ദേശവും നാഗരിഗതയും കുതിക്കുമ്പോഴും ഭിന്നതകളാൽ ഭൂപടത്തിൽ ചേരികളായി തീരുന്നു. വേർതിരിക്കാൻ നിർമിതമായ അതിർത്തികളേക്കാൾ പതിൻമടങ്ങ് പ്രാധാന്യം ഇരുവശമുള്ള മനുഷ്യബന്ധങ്ങൾക്കായിരിക്കണം. അതിന് ഉദാഹരണമാണ് വൈവിധ്യമായി നിലകൊള്ളുന്ന നമ്മുടെ സംസ്കൃതി. സഹസ്രാബ്ദങ്ങളുടെ കൊടുക്കൽ വാങ്ങൽ പ്രക്രിയയും ആഴവും വെറും 100 വർഷത്തിന്റെ പാരമ്പര്യം പോലും തികയാത്ത അതിർത്തികൾ വെച്ച് അളക്കുമ്പോൾ അനധികൃതമാക്കപ്പെട്ട കുടിയേറ്റങ്ങൾ അസംബന്ധമായി വഴിമാറുന്നു.

ഒരു പേരിൽ എന്തിരിക്കുന്നു എന്ന പതിവ് ചോദ്യത്തോടെ നേരിടേണ്ടതല്ല വർത്തമാന ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ. ഭാരതത്തിന്റെ പര്യായമല്ല ഇന്ത്യ। പടനിലകളെക്കാൾ ഭൗതികമായി പ്രവർത്തിക്കുന്ന ആശയത്തിന്റെ പേരാണ് ഇന്ത്യ. ആധുനികതയുടെ ചരിത്രത്തിൽ അത്രയേറെ പ്രശംസിക്കപ്പെട്ട ആശയമാണത്. ഭാരതം എന്നത് വിദ്വേഷത്തിന്റെ യുക്തിയായി വഴിമാറുമ്പോൾ ഇന്ത്യ സാഹോദര്യത്തിന്റെ യുക്തിയായി നിലകൊള്ളുന്നു.

മതത്തെ മുൻനിർത്തി ഭാഷയെ മുൻനിർത്തി അല്ലെങ്കിൽ അമൂർത്തമായ ചില ആശയങ്ങളെ മുൻനിർത്തി ഒന്നാണെന്ന് ഉടലെടുക്കുന്ന ആശയ സങ്കൽപ്പത്തിൽ നിന്നും കെട്ടിപ്പടുത്തുയർത്തിയതല്ല ഇന്ത്യൻ ദേശീയത. അടിസ്ഥാനമായും എല്ലാവരും അടങ്ങുന്ന, ഉൾപ്പെടുന്ന ഒന്നായിട്ടാണ് ഇന്ത്യൻ ദേശീയത രൂപം കൊള്ളുന്നത്. ആന്തരിക തത്വങ്ങളാൽ നിർവചിച്ചു അതിൽ അടങ്ങാത്തതിനെ, ഉൾപ്പെടാത്തതിനെ ഒഴിച്ചു കളയുകയും തുടച്ചുനീക്കുകയും ചെയ്യുന്ന ആശയ സങ്കല്പങ്ങൾക്കും മീതെ നിലനിൽക്കുന്നു എന്നതാണ് ഇന്ത്യൻ ദേശീയതയുടെ അടിവേര് തന്നെ. അതിലേക്ക് നയിക്കുന്നത് വൈരുദ്ധ്യങ്ങളുടെയും വൈവിധ്യങ്ങളുടെയും കലർപ്പാണ്.

നാം നമ്മളാകുന്നതും ചരിത്രത്തിൽ നാം നമ്മൾ ആയതും മറ്റു ചിലർ കൂടെ കൂടിച്ചേർന്നിട്ടുള്ളതാണ് എന്ന ബോധ്യം മനുഷ്യനെ വിവേകികളാക്കും മനുഷ്യവംശം എന്ന ഒരുമയുടെ കഥ തനിമയുടെ കഥയെ അതിജീവിക്കുന്നതും ഇത്തരം വിവേകികളിലൂടെ മാത്രമാണ്.

വ്യത്യസ്തരായിരിക്കാനും അതിന്റെ പേരിൽ വേട്ടയാടപ്പെടാതിരിക്കാനും ഉള്ള അവകാശത്തിന്റെ പേരാണ് ജനാധിപത്യം എന്ന് അംബേദ്കർ പറഞ്ഞു പഠിപ്പിച്ചവ

Acc. No.



രാണ് എന്നാൽ ജനാധിപത്യത്തെ ഭൂരിപക്ഷ ഹിതം ആകുന്നത് എന്തുകൊണ്ട്?

ഘടകങ്ങളെ നിലനിർത്തുവാൻ പുറത്താക്കപ്പെടാതിരിക്കുവാൻ ദേശീയതയ്ക്ക് അല്ലെങ്കിൽ ഒരു സമൂഹത്തിന് എത്രമാത്രം ശേഷിയുണ്ടോ അതാകുന്നു ദേശത്തിന്റെയും സമൂഹത്തിന്റെയും ജനാധിപത്യത്തിന്റെ മാനദണ്ഡം അത് ഭൂരിപക്ഷ ഹിതം അല്ല. ഗാന്ധി പറഞ്ഞവസാനിപ്പിച്ചതും അത്തരത്തിലാണ് ലോകത്തുള്ള മുഴുവൻ ജനങ്ങൾക്കും മതമുണ്ടെങ്കിലും ഒരു രാജ്യത്തിന് മതമുണ്ടാകരുത് അല്ലെങ്കിൽ മതാത്മകതയിൽ വേരൂന്നി നിൽക്കരുത്.

നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയാണ് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനമായി ആമുഖത്തിൽ പറയുന്നത് എന്ന് ആവർത്തിച്ചാവർത്തിച്ച് അറിയാവുന്നതാണ്. മതസമൂഹങ്ങളുടെയും വിവിധ ജനവിഭാഗങ്ങളുടെയും ആചാരങ്ങളും സംസ്കാരവും സംരക്ഷിക്കപ്പെടണം എന്നതിനാണ് ഭരണഘടന നിലകൊള്ളുന്നത്.

**ഇന്ത്യ എന്ന ആശയത്തിന്റെ സവിശേഷപ്രകൃതത്തിന്റെ സാക്ഷാത്കാരമാണ് ഭരണഘടന എന്ന് മനസ്സിലാക്കാത്തവർ ഭരണാധികാരികൾ ആകുന്നതാണ് ദേശത്തിനും വംശത്തിനും (മനുഷ്യവംശത്തിന്)അപമാനം. ആരൊരുവൻ ഇന്ത്യൻ എന്നതിനുള്ള ഉത്തരവും അതിന്റെ വ്യാപ്തിയും ഭരണഘടനയിൽ അധിഷ്ഠിതമായി നിലകൊള്ളുന്നു**

ഇന്ത്യ എന്ന ആശയത്തിന്റെ സവിശേഷപ്രകൃതത്തിന്റെ സാക്ഷാത്കാരമാണ് ഭരണഘടന എന്ന് മനസ്സിലാക്കാത്തവർ ഭരണാധികാരികൾ ആകുന്നതാണ് ദേശത്തിനും വംശത്തിനും (മനുഷ്യവംശത്തിന്)അപമാനം. ആരൊരുവൻ ഇന്ത്യൻ എന്നതിനുള്ള ഉത്തരവും അതിന്റെ വ്യാപ്തിയും ഭരണഘടനയിൽ അധിഷ്ഠിതമായി നിലകൊള്ളുന്നു, ആകയാൽ ഭരണഘടന തന്നെ ഉത്തരമായി മാറുന്നതും കാണാം. താൻ അനുഷ്ഠിക്കുന്ന മതം അനുശാസിക്കുന്ന ജീവിത രീതി കൈക്കൊള്ളുന്നവനെയും മുസ്‌ലിമെന്നും ഹിന്ദു എന്നും വെളിപ്പെടുത്തുന്നവനെയുമെല്ലാം വർഗീയവാദികളായി മുദ്രകുത്തുന്ന പൊതുബോധത്തെയും അതിഭീകരമായി തന്നെ നോക്കികാണേണ്ടതുണ്ട്.

പിറന്ന മണ്ണിൽ പിറവിതൊട്ടു ചുടല വരെ സവർണ്ണതയുടെയും ജന്മിത്വത്തിന്റെയും അടിമകളായി ഈ നാട്ടിലെ ദളിത് ന്യൂനപക്ഷ വിഭാഗങ്ങളെ പാർശ്വവൽക്കരിക്കുമ്പോൾ ഈ നാടിന്റെ അടിസ്ഥാന ജനവിഭാഗവും നാടിന്റെ സംസ്കൃതിയുടെ, പൈതൃകങ്ങളുടെ പൂർണ്ണ അവകാശികളുമായ ദളിതുകളെ ചരിത്രത്തിൽ നിന്നും തുടച്ചുനീക്കുക എന്നത് വിജയം കൈവരിക്കുന്നു.

റസീൻ മുഹമ്മദ്
BA Sociology

# ഒലി

നദികൾ മനുഷ്യ നാഗരികതയുടെ കളിത്തൊട്ടിലാണ്, ജനവാസ കേന്ദ്രങ്ങൾക്ക് ജന്മം നൽകി, നഗരങ്ങളെ പരിപോഷിപ്പിക്കുന്നു, ആയിരക്കണക്കിന് വർഷങ്ങളായി സമൂഹങ്ങളെ നിലനിർത്തുന്നു. ഇന്ത്യയിൽ, ഗംഗ, യമുന, ബ്രഹ്മപുത്ര, നർമ്മദ തുടങ്ങിയ നദികൾ കേവലം ജലാശയങ്ങളേക്കാൾ വളരെ കൂടുതലാണ്; അവർ സമൂഹത്തിന്റെ സാംസ്കാരികവും ആത്മീയവും സാമ്പത്തികവുമായ ഘടനയിൽ ഇഴചേർന്നിരിക്കുന്നവയാണ്. അവർ പുണ്യമായ അസ്തിത്വങ്ങളായി ബഹുമാനിക്കപ്പെടുന്നതും പുരാണങ്ങളിൽ ആഘോഷിക്കപ്പെടുന്നതുമായതിനാൽ തന്നെ അതിജീവനത്തിനായി ആശ്രയം നൽകുന്നതാണ്. എന്നിട്ടും, ഇന്ന്, ഈ ലൈഫ് ലൈനുകൾ സങ്കീർണ്ണമായ സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളിൽ അകപ്പെട്ടിരിക്കുന്നു, പലപ്പോഴും അവഗണിക്കപ്പെടുകയോ തെറ്റിദ്ധരിക്കപ്പെടുകയോ ചെയ്യുന്നു.

പാരിസ്ഥിതിക തകർച്ച, സാംസ്കാരിക പൈതൃകത്തിന്റെ നഷ്ടം, അവകാശങ്ങളുടെ ശോഷണം- അങ്ങനെ തുടങ്ങി ഈ നദീതീരങ്ങളിൽ താമസിക്കുന്നവരുടെ കഥ ചെറുത്തുനിൽപ്പിന്റെ മാത്രമല്ല, പാർശ്വവൽക്കരണത്തിനും അവഗണനയ്ക്കുമെതിരായ നിരന്തര പോരാട്ടത്തിന്റേതുമാണ്.





നദികൾ വളരെക്കാലമായി വിശുദ്ധ ഇടങ്ങളാണ്, ആരാധനാലയങ്ങൾ, ഉപജീവനത്തിന്റെ ഉറവിടങ്ങൾ, എണ്ണമറ്റ സമൂഹങ്ങളുടെ തുടർച്ചയുടെ പ്രതീകങ്ങൾ എന്നിവയായി വർത്തിക്കുന്നു. പ്രാചീന നാഗരികതകളുടെ ഉദയം മുതൽ ആധുനിക നഗരവൽക്കരണത്തിന്റെ പോരാട്ടങ്ങൾ വരെയുള്ള മനുഷ്യചരിത്രത്തിന്റെ ഒഴുക്കിനും അവർ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ജീവിതത്തിന്റെയും മരണത്തിന്റെയും ആചാരങ്ങൾ അനുദിനം അരങ്ങേറുന്ന വാരണാസിയിലെ ഘാട്ടുകൾ മുതൽ, ഗ്രാമീണ ജീവിതത്തിന്റെ താളം നിർണ്ണയിക്കുന്ന നദികൾ ആസാമിലെ ഫലഭൂയിഷ്ഠമായ സമതലങ്ങൾ വരെ, ഈ ജലസ്രോതസ്സുകൾക്ക് വളരെയധികം സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യമുണ്ട്.

എന്നിരുന്നാലും, സമകാലിക ഇന്ത്യയിൽ, പ്രാദേശിക സമൂഹങ്ങളുടെ ആവശ്യങ്ങൾ ശക്തമായ സാമ്പത്തിക, രാഷ്ട്രീയ ശക്തികളുമായി ഏറ്റുമുട്ടുന്ന യുദ്ധക്കളങ്ങളായി നദികൾ മാറുകയാണ്. അനിയന്ത്രിതമായ വ്യാവസായികവൽക്കരണം, വ്യാപകമായ നഗര വികാസം, മോശമായി ആസൂത്രണം ചെയ്യാത്ത വികസന പദ്ധതികൾ എന്നിവ ഈ പുണ്യജലത്തെ സംഘർഷത്തിന്റെയും പ്രതിസന്ധിയുടെയും സ്ഥലങ്ങളാക്കി മാറ്റി. ഫാക്ടറികൾ സംസ്ക്കരിക്കാത്ത മാലിന്യങ്ങൾ നദികളിലേക്ക് പുറന്തള്ളുന്നു, നഗരങ്ങൾ വെള്ളപ്പൊക്ക പ്രദേശങ്ങൾ കയ്യേറുന്നു, വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ പദ്ധതികൾ നദികളുടെ സ്വാഭാവിക ഗതിയെ മാറ്റുന്നു, ആവാസവ്യവസ്ഥയെ തടസ്സപ്പെടുത്തുകയും ആയിരക്കണക്കിന് ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്യുന്നു. തലമുറകളായി ഈ നദികളെ ആശ്രയിക്കുന്ന സമൂഹങ്ങൾ തങ്ങളുടെ ജീവിതരീതി സംരക്ഷിക്കുന്നതിനും പുരോഗതിയുടെ അക്ഷീണമായ യാത്രയുമായി പൊരുത്തപ്പെടുന്നതിനും ഇടയിൽ കുടുങ്ങി.

ഇന്ന് ഇന്ത്യയിലെ നദീതട സമൂഹങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും സമ്മർദവും ദൃശ്യവുമായ ഒരു പ്രശ്നമാണ് സ്ഥലംമാറ്റം. അണക്കെട്ട് നിർമാണം, നദികൾ ബന്ധിപ്പിക്കുന്ന സംരംഭങ്ങൾ, വ്യാവസായിക വികസനം തുടങ്ങിയ സർക്കാർ നേതൃത്വത്തിലുള്ള വികസന പദ്ധതികൾ പലപ്പോഴും ഭാരിച്ച മനുഷ്യച്ചെലവോടെയാണ് വരുന്നത്. മുഴുവൻ ഗ്രാമങ്ങളും വേരോടെ പിഴുതെറിയപ്പെടുന്നു, കുടുംബങ്ങൾ അവരുടെ പൂർവ്വിക ഭൂമി വിട്ടുപോകാൻ നിർബന്ധിതരാകുന്നു, പരമ്പരാഗത ജീവിതരീതികൾ പുനഃസ്ഥാപിക്കാനാവാത്തവിധം തടസ്സപ്പെട്ടു. സാമ്പത്തിക വളർച്ചയുടെയും ദേശീയ വികസനത്തിന്റെയും വാഗ്ദാനങ്ങൾ നദീതീരങ്ങളിൽ താമസിക്കുന്നവരിൽ ഉടനടി ദീർഘകാലാടിസ്ഥാനത്തിലുള്ള ആഘാതം പലപ്പോഴും അവഗണിക്കുന്നു.



കുടിയൊഴിപ്പിക്കപ്പെട്ടവരെ സംബന്ധിച്ചിടത്തോളം, നഷ്ടം ശാരീരികം മാത്രമല്ല, ആഴത്തിലുള്ള വൈകാരികവും സാംസ്കാരികവുമാണ്. നദികൾ ഭൂമിശാസ്ത്രപരമായ സവിശേഷതകളേക്കാൾ കൂടുതലാണ്; അവരെ ചുറ്റിപ്പറ്റിയുള്ള കമ്മ്യൂണിറ്റികളുടെ ഐഡന്റിറ്റിക്ക് അവ അഭിവാജ്യമാണ്. വിട്ടുപോകാൻ നിർബന്ധിതരാകുക എന്നതിനർത്ഥം ഒരു വീട് മാത്രമല്ല, ഭൂമിയിലും വെള്ളത്തിലും വേരൂന്നിയ സ്വന്തമെന്ന ബോധമാണ്. സ്ഥലംമാറ്റം പലപ്പോഴും സാമൂഹിക വിഘടനത്തിനും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും മാനസിക ആഘാതത്തിനും കാരണമാകുന്നു. നഷ്ടപരിഹാരത്തിന്റെയും പുനരധിവാസത്തിന്റെയും ഔദ്യോഗിക വാഗ്ദാനങ്ങൾ ഉണ്ടായിരുന്നിട്ടും, പലരും ഈ സംവിധാനത്താൽ സ്വയം ഉപേക്ഷിക്കപ്പെട്ടു, ചെറിയ പിന്തുണയോടെ ബ്യൂറോക്രാറ്റിക് തടസ്സങ്ങളുടെ ഒരു ലബിരിന്തിലൂടെ സഞ്ചരിക്കുന്നു.കുടിയൊഴിപ്പിക്കപ്പെട്ട ഈ സമൂഹങ്ങളുടെ സമരം വലിയൊരു സാമൂഹിക-രാഷ്ട്രീയ പരാജയത്തിന്റെ പ്രതീകമാണ്. നവീകരണത്തിനായുള്ള ഓട്ടത്തിൽ, ഏറ്റവും കൂടുതൽ ബാധിച്ചവരുടെ ശബ്ദം പലപ്പോഴും അവഗണിക്കപ്പെടുന്നു. നദീജല സമൂഹങ്ങളുടെ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് വളരെ അകലെയുള്ള ദൂരെയുള്ള ബോർഡ് റൂമുകളിൽ തീരുമാനങ്ങൾക്ക് വഴിയൊരുങ്ങും.ശരിയായ നഷ്ടപരിഹാരമോ അവരുടെ ജീവിതം പുനർനിർമ്മിക്കാനുള്ള മാർഗങ്ങളോ ഇല്ലാതെ. കുടിയൊഴിപ്പിക്കപ്പെട്ടവർ തങ്ങളെത്തന്നെ സംരക്ഷിക്കാൻ അവശേഷിക്കപ്പെടുകയാണ്.

ഇന്ത്യയിലെ നദികളുടെ ശോഷ

ണം ഒരു പാരിസ്ഥിതിക പ്രതിസന്ധി മാത്രമല്ല; അതൊരു അഗാധമായ സാമൂഹിക പ്രശ്നം കൂടിയാണ്. വ്യാവസായിക മാലിന്യങ്ങൾ, സംസ്കരിക്കാത്ത മലിനജലം, പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതമായ ഉപയോഗം എന്നിവയാൽ പ്രധാന നദികളിലെ മലിനീകരണ തോത് ഭയാനകമായ നിലയിലെത്തി. ഈ പാരിസ്ഥിതിക തകർച്ച ഗുരുതരമായ ആരോഗ്യ അപകടങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആവാസവ്യവസ്ഥയെ തകരാറിലാക്കുകയും, നദിയുടെ പ്രകൃതിവിഭവങ്ങളെ ആശ്രയിക്കുന്നവരുടെ ഉപജീവനത്തെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾ ദാരിദ്ര്യം പേറുകയും കർഷകർ മലിനമായ ജലസേചന ജലവുമായി പൊരുതുകയുമാണ്, മുഴുവൻ സമൂഹങ്ങളും വിഷബാധയുടെ ഭീകരമായ പ്രത്യാഘാതങ്ങൾ അഭിമുഖീകരിക്കുകയാണ്.

നദികളുടെ ശോചനീയാവസ്ഥയിലും, ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ടവരുടെ ശബ്ദം പലപ്പോഴും പാർശ്വവത്കരിക്കപ്പെടുന്നു. മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും തദ്ദേശവാസികൾക്കും നദികളെ കുറിച്ച് ആഴത്തിലുള്ള അറിവുണ്ട്, എന്നാൽ തലമുറകളായി ഈ ജലവുമായി ഇണങ്ങി ജീവിച്ചിട്ടും, അവർ പലപ്പോഴും നയ ചർച്ചകളിൽ നിന്നും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ നിന്നും ഒഴിവാക്കപ്പെടുന്ന അവസ്ഥയാണ്. ഗവൺമെന്റ് നിയന്ത്രണങ്ങളും വ്യാവസായിക നയങ്ങളും പാരിസ്ഥിതിക സുസ്ഥിരതയെക്കാൾ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകി, നദിയുടെ ആരോഗ്യവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന ആളുകളെ മാറ്റിനിർത്തുന്നു. ഈ പാർശ്വവൽക്കരണം ഈ കമ്മ്യൂണിറ്റികളുടെ അവകാശങ്ങളോടും സംഭാവനകളോടും ഉള്ള വിശാലമായ സാമൂഹിക അവഗണനയെ പ്രതിഫലിപ്പിക്കുന്നു. പാരിസ്ഥിതിക പ്രതിസന്ധി ആധുനിക ഭരണവും പരമ്പരാഗത പാരിസ്ഥിതിക ജ്ഞാനവും തമ്മിലുള്ള വിച്ഛേദത്തെ അടിവരയിടുന്നതാണ്. സുസ്ഥിര മത്സ്യബന്ധന രീതികൾ, നദി സംരക്ഷണം, വെള്ളപ്പൊക്കം എന്നിവയെ കുറിച്ചുള്ള പ്രാദേശിക അറിവ്, മനുഷ്യന്റെ പ്രവർത്തനവും പ്രകൃതി സംവിധാനങ്ങളും തമ്മിലുള്ള സങ്കീർണ്ണമായ സന്തുലിതാവസ്ഥ പരിഗണിക്കുന്നതിൽ പരാജയപ്പെടുന്ന ടോപ്പ്-ഡൗൺ സമീപനങ്ങൾക്ക് അനുകൂലമായി പലപ്പോഴും അവഗണിക്കപ്പെടുന്നു. പരിസ്ഥിതിയെ മാത്രമല്ല, നദീതീര സമൂഹങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിരതയെയും ബാധിക്കുന്ന ജീർണതയുടെ ഒരു ചക്രമാണ് ഫലം.

നദികൾ കേവലം ഭൗതിക അസ്തിത്വങ്ങളല്ല; അവരുടെ തീരത്ത് വസിക്കുന്ന സമൂഹങ്ങളുടെ സാംസ്കാരികവും ആത്മീയവുമായ ജീവിതത്തിൽ അവർ ആഴത്തിൽ ഉൾച്ചേർന്നിരിക്കുന്നുണ്ട്. വാരണാസിയിലെ ഘാട്ടുകളിൽ നടത്തുന്ന ആചാരങ്ങൾ മുതൽ കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പാടുന്ന നാടൻ പാട്ടുകൾ വരെ നദികൾ ദശലക്ഷക്കണക്കിന് ആളുകളുടെ സാംസ്കാരിക സ്വത്വങ്ങളെ രൂപപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും, നദികൾ കൂടുതൽ മലിനീകരിക്കപ്പെടുകയും വഴി തിരിച്ചുവിടുകയും കൈയേറ്റം ചെയ്യുകയും ചെയ്യുന്നതിനാൽ, ഈ സാംസ്കാരിക ആചാരങ്ങൾ അപ്രത്യക്ഷമാകാനുള്ള സാധ്യതയും കാണാം.

നദീതട സംസ്ക്കാരത്തിന്റെ നഷ്ടം പാരമ്പര്യങ്ങളുടെ തിരോധാനം മാത്രമല്ല; സമുദായ സ്വത്വത്തിന്റെയും പൈതൃകത്തിന്റെയും ശോഷണത്തെക്കുറിച്ചുള്ള വിശാലമായ വ്യാഖ്യാനമാണിത്. നദിയുമായി ബന്ധപ്പെട്ട ആചാരങ്ങളും പാട്ടുകളും കഥകളും ഭൂമിയും വെള്ളവുമായുള്ള ആഴത്തിലുള്ള ബന്ധത്തിന്റെ പ്രകടനങ്ങളാണ്. ഇവ തകരുമ്പോൾ സ്ഥലബോധവും ചരിത്രബോധവും നഷ്ടപ്പെടും. സാമ്പത്തിക വളർച്ചയുടെയും നഗരവികസനത്തിന്റെയും ആരവങ്ങൾക്കിടയിൽ ഈ സാംസ്കാരിക ശോഷണം പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നുണ്ട്, പക്ഷേ ഇത് ഇന്ത്യൻ സമൂഹത്തിന്റെ കൂട്ടായ ഓർമ്മയ്ക്കും വൈവിധ്യത്തിനും ഗണ്യമായ നഷ്ടത്തെ പ്രതിനിധീകരിക്കുന്നതാണ്.

പല നദീതട സമുദായങ്ങൾക്കും, ശാരീരികമായി അതിജീവിക്കുക മാത്രമല്ല, അവരുടെ സാംസ്കാരിക പൈതൃകത്തെ അതിശക്തമായ പ്രതിബന്ധങ്ങളെ അഭിമുഖീകരിച്ച് സംരക്ഷിക്കുക കൂടിയാണ് വേണ്ടത്. നൂറ്റാണ്ടുകളുടെ സാംസ്കാരിക ചരിത്രത്തെ മായ്ച്ചുകളയാൻ ഭീഷണിപ്പെടുത്തുന്ന ആധുനികവൽക്കരണ ശക്തികൾക്കെതിരായ ശക്തമായ ചെറുത്തുനിൽപ്പാണ് ഈ പാരമ്പര്യങ്ങൾ നിലനിർത്താനുള്ള പോരാട്ടം.

വ്യവസ്ഥാപിതമായ അവഗണനയ്ക്കും സാമൂഹിക-രാഷ്ട്രീയ ബഹിഷ്കരണത്തിനും എതിരായ പോരാട്ടമാണ് നദീസമുദായങ്ങൾക്കിടയിലെ നീതിക്കുവേണ്ടിയുള്ള പോരാട്ടം. ഈ കമ്മ്യൂണിറ്റികളെ സംരക്ഷിക്കാൻ രൂപകൽപ്പന ചെയ്ത നിയമ ചട്ടക്കൂടുകളും നയങ്ങളും പലപ്പോഴും പരാജയപ്പെട്ടു. വികസന പദ്ധതികൾ മൂലം കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം ഇടയ്ക്കിടെ വൈകുകയോ അപര്യാപ്തമാവുകയോ ചെയ്യുന്നു. നദീതീരത്ത് താമസിക്കുന്ന ആളുകൾ അവരുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകാത്ത സങ്കീർണ്ണവും പലപ്പോഴും ശത്രുതാപരമായതുമായ ഒരു സംവിധാനത്തിലൂടെ സഞ്ചരിക്കാൻ അവശേഷിക്കുന്നു.

നദീസമുദായങ്ങൾക്ക് യഥാർത്ഥ നീതിക്ക് കേവലം നിയമപരമായ സംരക്ഷണം മാത്രമല്ല ആവശ്യം. അത് സാമൂഹിക മനോഭാവത്തിൽ മാറ്റം ആവശ്യപ്പെടുന്നു. ഈ കമ്മ്യൂണിറ്റികൾ കൊണ്ടുവരുന്ന മൂല്യത്തിന് അംഗീകാരം ഉണ്ടായിരിക്കണം-നദികളുടെ കാര്യസ്ഥർ എന്ന നിലയിൽ മാത്രമല്ല, സാംസ്കാരിക പൈതൃകത്തിന്റെയും പരമ്പരാഗത അറിവുകളുടെയും സംരക്ഷകരെന്ന നിലയിൽ. പാരിസ്ഥിതികവും സാമൂഹിക-സാമ്പത്തികവുമായ മാറ്റങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നവരുടെ ശബ്ദങ്ങളും ആവശ്യങ്ങളും കണക്കിലെടുത്ത് നയങ്ങൾ ഉൾക്കൊള്ളുന്നവ ആയിരിക്ക

തീരുമാനമെടുക്കൽ പ്രക്രിയകളിൽ പാർശ്വവൽക്കരിക്കപ്പെട്ട ശബ്ദങ്ങൾ കേൾക്കുന്നതിനും ബഹുമാനിക്കുന്നതിനുമുള്ള ഇടങ്ങൾ സൃഷ്ടിക്കുന്നത് കൂടിയാണ് നീതി. നയവും പ്രയോഗവും തമ്മിലുള്ള വിടവ് നികത്തുന്നതും നദീതട സമൂഹങ്ങളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതും അവരുടെ സംഭാവനകൾ വിലമതിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. ഈ തിരിച്ചറിവ് ഇല്ലെങ്കിൽ, ആന്തരിക നീതിക്കുവേണ്ടിയുള്ള പോരാട്ടം പലർക്കും ഒരു ഉയർച്ച പോരാട്ടമായി തുടരും.

സമകാലിക ഇന്ത്യയിലെ വിശാലമായ സാമൂഹിക-രാഷ്ട്രീയ വെല്ലുവിളികളെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് നദീസമുദായങ്ങളുടെ പോരാട്ടങ്ങൾ. സാമ്പത്തിക വളർച്ചയ്ക്കും നഗരവികസനത്തിനും വേണ്ടി നാം മുന്നോട്ട് പോകുമ്പോൾ, ഈ പുരോഗതിയുടെ മാനുഷികവും പാരിസ്ഥിതികവുമായ ചിലവും നാം കണക്കാക്കേണ്ടതുണ്ട്. ഇന്ത്യയിലെ നദികളുടേയും അവയെ ആശ്രയിക്കുന്ന സമൂഹങ്ങളുടേയും ഗതി ഒരു പാരിസ്ഥിതിക ആശങ്ക മാത്രമല്ല; അത് അടിയന്തിര ശ്രദ്ധ ആവശ്യമുള്ള ഒരു സാമൂഹികവും ധാർമ്മികവുമായ പ്രശ്നമാണ്.

കൂടുതൽ നീതിയുക്തവും ഉൾക്കൊള്ളുന്നതുമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നതിനർത്ഥം നമ്മുടെ നദികളെയും നമ്മുടെ പൈതൃകത്തെയും അരികിൽ ജീവിക്കുന്ന ആളുകളെയും നാം എങ്ങനെ വിലമതിക്കുന്നു എന്ന് പുനർവിചിന്തനം ചെയ്യുക എന്നതാണ്. സാംസ്കാരിക വൈവിധ്യത്തെ മാനിക്കുകയും പരിസ്ഥിതിയെ സംരക്ഷിക്കുകയും മനുഷ്യാവകാശങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്ന സന്തുലിത സമീപനമാണ് ഇത് ആവശ്യപ്പെടുന്നത്. നദീതട സമൂഹങ്ങളെ ശ്രവിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതിലൂടെ, പുരോഗതി ഏറ്റവും ദുർബലരായവരുടെ ചെലവിൽ വരുന്നതല്ല, മറിച്ച് മുന്നോട്ടുള്ള യാത്രയിൽ എല്ലാവരേയും ഉയർത്തുകയും ഉൾപ്പെടുത്തുകയും ചെയ്യുന്ന ഒരു ഭാവിയിലേക്ക് നമുക്ക് പ്രവർത്തിക്കാൻ കഴിയും. ●





മിസ്ഹബ് കെ കെ
BSc. Mathematics

# MAKE IN INDIA ✕ BREAKING INDIA ✓

**മുതലാളിത്ത സമ്മർദങ്ങളാൽ വഴിവെട്ടിയ ഭരണകൂടം അനൗപചാരികമായ മേഖലകളെ തകർക്കുന്ന നിയമങ്ങൾ മൂലം വർഗ വിഭജനം വർധിപ്പിക്കുകയാണ് ചെയ്തത്. സമ്പദ് വ്യവസ്ഥയുടെ ബലഹീനതയുടെയും ദുർബലതയുടെയും വ്യാപ്തി കൺമുന്നിൽ വ്യക്തമാക്കി തരുകയാണ് ഡോളർ വിനിമയ നിരക്ക്.**

ലോകം ക ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളിലൊന്ന് മുക്കാൽ നൂറ്റാണ്ട് തികയ്ക്കുന്നു.

പ്രധാന മന്ത്രി നരേന്ദ്ര മോഡിയുടെ നേതൃത്വത്തിൽ ഇന്ത്യ ഒരു ദശാബ്ദം പൂർത്തിയാക്കുമ്പോൾ, ഭീകരമായ അല്ലങ്കിൽ ഭൂകമ്പ പരമായ സാമൂഹിക രാഷ്ട്രീയ മാറ്റങ്ങളാൽ അഭിമുഖീകരിക്കുന്ന വഴിഞ്ഞിരിവിൽ എത്തിനിൽക്കുന്നു. സാമ്പത്തിക പരിഷ്ക്കാരങ്ങൾ മുതൽ പൗരത്വ ഭേദഗതി നിയമം (CAA) ദേശീയ പൗരത്വ രജിസ്റ്റർ(N-RC) തുടങ്ങിയ വിവാദ നയങ്ങൾക്കൊണ്ട്, ഭരണകൂടം രാജ്യത്തിന്റെ ഘടനയിൽ ആഴത്തിലുള്ള മുദ്ര മുറിവുകളാൽ പതിപ്പിച്ചിട്ടുണ്ട്.



പലതരത്തിലും മോഡി ഭരണം സാമ്പത്തിക നയങ്ങൾ നവ ലിബറൽ സാമ്പത്തിക നയങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇത് ജനങ്ങളിൽ പണക്കാരനും ദരിദ്രനും തമ്മിലുള്ള വിടവ് വർധിപ്പിക്കുന്നു. ഉപരിതലത്തിൽ ആദ്യവർഷങ്ങളിൽ ഇന്ത്യയുടെ ജി.ഡി.പി വളർച്ച പ്രതീക്ഷ നൽകുന്നതായി കാണപ്പെട്ടെങ്കിലും, 2014 മുതൽ 2018 വരെയും 7% ശരാശരിയിൽ ആയിരിക്കെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെയും തൊഴിലാളി വർഗത്തിന്റെയും യഥാർഥ സമ്പത്തായി വിവർത്തനം ചെയ്തിട്ടില്ലെന്ന് ചൂണ്ടികാണിക്കാവുന്നതാണ്. മുതലാളിത്ത വരേണ്യ വർഗത്തിന് (അംബാനിമാർ, ആധാനിമാർ, മറ്റു വൻകിട കോർപ്പറേഷനുകൾ) വൻതോതിലുള്ള വളർച്ച കൈവരിക്കാൻ മാത്രമായിരുന്നു ജി. ഡി. പി വളർച്ച.

ചരക്ക് സേവന നികുതി(GST) നോട്ട് അസാധുവാക്കൽ(demonetization) എന്നിവ പ്രധാനമായതും ഏറെ വിമർശിക്കപ്പെടേതായ രണ്ട് സാമ്പത്തിക നയങ്ങളാണ്. സമ്പത്ത് വ്യവസ്ഥയെ ഔപചാരികമാക്കാൻ എന്ന വ്യാജേന ചെറുകിട തൊഴിലാളികളെയും ചെറുകിട ബിസിനസുകളെയും അപായപ്പെടുത്തുകയാണ് ഉണ്ടായത്. അടിസ്ഥാന ഇടപാടുകൾ വരെ നിലച്ചുപോയ സാഹചര്യത്തിൽ, പ്രത്യേകിച്ച് തൊഴിലാളി വർഗത്തിൽ അരാജകത്വം സൃഷ്ടിക്കുകയുണ്ടായി.




മൂലധനത്തിൽ നിന്നും തൊഴിലാളികളുടെ അന്യവൽക്കരണത്തെയാണ് ഈ നയം ചിത്രീകരിച്ചത്. മുതലാളിത്ത സമ്മർദങ്ങളാൽ വഴിവെട്ടിയ ഭരണകൂടം അനൗപചാരികമായ മേഖലകളെ തകർക്കുന്ന നിയമങ്ങൾ മൂലം വർഗ വിഭജനം വർധിപ്പിക്കുകയാണ് ചെയ്തത്. സമ്പദ് വ്യവസ്ഥയുടെ ബലഹീനതയുടെയും ദുർബലതയുടെയും വ്യാപ്തി കൺമുന്നിൽ വ്യക്തമാക്കി തരുകയാണ് ഡോളർ വിനിമയ നിരക്ക്. മൻമോഹൻ സിംഗ് എന്ന സാമ്പത്തിക ശാസ്ത്ര വിദഗ്ധനെ വിമർശനങ്ങളാൽ വരിഞ്ഞുമുറുക്കി കുറ്റപ്പെടുത്തുമ്പോൾ 2013ൽ ഡോളറിനെതിരെ ഇന്ത്യൻ രൂപയുടെ മൂലം 58 ആയിരുന്നു. ഇന്ന് 2024 റെക്കോർഡ് താഴ്ചയിലേക്ക് കൂപ്പുകുത്തി ഡോളറിനെതിരെ ഇന്ത്യൻ രൂപ 84. 37ൽ ക്ലോസ് ചെയുന്നു. സാമ്പത്തിക പരിഷ്കാരങ്ങളുടെ പേരിൽ വ്യാപകമായ സാമ്പത്തിക അസമത്വത്തിലേക്ക് നയിക്കുകയാണ് ഉണ്ടായത്.

ഒരു ഭരണകൂടം സ്വീകരിക്കാവുന്ന ഏറ്റവും വലിയ വിമർശനാത്മകമായ നയങ്ങളും നടപടികളുമാണ് 2019 ൽ പാസാക്കിയ പൗരത്വ ഭേദഗതി നിയമം (CAA), നിർദിഷ്ട ദേശീയ പൗരന്മാരുടെ രജിസ്റ്റർ(NRC)എന്നിവ. രാജ്യത്ത് ഉടനീളം പ്രതിഷേധത്തിനും പ്രക്ഷോഭങ്ങൾക്കും കാരണമായ ഇവ മുസ്ലിം അന്യവൽക്കരണം ലക്ഷ്യം ഇടുന്നതായിരുന്നു എന്ന് ഇവയ്ക്കെതിരെയുള്ള ചെറുത്തുനിൽപ്പുകൾ ശരിവച്ചു. ഷഹീൻ ബാഗ് പ്രതിഷേധം കേന്ദ്ര സർവകലാശാലകളിലെ വിദ്യാർഥികളുടെ പ്രതിഷേധം എന്നിവയെല്ലാം ചെറുത്തുനിൽപ്പിന്റെ പ്രതീകമായി മാറി. വർഗീയ രാഷ്ട്രീയത്തിലൂടെ ബൂർഷ്വാസിയുടെ നിയന്ത്രണം ഉറപ്പാക്കിക്കൊണ്ട് തൊഴിലാളി വർഗത്തെ ഭിന്നിപ്പിക്കാൻ മോഡി ഭരണം വർഗപരവും മതപരവുമായ ശ്രേണികൾ എങ്ങനെ നിലനിർത്തുന്നു എന്നതിന്റെ നേർചിത്രവുമായിരുന്നു. ഉൾക്കൊള്ളലിന്റെ രാഷ്ട്രീയത്തെ കരുത്താക്കിയ ഒരു ജനസമൂഹത്തെ ശിഥിലമാക്കുകയും ഒരു ഏകീകൃത പ്രതിരോധം തടയുകയും ആണ് ഇത് ചെയ്യുന്നത്.

ബഹുസ്വരത ഇല്ലാതാക്കുന്ന അജണ്ടയുടെ കീഴിലുള്ള സുപ്രധാനയമാണ് യൂണിഫോം സിവിൽ കോഡിന് (UCC) വേണ്ടിയുള്ള പ്രേരണ വ്യക്തി



**കോർപ്പറേറ്റുകൾക്കെതിരെ കർഷകരുടെസമരമായി തന്നെയാണ് പ്രതിഷേധങ്ങൾ ഉയർന്നത് റദ്ദാക്കിയെങ്കിലും അധികാരവും മുതലാളിത്തവും എങ്ങനെ കൈകോർത്ത് പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുകയായിരുന്നു കാർഷിക നിയമങ്ങൾ. ഇന്ത്യൻ കാർഷിക സമ്പദ് വ്യവസ്ഥയിലെ വർഗവൈരുദ്ധ്യങ്ങളെയാണ് ഇത് തുറന്നുകാട്ടിയത്.**

നിയമങ്ങൾ മാനദണ്ഡമാക്കി സമത്വത്തിനായി വാദിക്കുമ്പോൾ, ഇന്ത്യയുടെ വൈവിധ്യമാർന്ന സാമൂഹിക ഘടനയെ ഏകീകരിക്കാനുള്ള ശ്രമമായി വിമർശിക്കപ്പെടേണ്ടതും അകറ്റേണ്ടതുമാണിത്. മതേതരത്വത്തിന്റെ മറവിൽ ന്യൂനപക്ഷ സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും നിയമനടപടികളെയും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ ഇത് ഹിന്ദുത്വ അജണ്ടയുമായി യോജിക്കുന്നുണ്ട്, ഈ നയം യഥാർഥ സമത്വത്തെ ലക്ഷ്യമാക്കുന്നില്ല. എന്നാൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ മേൽ ഭരണകൂട അധികാരം ഉറപ്പിക്കുകയാണ്. മത ന്യൂനപക്ഷ സ്ഥാപനങ്ങളുടെ മേലിലുള്ള ഭരണകൂടത്തിന്റെ നിയന്ത്രണത്തെ കൂടുതൽ ഉദാഹരിക്കുകയും അവയുടെ സ്വയംഭരണവും വിഭവങ്ങളും ഇല്ലാതാക്കുകയും ചെയ്യുന്നതാണ് വഖഫ് സ്വത്തുക്കളുടെ ഭരണം മാറ്റാൻ ശ്രമിക്കുന്ന വഖഫ് ഭേദഗതി ബിൽ. സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാതാക്കുന്നതിലൂടെ ഘടനാപരമായ അടിച്ചമർത്തലിനെ ചെറുക്കാനുള്ള സമുദായങ്ങളുടെ കഴിവിനെ സർക്കാർ ദുർബലപ്പെടുത്തുന്നു.

2020ൽ പൊട്ടിപ്പുറപ്പെട്ട കർഷകരുടെ സമരം ഇന്ത്യയിലെ ഗ്രാമീണ തൊഴിലാളി വർഗത്തിന്റെ വർധിച്ചുവരുന്ന അസംതൃപ്തി പ്രകടമാക്കി. കർഷകരുടെ പ്രതിഷേധം 'ക്ലാസുകളുടെ ഏറ്റുമുട്ടലായി' പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ ഉള്ള ദശലക്ഷക്കണക്കിന് കർഷകർ ഒരു വർഷത്തോളമാണ് ഡൽഹിക്ക് പുറത്ത് കാർഷിക നിയമങ്ങൾക്കെതിരെ ക്യാമ്പ് ചെയ്യുന്നത്. കോർപ്പറേറ്റുകൾക്കെതിരെ കർഷകരുടെസമരമായി തന്നെയാണ് പ്രതിഷേധങ്ങൾ ഉയർന്നത് റദ്ദാക്കിയെങ്കിലും അധികാരവും മുതലാളിത്തവും എങ്ങനെ കൈകോർത്ത് പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുകയായിരുന്നു കാർഷിക നിയമങ്ങൾ. ഇന്ത്യൻ കാർഷിക സമ്പദ് വ്യവസ്ഥയിലെ വർഗവൈരുദ്ധ്യങ്ങളെയാണ് ഇത് തുറന്നുകാട്ടിയത്. സമരം 700ൽ അധികം കർഷകരുടെ മരണം കൊയ്തു, ലക്കിംപൂർ ഖേരി കൂട്ടക്കൊലയ്ക്കും സാക്ഷ്യം വഹിക്കുകയുണ്ടായി. കേന്ദ്രമന്ത്രിയുടെ വാഹനവ്യൂഹം പ്രതിഷേധിച്ച കർഷകരുടെ നേരെ പാഞ്ഞു കയറിയതും, നിയമപരമായ ഉത്തരവാദിത്തമില്ലായ്മയും ജുഡീഷ്യറിയുടെ കഴിവിലുള്ള പൊതുജന വിശ്വാസത്തെ കൂടുതൽ ദുർബലപ്പെടുത്തുന്ന ഒന്നായി അവശേഷിക്കുന്നു.

രാജ്യത്തിന്റെ മുതൽക്കൂട്ടായ വിദ്യാർഥികൾ കായിക താരങ്ങൾ ബുദ്ധിജീവികൾ എന്നിവരുടെ പ്രതിഷേധങ്ങളും ശ്രദ്ധേയമാണ് പ്രമുഖ കായികതാരങ്ങൾ ഫെഡറേഷന്റെ ലൈംഗികാധിക്രമത്തിനെതിരെ പ്രതിഷേധിച്ചതും



തുടർന്നുണ്ടായ സംഭവവികാസങ്ങളും സർക്കാരിന്റെ സ്വേച്ഛാധിപത്യ പ്രവണതകളെ ഉയർത്തി കാട്ടുന്നുണ്ട്. തെളിവുകൾ നിരവധി ഉണ്ടായിട്ടും ബ്രിഡ്ജ് ഭൂഷൺ ശരൺ സിംഗിനെ അറസ്റ്റ് ചെയ്യാനുള്ള വിമുഖത ഭരണകൂടവും ജുഡീഷ്യറിയും തമ്മിലുള്ള ഒത്തുകളിക്ക് അടിവരയിടുന്നു. രാജ്യത്തിന്റെ യശസ്സുയർത്തിയ കായിക താരങ്ങൾ പൊതു വീഥിയിൽ വലിച്ചിഴയ്ക്കപ്പെട്ടു.

പ്രതിഷേധങ്ങൾ വർഗസമരത്തിന്റെ പ്രകടനങ്ങളാണ്.

രാജ്യത്തുടനീളമുള്ള വിദ്യാർഥി പ്രതിഷേധങ്ങളും കടുത്ത അടിച്ചമർത്തലുകളാണ് നേരിടേണ്ടി വന്നിട്ടുള്ളത്. ജെ എൻ യു പ്രക്ഷോഭവും CAA വിരുദ്ധ പ്രതിഷേധങ്ങളും അടിച്ചമർത്തപ്പെട്ടവയാണ്. സർക്കാർ നയങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ ഒരു പ്രധാന രൂപമായി വിദ്യാർഥി പ്രതിഷേധം വളർന്നു. വിയോജിപ്പുകളെ അടിച്ചമർത്താൻ ഭരണവർഗം നിയമപരമായ സംവിധാനങ്ങളെ എങ്ങനെ ഉപയോഗിച്ചു എന്നതിന്റെ നേർക്കാഴ്ചയായിരുന്നു ജെ എൻ യു സർവകലാശാലയിലെ രാജ്യദ്രോഹ കേസുകൾ. 2016ൽ കനയകുമാർ ഉമർ ഖാലിദ് അനിർബൻ ഭട്ടാചാര്യ തുടങ്ങിയ വിദ്യാർഥി നേതാക്കളെ രാജ്യദ്രോഹ കുറ്റം ചുമത്തി അറസ്റ്റ് ചെയ്യുന്നു. തെളിവുകൾ ഇല്ലാതെ ഇരകളാക്കപ്പെട്ടവർ നിയമപരമായ പീഡനങ്ങൾക്കും അപകീർത്തികൾക്കും വിധേയമാക്കപ്പെടുന്നു. വിയോജിപ്പുകളെ ഫലപ്രദമായ കുറ്റകൃത്യമാക്കി മാറ്റാൻ മോദി സർക്കാരിന് യു. എ. പി. എ കൂടുതലായി ഉപകരിക്കപ്പെടുന്നതിന്റെ തെളിവാണിവർ. ഒന്നുകിൽ യുഎപിയെ ചമത്തപ്പെടും അല്ലെങ്കിൽ തിരോധാനം സംഭവിക്കും. നജീബ് അഹമ്മദിന്റെ തിരോധാനത്തിന് 8 വർഷം തികഞ്ഞു. കഴിഞ്ഞ 10 വർഷത്തിൽ മുസ്‌ലിങ്ങൾ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ, പത്രപ്രവർത്തകർ എന്നിവരോടൊപ്പം വിയോജിപ്പുകളെ അടിച്ചമർത്താൻ രാജ്യദ്രോഹ നിയമങ്ങളുടെ ഉപയോഗം ഭയാനകമായ വർധനവിലാണ്. ഡൽഹി സർവകലാശാല മുൻ പ്രൊഫസർ ആയിരുന്ന ഡോക്ടർ ജി. എൻ സായിബാബ ശിക്ഷിക്കപ്പെട്ടത് ബുദ്ധിജീവികൾക്കും ആക്ടിവിസ്റ്റുകൾക്കും എതിരായ സർക്കാരിന്റെ അടിച്ചമർത്തലിന്റെ പ്രതീകമാണ്.

ഉത്തർപ്രദേശിലെ ദളിത് യുവതിയെ ഹത്രാസിൽ കൂട്ട ബലാൽസംഗം ചെയ്തു കൊലപ്പെടുത്തിയത് റിപ്പോർട്ട് ചെയ്യാൻ പോകുന്നതിനിടയിലാണ് സിദ്ദീഖ് കാപ്പൻ 2020 ഒക്ടോബറിൽ

**വ്യാപകമായ മനുഷ്യാവകാശ ലംഘനകൾക്ക് കാരണമാകുന്നതാണ് ജമ്മു കശ്മീരിന് പ്രത്യേക പദവി നൽകുന്ന ആർട്ടിക്കിൾ 370, 2019 ആഗസ്റ്റിൽ റദ്ദാക്കുന്നത്. രാഷ്ട്രീയ നേതാക്കളുടെ അനിശ്ചിതകാല തടങ്കൽ, കർഫ്യൂ, ആശയവിനിമയ സംവിധാനങ്ങളുടെ വിച്ഛേദം എന്നിങ്ങനെയുള്ള സംഭവവികാസങ്ങൾ അന്താരാഷ്ട്ര അപലപനത്തിന് കാരണമായി.**

അറസ്റ്റിലാകുന്നത്.

തെളിവുകൾ ഇല്ലാതെ തീവ്രവാദിയായി മുദ്രകുത്തുകയായിരുന്നു. അതിക്രമങ്ങളെ കുറിച്ചോ സർക്കാർ പരാജയങ്ങളെ കുറിച്ച് റിപ്പോർട്ട് ചെയ്യുന്ന മുസ്‌ലിം പത്രപ്രവർത്തകർക്ക് നേരെയുള്ള പത്രപ്രവർത്തനത്തിന്റെ ക്രിമിനൽ വൽക്കരണം എടുത്തു കാണിക്കുന്നതാണിത്. പത്രമാധ്യമപ്രവർത്തകരെ വ്യാപകമായ രീതിയിൽ ഭരണകൂടം വേട്ടയാടുന്നു. വിദ്വേഷപ്രസംഗങ്ങൾക്കും, വിദ്വേഷ വർഗീയ താൽപര്യങ്ങൾക്കും മാധ്യമങ്ങളെ പ്രകോപിപ്പിക്കുന്നതിനോടൊപ്പം ജനങ്ങളെയും ആകർഷിക്കുകയാണ് തീവ്ര വലതുപക്ഷ കക്ഷികൾ.

2018ലെ ട്വീറ്റ് ആസ്പദമാക്കി മതവികാരം വ്രണപ്പെടുത്തി എന്ന് ആരോപിച്ച് 2022 ജൂണിലാണ് വസ്തുത പരിശോധന വെബ്സൈറ്റ് ആയ ആൾട്ട് ന്യൂസ് സ്ഥാപകൻ മുഹമ്മദ് സുബൈർ അറസ്റ്റിൽ ആയത്. പ്രചരിപ്പിക്കപ്പെടുന്ന വിദ്വേഷ പ്രസംഗങ്ങളും തെറ്റായ വിവരങ്ങളും തുറന്നുകാട്ടാനുള്ള അദ്ദേഹത്തിന്റെ പ്രവർത്തനത്തിനുള്ള പ്രതികാരമായാണ് അറസ്റ്റ് പരക്കെ കണ്ടത്. തീവ്ര വലതുപക്ഷ മേൽക്കോയ്മ തുറന്നുകാട്ടുകയും ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്ന ശബ്ദങ്ങളെ അടിച്ചമർത്താൻ ഭരണകൂടം നിയമപരമായ സംവിധാനങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്തി എന്ന് സുബൈർ കേസ് എടുത്തു കാണിക്കുന്നുണ്ട്. ജാമ്യം ലഭിച്ചെങ്കിലും കുറ്റാരോപിതനായി തുടരേണ്ടി വരുന്നത് ഇതിന്റെ തീവ്രത തുറന്നുകാട്ടുന്നു. 84കാരനായ ഈശോസഭ പുരോഹിതനും ആദിവാസി അവകാശ പ്രവർത്തകനുമായ ഫാദർ സ്റ്റാൻ സ്വാമി 2021 ജൂലൈയിൽ കസ്റ്റഡിയിൽ വച്ചാണ് മരണപ്പെടുന്നത്. ഭീമാ കൊറേഗാവ് കേസിലെ പ്രതികളിൽ ഒരാളാണ് സ്വാമി. 16 പേരടങ്ങുന്ന ആക്ടിവിസ്റ്റുകളും, അക്കാദമിക് വിദഗ്ധരും, അഭിഭാഷകരും ആയിരുന്നു കേസിലെ പ്രതികൾ. ഉൾപ്പെട്ടവവരിൽ ഇടതു ദലിത് അവകാശപ്രവർത്തകരും മാവോയിസ്റ്റ് ഗ്രൂപ്പുകളുടെ പിന്തുണയിൽ സർക്കാർ അട്ടിമറിയിൽ ലക്ഷ്യം വെച്ചു എന്നതാണ് ആരോപണം. വിയോജിപ്പ് ഇല്ലാതാക്കാൻ ഭീകരത മറനീക്കിവരുന്ന സാഹചര്യമാണ് ഇത് തുറന്നു കാട്ടിയത്.

ജമ്മുകശ്മീരിന് പ്രത്യേക പദവി നൽകുന്ന ആർട്ടിക്കിൾ 370, 2019 ആഗസ്റ്റിൽ റദ്ദാക്കുന്നതാണ് വ്യാപകമായ മനുഷ്യാവകാശ ലംഘനകൾക്ക് കാരണമാകുന്നത്. രാഷ്ട്രീയ നേതാക്കളുടെ അനിശ്ചിതകാല തടങ്കൽ, കർഫ്യൂ, ആശയവിനിമയ സംവിധാനങ്ങളുടെ വിച്ഛേദം എന്നിങ്ങനെയുള്ള സംഭവവികാസങ്ങൾ അന്താരാഷ്ട്ര അപലപനത്തിന് കാരണമായി. വികസനവും ഏകീകരണവും കൊണ്ടുവരുമെന്ന സർക്കാരിന്റെ അസാധുവാക്കലിന്റെ ന്യായീകരണം ഇന്നുവരെ യാഥാർഥ്യമായിട്ടും ഇല്ല. മറിച്ച് സൈനികവൽക്കരണവും ജനങ്ങളുടെ അന്യവൽക്കരണവും സാധ്യമാക്കി. മൗലികാവകാശങ്ങൾ അപകടത്തിൽ ആയിരിക്കുമ്പോൾ പോലും ജുഡീഷ്യൽ പ്രക്രിയ മന്ദഗതിയിൽ തുടരുന്നു.

2023ലെ മണിപ്പൂർ വംശീയ അക്രമവും ഭരണകൂടത്തിന്റെ നിലപാടുകളും ഏറെ ഞെട്ടിപ്പിക്കുന്നതായിരുന്നു. കുകി, മെയ്തി സമുദായങ്ങൾ തമ്മിലുള്ള ക്രൂരമായ ഏറ്റുമുട്ടലുകൾ കണ്ടത് പൗരന്മാരെ സംരക്ഷിക്കുന്നതിൽ ഭരണകൂട പരാജയത്തിന് ഏറ്റവും പ്രകടമായ ഉദാഹരണങ്ങളിൽ ഒന്നാണ്.

അമ്മയാകുന്ന സ്ത്രീയെ നഗ്നയാക്കി കൂട്ട ബലാത്സംഗം ചെയ്തു നാടിന്റെ തന്മയത്വത്തിന് ക്ഷതം ഏൽപ്പിച്ചവർക്കെതിരെ ഭരണകൂടം സ്വീകരിച്ചത് മൗനം മാത്രമായിരുന്നു. 10000 കണക്കിന് ആളുകളെ കുടിയൊഴിപ്പിക്കാനും 100 കണക്കിന് പേരുടെ മരണത്തിനും ലൈംഗികാധിക്രമങ്ങളിലൂടെയും തുടരുന്ന അക്രമം ഭരണകൂടത്തിന്റെ നിഷ്ക്രിയത്വവും പക്ഷബാധപരമായ ഇടപെടലുകളും കൂടുതൽ വ്യക്തമാക്കി. വംശീയവും പ്രാദേശികവുമായ തർക്കങ്ങളിൽ വേരൂന്നിയ സംഘർഷമാണ് മണിപ്പൂരിലേത്. ഇന്റർനെറ്റ് ബ്ലാക്ക് ഔട്ടുകൾ ഏർപ്പെടുത്താനുള്ള സർക്കാർ തീരുമാനം പൊതുതന്ത്രമായി മാറുന്നതും ഇവിടെ സാക്ഷ്യം വഹിച്ചു. ഇവ സ്വേച്ഛാധിപത്യ നിയന്ത്രണത്തിനുള്ള ഉപകാരങ്ങളായി തീരുന്നു.

വ്യവസ്ഥാപരമായ അടിച്ചമർത്തലുകളുടെ തുടർക്കഥയാണ് ഇന്ത്യയുടെ ദളിത് ജീവിതം ഭരണഘടനാപരമായ ഉറപ്പുകൾ ഉണ്ടായിരുന്നിട്ടും ജാതി അധിഷ്ഠിത അക്രമങ്ങളും ഭൂമി തർക്കങ്ങളും വിവിധ ഇടങ്ങളിൽ നിലനിൽക്കുന്നു.

ഫ്യൂഡൽ മേൽജാതി ആധിപത്യ സാമൂഹിക ക്രമം നിലനിർത്തുന്ന ഭൂവുടമസ്തതയിൽ വലിയ അസമത്വങ്ങൾക്കൊപ്പം 'ഭൂരഹിതർ'ഒരു പ്രധാന പ്രശ്നമാണ്. കൺമുന്നിലുള്ള തെളിവായി അട്ടപ്പാടിയിലെ ഗോളയൂർ ഗ്രാമപഞ്ചായത്തിലെ മെച്ചപ്പതി നിവാസികൾ നിലകൊള്ളുന്നുണ്ട് ഭൂമിയാണ് ആദിവാസികളുടെ നിലനിൽപ്പ്. ആ നിലനിൽപ്പാണ് വ്യാജ രേഖകളാലും ഭരണകൂട അനാസ്ഥകളാലും ഇല്ലാതാക്കുന്നത്. വ്യാജ രേഖകൾ ചവച്ച് സർക്കാർ സംവിധാനങ്ങളുടെ ഒത്താശയോടെ ആദിവാസി ഭൂമിയിൽ നടത്തുന്ന കയ്യേറ്റങ്ങൾക്കെതിരായ ആദിവാസികളുടെ ചെറുത്തുനിൽപ്പിന്റെ ഏറ്റവും ശക്തമായ ഉദാഹരണമാണ് നഞ്ചിയമ്മയുടെ പ്രതിഷേധം. ദേശീയ അവാർഡ് ജേതാവായ നഞ്ചിയമ്മ അട്ടപ്പാടി അഗളിയിലെ തന്റെ ഭൂമിയിൽ നടത്തുന്ന കൃഷിയിറക്കൽ സമരം ഭൂമി കയ്യേറ്റങ്ങൾക്കെതിരെ നിരന്തരമായി ആദിവാസികൾ നടത്തിക്കൊണ്ടിരിക്കുന്ന ചെറുത്തുനിൽപ്പിന്റെ ശക്തമായ ഒരടയാളമാണ്.

2016ൽ ഗുജറാത്തിൽ ചത്ത പശുവിന്റെ തോലുരിച്ചുവെന്ന് ആരോപിച്ച് ദലിത് യുവാക്കളെ ചമ്മട്ടി കൊണ്ട് ആക്രമിച്ചത് ദേശീയ രോഷത്തിന് ഇടയാക്കിയതാണ് 2006 മഹാരാഷ്ട്രയിലെ ഖൈർ ലാഞ്ചിയിലേതുപോലെ ഭൂമി തർക്കത്തിന്റെ പേരിൽ മേൽ ജാതിക്കാർ ക്രൂരമായി കൊലപ്പെടുത്തിയത് തുടർക്കഥയായി വാഴുന്നു. ഇതിന് ശിക്ഷയില്ലായ്മ എന്ന ഓർമ്മപ്പെടുത്തലുമുണ്ട്.

അടിസ്ഥാന സൗകര്യങ്ങളുടെ മോശം അവസ്ഥ പ്രത്യേകിച്ച് ഇന്ത്യൻ റെയിൽവേ, സമീപവർഷങ്ങളിൽ ഒന്നിലധികം ഉയർന്ന അപകടങ്ങൾക്ക് സാക്ഷിയായി. 2023 ജൂണിലെ ബാലസോർ ട്രെയിൻ അപകടം 300 ഓളം പേരുടെ ജീവൻ അപഹരിക്കുന്നതായിരുന്നു. ഇന്ത്യൻ ചരിത്രത്തിലെ തന്നെ ഏറ്റവും മാരകമായ ട്രെയിൻ ദുരന്തങ്ങളിൽ ഒന്നായി അത് മാറി. മഹത്തായ വാഗ്ദാനങ്ങൾ ഉണ്ടായിരുന്നിട്ടും സുരക്ഷാ സംവിധാനങ്ങളിലെ അനാസ്ഥയും പുരോഗതിയില്ലായ്മയും ഭീകരമാണ്. 'കവാച്ച്' സംവിധാനങ്ങളുടെ ലഭ്യതക്കുറവും ഉത്തരവില്ലാത്ത ചോദ്യമായി അവസാനിക്കും. Media B-u-z-z സൃഷ്ടിക്കാൻ ദൃശ്യ പരവതയുള്ള പ്രൊജക്ടുകൾക്ക് മുൻഗണന നൽകുന്നത് വ്യക്തമാണ് സുരക്ഷാ ബഡ്ജറ്റിനെ വെട്ടിക്കുറക്കുന്നതിലെ അശ്രദ്ധ വലിയ പാറ്റേണിന്റെ പ്രതിഫലമായി കാണാവുന്നതാണ്. അടിസ്ഥാന സൗകര്യ പരിപാലനത്തിന്റെയും അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കുന്നതിന്റെയും പരാജയമാണിത് കാണിക്കുന്നത്.






**ഇന്ത്യ മുന്നോട്ടു പോകുമ്പോൾ മൗലിക സ്വാതന്ത്ര്യങ്ങളെ അടിച്ചമർത്തുന്നതിനും ന്യൂനപക്ഷങ്ങളെ പാർശ്വവൽക്കരിക്കുന്നതിനും വിയോജിപ്പുകളെ കഴിഞ്ഞ പത്ത് വർഷം ഓർമിക്കപ്പെടും. വർധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾക്കൊപ്പം അസഹിഷ്ണുതയിലേക്കും ഭൂരിപക്ഷവാദത്തിലേക്കും ആഴത്തിലുള്ള സാമൂഹിക മാറ്റമാണ് പ്രവചിച്ചു വെക്കുന്നത്.**

2022 ഒക്ടോബറിൽ ഗുജറാത്തിൽ 135 പേരുടെ മരണത്തിനിടയാക്കിയ മോർബി പാലം തകർച്ച അഴിമതിയേയും അനാസേയും വെളിപ്പെടുത്തുന്ന മറ്റൊരു സംഭവമാണ് ഈ തൂക്കുപാലത്തിന്റെ തകർച്ച പൊതുസുരക്ഷയെ വില കുറച്ച് സ്വയം വെട്ടിലാക്കുന്ന രാഷ്ട്രീയ രക്ഷാകർത്വത്തിന്റെയും സ്വകാര്യ കരാറുകളുടെ കൂട്ടുകച്ചവടത്തിന്റെയും തെളിവാണ്.

വിവിധ വാഗ്ദാനങ്ങളും നയങ്ങളും നടപടികളും ഉണ്ടായിട്ടും സ്ത്രീസുരക്ഷാ പ്രധാന പ്രശ്നമായി തുടരുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾക്കുള്ള സ്ഥിരമായ ശിക്ഷാവിധിയുടെ അപകടം ഉയർത്തി കാട്ടുന്നതാണ് 2024 ൽ ഡോക്ടറായ ഒരു സ്ത്രീയെ ഒരു കൂട്ടം പുരുഷൻമാർ ക്രൂരമായി ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്ത കൊൽക്കത്ത ബലാൽസംഗ കൊലപാതകം. നിർഭയ കേസിനെ തുടർന്ന് 2013ൽ സർക്കാർ ക്രിമിനൽലോ പോലുള്ള നിയമങ്ങൾ നടപ്പിലാക്കിയപ്പോൾ ഇതിന്റെ ഫലപ്രദമായ നടപ്പാക്കൽ സാംസ്കാരിക മാറ്റത്തിനൊപ്പം ഉണ്ടായിട്ടില്ലെന്ന് പറയാം. അതിജീവിച്ചവർ ഭീഷണി നേരിടുന്നു. ഇത് നീതിന്യായ വ്യവസ്ഥയിലുള്ള പൊതു വിശ്വാസത്തെ ഇല്ലാതാക്കുന്നതോടൊപ്പം സ്ത്രീകൾക്കെതിരായ അക്രമങ്ങളുടെ ചക്രം ശാശ്വതമാക്കുകയും ചെയ്യുന്നത് ഭീകരവും ഭയാനകവുമായ ഇന്ത്യൻ സത്യമാണ്

വിനോദസഞ്ചാരവും സാമ്പത്തിക വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് മറവിൽ ദ്വീപപ്രദേശങ്ങളെയും കഴിഞ്ഞ 10 വർഷത്തിൽ വേട്ടയാടാൻ മറന്നിട്ടില്ല. പ്രധാന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ബജറ്റുകൾ പരാജയപ്പെടുകയും ചെയ്യുന്നുണ്ട് ഏറ്റവും ദുർബലരായ ജനങ്ങളെയാണ് ഇവ ബാധിക്കുന്നത്. 2014 മുതൽ അഴുക്കുചാലുകളും സെപ്റ്റിക് ടാങ്കുകളും വൃത്തിയാക്കുന്നതിനിടെ 453 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.

2024 ജൂലൈയിൽ മനുഷ്യ വിസർജ്യത്തിൽ മുങ്ങി മരിച്ച ജോയ് ദരിദ്രനും ഭൂരഹിതനുമായിരുന്നു.

ആഗോള സൂചികകളിലെ ഇന്ത്യയുടെ സ്ഥാനം ദൈനംദിനം കൂപ്പുകുത്തുമ്പോൾ രാഷ്ട്രം പതനത്തിലെന്ന സത്യം കുറച്ചെങ്കിലും ചർച്ചയാകുന്നത് ആശ്വാസമേകുന്നതാണ്.

ഇന്ത്യ മുന്നോട്ടു പോകുമ്പോൾ മൗലിക സ്വാതന്ത്ര്യങ്ങളെ അടിച്ചമർത്തുന്നതിന്റെയും ന്യൂനപക്ഷങ്ങളെ പാർശ്വവൽക്കരിക്കുന്നതിന്റെയും പേരിൽ കഴിഞ്ഞ പത്ത് വർഷം ഓർമിക്കപ്പെടും. ദശാബ്ദകാലത്തെ ഭരണം സാധാരണ പൗരന്റെ ആവശ്യങ്ങൾക്കുമുന്നിൽ കൊള്ളയടിക്കലിനും സ്വകാര്യവൽക്കരണത്തിനും എല്ലാം മുൻഗണന നൽകുന്ന ഒരു രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥയുടെ ഉദയം കൈവരിച്ചു, ഭരണത്തിന് കീഴിൽ വളർത്തിയെടുത്ത ഭയത്തിന്റെയും അടിച്ചമർത്തലിന്റെയും സംസ്കാരം പൗരസമൂഹത്തിന്റെ പങ്കിനെ ദുർബലപ്പെടുത്തുകയും ചെയ്യുകയായിരുന്നു, വർധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾക്കൊപ്പം അസഹിഷ്ണുതയിലേക്കും ഭൂരിപക്ഷവാദത്തിലേക്കും ആഴത്തിലുള്ള സാമൂഹിക മാറ്റമാണ് പ്രവചിച്ചുവെക്കുന്നത്.



മുഹമ്മദ് റയാൻ. കെ
M. Com




# അറിയാം ഫാസി സത്ത

രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അത് വിശപ്പിനപ്പുറത്തേക്കും വർഗീയത തന്നെയാ ണ്. രുചിക്കാതെ തന്നെ കൈപ്പേറിയ ഒരു വസ്തു വായി വർഗീയത മാറിയിരിക്കുന്നു. വർഗീയത ഇത്ര മേൽ ഗുരുതരമായ ഒരു പ്രശ്നമായി മാറിയത് ഇന്ന് ഇന്നലെ കളിലായിരുന്നില്ല. മറിച്ച് രാജ്യം ഉണ്ടായത് മുതൽ തന്നെ, അധിനിവേശങ്ങൾക്ക് സാക്ഷ്യം വഹ ക്കുന്ന കാലം മുതൽക്കേ തന്നെ വർഗീയത എന്ന വ പത്തും നമ്മുടെ കൂടെയുണ്ട്.

സ്വന്തത്തിന് മാതൃകയായ, പ്രധാനമന്ത്രി പണ്ഡി റ്റ് ജവഹർലാൽ നെഹ്റു പറഞ്ഞതു പോലെ ഏതൊ രു വർഗീയതയും ആപത്താണ് അതിൽ ഏറ്റവും ക ടുതൽ മാരകമായ ഒന്ന് ഭൂരിപക്ഷ വർഗീയതയാണ

രാജ്യം ഇന്ന് വർഗീയതക്കും അതിന്റെ തരം രിക്കലുകൾക്കും പ്രാധിനിത്യം നൽകിയിരിക്കുന എന്നതാണ് അത്ഭുതപ്പെടുത്തുന്ന കാര്യം. ജാതി ടെ പേരിൽ, മതത്തിന്റെ പേരിൽ, വർഗത്തിന്റെ രിൽ എല്ലാത്തിലുമുപരി നിത്യ ജീവിതത്തിനാ ചെയ്യുന്ന ജോലിയുടെ പേരിൽ പോലും പലവ ത്തിലുള്ള തരംതിരിക്കലുകൾക്ക് ഇന്ന് സമൂഹം ക്ഷ്യം വഹിച്ചു കൊണ്ടിരിക്കുന്നു.

1948 പ്രക്ഷോഭിതമായ സ്വാതന്ത്ര്യ ബുദ്ധിയുടെ കാലഘട്ടത്തും സങ്കുചിത ദേശീയതയുടെ ആഭരണമണിയുന്ന അല്ലങ്കിൽ പുറം ചട്ടയണിയുന്ന ഭൂരിപക്ഷ വർഗീയത ആയിരിക്കും ഇന്ത്യ നേരിടാൻ പോകുന്ന ഏറ്റവും വലിയ വെല്ലുവിളി എന്ന് പ്രവചനമുണ്ടായത്. ഈ കാര്യങ്ങളത്രയും 'ആസാദി -ക-അമൃത് മഹോത്സവ്' ആഘോഷങ്ങൾ പെരുമ്പറം മുഴക്കുന്ന ഈ കാലഘട്ടത്തും യാഥാർഥ്യത്തിന്റെ പച്ചക്കൊടിയും കൊണ്ട് പ്രയാണം തുടർന്നുകൊണ്ടിരിക്കുകയാണ്.

**ഇന്ത്യ നിലനിൽക്കുന്നിടത്തോളം കാലം ഈ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിയും മതേതര സങ്കൽപ്പങ്ങളും നിലനിൽക്കേണ്ടത് എല്ലാവരുടെയും ആവശ്യമാണ്. ഭാഷയുടെയോ മതത്തിന്റെയോ വർഗത്തിന്റെയോ ജാതിയുടെ അടിസ്ഥാനത്തിൽ അല്ല ഇന്ത്യ എന്ന ദേശീയത രൂപം കൊണ്ടത്.**




ഭൂരിപക്ഷ വർഗീയതയുടെയും ന്യൂനപക്ഷ വർഗീയതയുടെയും അളവ് കോലും വ്യാപ്തിയും അതുണ്ടാക്കാവുന്ന പാർശ്വഫലങ്ങളും പല രാഷ്ട്രീയ, സാമൂഹിക നേതാക്കന്മാർ തിട്ടപ്പെടുത്താൻ ശ്രമിച്ചിരുന്നു. ഒരു കാലഘട്ടത്തിൽ ആദ്യ കേരള മുഖ്യമന്ത്രി കൂടിയായിരുന്നു ബഹുമാനപ്പെട്ട ഇഎംഎസ് പോലും ഭൂരിപക്ഷ വർഗീയതയും ന്യൂനപക്ഷ വർഗീയതയും ഒന്നാണെന്നുള്ള അഭിപ്രായക്കാരനായിരുന്നു എന്നാൽ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹറുവിന്റെ പ്രഭാഷണങ്ങൾ അദ്ദേഹം ഈ അഭിപ്രായക്കാരനല്ലെന്നും വ്യക്തമാക്കുന്നുണ്ട്. ഭൂരിപക്ഷ വർഗീയതയുടെ പ്രധാന വിപത്തുകൾ എന്താകുമെന്ന് മനസ്സിലാകാതെ മുന്നോട്ടുപോയതാണ് രാജ്യം ഇന്ന് അനുഭവിക്കുന്ന പ്രധാന പ്രശ്നത്തിന്റെ ഉത്ഭവം എന്ന് മനസ്സിലാക്കേണ്ടതിന്റെ അനിവാര്യത അതിരുകടന്നതും പറഞ്ഞേ മതിയാകു.

ഇന്ത്യ നിലനിൽക്കുന്നിടത്തോളം കാലം ഈ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിയും മതേതര സങ്കൽപ്പങ്ങളും നിലനിൽക്കേണ്ടത് എല്ലാവരുടെയും ആവശ്യമാണ്. ഭാഷയുടെയോ മതത്തിന്റെയോ വർഗത്തിന്റെയോ ജാതിയുടെ അടിസ്ഥാനത്തിൽ അല്ല ഇന്ത്യ എന്ന ദേശീയത രൂപം കൊണ്ടത്. മനുഷ്യ മനസ്സുകളെ വൈവിധ്യങ്ങൾക്ക് അപ്പുറം കീഴ്പ്പെടുത്തിയത് നമ്മൾ എന്ന സങ്കൽപമാണ്.

ജനാധിപത്യവും ഏകത്വവും സഹിഷ്ണുതയും എന്നെല്ലാം നാം മറ്റുള്ളവരുടെ മുമ്പിൽ വീമ്പു പറയുമ്പോൾ അതിൽ നമ്മൾ പോലും എത്ര മാത്രം സത്യസന്ധത വെച്ചുപുലർത്തുന്നു എന്ന ഒരു ആത്മ പരിശോധന ഒരുപക്ഷേ ചില മാറ്റങ്ങൾക്ക് കാരണമാകാൻ സാധ്യതയുണ്ട്. 'മറ്റു മതസ്ഥരോടുള്ള ആദരവും ബഹുമാനവും സഹവർത്തിത്വവും സഹിഷ്ണുതയും ആണ് മതേതരത്തിന്റെ എല്ലാം അന്തസത്ത' എന്ന മുൻ രാഷ്ട്രപതിയുടെ വാക്കുകൾ ഇന്ത്യ എന്ന രാജ്യത്തെ ഹിന്ദു രാജ്യമാക്കി മാറ്റി പെരുമ്പറകൊട്ടുവാൻ കാത്തു നിൽക്കുന്നവർ തീർച്ചയായും ഗൗനിക്കേണ്ട ഒന്ന് തന്നെയാകുന്നു. ഈ വീക്ഷണങ്ങൾ തനിക്ക് ലഭിച്ചത് ഇന്ത്യയുടെ പൈതൃകത്തിൽ നിന്നല്ല മറിച്ച് ഇസ്ലാമിൽ നിന്നാണ് മുൻ രാഷ്ട്രപതി സംകൃതയായി ശർമ്മ അഭിപ്രായപ്പെട്ടതും. എന്നാൽ ഇന്ന് ഈ വാക്കുകൾ ഭരണാധികാരികൾക്ക് പ്രഹരം ഉണ്ടാക്കുന്ന ഒന്നായിത്തീരുന്നു. മുഴുവൻ രാജ്യത്ത് പ്രൗഢിയാർന്ന പാരമ്പര്യത്തെ മുന്നിൽ നിന്നു നയിക്കുന്നതോടൊപ്പം ചിലർക്കെല്ലാം കുറിക്ക് കൊള്ളുന്ന ഒന്നു കൂടിയാണ് ഈ വാസ്തവങ്ങൾ.

മറ്റുള്ളവർക്ക് മുന്നിൽ മതേതരത്വം എന്ന് പ്രൗഢിയോടുകൂടി എടുത്തു പറയപ്പെടുമ്പോഴും മതേതരത്വം എന്ന് നമ്മിൽ പലർക്കും പോലും കൃത്യമായ ഒരു ധാരണയില്ലന്നതും കൈപ്പേറിയ സത്യമാണ്. പടിഞ്ഞാറൻ നാടുകളിൽ മതേതരത്വം എന്നത് മതനിരാസം എന്ന സങ്കല്പമാകുമ്പോൾ മതനിരാസം എന്നത് ഇന്ത്യ എന്ന ആശയത്തിനു മുന്നിൽ ഒരിക്കൽപോലും സങ്കൽപ്പിക്കാൻ കൂടെ കഴിയുന്ന ഒന്നല്ല.

അത്രയേറെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വെച്ച് പുലർത്തി പോരുന്നവർ ലോകത്ത് തന്നെ വിരളമായിരിക്കാം, അങ്ങനെ ഒരു രാജ്യത്ത് അങ്ങനെയൊരു സാഹചര്യത്തിൽ മതമില്ലാത്ത ഒരു അവസ്ഥ അഥവാ മതനിരാസം എന്നത് ചിന്തകൾക്ക് പോലും. മതേതര സങ്കല്പങ്ങളുടെ തലം മാറ്റുകയാണ് അവിടെ നടക്കുന്നത്. എന്നാൽ യഥാർഥത്തിൽ നമ്മുടെ രാജ്യം മറ്റുള്ളവർക്കായി വിഭാവനം ചെയ്യുന്ന മതേതരത്വം എന്നത് മറ്റുള്ള മതസ്ഥർ ചെയ്യുന്ന ആചാര കർമ്മങ്ങളോടുള്ള ആദരവും ബഹുമാനവും നിലനിർത്തി അതേ സമയം ഭരണരംഗത്ത് പോലും നാം ആഗ്രഹിക്കുന്ന അവസര സമത്വവുമാണ് നമ്മുടെ രാജ്യത്തിന്റെ കാഴ്ചപ്പാട്.

രാജ്യത്തിന്റെ അധപതനം സംഭവിച്ചു തുടങ്ങിയത് മതേതരവാദികളെ പലരും ചെന്ന് ഭിന്നിപ്പിക്കാൻ തുടങ്ങിയപ്പോഴാണ്, രാജ്യം കാക്കാൻ മുസ്ലിമും ഹൈന്ദവനും കൈകോർക്കും എന്നതിൽ യാതൊരു തർക്കവുമില്ല മനസ്സിന്റെ അകത്തളങ്ങളിൽ ഇസ്ലാമിനെ കൊണ്ട് നടക്കുന്ന ഒരു മുസൽമാന് ഒരിക്കലും വർഗീയതയെ പിന്തുണയ്ക്കാൻ സാധ്യമല്ല ഹിന്ദു പുരാണങ്ങൾ വായിച്ചറിയുന്ന ഒരു യഥാർഥ ഹൈന്ദവന് ഒരിക്കൽ പോലും വർഗീയതയുടെ വാഹകരാകുവാൻ സാധ്യമല്ല എന്നതും മനസ്സറിഞ്ഞ് കുരിശു വരയ്ക്കുന്ന ഒരു ക്രൈസ്തവന് വർഗീയത പറയുവാൻ കൂടി സാധ്യമാകില്ല എന്നും തീർച്ചയാണ്.

പൂർണ്ണ ബോധ്യത്തോടെ ഇക്കാര്യങ്ങൾ നാം ആലോചിക്കുമ്പോൾ ആണ് പ്രത്യാശയുടെ കൊച്ചു കിരണങ്ങൾ നമ്മൾക്ക് മുന്നിൽ തെളിയുന്നത് ആ കിരണങ്ങളുടെ അസ്തമയം സാധ്യമാകാതിരിക്കാൻ വേണ്ടിയാണ് രാജ്യത്തിന്റെ മുസൽമാനും രാജ്യത്തിന്റെ ഹൈന്ദവനും രാജ്യത്തിന്റെ ക്രൈസ്തവരും ചേർന്ന് നിൽക്കുന്നത്. ആ കിരണങ്ങൾ അസ്തമിക്കുന്ന ഒരു നാൾ രാജ്യം മറ്റുള്ളവരുടെ മുന്നിൽ കണ്ണുനീർ പൊഴിക്കുന്ന ഒരു കോമാളിയായി മാറും എന്നതിൽ യാതൊരു സംശയവുമില്ല.

ഉത്തരേന്ത്യയിൽ എന്നതുപോലെ കേരളത്തിലും വർഗീയ ധ്രുവീകരണത്തിന് ശക്തമായ കോപ്പുകൂട്ടലുകൾ നടന്നുകൊണ്ടിരിക്കുന്നു കേരളത്തിലെ രാഷ്ട്രീയ പ്രബുദ്ധത അല്ലെങ്കിൽ സാക്ഷരരായജനക്കൂട്ടങ്ങളാണ് ഇവിടം ആ വർഗീയ ധ്രുവീകരണം അസാധ്യമാക്കുന്നത്. കൃത്യമായും വ്യക്തമായും സമ്മതിദാന അവകാശം രേഖപ്പെടുത്തുന്ന ജനങ്ങൾക്ക് മുന്നിൽ പലരും തയ്യാറാക്കുന്ന പല പദ്ധതികളും വെറും പരിഹാസങ്ങൾ മാത്രമായി ബാക്കിയാവുന്നത് ഇതിനാലായിരുന്നു.

ഫാസിസത്തെക്കുറിച്ചും അത് പ്രചരിപ്പിക്കുന്നവരുടെ ഒളിയമ്പുകളെ കുറിച്ചും നമുക്ക് കൃത്യമായ ധാരണയുണ്ടാവേണ്ടത് അത്യന്താപേക്ഷിതമാ

**ഉത്തരേന്ത്യയിൽ എന്നതുപോലെ കേരളത്തിലും വർഗീയ ധ്രുവീകരണത്തിന് ശക്തമായ കോപ്പുകൂട്ടലുകൾ നടന്നുകൊണ്ടിരിക്കുന്നു കേരളത്തിലെ രാഷ്ട്രീയ പ്രബുദ്ധത അല്ലെങ്കിൽ സാക്ഷരരായജനക്കൂട്ടങ്ങളാണ് ഇവിടം ആ വർഗീയ ധ്രുവീകരണം അസാധ്യമാക്കുന്നത്.**





> **അരാഷ്ട്രീയതയും അരാഷ്ട്രീയവാദവും അക്രമോത്സുകതയും കൊടികുത്തി വാഴുന്ന കാലത്ത് നീതിബോധത്തിന്റെ വാഹകരാകാൻ ഫാസിസത്തിന്റെ അന്തകരാകാൻ ഓരോ വിദ്യാർഥിക്കും കഴിയേണ്ടതുണ്ട്, ഇവയൊന്നും നമ്മെ ബാധിക്കുന്ന കാര്യമല്ലെന്ന് കരുതി പിന്തിരിഞ്ഞും മുഖം തിരിച്ചും നിൽക്കുന്നവർ ഒരുതരം ആത്മഹത്യയാണ് ചെയ്യുന്നത്**

ണ്. ആൾക്കൂട്ടമനശാസ്ത്രവും ആരവങ്ങൾക്ക് പിന്നിൽ പറഞ്ഞു ഉണ്ടാകുന്ന ആൾക്കൂട്ടത്തിന്റെ ഫലവും ആണ് ഫാസിസത്തിന്റെ ശക്തി അവർക്കെതിരെ വിധി എഴുതേണ്ടത് പ്രബുദ്ധതയാണ്. രാഷ്ട്രീയമായും സാംസ്കാരികമായും അവർക്കെതിരെ വിധിയെഴുതേണ്ടത് അവർക്ക് വേണ്ടി കുഴലോത്ത് നടത്തുന്ന ഭരണാധികാരങ്ങളോ നീതിന്യായ വ്യവസ്ഥയോ അല്ല മറിച്ച് വിധി പറയാൻ അവകാശപ്പെട്ടത് ഫാസിസത്തിന്റെ കിരാതകരങ്ങൾക്കും ചെയ്തികൾക്കും സാക്ഷികളും ഇരകളും ആയി മാറിയ മർദ്ദിതരാണ് ഒന്നുമില്ലായ്മയിൽ നിന്നും ഉയർത്തിക്കൊണ്ടുവരുന്ന പ്രകോപനത്തിന്റെ പ്രത്യയശാസ്ത്രം പ്രവർത്തന രീതിയായി മാറുക എന്നത് ഇതുവരെ നടമാടിയ ഫാസിസ്റ്റ് പ്രവർത്തനങ്ങൾ വിശകലനം ചെയ്താൽ മനസ്സിലാക്കാവുന്ന ഒന്ന് തന്നെ.

ഫാസിസം പ്രധാനമായും ഉന്നം വയ്ക്കുക പ്രതികരണശേഷിയില്ലാത്ത, ഭൂരിപക്ഷം അല്ലാത്ത, പൊതുവേ പ്രതികാര ശേഷി കുറഞ്ഞ ന്യൂനപക്ഷങ്ങളെ മാത്രമായിരിക്കും ഫാസിസ്റ്റ് പ്രവർത്തനങ്ങൾക്കും ആക്രമങ്ങൾക്കും ഒരുമയിലൂടെ ഒത്തു ചേർന്ന മനുഷ്യത്വം എന്ന വികാരത്തിനു മുന്നിൽ നിലനിൽപ്പ് ഉണ്ടാകില്ല എന്നതാണ് ജനാധിപത്യബോധത്തിലും നീതിന്യായ വ്യവസ്ഥയിലും വിശ്വസിച്ചു പോരുന്ന ന്യൂനപക്ഷങ്ങളുടെ കരുത്ത്.

ഇന്ത്യ എന്ന ആശയത്തെയും സങ്കല്പത്തെയും മുന്നോട്ട് നയിക്കേണ്ടത് ഈ കരുത്താണ് അരാഷ്ട്രീയതയും അരാഷ്ട്രീയവാദവും അക്രമോത്സുകതയും കൊടികുത്തി വാഴുന്ന കാലത്ത് നീതിബോധത്തിന്റെ വാഹകരാകാൻ ഫാസിസത്തിന്റെ അന്തകരാകാൻ ഓരോ വിദ്യാർഥിക്കും കഴിയേണ്ടതുണ്ട്, ഇവയൊന്നും നമ്മെ ബാധിക്കുന്ന കാര്യമല്ലെന്ന് കരുതി പിന്തിരിഞ്ഞും മുഖം തിരിച്ചും നിൽക്കുന്നവർ ഒരുതരം ആത്മഹത്യയാണ് ചെയ്യുന്നത്



മിസ്ഹബ് എ
BSc. Statistics

# കുഴിമാന്തികളും കുഴിതോണ്ടികളും

"The state shall not deny to any person equality before law or the equal protection of the laws within the territory of India" -Article 14

കാലത്തിന്റെ ഏറ്റക്കുറച്ചിലുകളോട് അകന്നും അടുത്തും രൂപപ്പെട്ടുവന്ന ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തെ സ്വാധീനിച്ച് വരുതിയിൽ വരുത്താനുള്ള ശ്രമമതിന്റെ പ്രാരംഭ ഘട്ടം മ തൽക്കെ ചില ആശയധാരകൾ തുടങ്ങിയിരുന്നതായി കാണാം. വൈവിധ്യങ്ങളാൽ എളുപ്പത്തിൽ വ ഘടിച്ചുപോയേക്കാവുന്ന ഭൂപ്രദേശങ്ങളെ, 'ഒരു രാജ്യം' എന്ന ആശയത്തിലേക്ക് ഒരുമിപ്പിക്കുമ്പോൾ വെല്ലുവിളികൾ അസ്വാഭാവികമല്ല.എന്നാൽ,സ്വാതന്ത്ര്യ ലബ്ധിക്ക് മുക്കാൽ നൂറ്റാണ്ടിനിപ്പുറത്ത് നി ക്കുമ്പോഴും ,സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും അർത്ഥങ്ങളെ നേരാംവണ്ണം ഉൾക്കൊ ള്ളാനുള്ള മാനസിക പക്വത ഇവിടെ സാധ്യമായിട്ടില്ലെങ്കിൽ തികഞ്ഞ പോരായ്മ തന്നെയാണ 'മതേതരത്വം, സോഷ്യലിസം, അഖണ്ഡത' എന്നത് അടിസ്ഥാന മുദ്രാവാക്യമായി ആമുഖത്തി തന്നെ എഴുതിവെച്ച ഒരു ഭരണഘടനയെ ; ചവിട്ടിമെതിച്ച് ബുൾഡോസറുകൾ ഇരച്ചുപായുമ്പോൾ പൗരർക്ക് ഉറപ്പുനൽകിയ മനുഷ്യാവകാശങ്ങളെ യന്ത്രക്കൈകൾ പിച്ചിച്ചീന്തുമ്പോൾ, ഏതൊരു ഷ്ട്രവും വിലപിക്കാതിരിക്കുന്നതെങ്ങനെ...?പുഴുക്കുത്തുകളുടെ കറ പുരണ്ട് നിറം മങ്ങിയ ആ കോ ണിൽ നിന്നുകൊണ്ടാകണം സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തെ വിലയിരുത്തേണ്ടത്.



**നിലനിൽപ്പിന്റെ ഏറ്റവും അടിസ്ഥാനമായ പൗരത്വം തന്നെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിൽ നിരാലംബരായ മനുഷ്യർ ആരിലാണ് അഭയം പ്രാപിക്കേണ്ടത്? ഉത്തരം നൽകാൻ ബാധ്യസ്ഥരായവരുടെ കരങ്ങൾ തന്നെയാണ് പിന്നിലെന്നത് നിസ്സഹായതയുടെ വ്യാപ്തി വർധിപ്പിക്കുന്നു.**

'ബുൾഡോസർ നീതി' എന്ന് നിഗൂഢ അജണ്ടാ-വക്താക്കൾ വിശേഷിപ്പിക്കുന്ന, പരിഷ്കൃത സമൂഹത്തിന് ഒട്ടും ഇണങ്ങാത്ത 'ഇടിച്ചുപൊളിക്കൽ രാജ്' സുപ്രീം കോടതിയുടെ നിശിത വിമർശനത്തിന് വിധേയമായ ഈ സാഹചര്യത്തിൽ, നീതിയുടെ മറ ചാരിയുള്ള മനുഷ്യാവകാശ ധ്വംസനങ്ങൾ വീണ്ടും മുഖ്യധാരയിലേക്കെത്തുകയാണ്. അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനയായ ആംനെസ്റ്റി ഇന്റർനാഷണൽ 2024 ഫെബ്രുവരിയിൽ പുറത്തുവിട്ട രണ്ടു റിപ്പോർട്ടുകൾ കൂടി ചേർത്ത് വായിക്കുമ്പോൾ, സാഹചര്യത്തിന്റെ തീവ്രത വർധിക്കുന്നു. ഒരാൾ കുറ്റവാളിയായിത്തീരുകയോ, കുറ്റകൃത്യത്തിന്റെ നിഴലിലെന്ന് സംശയിക്കപ്പെടുകയോ ചെയ്താൽ,ആ വ്യക്തിയുടെയും ബാക്കി കുടുംബാംഗങ്ങളുടെയും ഭവന, ഉപജീവന മാർഗങ്ങളെ നിർദയം ഇടിച്ചുനിരത്തുന്നതിനെ അധികാരികൾ ഏത് അളവുകോൽ വെച്ച് ന്യായീകരിക്കാൻ ശ്രമിച്ചാലും യുക്തിരഹിതമാണ്.വ്യക്തമായ രേഖകളില്ലാതെ, നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിക്കാതെ, തികച്ചും പക്ഷപാതപരമായി അനധികൃത കൈയേറ്റം ഒഴിപ്പിക്കൽ (Antiencroachment drive) എന്ന പേരിൽ ദലിത്, പിന്നാക്ക വിഭാഗങ്ങളുടെയും പിന്നാക്ക മുസ്‌ലിംകളുടെയും അടിവേരിളക്കാൻ ശ്രമിക്കുന്ന തീവ്രഹിന്ദുത്വ- ഭരണകൂട നയങ്ങളെ എങ്ങനെയാണ് ജനാധിപത്യ വിശ്വാസികൾ നോക്കിക്കാണേണ്ടത്?നിലനിൽപ്പിന്റെ ഏറ്റവും അടിസ്ഥാനമായ പൗരത്വം തന്നെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിൽ നിരാലംബരായ മനുഷ്യർ ആരിലാണ് അഭയം പ്രാപിക്കേണ്ടത്? ഉത്തരം നൽകാൻ ബാധ്യസ്ഥരായവരുടെ കരങ്ങൾ തന്നെയാണ് പിന്നിലെന്നത് നിസ്സഹായതയുടെ വ്യാപ്തി വർധിപ്പിക്കുന്നു.

2020ൽ പൗരത്വ ഭേദഗതി ബില്ലി (CAA) നെതിരെ പ്രതിഷേധിച്ചവർക്ക് നേരെയുള്ള ആയുധമെന്നോണം യോഗി ആദിത്യനാഥിന്റെ യുപി സർക്കാരാണ് ബുൾഡോസർ രാജിന് തുടക്കം കുറിക്കുന്നത്. മാധ്യമങ്ങളുടെയും കോടതികളുടെയും നിഷ്ക്രിയത്വം കൂടിയായപ്പോൾ തെരഞ്ഞെടുപ്പിൽ യോഗിയെ 'ബുൾഡോസർ ബാബ'എന്ന് ഗ്ലോറിഫൈ ചെയ്ത് പ്രതിഷ്ഠിക്കുന്നതിലേക്ക് വരെ സാഹചര്യം എത്തിച്ചേർന്നു .തുടർന്നങ്ങോട്ട്,ആംനെസ്റ്റിയുടെ കണക്കുകൾ പ്രകാരം 2022 മെയ് -ജൂൺ കാലയളവിൽ മാത്രം യുപി, ഗുജറാത്ത്, മധ്യപ്രദേശ്, ആസാം, ഡൽഹി എന്നീ അഞ്ച് സംസ്ഥാനങ്ങളിലായി അന്യായമായ 128 പൊളിക്കലുകൾ സംഭവിച്ചതായി റിപ്പോർട്ട് ചെയ്യുന്നു. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയപരവുമായി പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരാണ് ഈ അതിക്രമങ്ങളിൽ ഇരകളായതെന്ന് റിപ്പോർട്ട് ഊന്നിപ്പറയുന്നുണ്ട്. പലസ്തീനിൽ ബുൾഡോസറുകൾ ഉപയോഗിച്ച് ഉന്മൂലനപ്രക്രിയ നടത്തുന്ന ഇസ്രായേലിന്റെ അതേ നിലപാടിനോടാണ് അവർ ഇന്ത്യയെയും ഉപമിച്ചിരിക്കുന്നത്.2022 ൽ മധ്യപ്രദേശിൽ, രാമനവമി റാലിക്കിടെയുണ്ടായ സംഘർഷത്തെത്തുടർന്ന് മുസ്‌ലിം വീടുകളും വാണിജ്യകെട്ടിടങ്ങളും തിരഞ്ഞുപിടിച്ച് വൻതോതിൽ ഇടിച്ചുനിരത്തുകയുണ്ടായി.അതേവർഷം തന്നെ ഡൽഹിയിലെ ജഹാംഗിർപുരിയിലും ഷഹീൻബാഗിലും ഹനുമാൻ ജയന്തി റാലിക്കിടെയുണ്ടായ സംഘർഷങ്ങളുടെ ബാക്കിപത്രമെന്നോണം,ബുൾഡോസർ കൈകൾ തികച്ചും സെലക്റ്റീവ് ആയിത്തന്നെ ചലിച്ചു. 2022 ജൂണിൽ, നൂപുർ ശർമ്മയുടെ വിദ്വേഷ പരാമർശത്തിന്റെ പശ്ചാത്തലത്തിൽ,യുപി സർക്കാരിന്റെ വിവേചന നടപടികൾക്കെതിരെ ശബ്ദിച്ചതിലുള്ള പ്രതികാരമായിട്ടാണ് ആക്റ്റിവിസ്റ്റ് കൂടിയായ ജാവേദ് മുഹമ്മദിന്റെ കുടുംബവീട് അന്യായമായി.പൊളിച്ചു നീക്കിയത് . വിയോജിപ്പ് രേഖപ്പെടുത്തിയതിന്റെ പേരിൽ, മതിയായ നടപടിക്രമങ്ങളൊന്നും പാലിക്കാതെ അനധികൃത നിർമ്മാണമാരോപിച്ച് പൊളിക്കാൻ ഉത്തരവിട്ടത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ, തീർത്തും ബാലിശമായ വാദങ്ങളാണ് അധികാരികൾ നിരത്തിയത്.



2023 ലും സമാന സംഭവങ്ങൾ അരങ്ങേറി.പശുമാംസം വിൽപ്പനയ്ക്ക് സൂക്ഷിച്ചെന്നാരോപിച്ച്, മധ്യപ്രദേശിൽ 10 ഓളം കടകളായിരുന്നു മുന്നറിയിപ്പുകളൊന്നുമില്ലാതെ തകർത്തുകളഞ്ഞത്. ഹരിയാനയിലെ നൂഹ് ജില്ലയിൽ, സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുകയാണെന്ന മറവിലാണ് സാമ്പത്തികമായി അരികുവൽക്കരിക്കപ്പെട്ടവർക്ക് നേരെ ബുൾഡോസർ രാജ് നടപ്പാക്കിയത്. കുടിയേറ്റക്കാർ തിങ്ങിപ്പാർക്കുന്ന ടൗറുവിൽ, വിശ്വഹിന്ദു പരിഷത്തിന്റെ ഘോഷയാത്ര തടസ്സപ്പെടുത്തിയെന്ന പേരിൽ , 250 ഓളം കുടിലുകളാണ് പോലീസ് അകമ്പടിയോടെ ഇടിച്ചു നിരത്തിയത്.ഇവിടെയെല്ലാം തന്നെ, നേരത്തെ സൂചിപ്പിച്ചത് പോലെ പിന്നാക്കവിഭാഗത്തിൽപ്പെട്ടവരെയും ന്യൂനപക്ഷങ്ങളെയുമാണ് തിരഞ്ഞുപിടിച്ച് ആക്രമിച്ചത് എന്ന വസ്തുത പിന്നിലുള്ള അജണ്ടയെ വെളിച്ചത്ത് കൊണ്ടുവരുന്നു.



2023 ൽ മാത്രം 1 ലക്ഷം വീടുകൾ തകർക്കപ്പെടുകയും ,5 ലക്ഷത്തോളം വരുന്ന താഴെക്കിയിടയിലുള്ളവരുടെ ജീവിതത്തെ അത് തകിടം മറിച്ചതായും കാണാം .2024ലേക്ക് എത്തിയപ്പോഴും ഈ സെലക്റ്റീവ് ഔട്രേജിന് മാറ്റമുണ്ടായില്ല.ലോകസഭ തിരഞ്ഞെടുപ്പിന്റെ കൂടി പശ്ചാത്തലത്തിൽ, രാഷ്ട്രീയ മുതലെടുപ്പ് ലക്ഷ്യം വെച്ച് സംഗതി വ്യാപിക്കുകയാണുണ്ടായത്.കഴിഞ്ഞ ജൂണിൽ ഇക്കോടൂറിസം വികസനത്തിന്റെ പേരുപറഞ്ഞു ലഖ്നൗവിലെ അക്ബർ നഗറിൽ വീടുകളും വാണിജ്യ കെട്ടിടങ്ങളും ഉൾപ്പെടെ 1800 നിർമ്മിതികൾ വികസന ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ബുൾഡോസർ കൈകൾ ഇല്ലാതാക്കിയതായി കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ, വികസനസമിതി രൂപീകരിക്കുന്നതിനും എത്രയോ മുമ്പ്തന്നെ ആ പ്രദേശത്ത് നിലനിന്ന് പോന്ന കെട്ടിടങ്ങളാണത്.മാത്രവുമല്ല,അവിടെയും ഒരു തരം 'തിരഞ്ഞുപിടിക്കൽ രാജ്' തന്നെയാണ് നടപ്പാക്കിയത്. പശുവിനെ കൊന്നെന്നും പൊലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചെന്നും ആരോപിച്ച് അറസ്റ്റ് ചെയ്തവരുടെയും കൊലപാതക കുറ്റങ്ങളിൽ അറസ്റ്റിലായവരുടെയും അടക്കം 37 വിചാരണ തടവുകാരുടെ വീടുകളാണ് ജൂണ് മാസത്തില് മാത്രം മധ്യപ്രദേശിൽ പൊളിച്ചുനീക്കിയത്.

സെപ്റ്റംബർ മാസത്തിൽ,നിർബന്ധിത കുടിയൊഴിപ്പിക്കൽ നീക്കം അക്രമാസക്തമായതിനെ തുടർന്ന് അസമിലെ കാംരൂപ് ജില്ലയിൽ രണ്ട്

**പശുവിനെ കൊന്നെന്നും പൊലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചെന്നും ആരോപിച്ച് അറസ്റ്റ് ചെയ്തവരുടെയും കൊലപാതക കുറ്റങ്ങളിൽ അറസ്റ്റിലായവരുടെയും അടക്കം 37 വിചാരണ തടവുകാരുടെ വീടുകളാണ് ജൂണ് മാസത്തില് മാത്രം മധ്യപ്രദേശിൽ പൊളിച്ചുനീക്കിയത്.**



ബംഗാളി മുസ്‌ലീം കൗമാരക്കാരെയാണ് പോലീസ് വെടിവച്ചു കൊന്നത്. ഗ്രാമത്തിലെ ഒരു ഇടവഴിക്ക് സമീപം അവർ സൂക്ഷിച്ചിരുന്ന താത്കാലിക വീടുകളും ഭക്ഷ്യധാന്യങ്ങളും ബുൾഡോസറുകൾ നശിപ്പിച്ചതോടെയാണ് പോലീസും പ്രതിഷേധക്കാരും തമ്മിലുള്ള ഏറ്റുമുട്ടൽ രൂക്ഷമായത്.തങ്ങൾ കുടിയേറ്റക്കാരോ കയ്യേറ്റക്കാരോ അല്ലെന്നും നിയമവിരുദ്ധമായ പ്രവർത്തങ്ങളുടെ ഒന്നും ഭാഗമല്ലെന്നും കൊല്ലപ്പെട്ടവരുടെ കുടുംബം വ്യക്തമാക്കുന്നുണ്ട്.

ബുൾഡോസർ രാജിന് വർത്തമാന കാല തുടക്കം കുറിച്ചത് യോഗി ആദിത്യനാഥാണെങ്കിൽക്കൂടി, അതിന്റെ വേരുകൾ കൊളോണിയൽ വാഴ്ച്ചക്കാലത്തോളം പഴക്കമുള്ളതാണ്. പ്രത്യക്ഷാ എതിർചേരിയിലുള്ളവരെന്ന് സംശയിക്കുന്നവർക്ക് നേരെ വിവേചനപരമായ നിയമ, നയങ്ങൾ പ്രാബല്യത്തിൽ വരുത്തികൊണ്ടായിരുന്നു ബ്രിട്ടീഷ് അധികാരികൾ അടിച്ചമർത്തൽ പ്രക്രിയ മുന്നോട്ടുകൊണ്ടുപോയത്.19-ാം നൂറ്റാണ്ടിൽ നിർദയമായി ഉപയോഗിച്ച കശാപ്പു-പൂട്ട് നയത്തിന്റെ (ബുച്ചർ ആൻഡ് ബുൾ പോളിസി) വർത്തമാന വകഭേദമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് കാണാം.വടക്കുപടിഞ്ഞാറൻ മേഖലയിൽ 1861 ൽ നിയമമാക്കിയ മർഡറസ് ഔട്ട്റേജ്സ് ആക്ട്,1854 ൽ മലബാറിൽ കൊണ്ടുവന്ന മാപ്പിള ഔട്റേജ്സ് ആക്ട് ഇവയെല്ലാം തന്നെ ആദിവാസി,പിന്നാക്ക, മുസ്‌ലിം വിഭാഗങ്ങളെ

**പ്രത്യക്ഷാ എതിർചേരിയിലുള്ളവരെന്ന് സംശയിക്കുന്നവർക്ക് നേരെ വിവേചനപരമായ നിയമ, നയങ്ങൾ പ്രാബല്യത്തിൽ വരുത്തികൊണ്ടായിരുന്നു ബ്രിട്ടീഷ് അധികാരികൾ അടിച്ചമർത്തൽ പ്രക്രിയ മുന്നോട്ടുകൊണ്ടുപോയത്.**

പരസ്യമായിത്തന്നെ ലക്ഷ്യംവെച്ചുള്ളതായിരുന്നു. ഇവിടെയാണ്, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന് അവകാശമുന്നയിക്കുന്നിടത്ത് ചരിത്രത്തിലെ അതേ കരിനിയമങ്ങൾ ആവർത്തിക്കപ്പെടുന്നു എന്നതിലെ ഭീകരത വർധിക്കുന്നത്.

സാമ്പത്തിക, സാമൂഹിക,സാംസ്കാരിക അവകാശങ്ങൾക്കായുള്ള അന്താരാഷ്ട്ര ഉടമ്പടി (ICESCR)യുടെ ഒരു കക്ഷിയാണ് ഇന്ത്യയെന്ന് ആംനെസ്റ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. മതിയായ പാർപ്പിടത്തിനുള്ള അവകാശം,ജോലി ചെയ്യാനുള്ള അവകാശം,സാമൂഹിക സുരക്ഷക്കുള്ള അവകാശം എന്നിവ പൗരർക്ക് വിവേചനരാഹിത്യത്തോടെ ഉറപ്പുനൽകാൻ അതുകൊണ്ട്തന്നെ ഭരണകൂടം ബാധ്യസ്ഥരാണ്.എന്നാൽ, എല്ലാ നിയമ -നയങ്ങളോടും, ഏറ്റവും അടിസ്ഥാനമായി ഭരണഘടനയോട് തന്നെയും രക്ഷാകർതൃത്തത്തിന്റെ മുഖമൂടിയണിഞ്ഞവർ കൊടിയ നീതികേടാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. ഇരകളായവർക്കൊന്നും തന്നെ, മതിയായ മുൻകൂർ നോട്ടീസ് അയക്കുകയോ, അനധികൃതരെങ്കിൽ ഒഴിഞ്ഞുപോകാനുള്ള ഇടവേള നൽകുകയോ, അർഹമായ നഷ്ടപരിഹാരം അനുവദിക്കുകയോ ഉണ്ടായിട്ടില്ല.പാർപ്പിടങ്ങളിൽ നിന്ന് കുടിയിറക്കപ്പെട്ടവർക്ക് പിന്നെയുള്ള അഭയം ചേരികളാണ്. ഒരു മനുഷ്യന് അടിസ്ഥാനമായി ലഭിക്കേണ്ടുന്ന അവകാശങ്ങളെല്ലാം ഹനിക്കപ്പെട്ട,തങ്ങൾക്ക് നേരെ ഭരണകൂടം നടത്തുന്ന ഹിംസാത്മക അക്രമങ്ങൾക്കെതിരിൽ നിയമവഴി സ്വീകരിക്കാൻ പോലും ത്രാണിയില്ലാത്തവർ വംശീയ -ഉന്മൂലനത്തിന്റെ അടയാങ്ങൾ എന്ന കോളത്തിലേക്ക് ചുരുങ്ങിപ്പോകുന്നു.

ബുൾഡോസറുകൾ ഉപയോഗിച്ച് കൊണ്ടുള്ള കുടിയിറക്കൽ പ്രക്രിയയിലെ ഒളിഞ്ഞുകിടക്കുന്ന രാഷ്ട്രീയ അജണ്ട, തെളിവുകളുടെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞതുകൊണ്ടാണ് സുപ്രീം കോടതി ഈയടുത്തായി ശ്രദ്ധേയമായ ഇടപെടൽ നടത്തിയിരിക്കുന്നത്. നിയമത്തിന് മുന്നിൽ കുറ്റവാളിയാണെന്ന് തെളിഞ്ഞാൽ പോലും അയാളുടെ വീടും തൊഴിലിടവും ഇല്ലാതാക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് കോടതി ചോദ്യം ചെയ്തു.ഭരണഘടനയെയും നിയമവ്യവസ്ഥിതിയെയും നോക്കുകുത്തികളാക്കിക്കൊണ്ടുള്ള ഈ പരിപാടി ഇവിടെ നടക്കില്ലെന്ന നിലപാട് ആശാവഹമാണെങ്കിൽക്കൂടി,കഴിഞ്ഞ കുറച്ചു വർഷങ്ങളായി നീതിന്യായ സംവിധാനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സുതാര്യത, ആശങ്കകളുയർത്തുന്നു.ഫാഷിസം, അതിന് സാധ്യമായ രീതികളിലെല്ലാം പലയിടങ്ങളിലായി പടർന്നു പിടിച്ചിട്ടുണ്ട്. വർഗീയതയുടെയും, തീവ്ര -ആശയങ്ങളുടെയും ഓരംപറ്റിയുള്ള അനുകൂല സാഹചര്യത്തിൽ അതിനിയും തുടർന്നുകൊണ്ടേയിരിക്കും.

നീതിയുക്തവും പക്ഷപാതരഹിതവുമായ ജുഡീഷ്യൽ സംവിധാനത്തെ അരക്കിട്ടുറപ്പിക്കുകയാണ് 'ഇന്ത്യയെന്ന ആശയ'ത്തിന്റെ അനുഭാവികൾ എന്ന നിലക്ക്,നിലവിൽ നമുക്ക് തെരഞ്ഞെടുക്കാനാകുന്ന മികച്ച മാർഗം.

നിഷാദ് മേലേതിൽ
MLISC

# ജനാധിപത്യം ഭൂരിപക്ഷഹിതമാണോ?



ജനങ്ങൾ എന്നർഥമുള്ള ഡെമോസ് (Demos), ഭരണം എന്നർഥമുള്ള ക്രറ്റോസ് (kratos) എന്നീ പദങ്ങൾ ചേർന്ന് ഗ്രീക്ക് ഭാഷയിൽ ആണ് ഡെമോക്രാറ്റിയ (Demokratia) എന്ന സമസ്തപദം ആദ്യമുണ്ടായത്. ബി. സി. 5-ാം നൂറ്റാണ്ടിലെ ഗ്രീക്ക് ചരിത്രകാരനായ ഹെറഡോട്ടസ് പരിചയപ്പെടുത്തിയ ഈ വാക്ക് അധികാരം ജനങ്ങളുടെ കൈകളിൽ നിക്ഷിപ്തമായിരിക്കുന്ന ഭരണ സമ്പ്രദായത്തെ സൂചിപ്പിക്കുന്നു. ഓരോ പൗരനും തീരുമാനമെടുക്കൽ പ്രക്രിയയിൽ നേരിട്ടോ അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെയോ പങ്കെടുക്കാൻ അവകാശമുള്ള ആശയമായാണ് ജനാധിപത്യം വിശേഷിപ്പിക്കപ്പെടുന്നത്. എങ്കിലും ജനാധിപത്യം എന്ന മഹിതമായ ആശയം ചില ചോദ്യങ്ങൾ നേരിടുന്നു. കാലങ്ങളേറെയായുള്ള ചർച്ചകൾക്ക് വഴിവെച്ച ചോദ്യങ്ങൾ ആണെങ്കിൽ കൂടി അതിൽ പലതും ഇന്നും പ്രസക്തമാണ്. ജനാധിപത്യം ഭൂരിപക്ഷ ഹിതമനുസരിച്ച് പ്രവർത്തിക്കുന്നതാണോ എന്നതാണ് അക്കൂട്ടത്തിൽ ഏറ്റവും ശക്തിയേറിയ ചോദ്യം.

സംസ്ഥാനത്തിന്റെയോ രാജ്യത്തിന്റെ നയം ഭൂരിപക്ഷാഭിപ്രായം അനുസരിച്ചായിരിക്കണം എന്നതാണല്ലോ ഭൂരിപക്ഷവാദം കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ജനാധിപത്യം അതിന്റെ ജൈവിക സ്വഭാവത്തിൽ തന്നെ ഭൂരിപക്ഷേ ഹിതത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? ന്യൂനപക്ഷ താത്പര്യങ്ങളെ സംരക്ഷിക്കാൻ ജനാധിപത്യം എന്ന ആശയത്തിന് എത്രത്തോളം ശക്തി ഉണ്ട് മുതലായ ചോദ്യങ്ങൾ പ്രസക്തമാണ്.



## ജനാധിപത്യം: ചരിത്ര-സൈദ്ധാന്തിക പശ്ചാത്തലങ്ങളിലൂടെ

പുരാതന ഗ്രീസിലേക്ക് നീളുന്ന ജനാധിപത്യത്തിന്റെ വേരുകൾ ഒന്ന് പരിശോധിക്കാം. പൗരന്മാർക്ക് നിയമങ്ങളിലും നയങ്ങളിലും നേരിട്ട് വോട്ട് ചെയ്യാൻ അവസരം നൽകിയിരുന്ന നേരിട്ടുള്ള ജനാധിപത്യം ഏഥൻസ് പോലുള്ള നഗര-രാഷ്ട്രങ്ങളിൽ പ്രയോഗത്തിലുണ്ടായിരുന്നു. ഇത് ഭൂരിപക്ഷവാദത്തിന്റെ ഏറ്റവും ശുദ്ധമായ രൂപത്തെ പ്രതിനിധീകരിക്കുന്നുവെങ്കിലും ഈ ഭരണ രൂപം ചെറുതും, ഏകജാതീയവുമായ ജനസംഖ്യയിൽ മാത്രമായിരുന്നു പരിമിതപ്പെട്ടിരുന്നത്, അതിനാൽ തന്നെ അവിടെ ഭൂരിപക്ഷ ഭരണത്തിന്റെ ആശയത്തിന് കാര്യമായ ആന്തരിക സംഘർഷങ്ങളില്ലാതെ പ്രവർത്തിക്കാൻ കഴിഞ്ഞു. ജനാധിപത്യം വികസിച്ചപ്പോൾ, പ്രാതിനിധ്യ ജനാധിപത്യത്തിന്റെ ആശയം ഉയർ



ന്നുവരികയും ഇത് കൂടുതൽ വലിയതും വൈവിധ്യമാർന്നതുമായ ജന വിഭാഗത്തിന് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ ഭരണത്തിൽ പങ്കെടുക്കാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്തു. ഈ മാറ്റം ജനാധിപത്യത്തിന്റെ വൃക്ഷത്തിലേക്ക് പുതിയൊരു ശാഖ ഉടലെടുക്കാൻ കാരണമായി. അതോടൊപ്പം ഭൂരിപക്ഷത്തിന്റെ താൽപ്പര്യങ്ങൾ എപ്പോഴും ന്യൂനപക്ഷ ഗ്രൂപ്പുകളുടെ താൽപ്പര്യങ്ങളുമായി പൊരുത്തപ്പെടണമെന്നില്ല എന്നതും വ്യക്തമായി.

ജോൺ സ്റ്റുവർട്ട് മിൽ, അലക്സിസ് ഡി ടോക്വിൽ തുടങ്ങിയ തത്വചിന്തകർ 'ഭൂരിപക്ഷത്തിന്റെ അധികാര ദുർവിനിയോഗം' എന്ന അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ട് ഭൂരിപക്ഷവാദത്തിന്റെ ആദ്യകാല വിമർശകരായിരുന്നു. പ്രത്യേകിച്ച്, വേഗത്തിൽ ജനാധിപത്യവൽക്കരിക്കപ്പെട്ടുകൊണ്ടിരുന്ന 19-ാം നൂറ്റാണ്ടിലെ അമേരിക്കയുടെ സന്ദർഭത്തിൽ, ഭൂരിപക്ഷ ഭരണം ന്യൂനപക്ഷ അഭിപ്രായങ്ങളെയും താൽപ്പര്യങ്ങളെയും അടിച്ചമർത്താനുള്ള സാധ്യത ടോക്വിൽ നിരീക്ഷിച്ചു. വ്യക്തികളുടെയും ന്യൂനപക്ഷ ഗ്രൂപ്പുകളുടെയും അവകാശങ്ങൾ ഭൂരിപക്ഷത്തിന്റെ അതിഭീമമായ ശക്തിക്കെതിരെ സംരക്ഷിക്കപ്പെടുന്ന, കൂടുതൽ ബഹുസ്വര സമീപനത്തിനായി മിൽ വാദിച്ചു.

ഭൂരിപക്ഷത്തിന്റെ താൽപ്പര്യങ്ങള രാഷ്ട്രീയ തീരുമാനമായി നിർണ്ണയിക്കണമെന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂരിപക്ഷാ ജനാധിപത്യം പ്രവർത്തിക്കുന്നത്. ഏറ്റവും കൂടുതൽ വോട്ട് നേടുന്ന സ്ഥാനാർഥിയോ പാർട്ടിയോ വിജയിക്കുന്ന തിരഞ്ഞെടുപ്പ് സമ്പ്രദായങ്ങളിൽ ഈ സമീപനം പലപ്പോഴും പ്രതിഫലിക്കുന്നു. കൂടുതൽ മണ്ഡലങ്ങൾ ജയിക്കുന്ന പാർട്ടി സാധാരണയായി സർക്കാർ രൂപീകരിക്കുന്നു. ഈ സമ്പ്രദായം വലിയ പാർട്ടികൾക്ക് അനുകൂലമായി പ്രവർത്തിക്കുകയും പലപ്പോഴും പാർലമെന്റിൽ വ്യക്തമായ ഭൂരിപക്ഷത്തിന് കാരണമാവുകയും ചെയ്യുന്നു, ഇത് ഭരണകക്ഷിക്ക് മറ്റ് പാർട്ടികളുമായി സമവായം തേടേണ്ട ആവശ്യമില്ലാതെ തന്നെ അവരുടെ നയങ്ങൾ നടപ്പിലാക്കാൻ സാധിക്കുന്നു. ഈ വ്യക്തതയും സ്ഥിരതയും ഭൂരിപക്ഷ സമ്പ്രദായങ്ങളുടെ ശക്തികളായി കണക്കാക്കപ്പെടുന്നു, കാരണം അവ നിർണായകമായ ഭരണവും നയ നടപ്പാക്കലും സുഗമമാക്കുന്നു

ഭൂരിപക്ഷാ ജനാധിപത്യത്തിന് വ്യക്തമായതും സ്ഥിരമായതുമായ ഭരണം നൽകാൻ കഴിയുമെങ്കിലും, അതിന് ചില പരിമിതികളുമുണ്ട്. ഭൂരിപക്ഷ ജനാധിപത്യം പലപ്പോഴും ന്യൂനപക്ഷ ശബ്ദങ്ങളെ വേണ്ടത്ര പരിഗണനന നല്ക്കുന്നില്ല, ഇത് ഒരു സമൂഹത്തിലെ അഭിപ്രായങ്ങളുടെയും താൽപ്പര്യങ്ങളുടെയും വൈവിധ്യത്തെ പൂർണ്ണമായി പ്രതിനിധീകരിക്കാത്ത ഒരു രാഷ്ട്രീയ ഭൂപ്രകൃതിയിലേക്ക് നയിക്കുന്നു.

ഭൂരിപക്ഷ ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിമർശനങ്ങളിലൊന്ന് 'ഭൂരിപക്ഷത്തിന്റെ സർവാധിപത്യം' എന്ന അപകടസാധ്യതയാണ്, ഇവിടെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളോ താല്പര്യങ്ങളോ പരിഗണിക്കാതെ ഭൂരിപക്ഷത്തിന്റെ താല്പര്യങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്നു. ഈ പ്രവണത ന്യൂനപക്ഷ ഗ്രൂപ്പുകളുടെ അവഗണനയിലേക്കും മേധാവിത്വമുള്ള രാഷ്ട്രീയ അല്ലെങ്കിൽ സാമൂഹിക ഗ്രൂപ്പുകളുടെ സ്ഥാപനവൽക്കരണത്തിലേക്കും നയിക്കുകയും, സമൂഹത്തിലെ വിഭജനങ്ങൾ വർധിപ്പിക്കുകയും ചെയ്യും. ഉദാഹരണത്തിന്, 2016-ൽ യുണൈറ്റഡ് കിംഗ്ഡത്തിലെ ബ്രെക്സിറ്റ് ഹർജി ഭൂരിപക്ഷവാദം ആഴത്തിലുള്ള വിഭജനാത്മകമായ ഫലത്തിലേക്ക് നയിച്ച ഒരു സന്ദർഭമായി പലപ്പോഴും ഉദ്ധരിക്കപ്പെടുന്നു. യൂറോപ്യൻ യൂണിയനിൽ നിന്ന് പിന്മാറാൻ ഒരു നേരിയ ഭൂരിപക്ഷം വോട്ട് ചെയ്ത ഈ ഹർജി, പ്രായം, വിദ്യാഭ്യാസം, ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് സമൂഹത്തിലെ ആഴത്തിലുള്ള വിള്ളലുകൾ വെളിപ്പെടുത്തി. ഹർജിയുടെ ഭൂരിപക്ഷ സ്വഭാവം കാരണം, ജനസംഖ്യയുടെ വലിയൊരു വിഭാഗത്തിന്റെ ശക്തമായ എതിർപ്പ് ഉണ്ടായിരുന്നിട്ടും പിന്മാറാനുള്ള തീരുമാനം നടപ്പിലാക്കി, ഇത് തുടർച്ചയായ രാഷ്ട്രീയ, സാമൂഹിക പ്രക്ഷോഭങ്ങൾക്ക് കാരണമായി.

ഭൂരിപക്ഷ ജനാധിപത്യത്തിന്റെ ബഹിഷ്കരണ പ്രവണതകൾ ജനാധിപത്യ സ്ഥാപനങ്ങളിലുള്ള വിശ്വാസം ക്ഷയിപ്പിക്കാൻ കാരണമാകാം, കാരണം തുടർച്ചയായി അവഗണിക്കപ്പെടുന്നുവെന്ന് തോന്നുന്ന പൗരന്മാർ രാഷ്ട്രീയ പ്രക്രിയയിൽ നിരാശരാകാം. ഈ വിശ്വാസക്ഷയം ജനാധിപത്യ കുറവുകളിലേക്ക് നയിക്കാം, അവിടെ സർക്കാരിന്റെ ന്യായീകരണം ചോദ്യം ചെയ്യപ്പെടുകയും സാമൂഹിക ഐക്യം തകരുകയും ചെയ്യുന്നു.

ഭൂരിപക്ഷ ജനാധിപത്യത്തിന്റെ പരിമിതികൾ തിരിച്ചറിഞ്ഞ്, ഭൂരിപക്ഷ ഭരണവും ന്യൂനപക്ഷ അവകാശങ്ങളുടെ സംരക്ഷണവും സന്തുലിതമാക്കാൻ ശ്രമിക്കുന്ന ജനാധിപത്യ ഭരണത്തിന്റെ ബദൽ രൂപങ്ങൾ പല രാജ്യങ്ങളും സ്വീകരിച്ചിട്ടുണ്ട്. ആനുപാതിക പ്രാതിനിധ്യം അത്തരമൊരു ബദലാണ്. ആനുപാതിക സമ്പ്രദായങ്ങളിൽ, തിരഞ്ഞെടുപ്പിൽ ലഭിക്കുന്ന വോട്ടുകളുടെ എണ്ണത്തിന് ആനുപാതികമായി രാഷ്ട്രീയ പാർട്ടികൾക്ക് നിയമസഭയിൽ സീറ്റുകൾ ലഭിക്കുന്നു. ഈ സമ്പ്രദായം തിരഞ്ഞെടുക്കുന്നവരുടെ വൈവിധ്യമാർന്ന അഭിപ്രായങ്ങളുടെ കൂടുതൽ കൃത്യമായ പ്രതിഫലനത്തിന് അനുവദിക്കുകയും കൂടുതൽ ഉൾക്കൊള്ളുന്നതും പ്രാതിനിധ്യാത്മകവുമായ ഭരണത്തിന് കാരണമാകുകയും ചെയ്യുന്നു. ജർമ്മനി, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങൾ ചെറിയ പാർട്ടികൾക്കും ന്യൂനപക്ഷ ഗ്രൂപ്പുകൾക്കും നിയമനിർമ്മാണ പ്രക്രിയയിൽ ശബ്ദമുണ്ടാകാൻ ആനുപാതിക പ്രാതിനിധ്യം ഉപയോഗിക്കുന്നു, ഇത് ഒരൊറ്റ പാർട്ടി രാഷ്ട്രീയ ആധിപത്യം സ്ഥാപിക്കാനുള്ള സാധ്യത കുറയ്ക്കുന്നു.

അടുത്ത ബദൽ മാർഗമാണ് സമവായ ജനാധിപത്യം. ഭൂരിപക്ഷവാദത്തിന്റെ പിടിവലികൾ ഒഴിവാക്കാൻ ശ്രമിക്കുന്ന മറ്റൊരു മാതൃകയാണിത്. സമവായ വ്യവസ്ഥകളിൽ, വൈവിധ്യമാർന്ന രാഷ്ട്രീയ കക്ഷികൾക്കിടയിൽ വിശാലമായ സമ്മതം നേടുക എന്ന ലക്ഷ്യത്തോടെ ചർച്ചയിലും സന്ധിയിലും അധിഷ്ഠിതമാണ് തീരുമാനമെടുക്കൽ. സ്വിറ്റ്സർലൻഡും ബെൽജിയവും സമവായ ജനാധിപത്യം ഉപയോഗിക്കുന്ന രാജ്യങ്ങൾക്ക് ഉദാഹരണങ്?ളാണ്, അവിടെ അധികാര പങ്കിടൽ ക്രമീകരണങ്ങളും സഖ്യ സർക്കാരുകളും സാധാരണമാണ്. ഈ സമീപനം വ്യത്യസ്ത രാഷ്ട്രീയ ഗ്രൂപ്പുകൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുകയും ഒരു ഗ്രൂപ്പ് മറ്റുള്ളവരെ ആധിപത്യം സ്ഥാപിക്കുന്നത് തടയാൻ സഹായിക്കുകയും ചെയ്യുന്നു. ചർച്ചാത്മക ജനാധിപത്യം തീരുമാനമെടുക്കൽ പ്രക്രിയകളിൽ വിവരജ്ഞാനമുള്ള സംവാദത്തിന്റെയും യുക്തിസഹമായ ചർച്ചയുടെയും പ്രാധാന്യം ഊന്നിപ്പറയുന്നു. ചർച്ചാത്മക വ്യവസ്ഥകളിൽ, പൗരന്മാരോ പ്രതിനിധികളോ തീരുമാനങ്ങളെടുക്കുന്നതിന് മുമ്പ് വിവിധ വീക്ഷണകോണുകൾ പരിഗണിച്ചുകൊണ്ട് ചർച്ചകളിൽ ഏർപ്പെടുന്നു. ഭൂരിപക്ഷത്തിന്റെ മുൻഗണനകൾ പിന്തുടരുന്നതിനു പകരം എല്ലാ വീക്ഷണകോണുകളും ശ്രദ്ധാപൂർവം പരിഗണിച്ചുകൊണ്ട് തീരുമാനങ്ങൾ എടുക്കുന്നുവെന്ന് ഉറപ്പാക്കാൻ ഈ മാതൃക ശ്രമിക്കുന്നു. ചർച്ചാത്മക ജനാധിപത്യം പൗരസഭകൾ അല്ലെങ്കിൽ ചർച്ചാത്മക പോളുകൾ പോലുള്ള പങ്കാളിത്ത ഭരണത്തി





ന്റെ വിവിധ രൂപങ്ങളിൽ കാണാം, ഇവ ഉൾക്കൊള്ളുന്നതും ചിന്താപൂർണ്ണവുമായ തീരുമാനമെടുക്കലിനുള്ള വേദികൾ നൽകുന്നു.

ഈ ബദൽ മാതൃകകൾ കാണിക്കുന്നത് ജനാധിപത്യം ഭൂരിപക്ഷവാദവുമായി പര്യായമായിരിക്കണമെന്നില്ല എന്നതാണ്. ആനുപാതിക പ്രാതിനിധ്യം, സമവായ നിർമ്മാണം, ചർച്ച എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, ഭൂരിപക്ഷ ഭരണവും ന്യൂനപക്ഷ അവകാശങ്ങളും ബഹുമാനിക്കുന്ന കൂടുതൽ ഉൾക്കൊള്ളുന്നതും തുല്യവുമായ ഭരണ ഘടനകൾ ജനാധിപത്യങ്ങൾക്ക് സൃഷ്ടിക്കാൻ കഴിയുമെന്നാണ് തെളിയ്ക്കുന്നത്.

**ജനാധിപത്യം സ്വാഭാവികമായി ഭൂരിപക്ഷവാദപരമാണോ എന്ന ചോദ്യം സങ്കീർണ്ണമാണ്. ഭൂരിപക്ഷവാദ തത്വങ്ങൾ പല ജനാധിപത്യ വ്യവസ്ഥകളിലും കേന്ദ്രസ്ഥാനത്താണെങ്കിലും, അവ ജനാധിപത്യത്തിന്റെ ഏക നിർവചന സവിശേഷതയല്ല.**

## ജനാധിപത്യം സ്വാഭാവികമായി ഭൂരിപക്ഷവാദപരമാണോ?

ജനാധിപത്യം സ്വാഭാവികമായി ഭൂരിപക്ഷവാദപരമാണോ എന്ന ചോദ്യം സങ്കീർണ്ണമാണ്. ഭൂരിപക്ഷവാദ തത്വങ്ങൾ പല ജനാധിപത്യ വ്യവസ്ഥകളിലും കേന്ദ്രസ്ഥാനത്താണെങ്കിലും, അവ ജനാധിപത്യത്തിന്റെ ഏക നിർവചന സവിശേഷതയല്ല. അതിന്റെ അടിസ്ഥാനത്തിൽ, നേരിട്ടുള്ള പങ്കാളിത്തം, പ്രാതിനിധ്യം അല്ലെങ്കിൽ മറ്റ് മാർഗങ്ങളിലൂടെയോ എല്ലാ പൗരന്മാർക്കും ഭരണ പ്രക്രിയയിൽ ശബ്ദമുണ്ടെന്ന് ഉറപ്പാക്കുന്നതിനെക്കുറിച്ചാണ് ജനാധിപത്യം.

ബഹുസ്വരത, ന്യൂനപക്ഷാവകാശങ്ങൾ, ഭരണഘടനാ സംരക്ഷണങ്ങൾ എന്നിവ ആരോഗ്യകരമായ ജനാധിപത്യത്തിന്റെ നിർണായക ഘടകങ്ങളാണ്. ഭൂരിപക്ഷം മാത്രമല്ല, എല്ലാ പൗരന്മാരുടെയും അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിലൂടെ ഭൂരിപക്ഷാധിപത്യത്തിന്റെ അമിതത്വം തടയാൻ ഈ സവിശേഷതകൾ സഹായിക്കുന്നു. ഉദാഹരണത്തിന്, അടിസ്ഥാന അവകാശങ്ങളെയോ തത്വങ്ങളെയോ ലംഘിക്കുന്ന ഭൂരിപക്ഷ തീരുമാനങ്ങൾ പരിശോധിക്കുന്നതിലും സാധ്യതയുള്ള തള്ളിക്കളയുന്നതിലും ഭരണഘടനാ കോടതികളും സ്വതന്ത്ര ന്യായപീഠങ്ങളും പലപ്പോഴും നിർണായക പങ്ക് വഹിക്കുന്നു.

കൂടാതെ, ജനാധിപത്യ സ്ഥാപനങ്ങളുടെ രൂപകൽപ്പന ഒരു രാജ്യത്തെ ജനാധിപത്യം എത്രത്തോളം ഭൂരിപക്ഷാധിപത്യമാണെന്നതിനെ ഗണ്യമായി സ്വാധീനിക്കും. തിരഞ്ഞെടുപ്പ് സമ്പ്രദായങ്ങൾ, നിയമനിർമ്മാണ സഭയുടെ ഘടന, എന്നിവയെല്ലാം ജനാധിപത്യ ഭരണത്തിന്റെ സ്വഭാവം രൂപപ്പെടുത്തുന്നതിന് സംഭാവന ചെയ്യുന്നു. ഈ അർഥത്തിൽ, ജനാധിപത്യം സ്വാഭാവികമായി ഭൂരിപക്ഷാധിപത്യമല്ല, പകരം ലളിതമായ ഭൂരിപക്ഷ ഭരണത്തിനപ്പുറമുള്ള വിവിധ രൂപങ്ങളിലുള്ള പ്രാതിനിധ്യവും തീരുമാനമെടുക്കലും ഉൾക്കൊള്ളിക്കാൻ കഴിയുന്ന വിധം രൂപപ്പെടുത്താൻ കഴിയുന്ന ഒരു സംവിധാനമാണ്.

ഭൂരിപക്ഷാധിപത്യം പല ജനാധിപത്യ വ്യവസ്ഥകളിലെയും സാധാരണ സവിശേഷതയാണെങ്കിലും, ജനാധിപത്യം സ്വയം സ്വാഭാവികമായി ഭൂരിപക്ഷാധിപത്യമല്ല. ജനാധിപത്യ സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും പരിണാമം വിവിധ ഭരണ മാതൃകകൾ ജനാധിപത്യത്തിന്റെ വിശാലമായ ചട്ടക്കൂടിനുള്ളിൽ സഹവർത്തിക്കാൻ കഴിയുമെന്ന് കാണിച്ചിട്ടുണ്ട്, ഓരോന്നിനും അതിന്റേതായ ശക്തികളും ദൗർബല്യങ്ങളുമുണ്ട്. ഭൂരിപക്ഷാധിപത്യം വ്യക്തതയും സ്ഥിരതയും നൽകുന്നു, എന്നാൽ അത് ന്യൂനപക്ഷ വിഭാഗങ്ങളുടെ അരികുവൽക്കരണത്തിലേക്കും ജനാധിപത്യ സ്ഥാപനങ്ങളിലുള്ള വിശ്വാസ തകർച്ചയിലേക്കും നയിക്കാം. ആനുപാതിക പ്രാതിനിധ്യം, സമ്മതി ജനാധിപത്യം, ചർച്ചാ ജനാധിപത്യം എന്നിവ പോലുള്ള ബദലുകൾ ഭൂരിപക്ഷ ഭരണവും ന്യൂനപക്ഷ അവകാശ സംരക്ഷണവും സന്തുലിതമാക്കാൻ കഴിയുമെന്ന് കാണിക്കുന്നു. അവസാനമായി, ജനാധിപത്യം ഭൂരിപക്ഷാധിപത്യമായിരിക്കണമോ എന്നത് ഒരു നിശ്ചിത സമൂഹത്തിന്റെ മൂല്യങ്ങളെയും മുൻഗണനകളെയും ആശ്രയിച്ചിരിക്കുന്നു എന്ന് വേണം പറയാൻ.. നന്നായി പ്രവർത്തിക്കുന്ന ഒരു ജനാധിപത്യം ഭൂരിപക്ഷത്തിന്റെ ഇച്ഛയും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും സന്തുലിതമാക്കാൻ ഒരു മാർഗം കണ്ടെത്തണം, എല്ലാ പൗരന്മാർക്കും ഭരണ പ്രക്രിയയിൽ അർഥവത്തായ പങ്കുണ്ടെന്ന് ഉറപ്പാക്കണം. അപ്പോൾ മാത്രമേ ജനാധിപത്യം സാർഥകമാകുന്നുള്ളൂ.



ജുമാന
BA Arabic



# ഇന്ത്യൻ പരിസരങ്ങളിലെ ജാതീയത അതിജീവനവും നിലനിൽപ്പും

ആധുനികതയെ ചുവടു പിടിച്ച് ജാതിയില്ല, മതമില്ല, മനുഷ്യൻ മാത്രം എന്നു സ്ഥാപിക്കാൻ ആര് എത്ര ശ്രമിച്ചാലും നൂറ്റാണ്ടുകൾക്കിപ്പുറവും ജാതിയും മതവും ഇന്ത്യൻ സമൂഹത്തിൽ, അതിന്റെ ആഴങ്ങളിൽ വേരൂന്നി നിലനിൽക്കുന്നുണ്ട്. ഇന്ത്യയുടെ സാമൂഹിക പശ്ചാത്തലത്തിൽ ജാതിക്ക് സവിശേഷമായ സ്ഥാനമാണുള്ളത്. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ വേദങ്ങളാൽ സ്ഥാപിക്കപ്പെട്ട ഈ പ്രത്യേക സാമൂഹ്യ വ്യവസ്ഥ കാലാന്തരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.



വർണ്ണാശ്രമ ധർമ്മം എന്നും ചാതുർവർണ്ണം എന്നുമാണ് ഹിന്ദുമതത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങളിൽ ഈ വ്യവസ്ഥ അറിയപ്പെട്ടത്. ഹിന്ദു ഐതിഹ്യ പ്രകാരം പരമ്പരാഗത തൊഴിൽ അടിസ്ഥാനമാക്കി ബ്രാഹ്മണർ (പുരോഹിതർ) ക്ഷത്രിയർ( യുദ്ധ പടയാളികൾ), വൈശ്യർ (വ്യാപാരികൾ) ശൂദ്രർ (വേലക്കാർ), എന്നിങ്ങനെ നാല് വർണ്ണങ്ങളുണ്ടായി. പിന്നീട് ഇവയ്ക്കുള്ളിലായി പല ഉപജാതികളുമുണ്ടായി. ചില ഉപജാതികൾ പ്രാദേശികമായും കാണപ്പെട്ടു. ജാതി വ്യവസ്ഥ ഇത്രയും വിപുലമായി നിലനിൽക്കാൻ പ്രധാന കാരണം പ്രാചീന കാലത്തിന് ശേഷം ഒരു ജാതിയിൽ നിന്ന് മറ്റൊരു ജാതിയിലേക്കുള്ള മാറ്റം സാധ്യമല്ലാത്തതുകൊണ്ടായിരുന്നു. ഒരേ ജാതിയിൽ പെട്ടവരെ മാത്രം വിവാഹം കഴിക്കണമെന്ന നിബന്ധനയും ജാതിയുടെ അടിത്തറ ശക്തമാക്കി. അങ്ങനെ യൂറോപ്പിൽ വർഗവ്യവസ്ഥ ശക്തമാകുമ്പോൾ ഇന്ത്യയിൽ ജാതിവ്യവസ്ഥ അടിയുറച്ചുകഴിഞ്ഞിരുന്നു. വർഗവ്യവസ്ഥ ചലനാത്മകമായിരുന്നെങ്കിൽ ജാതിവ്യവസ്ഥ നിശ്ചലാവസ്ഥയായിരുന്നു. വർഗം എന്നത് സാമ്പത്തിക അടിസ്ഥാനമാക്കിയുള്ളതിനാൽ തന്നെ സമ്പത്ത് പരിഗണിച്ചായിരുന്നു വർഗശ്രേണിയിലെ ഉയർച്ചയും താഴ്ച്ചയും. എന്നാൽ അതുപോലെയായിരുന്നില്ല ജാതി. പലനിലക്കുള്ള മാറ്റങ്ങൾ ജാതി സമ്പ്രദായത്തിൽ വന്നെങ്കിലും ഉയർന്ന ജാതി, താഴ്ന്ന ജാതി എന്ന വിഭാഗീകരണം അതിന്റെ തീവ്രതയിൽ എല്ലാ കാലത്തും നിലനിന്നു പോന്നിരുന്നു. അങ്ങനെ നൂറ്റാണ്ടുകളോളും ചിലർ ഉത്തമരും മേലാളരും മറ്റു ചിലർ അധമരും കീഴാളരുമായി ത്തീർന്നു. പ്രധാനമായും ശൂദ്ര, ദളിത് വിഭാഗങ്ങളായിരുന്നു അവർണ്ണർ അഥവാ വർണ്ണമില്ലാത്തവർ അല്ലെങ്കിൽ ജാതി വ്യവസ്ഥക്ക് പുറത്തുള്ളവരായിരുന്നത്. ജാതി ഒരു വ്യവസ്ഥക്കപ്പുറം സാമൂഹ്യ വിവേചന പ്രക്രിയായതോടെ ഇന്ത്യൻ സാമൂഹ്യ പരിസരങ്ങൾക്ക് തിരിച്ചു വരാനാവാത്ത വിധം രൂപമാറ്റം സംഭവിച്ചിരുന്നു. സമൂഹത്തെ ക്രമീകരിക്കുന്നതിനും സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിനും ജാതി ഒഴിച്ചു കൂടാനാവാത്ത ഘടകമാണെന്ന് വരുത്തി തീർക്കുന്നതിൽ ജാതിയെ ന്യായീകരിക്കുന്നവർ വിജയിച്ചിരുന്നു.

ബുദ്ധമതത്തിന്റെ ആഗമനത്തോടെയാണ് ജാതിവ്യവസ്ഥക്കിടയിൽ കോളിളക്കം സംഭവിക്കുന്നത്. പിന്നീട് ഭക്തി പ്രസ്ഥാനവും അതിനും ശേഷം കോളനിവത്കരണം അതിന്റെ മൂർധന്യതയിൽ എത്തിയ കാലത്ത് യൂറോപ്യൻ നവോത്ഥാനത്തെ ചുവടു പിടിച്ച് ബ്രിട്ടീഷ് ഇന്ത്യയിൽ ജാതിക്കെതിരെയുള്ള ശബ്ദം ഉയർന്നു കേട്ടുതുടങ്ങി. ജ്യോതിബ ഫുലെ ജാതിക്കെതിരെ രംഗത്ത് വരികയും സാമൂഹിക സമത്വം കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്ത ആദ്യകാല ശബ്ദങ്ങളിലൊരാളാണ്.




മറ്റൊരു വികാസം കടുത്ത ജാതി വിവേചനത്തെ മറികടക്കാൻ നടത്തിയിരുന്ന മതപരിവർത്തനങ്ങളാണ്. ഇസ്ലാമിന്റെയും കൃസ്ത്യാനിറ്റിയുടെയും വരവിൽ ഏറെ പ്രതീക്ഷ പുലർത്തിയിരുന്നത് കീഴ് ജാതിക്കാരാണ്. എന്നാൽ പല സന്ദർഭങ്ങളിലും മതപരിവർത്തനത്തിന്റെ അതിർവരുമ്പകളെ ജാതി അതിജീവിച്ചിട്ടുണ്ട്. അതിന്റെ ഫലങ്ങളാണ് പറയർകൃസ്താനികളും അൻസാരി മുസ്ലിംകളും മറ്റും. പരിഷ്കരണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുക, സമൂഹത്തിൽ സമത്വവും നീതിയും നടപ്പാക്കുക തുടങ്ങിയവയൊന്നും ജാതിയിലൂന്നിയ ഒരു വലിയ സമൂഹത്തിന് ഉൾക്കൊള്ളാനാവുന്നതായിരുന്നില്ല. എന്നാൽ എക്കാലത്തും പീഡനങ്ങളും ചൂഷണങ്ങളും നേരിട്ടു കൊണ്ടിരുന്ന ഒരു വിഭാഗത്തിന് ഈ വിവേചന സമ്പ്രദായത്തിൽ നിന്ന് മോചനം അത്യാവശ്യമായിരുന്നു. ഇരുപതാം നൂറ്റാണ്ടിൻെ ആദ്യ ദശകങ്ങളിൽ തന്നെ ജാതിക്കെതിരെയുള്ള നീക്കങ്ങൾ കൂടുതൽ ശക്തമായി. ഗാന്ധിയുടെയും കോൺഗ്രസിന്റെയും നേതൃത്വത്തിൽ അധിനിവേശക്കാർക്കെതിരെ പോരാടുന്നതിനിടയിൽ സാമൂഹിക ഉന്നമനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും സമാന്തരമായി നടന്നിരുന്നു. ദളിത് സമൂഹത്തെ ഹരിജനങ്ങളെന്ന് വിളിച്ച് പേരിൽ നിന്ന് തന്നെ ആരംഭിച്ച നവോത്ഥാനം ഇന്ത്യൻ നഗരങ്ങളുടെ സാമൂഹ്യ സ്ഥിതിയിൽ ചലനങ്ങളുണ്ടാക്കിയെങ്കിലും ഉൾഗ്രാമ പ്രദേശങ്ങളിൽ ജാതി വ്യവസ്ഥ കൂടുതൽ തീവ്രമാകുകയാണുണ്ടായത്. ഇന്ത്യൻ ജാതി പരിഷ്കർത്താക്കളെ പരാമർശിക്കുന്നിടത്ത് ഒഴിച്ചുകൂടാനാവാത്ത പേരാണ് ഡോ. ബി. ആർ. അംബേദ്കർ. ഗാന്ധിയിൽ നിന്ന് അൽപം വ്യത്യസ്തമായ ആശയങ്ങളായിരുന്നു താഴ്ന്ന ജാതിയിൽപ്പെട്ട 'മഹർ' സമുദായക്കാരനായ അംബേദ്കറുടേത്. ജാതി വ്യവസ്ഥയെപ്പോലെ അവമതിക്കുന്ന സാമൂഹിക സംഘടനാ സമ്പ്രദായം മറ്റൊന്നുണ്ടാകാനിടയില്ലെന്നായിരുന്നു അംബേദ്കുടെ ഭാഷ്യം. കേരളത്തിലെ ജാതിയുടെ അവസ്ഥ ഇന്ത്യയുടെ ഭാഗങ്ങളിൽ നിന്ന് അൽപം വ്യത്യസ്തമായിരുന്നെങ്കിൽ കൂടി ചൂഷകർ ചൂഷകരും ചൂഷിതർ ചൂഷിതരുമായി തന്നെ തുടർന്നുകൊണ്ടിരുന്നു. ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ, അയ്യങ്കാളി തുടങ്ങിയവർ ജാതിയിലൂന്നിയ അസമത്വത്തിനെതിരെ ബോധവത്കരിക്കാൻ ആരംഭിച്ചതോടെയാണ് നവോത്ഥാന ചിന്തകളുടെ കാറ്റു വീശി തുടങ്ങിയത്. തൊട്ടു കൂടായ്മയ മുതൽ മാറുമറക്കാനാവാതിരിക്കുക, വേദഭാഷ കേൾക്കുന്നത് പോലും നിരോധിക്കുക, ക്ഷേത്രപ്രവേശന വിലക്ക് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത അവകാശലംഘനങ്ങൾക്കും അനീതികൾക്കും താഴ്ന്ന ജാതിക്കാർക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നു. വർണ്ണവിവേചനം ലോകത്തെ പിടി മുറുക്കികൊണ്ടിരുന്നപ്പോൾ ഇന്ത്യയിൽ ജാതിവിവേചനം തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. കീഴ് ജാതിക്കാരന്റെ അന്നേ കാലം വരെ ഉണ്ടായിരുന്നില്ലാത്തതോ അപൂർണ്ണമായിരുന്നതോ ആയ അസ്ഥിത്വം ഉണ്ടാക്കിയെടുക്കുന്നതിൽ ഗഹനമായ ചർച്ചകൾ രൂപപ്പെടുന്നതിന്റെ തുടക്കം സ്വാതന്ത്രാനന്തര കാലമാണ്.

അറ്റമില്ലാത്ത അനീതികൾക്കിരയായിരുന്ന കീഴ് ജാതിക്കാരുടെ അവകാശങ്ങളെ കുറിച്ച് ഓർമ്മിപ്പിക്കുന്നതിൽ ഭരണഘടന ശിൽപി ബി. ആർ അംബേദ്കർ ഏറെക്കുറെ വിജയിച്ചിരു

ന്നു. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസ പരമായും പിന്നാക്കാവസ്ഥയിലിരുന്ന ജാതി ഗ്രോത്ര സ്മൂഹങ്ങളെ പട്ടിക തയ്യാറാക്കുകയുണ്ടായി. തുടർന്ന് പട്ടികജാതി പട്ടിക വർഗം എന്ന പേരിലാണ് കീഴ്ജാതിക്കാരും ഗോത്രവർഗക്കാരും അറിയപ്പെട്ടത്. എങ്കിലും പിന്നാക്ക ജാതിക്കാരുടെ മൗലികാവകാശങ്ങൾ രൂപീകരിക്കുന്നതിൽ അൽപം വിമുഖത സ്വതന്ത്ര ഇന്ത്യയുടെ ആദ്യ കാലത്ത് കാണപ്പെട്ടു. പതിയെ നിർദ്ദേശക തത്ത്വങ്ങളിൽ ഉൾപ്പെട്ടിരുന്ന ആർട്ടിക്കിൾ 46 പ്രകാരം പട്ടികജാതി, പട്ടികവർഗ, മറ്റ് ദുർബല വിഭാഗങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക താൽപ്പര്യങ്ങൾ പ്രോത്സാഹിപ്പിക്കൽ അതുപോലെ പൗരവകാശ സംരക്ഷണനിയമ 1955, ഇന്ത്യൻ പീനൽ കോഡ് 1986 തുടങ്ങി അനവധി നിയമങ്ങൾ ജാതിവിവേചനം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ടിരുന്നു. എന്നാൽ പലപ്പോഴും ഈ നിയമങ്ങൾ അപര്യാപ്തമായി കാണപ്പെട്ടതിനെ തുടർന്ന് 1990 ൽപട്ടികജാതി പട്ടികവര്ഗ്ഗ പീഡന നിരോധന നിയമം നടപ്പാക്കി.



ചരിത്രപരമായ തെറ്റിനെ തിരുത്തുക എന്ന നിലക്കാണ് സ്വാതന്ത്ര്യാനന്തരം സംവരണം ചർച്ചയിലെത്തുന്നത്. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യസപരമായും പിന്നാക്കം നിന്നിരുന്ന വിഭാഗങ്ങൾക്ക് വിദ്യാഭ്യസ സ്ഥാപനങ്ങളിലും ഭരണ സംവിധാനങ്ങളിലും മതിയായ പങ്കാളിത്തം ഉറപ്പാക്കുക എന്നതായിരുന്നു സംവരണത്തിന്റെ ലക്ഷ്യം. 1902 ൽ ബ്രാഹ്മണല്ലാത്തവരും പിന്നാക്ക വിഭാഗക്കാരുമായവർക്ക് കൊൽഹാപുർ എന്ന ബ്രീട്ടിഷ് ഇന്ത്യാ നാട്ടുരാജ്യത്ത് വിദ്യാഭ്യസരംഗത്ത് സംവരണം നടപ്പാക്കിയത് സംവരണ ചരിത്രത്തിലെ പ്രാരംഭങ്ങളിലൊന്നായിരുന്നു. പിന്നീട് ബ്രിട്ടീഷ് ഇന്ത്യ ഗവൺമെന്റ് കമ്മ്യൂണൽ അവാർഡ് എന്ന പേരിൽ സമുദായം തിരിച്ച് മണ്ഡലങ്ങൾ രൂപീകരിച്ചിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ 1951 ലാണ് നിയമപരമായി പട്ടിക ജാതി പട്ടിക വർഗങ്ങൾക്ക് സംവരണം നടപ്പാക്കുന്നത്. പിന്നീട് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പ്രകാരം മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്ന പേരിൽ സംവരണം അർഹരായ മറ്റു വിഭാഗങ്ങളെ പട്ടികപ്പെടുത്തി. സംവരണത്തിന് കീഴ് ജാതിക്കാരെ ശാക്തീകരിക്കുന്നതിൽ വലിയ പങ്കുണ്ട്. അത്രയും കാലം അധഃപതിച്ചവരായി കഴിയേണ്ടി വന്നവർക്ക് തങ്ങളുടെ പ്രാപ്തി തെളിയിക്കുന്നതിനുള്ള അവസരങ്ങളാണ് സംവരണം വഴി സാധ്യമായത്. എന്നിരുന്നാൽ കൂടി തദ്ദേശ ഗവൺമെന്റ് സംവിധാനങ്ങളിൽ മാത്രമാണ് നിലവിൽ അധികാര മേഖലയിൽ സംവരണം കാര്യക്ഷമമായിട്ടുള്ളത് എന്നത് ഇതിനോട്ട് ചേർത്ത് വായിക്കേണ്ടതാണ്. ലോക്സഭയിൽ 25 ശതമാനം വരുന്ന ഒരു വലിയ ജനസമൂഹത്തെ പ്രതിനിധീകരിക്കുന്നത് വെറും അഞ്ചു ശതമാനത്തിന് താഴെയാണ്. അതിനാൽ തന്നെ അധികാര യിടങ്ങളിൽ പിന്നാക്ക വിഭാഗങ്ങളുടെ സാന്നിധ്യം പലപ്പോഴും ചോദ്യചിഹ്നമാകുന്നു. മാത്രമല്ല ജാതി അനുബന്ധ വിവേചനങ്ങൾ, , അവകാശലംഘനങ്ങൾ, അതിക്രമങ്ങൾ തുടങ്ങിയവ പലപ്പോഴും തലക്കെട്ടുകളിൽ സ്ഥാനം പിടിക്കുന്നതായും നമുക്ക് കാണാൻ സാധിക്കും ഇന്നും സംവരണത്തിന്റെ യുക്തി ചോദ്യം ചെയ്യുന്നവർ ഒരു പാടുണ്ട്. സംവരണം സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടക്കുന്നുവെന്നും ജാതി ഉന്മൂലനത്തിന് പകരം ജാതിസംരക്ഷണമാണ് സംഭവിക്കുന്നെതെന്നും മതിയായ യോഗ്യതയില്ലാതെ അധികാരത്തിൽ കയറിപ്പറ്റുന്നുവെന്നും തുടങ്ങി സംവരണത്തിനെതിരേ പലവിധത്തിലുള്ള ആരോപണങ്ങളും ഉയർന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇവിടങ്ങളിലൊക്കെ ഓർക്കാൻ ശ്രമിക്കേണ്ടത് ഇന്നും പലയിടങ്ങളിൽ വിദ്യാഭ്യസ രംഗത്ത് താഴ്ന്ന ജാതിക്കാർക്ക് ഹൈസ്കൂൾ പഠനം പോലും പൂർത്തിയാക്കാൻ കഴിയാതെ വരുന്നു. പല ഉന്നത സിവിൽ സർവീസ് പോസ്റ്റുകളിൽ പട്ടികജാതി വർഗ വിഭാഗങ്ങളിൽ നിന്ന് പേരിന് പോലും പട്ടിക ജാതി, വർഗ വിഭാഗത്തിൽ നിന്നുള്ളവരില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ സമൂഹം ഇത്രത്തോളം പരിഷ്കൃതമായി എന്നവകാശപ്പെടുന്ന സമയത്തും ഇന്ത്യയുടെ ഉൾഗ്രാമങ്ങളിൽ ജാതിവ്യവസ്ഥയും വിവേചനങ്ങളും അതിന്റെ തീവ്രതയിലാണുള്ളത്.



സംവരണത്തിന് സാമ്പത്തികമായ അടിസ്ഥാനം നൽകണമെന്ന് വാദിക്കുന്ന ആളുകൾ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം ഇന്ത്യയിലെ വിവേചനങ്ങളുടെ അടിസ്ഥാനം സമ്പത്ത് അല്ല മറിച്ച് ഇന്ത്യയിലെ വിവേചനങ്ങളുടെ അടിസ്ഥാനം ജാതിയാണ്. സമ്പത്ത് ഇല്ലാത്തതിന്റെ പേരിൽ ഒരു ബ്രാഹ്മണനും സാമൂഹികമായി ബഹിഷ്കരിക്കപ്പെടുകയോ ആക്രമിക്കപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ ഇന്ത്യയുടെ ഉപ പ്രധാനമന്ത്രി ആയിട്ട് പോലും ജഗ്ജീവൻ റാം ബഹിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഇന്നും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ഈ ബഹിഷ്കരണത്തെ എളുപ്പത്തിൽ മനസ്സിലാക്കാൻ നമ്മുടെ പത്രങ്ങളിലെ മാട്രിമോണിയൽ പരസ്യങ്ങൾ മാത്രം പരിശോധിച്ചാൽ മതി. അവിടെ കൃത്യമായി ടര/ടഭ ഒഴികെയുള്ളവരിൽ നിന്നും കല്യാണാലോചനകൾ ക്ഷണിക്കുന്നു എന്ന് യാതൊരുവിധ പ്രശ്നങ്ങളുമില്ലാതെ പരസ്യപ്പെടുത്തുമ്പോൾ ജാതിയതയെയും സാമൂഹിക അയിത്തത്തെയും അന്വേഷിച്ച് കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടതില്ല. ഇത്തരം ഒരു സമൂഹത്തിൽ നിന്ന് സാമൂഹിക നീതി സ്വാഭാവികമായി വിതരണം ചെയ്യപ്പെടുമെന്ന് ഒരിക്കലും പ്രതീക്ഷിക്കേണ്ടതില്ല. അതു മനസ്സിലാക്കാൻ സംവരണം ഇല്ലാത്ത മേഖലകളിലെ പ്രധാന ഉദ്യോഗസ്ഥ തസ്തികളിൽ എത്ര ദളിതരുണ്ട് എന്ന് പരിശോധിച്ചാൽ മാത്രം മതിയാകും. അതുകൊണ്ട്, സാമൂഹ്യനീതി നിഷേധിക്കപ്പെട്ട ഈ മനുഷ്യർക്ക് അധികാര പങ്കാളിത്തം ലഭിക്കാനുള്ള ഏക മാർഗമാണ് ഈ സംവരണത്തിൽ വെള്ളം ചേർക്കുന്നവർ 'അരികു വൽക്കരിക്കപ്പെട്ടവരെ അഴുക് വൽക്കരിക്കുക' എന്ന സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് സാമ്പത്തിക സംവരണ വാദികൾ ഇനിയെങ്കിലും ഇതൊരു ദാരിദ്ര നിർമ്മാർജന പദ്ധതി അല്ലെന്നും, ഇന്ത്യയിലെ പിന്നോക്കക്കാരന് മുന്നോട്ടുവരാനുള്ള ചുവടുവെപ്പ് ആണെന്നും മനസ്സിലാക്കേണ്ടതുണ്ട്. ഇനി സാംസ്കാരിക മൂലധനത്തിലും, സാമൂഹിക മൂലധനത്തിലും മുന്നിലായിട്ടുള്ള ഇന്ത്യയിലെ മുന്നോക്ക ജന വിഭാഗത്തിൽ പെട്ട മനുഷ്യർക്ക് സാമ്പത്തികമായ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിൽ അവ പരിഹരിക്കേണ്ടത് സംവരണത്തിൽ വെള്ളം ചേർത്തുകൊണ്ടല്ല, ഫലപ്രദമായ സാമ്പത്തിക നയങ്ങളും, ക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടാണ്

ഇതിനോടൊപ്പം തന്നെ ചർച്ച ചെയ്യപ്പടേണ്ടതാണ് ഇന്ത്യൻ സാമൂഹിക പരിസരങ്ങളിൽ ദലിത്, പിന്നാക്ക വി



> **ഏറെ സമയത്തും മറ്റു സ്ത്രീകൾക്കുള്ളതിന്റെ ത്രത്തോളം മതിയായ സംരക്ഷണമോ സുരക്ഷയോ ദളിത് സ്ത്രീകൾക്ക് ലഭ്യമാകുന്നില്ല. ഒരു സ്ത്രീക്കും ഒരു താഴ്ന്ന ജാതിക്കാരനും ജാതിയിലധിഷ്ഠിതമായ സമുദായങ്ങൾ വരച്ച് വെക്കുന്ന വിധിവിലക്കുകൾ ഒരേ സമയം പാലിക്കേണ്ട സ്ഥിതിവിശേഷമാണ് ദലിത് സ്ത്രീയുടേത്.**

ഭാഗ സ്ത്രീകളുടെ സ്ഥാനം. ഉയർന്ന ജാതിയിലെ സ്ത്രീകൾ തന്നെ പലപ്പോഴും പല വിവേചനങ്ങളും നേരിടേണ്ടി വരുമ്പോൾ സ്ത്രീയും ദലിതരുമായവരുടെ അവസ്ഥകൾ അങ്ങേയറ്റം പരിതാപകരമാണ്. അനുദിനം പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയരായി ത്തീരുകയും ചെയ്യുന്നു. ഹത്രാസും മറ്റും അതിലെ വെളിച്ചത്തുവന്ന ഉദാഹരണങ്ങളിൽ ചിലത് മാത്രം. ഏറെ സമയത്തും മറ്റു സ്ത്രീകൾക്കുള്ളതിന്റെ ത്രത്തോളം മതിയായ സംരക്ഷണമോ സുരക്ഷയോ ദളിത് സ്ത്രീകൾക്ക് ലഭ്യമാകുന്നില്ല. ഒരു സ്ത്രീക്കും ഒരു താഴ്ന്ന ജാതിക്കാരനും ജാതിയിലധിഷ്ഠിതമായ സമുദായങ്ങൾ വരച്ച് വെക്കുന്ന വിധിവിലക്കുകൾ ഒരേ സമയം പാലിക്കേണ്ട സ്ഥിതിവിശേഷമാണ് ദലിത് സ്ത്രീയുടേത്. ഒരുപക്ഷേ സമൂഹത്തിന്റെ അടിത്തട്ടിലായിരിക്കണം ഇന്നും ദളിത് സ്ത്രീകളുടെ സ്ഥാനം. അധികാരരംഗത്ത് സ്ത്രീ പ്രതിനിധാനം തന്നെ കുറവായ നിലക്ക് ദളിത് സ്ത്രീകളുടെ പങ്കാളിത്തം തുച്ഛമായിരിക്കുമെന്നതിൽ സംശയമില്ല. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ മുറയ്ക്കു നടക്കുന്നുവെങ്കിലും സാമൂഹ്യ ദുരാചാരങ്ങളിൽ നിന്ന് മോചനം നേടുന്ന ദലിത് സ്ത്രീകൾ ഏറെയൊന്നും നിലവിലെ സാഹചര്യത്തിൽ ഉണ്ടാകാനിടയില്ല എന്ന കാര്യം ഖേദകരമാണ്.

ജാതി ഇന്നും ഇന്നലെയും മാത്രമല്ല നാളെയും വിഷയമായിരിക്കും. ഇന്ന് താഴ്ന്ന ജാതിക്കാരെ പൊതുവേ വിശേഷിപ്പിക്കുന്ന ദലിത് എന്ന പേരും ഒരു നിലക്ക് അനീതിയാണ്. ജാതിപരമായ അനീതികൾ വേരൂന്നിയ സമൂഹത്തിൽ പരിഷ്കരണ ചിന്തകൾ ആഴ്ന്നിറങ്ങാൻ സമയമെടുത്തേക്കാം, പക്ഷേ സ്ഥായിയായ ശാക്തീകരണ പ്രവർത്തനങ്ങൾ തുടരണം. സംവരണം കൂടുതൽ മേഖലകളിൽ പ്രയോഗവത്കരിക്കപ്പെടണം. അതിനൊപ്പം ദളിത് സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നീക്കങ്ങൾക്കും ശ്രമിക്കേണ്ടതായുണ്ട്. സ്വന്തം അസ്ഥിത്വം പുനർനിർവചിക്കുന്നതിൽ ഇന്ന് ദലിതുകൾ അവരുതോയ പരിശ്രമങ്ങൾ നടത്തുന്നുണ്ട്. സാമൂഹികമാ രാഷ്ട്രീയപരമായും നിരവധി ദലിത് സംഘടനകളും മറ്റും മുഖ്യധാരാ സമൂഹത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. കനയ്യ കുമാർ പോലുള്ളവർ രാഷ്ട്രീയ രംഗത്ത് കീഴ്ജാതിക്കാരുടെ സാന്നിദ്ധ്യം അടയാളപ്പെടുത്തുന്നു. പ്രധാനമായ മാറ്റം സാഹിത്യ രംഗത്തും വന്നു തുടങ്ങിയിട്ടുണ്ട്. നിരവധി ദലിത് എഴുത്തുകാരും കലാകാരന്മാരും ഉണ്ടായി വരുന്നതോടൊപ്പം ദലിത് സാഹിത്യ പ്രസ്ഥാനവും ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. പക്ഷേ, ഇതിനിടയിലും ജാതിവ്യവസ്ഥയുടെ ഇരയായി അനേകം രോഹിത് വെമുലമാർ സൃഷ്ടിക്കപ്പെടുന്നു എന്ന സത്യം ആശങ്കയുളവാക്കുന്നതാണ്. നൂറ്റാണ്ടുകളോളം അധമരായും തൊട്ടുകൂടാത്തവരായും അടിമകളായും കഴിഞ്ഞ ഒരു വലിയ വിഭാഗം ജനസമൂഹത്തിന്റെ ഉന്നമനത്തിനും അതുവഴി രാജ്യപുരോഗതിക്കുമുള്ള അക്ഷീണമായ അചപലമായ കൂടെ പ്രയോഗക്ഷമമായ പ്രവർത്തനങ്ങളാവട്ടെ നമ്മുടെ ലക്ഷ്യം.





മുഹമ്മദ് ഷാനിദ്
B.Com CA

# സത്യമേവ ജയതേ പ്രതീക്ഷ നൽകിയ പരാജയം

**543** സീറ്റുകളടങ്ങുന്ന ലോക്സഭ തിരഞ്ഞെടുപ്പ് ഫലത്തിൽ NDA 293 സീറ്റുകളോട് ഭരണം കരസ്ഥമാക്കുന്നു. 247 സീറ്റുകളുടെ ഇന്ത്യാ സഖ്യം പ്രതിപക്ഷമായി രൂപം കൊള്ളുന്നു. 'ഇസ് ബാർ ചാർ സൗ പാർ' എന്ന ആപ്പ് ആഘോഷിച്ച അട്ടഹസിച്ച പ്രധാനമന്ത്രി ജയിച്ചെങ്കിലും തോറ്റു പോയി. പൗരരുടെയും ജനാധിപത്യത്തിന്റെയും വിജയമായിരുന്നു അത്.

ഭരണഘടനയെ സംരക്ഷിക്കാൻ തുനിഞ്ഞിറങ്ങിയ ഇന്ത്യയെ കുറിച്ച് ഓർത്ത് അഭിമാനിക്കാം. ഈ രാജ്യത്ത് പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യർ ഭരണഘടന സംരക്ഷിക്കാൻ നടത്തിയ പരമാവധി ശ്രമമാണ്.



Hana Nasrin
BA Functional English

# The poor the downtrodden and the marginalised voices

**Dalit women and their situation must be talked and discussed more to understand and make better environment for their wellbeing.**

Oppressed broken or Crushed are the given meaning for the term Dalit.

Dalits or else called as Harijan or untouchables. Dalit has been adopted by people and has come to symbolise for the a moment for change and for the eradication of the centuries old operation under the cast system. These are also the people who are exploited even though they probably constitute 2% of the population

The philosophy and the humans of Manusmriti contain the untouchable outcaste the communities and they were forbidden to join religious and social life confined them to menial tasks that will be viewed as polluting such as animal slaughter, leather working, sewers etc. the introduction of Islam to India lead to the white castes conversion by many low costs and untouchable and resulted in Muslims being one quarter of the population. The conversion was basically an idea of new social life. Mahatma Gandhi and Dr Ambedkar worked for the empowerment and upliftment of these communities who are known as harijans.

The untouchability law was abolished by government after independence but even today Dalit politics are largely compelled to centre around affirmative action benefits. The fight for representation in employment education, election and Law making.

Affirmative government action with regard to the Dalits is all directed at amelioration of their economics status, without liberating them from the dehumanising effects of caste and untouchability. Caste and poverty are inseparably joined together and are at the root of the Dalit social economic predicament.

Politically Dalits have not been able to break into mainstream debate and discussions. The system of reservation that works at both National and State levels regularly because the co-option of Dalit agenda in to that of mainstream political parties which is ruled and controlled by upper caste consequently neglecting the primary Dalit





**Migration is a solution for many to cities or labour scarce area in different parts of the nation for better life. Slums are chosen over their own home in other states, doing the worst jobs and lower salary.**

demands.

The constitutionally guaranteed affirmative action policies have been able to increase the percentage of the Dalits in educational, employment and elected positions and yet Dalit remains as the most underprivileged class of Indian society. They are forced to go through inhumane and degrading conditions to survive.

Economic exploitation remains as the most accrued problem for 80% of Dalit population who are settled in rural areas.

Most of the farmers for landless labels the exploitation is almost impossible to escape as the cycle of bondage set by upper caste landlords. Resistance are frequently met by violence sometimes resolving in the death or casualties. Mobile and sir frequently reported against Dalits led by landlords upper caste owners and political influencers. Dalits being part of labour union, gaining education and economic mobility increases such chances for violence.

Dalit women and their situation must be talked and discussed more to understand and make better environment for their wellbeing. They have been particularly badly affected in recent times they are discriminated not only because of the sex but also because of the religions, social and culture structures which have given them the lowest position in the social hierarchy. They are exposed to more and more abuse and exploitation. sexual violence is the major problem encouraged by caste because of judicial failure. They are never considered to be reported, no hashtag campaigns, no media will be asking justice because she is simply born Dalit.

The Dalit women have been almost entirely excluded from areas such as health, education, housing, employment, legal rights, decision making, political participation, rural development and many others. No change has been brought and developed in the attitudes of society towards these women and continues to be oppressed, marginalised, violated and all but forgotten.

Migration is a solution for many to cities or labour scarce area in different parts of the nation for better life. Slums are chosen over their own home in other states, doing the worst jobs and lower salary. The state and union govt. does nothing as the union budget itself states it out loud and clear. 43 people were dead cleaning sewers and septic tanks but budget remained silent towards them. The state turned their back the union government just ignored.!

However there are slight growth in no. Of employment in relatively secure jobs such as public services, banking, railways, transport sometimes in private sector.

Access to secondary and higher education evolved a growing middle class within Dalit community. Opportunities increase and aspirations rise. They could be a strong and positive force if they can organise themselves against barriers of language and religion. ●






Hiba Moidu
BA Sociology

# New Opposition and the Representation of WOMEN

The Indian Constitution guarantees equality and fair representation of minorities and women in Parliament and elections, Still India's journey to having its first woman tribal president took a long time. Since gaining independence in 1947, the country had to wait until 2022 for this historic moment. Which means this happened only after 75 years of independence. Draupadi Murmu, a member of the Santhal tribe, became the first tribal woman to be elected as the President of India. Before her, India had several presidents, including a woman but none of them came from a tribal background. Murmu's election in July 2022 marked a significant milestone, reflecting progress in the representation of diverse communities in India's highest office. Her journey to the presidency is especially inspiring as she comes from a humble background, rising with public service and reaching the highest constitutional post in the country. Before her we had Pratibha patil who served from 2012 to 2007.

According to the ministry of statistics and programme implementation India's population was 121. 1 Crore with 48. 5% as per the census of 2011, female population and the total population is expected to reach 152. 2 crore during 2036 with a slightly improved percentage of female population (48. 8). The new opposition known as the Indian National Developmental Inclusive Alliance (INDIA), has expressed a commitment to promoting greater gender equality and women's representation in politics. Many of the parties of this alliance have put forward new policies to promote women empowerment. One of them is The Women's Reservation Bill. It is a proposed law that aims to provide 33% of seats in India's Parliament and state assemblies specifically for women. This means that one-third of all elected representatives would have to be women, ensuring greater female participation in politics. The bill has been discussed for many years but hasn't been passed yet. For the alliance, getting this bill approved is a key goal because it would help bring more women into leadership positions and make sure their voices are heard in the country's political process.

Other policies are the Enhanced Social Security for Women, Education and Skill Development Programs, Support for Women Entrepreneurs, Strengthening Laws Against Gender-Based Violence, Political Participation and much more. The opposition alliance is expected to push for policies that directly support the welfare of workers, farmers, and the economically disadvantaged. This includes likely commitments to strengthen public health systems, enhance education, and expand social safety nets like pensions and unemployment benefits. More hopes are sparked inside the minds of women, farmers and marginalised communities. People do believe that opposition can do better.

**Many of the parties of this alliance have put forward new policies to promote women empowerment. One of them is The Women's Reservation Bill.**





Fathima Fida KP
MA English

# Religion and Politics

Religion and politics have become deeply intertwined in modern India, influencing the nation's identity and social dynamics in profound ways. India has always prided itself on being a secular country, a place where people of all faiths can live together peacefully. This secularism, which is a key part of the Indian Constitution, ensures that everyone has the freedom to practice their own beliefs without interference. However, this balance between religion and politics is increasingly under strain, as religious nationalism is rising, causing many to worry about its impact on democracy and the nation's inclusive character.





The Indian Constitution promises to treat all religions equally, preventing any one faith from dominating governance. But over the past few years, secularism has come under pressure, especially with the growing influence of Hindutva. This ideology, which places a strong emphasis on Hindu culture and history, has gained political momentum. Supporters of Hindutva claim it is a necessary response to centuries of Hindu marginalization, but critics argue that it risks alienating the very diversity that India stands for. As a result, Hindutva has reshaped political discourse in the country, often raising questions about the place of minorities like Muslims and Christians in a predominantly Hindu nation.

The merging of religious ideology with political decisions has become more visible, leading to some significant and controversial moves. For instance, the construction of the Ram Temple in Ayodhya, the removal of Jammu and Kashmir's special status with the abrogation of Article 370, and the enactment of the Citizenship Amendment Act (CAA) have all been seen as decisions influenced by the rise of Hindutva. While these actions appeal to a large voter base, they have also widened the divide in Indian society, fuelling fears of exclusion and marginalization for minority communities.

The effect of religion on governance doesn't stop at policy-making; it extends into the social fabric of the nation as well. India has seen an increase in incidents of religious violence and discrimination, as politicians often use religious identity to gather support. This tactic has resulted in a growing polarization within society, undermining the very idea of India as a diverse and inclusive nation. Religious minorities, in particular, have felt the pressure of this shift, as policies and political rhetoric seem to increasingly push them to the fringes.

As India moves forward, the challenge of maintaining its secular nature while addressing the concerns of its majority population is becoming more pressing. The tension between respecting religious traditions and keeping governance free from religious influence is real. Secularism has been a cornerstone of India's democracy, allowing different communities to coexist peacefully. Yet, with religious nationalism on the rise, it is unclear whether India can continue to uphold this principle without compromising on the promises of equality and inclusivity that have long defined its democracy.

In the end, the close relationship between religion and politics in today's India presents both challenges and opportunities. On one hand, it has brought cultural pride to the forefront, appealing to large sections of the population. On the other, it has raised serious concerns about the future of secularism and minority rights in the country. Protecting India's secular foundation is essential to ensuring that the country remains a vibrant and diverse democracy where every citizen, regardless of their religion, feels a sense of belonging.

**The effect of religion on governance doesn't stop at policy-making; it extends into the social fabric of the nation as well.**



അഫ്‌ല കെ.ഇ
BA English

# സുരക്ഷയും തകർച്ചയും



'സ്ത്രീകൾക്കുണ്ടാകുന്ന നേട്ടത്തിലൂടെ മാത്രമേ ഒരു സമൂഹത്തിന്റെ വളർച്ചയുടെ തോത് നിർണായിക്കാനാവൂ'.

ഭരണഘടന നിർമ്മാണവേളയിൽ സ്ത്രീ ക്ഷേമം മുന്നിൽക്കണ്ടുള്ള ചട്ടങ്ങൾക്ക് വേണ്ടി വാദിക്കുമ്പോൾ അംബേദ്കർ ഓർത്തുകാണില്ല, അവിടേയ്ക്ക് നടന്നെത്താനുള്ള ദൂരം കാലത്തിന്റെ കണക്കുകൂട്ടൽ കൊണ്ട് തിട്ടപ്പെടുത്താനാകാത്ത ഒന്നാണെന്ന്. അധികാരവും ധനവും കേന്ദ്രീകരിക്കുന്ന ഇടങ്ങളിലൊക്കെ സ്ത്രീയെയും ഇതര- ജൻഡറുകളെയും രണ്ടാം കിട പൗരന്മാരായി ഗണിച്ചുപോരുകയും, സ്വാർഥമായ ലക്ഷ്യങ്ങൾക്ക് വേണ്ടി അവരെ പരമാവധി ചൂഷണത്തിന് വിധേയരാക്കുകയും ചെയ്തുകൊണ്ടാണ് പാട്രിയാർക്കി ഏതൊരു സിസ്റ്റത്തെയും അടക്കി ഭരിക്കുന്നത്. എല്ലാ അർഥത്തിലും അതിന് അനുഗുണമായ അന്തരീക്ഷം, സങ്കീർണമായ സാമൂഹിക ഘടനയുള്ള രാജ്യമെന്ന നിലയ്ക്ക് കാലങ്ങളായി ഇന്ത്യയിൽ ഉണ്ട്. 'കാണാതാകുന്ന സ്ത്രീകൾ' അഥവാ Missing Women phenomenon എന്നത് ഇന്ത്യയുടെ സാമ്പത്തിക, സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളുടെയെല്ലാം പൊതുസവിശേഷതയാണ്. ജനസംഖ്യയുടെ അമ്പത് ശതമാനത്തോളം വരുന്ന സ്ത്രീ സമൂഹം തങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ടുന്ന മനുഷ്യാവകാശങ്ങൾ പോലും ഹനിക്കപ്പെട്ടവരായി നിലകൊള്ളുമ്പോൾ, രാഷ്ട്ര ശിൽപ്പികൾ വിഭാവനം ചെയ്തിടത്തേക്ക് നമ്മൾ എങ്ങനെ എത്തിച്ചേരാനാണ്? കെട്ടുപാടുകളുടെ ബന്ധനത്തിൽ നിന്ന് നിർമിത ബുദ്ധിക്കാലത്തെ ഇന്ത്യൻ സ്ത്രീ ഏത് വിധേനയാണ് മോചനം നേടിയെടുക്കേണ്ടത്?തൊഴിൽസ്ഥലത്തും പൊതു ഇടങ്ങളിലും എന്തിന്;സ്വന്തം വീടുകൾക്കുള്ളിൽ പോലും അവർ അരക്ഷിതരായിരിക്കുന്ന പശ്ചാത്തലത്തിൽ, ഇന്ത്യൻ സാഹചര്യത്തെ വിമർശനാത്മകമായി പരിശോധിക്കാനുള്ള ശ്രമമാണിത്.

**ഭാരിച്ച ജോലിത്തിരക്കിന്റെ ഇടവേളയിൽ, വിശ്രമിക്കാൻ പോയ തക്കം നോക്കിയാണ് ആശുപത്രിയിലെ സെക്യൂരിറ്റി ജീവനക്കാരൻ തന്നെ അവരെ പൈശാചികമായി ബലാത്സംഗം ചെയ്തത്. സഹപ്രവർത്തകരടക്കം ആയിരങ്ങൾ പെൺകുട്ടിയ്ക്കുള്ള നീതി തേടി തെരുവിലേക്കിറങ്ങി.**

*നാളെ സൂര്യനുദിക്കുമ്പോ-*
*ളിവൾക്കും പകലെത്തുമോ*
*രാവിലേതോ കൂർത്ത പല്കൾ-*
*ക്കിടയ്ക്കിവളൊടുങ്ങുമോ?*
*നാളെയെന്താണ്! ഹാ, നാളെ!*
*ഇവൾ പെണ്ണ്! പിറന്നൊരീ*
*നാളിലേ വെടിയപ്പെട്ടോ-*
*രിവൾക്കെമ്മട്ടിൽ ജീവിതം?*

(സുഗതകുമാരി, പെൺകുഞ്ഞ് 90)

2012ലെ ഡൽഹിയിലെ 'നിർഭയ'യിൽ നിന്ന് പതിറ്റാണ്ടിനിപ്പുറം കൊൽക്കത്തയിലെ 'അഭയ'യിൽ എത്തിനിൽക്കുമ്പോഴും അതേ ഇരുണ്ട രാത്രികൾക്ക് മാറ്റമില്ല. രാത്രി സുഹൃത്തിനോടൊപ്പം യാത്ര ചെയ്യുമ്പോൾ ഓടിക്കൊണ്ടിരുന്ന ബസിൽ വെച്ചാണ് അന്നവൾ മനുഷ്യ മനസ്സിനെ മരവിപ്പിക്കുമാറ് പിച്ചിച്ചീന്തപ്പെട്ടത്. രാജ്യത്തെയാകെ പിടിച്ചുകുലുക്കിയ അത്തരത്തിലൊരു ദുരനുഭവം ഇനിയാവർത്തിക്കരുതെന്ന മുൻ കരുതൽ, അന്ന് കുറ്റവാളികൾക്ക് തൂക്കുകയർ വിധിക്കുമ്പോൾ നിയമസംവിധാനത്തിന് ഉണ്ടായിരുന്നിരിക്കണം. അത് വെറും പാഴ് പ്രതീക്ഷയാണെന്ന് കാലം തെളിയിച്ചുകൊണ്ടേയിരുന്നു. ഉന്നാവിനും കത്വയ്ക്കും ശേഷം 2024 ഓഗസ്റ്റ് 9ന്, കൊൽക്കത്തയിലെ ആർ.ജി. കർ മെഡിക്കൽ കോളേജിൽ പിജി വിദ്യാർഥിനിയായ ഡോക്ടർ ക്രൂരവും പൈശാചികവുമായ പീഡനത്തിനിരയായി കൊല്ലപ്പെട്ട വാർത്ത നമ്മെ അമ്പരപ്പിച്ചുകളഞ്ഞു. ഭാരിച്ച ജോലിത്തിരക്കിന്റെ ഇടവേളയിൽ, വിശ്രമിക്കാൻ പോയ തക്കം നോക്കിയാണ് ആശുപത്രിയിലെ സെക്യൂരിറ്റി ജീവനക്കാരൻ തന്നെ അവരെ പൈശാചികമായി ബലാത്സംഗം ചെയ്തത്. സഹപ്രവർത്തകരടക്കം ആയിരങ്ങൾ പെൺകുട്ടിയ്ക്കുള്ള നീതി തേടി തെരുവിലേക്കിറങ്ങി. സർക്കാരിന്റെയും ആശുപത്രി അധികൃതരുടെയും അനാസ്ഥയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമരമാണ് മാസങ്ങളോളം അവർ നടത്തിയത്. എന്നാൽ പ്രസ്തുത വിഷയത്തിൽ സുപ്രീംകോടതിയുടെയും മനുഷ്യാവകാശ കമ്മീഷന്റെയും ഇടപെടലുകൾക്ക് ശേഷവും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ആരോഗ്യ മേഖലയിലെ സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് സുപ്രീംകോടതി മുന്നോട്ട് വെച്ച നിർദ്ദേശങ്ങളിൽ പലതും ബംഗാൾ സർക്കാർ നടപ്പാക്കിയിട്ടില്ലെന്നാണ് കോടതിയുടെ നിരീക്ഷണം.



സ്ത്രീകൾ തങ്ങളുടെ സ്വത്വബോധത്തിന്മേൽ അരക്ഷിതത്വം പേറുന്നു എന്നത് രാജ്യമൊട്ടാകെ വ്യാപിച്ചിട്ടുള്ള വിപത്താണ്. ഇന്ത്യയുടെ പെൺകുഞ്ഞുങ്ങളിൽ 1/9 എന്ന തോതിൽ ശാരീരികമോ മാനസികമോ ആയ പീഡനം നേരിടുന്നുണ്ട്. പോക്സോ കേസുകളിൽ 82 ശതമാനവും അവർക്ക് നേരെയാണ്. അക്കൂട്ടത്തിൽ, സംരക്ഷണത്തിന് ബാധ്യതയുള്ളവരിൽനിന്ന് തന്നെ ചൂഷണം നേരിട്ടവരുമുണ്ട്. 'സ്ത്രീകൾക്ക് അത്യാവശ്യം ഫ്രീഡം ഒക്കെ നൽകുന്ന മോഡേൺ സംസ്ഥാന'മായ കേരളത്തിന്റെ സ്ഥിതിയും വേറിട്ടതല്ല.



**ഭാരിച്ച ജോലിത്തിരക്കിന്റെ ഇടവേളയിൽ, വിശ്രമിക്കാൻ പോയ തക്കം നോക്കിയാണ് ആശുപത്രിയിലെ സെക്യൂരിറ്റി ജീവനക്കാരൻ തന്നെ അവരെ പൈശാചികമായി ബലാത്സംഗം ചെയ്തത്. സഹപ്രവർത്തകരടക്കം ആയിരങ്ങൾ പെൺകുട്ടിയ്ക്കുള്ള നീതി തേടി തെരുവിലേക്കിറങ്ങി.**

തുറിച്ചു നോട്ടം തൊട്ട് ശാരീരിക ഉപദ്രവങ്ങൾ വരെ വാഴുന്ന പൊതു സ്ഥലങ്ങൾ, സുരക്ഷിതമെന്ന് ഉറപ്പിക്കാനാകാത്ത പൊതു ഗതാഗത സംവിധാനങ്ങൾ... സുരക്ഷിതരും സ്വതന്ത്രരുമായി നിലകൊള്ളുക എന്ന സാമാന്യാവകാശം മലയാളിയ്ക്കു മുന്നിലും ഒരു ചോദ്യചിഹ്നമായി മാറിയിട്ടുണ്ട്. കൊൽക്കത്തയിലേതിനു സമാനമായി ഡ്യൂട്ടിക്കിടയിലാണ് മെഡിക്കൽ വിദ്യാർഥിയായ വന്ദന ദാസ് കൊല ചെയ്യപ്പെട്ടത്. അസംഘടിത തൊഴിലിടങ്ങളിലെ സുരക്ഷിതത്വം കൂടുതൽ വെല്ലുവിളി നിറഞ്ഞതാണ്. 4 വർഷത്തെ പൂഴ്ത്തിവെയ്പ്പിനുശേഷം സമ്മർദ്ദങ്ങളുടെ പുറത്ത് ഈ വർഷം പുറത്തുവിട്ട ഹേമ കമ്മിറ്റി റിപ്പോർട്ട് സിനിമ മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. മുഖ്യധാരയിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന മാധ്യമങ്ങളിൽ ഒന്നായത് കൊണ്ടു മാത്രമാണ് അഭ്രപാളിയ്ക്ക് പിന്നിലെ കൊള്ളരുതായ്മകൾ വെളിച്ചം കണ്ടപ്പോൾ ഇത്രയേറെ അന്തി ചർച്ചകൾ അരങ്ങേറിയത്. കാസ്റ്റിംഗ് കൗച്ച് അടക്കമുള്ള നിരവധി ചൂഷണങ്ങളിൽക്കൂടി കടന്നുപോകേണ്ടി വന്നുവെന്ന് അതിജീവിതരുടെ മൊഴിയിലുണ്ട്. 2016 ൽ യുവനടി ആക്രമിക്കപ്പെട്ടതിനേത്തുടർന്ന് നടിയും, അഭിമാനബോധമുള്ള ഒരുകൂട്ടം സ്ത്രീകളും ഉറച്ച നിലപാടെടുത്തത് കൊണ്ടു മാത്രമാണ് ഹേമ കമ്മിറ്റി പോലൊന്ന് സാധ്യമായത്. അതിന്മേൽ എന്ത് തുടർനടപടിയാകും അധികാരികൾ കൈക്കൊള്ളുകയെന്നും ഇത്തരത്തിലൊന്ന് മറ്റേതൊക്കെ മേഖലകളിൽ സാധ്യമാകുമെന്നും കാത്തിരുന്നു കാണാം.



സ്ത്രീകൾ പല മേഖലകളിലും ഇത്തരത്തിൽ വിവേചനത്തിന്റെ ഇരകളാകുന്നതിന്റെ മുഖ്യ കാരണങ്ങളിലൊന്ന് രാഷ്ട്രീയാ ധികാരത്തിലും ഭരണനിർവഹണത്തിലും അർഹമായ പ്രാതിനിധ്യം നിഷേധിക്കപ്പെടുന്നതാണ്. 2024 ലെ ആഗോള ജൻഡർ ഗ്യാപ് ഇൻഡെക്സ് പുറത്തുവന്നപ്പോൾ ഇന്ത്യയുടെ സ്ഥാനം പ്രതീക്ഷിച്ചതുപോലെ 'ഉയർന്ന' നിലയിലാണ്. 149 രാജ്യങ്ങൾക്കിടയിൽ നടത്തിയ പഠനത്തിൽ നമ്മുടെ റാങ്ക് 129. വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികം, രാഷ്ട്രീയം എന്നീ മേഖലകളിലെ സ്ത്രീയും പുരുഷനും തമ്മിലുള്ള അന്തരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിക്കൊണ്ടാണ് വേൾഡ് ഇക്കണോമിക് ഫോറം (WEF) ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. 2023 ലെ റാങ്കിൽ നിന്ന് രണ്ടുപടി കൂടി പിന്നോട്ട് പോയിക്കൊണ്ടാണ് ഇത്തവണത്തെ പ്രകടനമെന്നത് ഖേദകരം. ചടടഛ യുടെ പീരിയോടിക് ലേബർ ഫോഴ്സ് സർവ്വേ (PLFS)യിൽ സ്ത്രീകളിലെ തൊഴിലില്ലായ്മ നിരക്ക് ജൂലൈ 2023- ജൂൺ 2024 കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 2.9% ൽ നിന്ന് 3.2% ലേക്ക് ഉയർന്നതായി കാണിക്കുന്നു. തുല്യ വേതനം നൽകുന്നതിൽ 120-ാം സ്ഥാനമാണെങ്കിൽ, പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ 142-ാമതാണ്. ദേശീയ, അന്തർദേശീയ തലങ്ങളിൽ പുറത്തിറക്കുന്ന മറ്റു ഔദ്യോഗിക, അനൗദ്യോഗിക റിപ്പോർട്ടുകളുടെ കാര്യത്തിലും രാജ്യത്തിന്റെ നില ദയനീയമാണ്. ഇതുപോലെയുള്ള ശാസ്ത്രീയ വെളിപ്പെടുത്തലുകളുടെ സുതാര്യതയെ പോലും സംശയദൃഷ്ടിയോടെ നോക്കിക്കാണുന്ന അധികാരികൾ, തിമിരത്തിനുള്ള കണ്ണടകൾ തെരെഞ്ഞെടുക്കാറായിട്ടുണ്ട്. 33 ശതമാനം സ്ത്രീ സംവരണത്തിനുള്ള ബിൽ പാസാക്കിയതിന് ശേഷമുള്ള 18-ാം ലോകസഭ തിരഞ്ഞെടുപ്പിൽ ഇന്ത്യയിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ എത്ര സ്ത്രീകളെ മത്സരിപ്പിച്ചു എന്ന് അവർ ചുമ്മാ കണക്കെടുത്ത് നോക്കിയാൽ മതി. ആകെ സ്ഥാനാർഥികളുടെ 9. 6 ശതമാനം മാത്രമായിരുന്നു സ്ത്രീകൾ. തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രാതിനിത്യ ശതമാനം നോക്കുമ്പോൾ, 13.6; അതായത് 469 പുരുഷന്മാരുള്ളിടത് വെറും 74 വനിതകൾ. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടാലും
തീരുന്നില്ല അവർക്ക് നേരെയുള്ള വേ
ട്. ഇന്ത്യൻ ഭരണവ്യവസ്ഥയിലെ പ്ലൂട്ടോ
ക്രസി തുറന്നുകാട്ടിയ തൃണമൂൽ എം
പി മഹുവ മൊയ്ത്രയെ പിടിച്ചുകെട്ടാ
ശ്രമിച്ചത് അവരിലെ സ്ത്രീയാകുന്ന ന
ത്വത്തെ, പരമ്പരാഗത അളവുകോൽ
ച്ച് വലിച്ചു കീറിക്കൊണ്ടാണ്. അപ്പോ
നേരത്തെ സൂചിപ്പിച്ചതുപോലെ സ്ത്രീ
കൾക്ക് ന്യൂനപക്ഷ പദവിയുള്ള നി
നിർമാണ സഭകളിൽനിന്ന് എങ്ങനെ
ണ് സ്ത്രീകേന്ദ്രീകൃത / മനുഷ്യകേ
കൃത നിയമങ്ങൾ രൂപപ്പെട്ടുവരിക? ന
വിൽ ഇന്ത്യയിലുള്ള അത്തരം നിയമ
ളൊക്കെത്തന്നെ ദീർഘമായ കാല
സമെടുത്താണ് രൂപീകരിച്ചതെന്നു
ഓർക്കണം.

**പൊതു ഇടങ്ങളെക്കുറിച്ച് സംസാരിയ്ക്കുമ്പോൾ സൈബർ ഇടങ്ങളെയ്ക്കുറിച്ചും ചർച്ച ചെയ്യണം. സൈബർ ബുള്ളിയിങ്ങിന് ഇരകളായി ജീവനൊടുക്കുന്ന മനുഷ്യരിൽ കൂടുതലും സ്ത്രീകളാണ്. ഭീകരമായ രീതിയിൽ ഹോമോഫോബിക് ആണ് ആ ലോകമെന്ന് അവിടുത്തെ കമന്റ് ബോക്സുകൾ നോക്കിയാൽ അറിയാം.**

ഏതൊരു വലിയ ന്യൂനതയും അനേകം ചെറുന്യൂനതകളുടെ ഉൽപ്പന്നമാണെന്നിരിക്കെ, ഇന്ത്യൻ സ്ത്രീ ഏതെങ്കിലും വിധേന പാർശ്വവത്കരിക്കപ്പെടുന്നു എന്നതിന് പിന്നിലും ചെറുതും വലുതുമായ അനേകം കാരണങ്ങളുണ്ട്. നിലനിൽക്കുന്ന സാമൂഹ്യാവസ്ഥയ്ക്ക് ഒരു ഉടച്ചുവാർക്കൽ (അതിന്റെ അപ്രാപ്യതയെ പരിഗണിച്ച് കൊണ്ട് തന്നെ) തീർത്തും അനിവാര്യമാണ്. ആധുനിക സമൂഹത്തിന് ഇണങ്ങാത്ത പല കൊള്ളരുതായ്മകളും ഒളിഞ്ഞും തെളിഞ്ഞും ഇപ്പോഴും നമ്മൾക്കിടയിലുണ്ട്. വിദ്യാഭ്യാസവും സാമ്പത്തിക സ്വാശ്രയത്വവും സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്ന ഘടകങ്ങളാണെങ്കിൽ, അതിനും മേലെ ഇരിപ്പുറപ്പിക്കാൻ തക്ക ശേഷിയുള്ളതാണ് ഇവിടുത്തെ പാട്രിയാർക്കൽ വേരുകൾ. ദേശീയ കുടുംബരോഗ്യ സർവേ (NFHS) യുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 18-49 പ്രായപരിധിയിലുള്ള വിവാഹിതരായ സ്ത്രീകളിൽ 29.3 ശതമാനം പേർക്ക് ഗാർഹിക പീഡനം നേരിടേണ്ടി വരുന്നുവെന്ന് വെളിപ്പെടുത്തുന്നു. അവരിൽ തന്നെ, ഉന്നത വിദ്യാഭ്യാസവും മെച്ചപ്പെട്ട ജോലിയുമുള്ളവർക്കുടി ഉൾപ്പെടുന്നുണ്ടെന്ന് പരിഗണിക്കുമ്പോൾ, നമുക്ക് ഉറപ്പിച്ചു പറയാം;സമൂലമായ ഒരു മാറ്റമാണ് ആവശ്യമെന്ന്.

അത്, വീടുകളിൽ കുട്ടികൾക്ക് ജൻഡർ വേർതിരിവില്ലാതെ ജോലികൾ വീതിച്ചുനൽകുന്നത് തൊട്ട് അധികാരത്തിന്റെ താക്കോൽ കേന്ദ്രങ്ങളിൽ സ്ത്രീകളും ട്രാൻസ് സമൂഹവും അവരവരുടെ ഇടം കണ്ടെത്തുന്നത് വരെ യ്ക്കുമുള്ളതാണ്. നമ്മുടെ ഒരു തലമുറ ക്ലാസ്സ് മുറികൾക്കുള്ളിലാണ് ജീവിക്കുന്നത്. അവർക്ക് ശാസ്ത്രീയമായ രീതിയിൽ സെക്സ് എഡ്യൂക്കേഷൻ നൽകാനുള്ള മാനസിക പക്വത, കപട പുരോഗമന പട്ടം പേറി നടക്കുന്ന മലയാളിയ്ക്കിടയിലും ഇതുവരെ സാധ്യമായിട്ടില്ല. അത്തരമൊരു ശ്രമമുണ്ടായ നേരത്തൊക്കെ കുടുംബവും മതവും അടക്കമുള്ള ആണധികാര സ്ഥാപനങ്ങൾ വിലക്കിടുകയായിരുന്നു. ഈ വിഷയത്തിൽ നിയമനിർമ്മാണത്തിലൂടെയുള്ള ഇടപെടൽ കാലോചിതമായിരിക്കും. പൊതു ഇടങ്ങളെക്കുറിച്ച് സംസാരിയ്ക്കുമ്പോൾ സൈബർ ഇടങ്ങളെയ്ക്കുറിച്ചും ചർച്ച ചെയ്യണം. സൈബർ ബുള്ളിയിങ്ങിന് ഇരകളായി ജീവനൊടുക്കുന്ന മനുഷ്യരിൽ കൂടുതലും സ്ത്രീകളാണ്. ഭീകരമായ രീതിയിൽ ഹോമോഫോബിക് ആണ് ആ ലോകമെന്ന് അവിടുത്തെ കമന്റ് ബോക്സുകൾ നോക്കിയാൽ അറിയാം. ഐഡന്റിറ്റി വെളിപ്പെടുത്താതെയും എന്തും പറയാമെന്ന ലൂപ്ഹോൾ, ഉള്ളിൽ അട





യ്ക്കിപ്പിടിച്ചു വെയ്ക്കുന്ന ഫ്രസ്ട്രേഷനെയാണ് സൂചിപ്പിക്കുന്നത്.

നിലനിൽക്കുന്ന പ്രശ്നം സങ്കീർണമാണെങ്കിൽ, പരിഹാരമാർഗങ്ങൾ അതിലും സങ്കീർണമാണ്. ആദ്യം മാറേണ്ടത് കണ്ടിഷൻ ചെയ്യപ്പെട്ട മനോഭാവം തന്നെയാകണം. ജൻഡർ സ്റ്റീരിയോടൈപ്പുകൾ ആഴത്തിൽ വേരൂന്നിയ ഒരു സമൂഹത്തെ സംബന്ധിച്ച് അത് ശ്രമകരമായ ദൗത്യമായിരിക്കും. അക്രമത്തിൽ ബാധിക്കപ്പെട്ടവരെ, എന്തിന് പോയി? ആരുടെ കൂടെ? എന്ത് ധരിച്ച്? എന്നൊക്കെ ചുഴ്ന്നുനോക്കി വിചാരണ ചെയ്യുന്ന ഒരു പൊതുസമൂഹമാണ് ചുറ്റും. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തേണ്ടത് അവരെ ആയോധനകലകൾ പരിശീലിപ്പിച്ചുകൊണ്ടു മാത്രമാകണോ, അതോ നമ്മുടെ ആൺമക്കളെ തുല്യതാ ബോധമുള്ളവരായി വളർത്തിക്കൊണ്ടോ? ഏതാണ് ഉചിതമെന്ന ആത്മപരിശോധന നല്ലതാണ്. സ്ത്രീ ശരീരം നോർമലൈസ് ചെയ്യപ്പെടുക തന്നെ വേണം. സുരക്ഷയുടെ പേരുപറഞ്ഞു വ്യക്തികളുടെ മൗലികവകാശങ്ങളെപ്പോലും തടഞ്ഞു വെയ്ക്കുന്ന കപട സദാചാര ബോധമാണ് ഇപ്പോഴും സിസ്റ്റത്തെ നയിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ കലാലയ ഹോസ്റ്റലുകളിൽ (സ്വകാര്യ ഹോസ്റ്റലുകളിൽ പ്രത്യേകിച്ച്) പെൺകുട്ടികൾക്ക് മാത്രമായുള്ള അശാസ്ത്രീയ കർഫ്യൂ അടക്കമുള്ള സ്ത്രീ വിരുദ്ധ നിയമാവലികൾ അനുഭവിച്ചവർക്കറിയാം അതിന്റെ അസഹ്യത. കുരക്കുന്ന നായയെ കൂട്ടിലടക്കുക എന്നല്ലാതെ നമ്മൾ വഴി നടക്കാതിരിക്കുന്നതിന്റെ യുക്തി എന്താണ്? പൊളിറ്റിക്കൽ ഇന്റക്റ്റനസുള്ള അനാവശ്യ നിയന്ത്രണങ്ങളിലേക്ക് പോകുന്നതിന് പകരം, നിലവിലുള്ള നിയമങ്ങൾ യഥാവിധി നടപ്പാക്കുകയാണ് വേണ്ടത്. മൗലിക അവകാശങ്ങൾ ഒരാൾക്കും ഹനിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിയും, അങ്ങനെ ബാധിച്ചവർക്ക് നിയമ പരിരക്ഷ നൽകിക്കൊണ്ടും ജുഡീഷ്യറിക്ക് കാതലായ മാറ്റം കൊണ്ടുവരാൻ സാധിക്കും. സ്ത്രീകൾക്ക് നേരെയുള്ള വിവിധ അതിക്രമങ്ങളിൽ പ്രതികളാക്കുന്നവർ എളുപ്പം ഊരിപ്പൊരുന്ന അവസ്ഥക്ക് പരിഹാരം കണ്ടേ തീരൂ. ആർട്ടിക്കിൾ 21 അനുശാസിക്കുന്ന 'സുരക്ഷിതവും അന്തസുറ്റതുമായ ജീവിതം' ഭരണഘടന നൽകുന്ന ഉറപ്പാണ്; അവിടെയാണ് അംബേദ്കറുടെയടക്കം സങ്കല്പത്തിലെ ഇന്ത്യ കുടികൊള്ളുന്നത്...

തല താഴില്ല, താഴ്ത്തില്ല,
ഇവൾ തൻകാലിൽ നില്പവൾ...

**സ്ത്രീകൾക്ക് നേരെയുള്ള വിവിധ അതിക്രമങ്ങളിൽ പ്രതികളാക്കുന്നവർ എളുപ്പം ഊരിപ്പൊരുന്ന അവസ്ഥക്ക് പരിഹാരം കണ്ടേ തീരൂ. ആർട്ടിക്കിൾ 21 അനുശാസിക്കുന്ന 'സുരക്ഷിതവും അന്തസുറ്റതുമായ ജീവിതം' ഭരണഘടന നൽകുന്ന ഉറപ്പാണ്; അവിടെയാണ് അംബേദ്കറുടെയടക്കം സങ്കല്പത്തിലെ ഇന്ത്യ കുടികൊള്ളുന്നത്...**

FAROOK COLLEGE LIBRARY
Acc.No......................
FAROOK COLLEGE LIBRARY



നസൽ നൗഫൽ
B.Com CA

# പാതിരാ 'മണി'മുഴക്കം എട്ടാണ്ടുകൾക്ക് ഇപ്പുറം

പ്യാരേ ദേശ് വാസിയോ... പൈസാ നഹീ.... വെളുക്കാൻ തേച്ചത് പാണ്ടായി എന്ന ചൊല്ലിന് എത്ര പഴക്കം ഉണ്ടെന്ന് അറിയില്ല. പക്ഷേ അതിന്റെ പ്രായോഗിക സന്ദർഭങ്ങൾക്ക് എപ്പോഴും പുതുമ ആണ്. വടക്ക് ഹിമാലയവും ശേഷിക്കുന്ന മുന്ന് ദിക്കുകളിൽ സമുദ്രവും നിലനിർത്തി സർവ ഗർവ്വോടെ ഒരു കൈ ചുരുട്ടിയും മറു കൈ നിവർത്തിയും നിൽക്കുന്ന ഇന്ത്യയിൽ 8 വർഷങ്ങൾക്ക് മുന്നേയുള്ളൊരു പാതിരാത്രിയിലാണ് പ്രധാന മന്ത്രിയുടെ പൊടുന്നനെയുള്ള പ്രഖ്യാപനം വരുന്നത്. മുരിങ്ങയിലയിൽ നിന്നും പുഴുവിനെ നുള്ളുന്ന ലാഘവത്തിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ നിന്നും പ്രധാനമന്ത്രി അന്ന് ആയിരത്തിന്റെയും 500 കളുടെയും നോട്ടുകൾ പിൻവലിച്ചു. പ്രഖ്യാപനം കേട്ട് നോട്ടിലിരുന്ന് ചിരിച്ച ഗാന്ധി പോലും വിറച്ചിട്ടുണ്ടാവണം..! സമ്പാദ്യമെണ്ണി സ്വപ്നം കണ്ടുറങ്ങിയ പലരും പിറ്റേന്ന് പുലരിയിൽ തലയിൽ കൈവച്ചു നിന്നു. നിരോധിച്ച നോട്ടുകളിൽ മോണ കാട്ടി നിന്ന രാഷ്ട്ര പിതാവിന്റെ നോട്ടം അന്നോരോരുത്തർക്കും പരിഹാസ്യമായി അനുഭവപ്പെട്ടു. വെയില് കൊണ്ടും വരി നിന്നും ഇന്ത്യയിലെ ജനം അന്ന് നേട്ടോട്ടമോടിയിട്ട് ഇന്നെന്തുണ്ടായി?! നോട്ട് നിരോധനം ഒരു പുക മറയായിരുന്നോ? നാടകമായിരുന്നോ? മറ്റൊരു തുഗ്ലക് പരിഷ്കാരമായിരുന്നോ??

1946 ലും 1954 ലും 1974 ലും ഇതിനുമുമ്പ് ഇന്ത്യയിൽ നോട്ട് നിരോധനം നടന്നിട്ടുണ്ട്. അന്ന് അയ്യായിരത്തിന്റെയും പതിനായിരത്തിന്റെയും നോട്ടുകൾ ആണ് നിരോധനത്തിന് പാത്രമായത്. ശേഷം വർഷങ്ങൾക്കിപ്പുറം ഒന്നാം മോദി സർക്കാർ നോട്ട് നിരോധനം നടപ്പാക്കി.

വിപണിയിലെ കള്ളപ്പണം നിയന്ത്രിക്കുക, കൈക്കൂലിക്കു തടയിടുക, തീവ്രവാദ പ്രവർത്തനങ്ങൾക്ക് ആക്കം കുറക്കുക, ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയായിരുന്നു പ്രധാനമന്ത്രി മുന്നോട്ടുവച്ചത്. ഒരു പാതിരാക്കിനാവിന്റെ ആഘാതത്തിൽ ഉണ്ടായതല്ല ഈ പ്രഖ്യാപനം എന്ന് വരുത്തി തീർക്കാൻ 50 ദിവസത്തെ ദീർഘവീക്ഷണം മുൻനിർത്തി അദ്ദേഹം സംസാരിച്ചു. അമ്പത് കഴിഞ്ഞ് 500 ഉം കഴിഞ്ഞ ദിവസങ്ങൾ പിന്നിട്ടിട്ടും നോട്ട് നിരോധനത്തിന്റെ ലക്ഷ്യങ്ങൾ ചോദ്യചിഹ്നമായി തുടരുന്നു. സ്തംഭിച്ച അസംഘടിത മേഖല, പ്രതിസന്ധിയിലായ വ്യവസായ മേഖല, താഴ്ന്ന ജിഡിപി തുടർ കഥയാകുന്ന നികുതി വെട്ടിപ്പുകൾ എന്നിവയാണ് നോട്ട് നിരോധനത്തിന്റെ ഉത്തരങ്ങൾ..

നിരോധനം നടപ്പാക്കുന്ന 2016-'17 സാമ്പത്തികവർഷം 8. 3 ശതമാനമായിരുന്നു രാജ്യത്തിന്റെ മൊത്തം സാമ്പത്തിക വളർച്ച.

2019 -'20 സാമ്പത്തിക വർഷത്തിൽ 3. 7 ശതമാനത്തിലേക്കു അത് താഴ്ന്നു. പിന്നീട് കൊറോണയും കൂടി വന്നതോടെ രാജ്യത്ത് സമ്പദ് വ്യവസ്ഥയ്ക്ക് നല്ലൊരു ക്ഷീണം അതുണ്ടാക്കി. ഒറ്റ പ്രഖ്യാപനത്തിൽ കൂടി 86 ശതമാനം നോട്ടുകൾ നിരോധിക്കപ്പെട്ടപ്പോൾ വിപണിയിൽ ആവശ്യത്തിനു പണമെത്തിക്കാൻ ആർ. ബി. ഐ. ക്ക് ആറു മാസത്തിലധികം വേണ്ടിവന്നു എന്നതാണ് യാഥാർഥ്യം. അസാധുവാക്കിയ നോട്ടുകളിലുള്ള കള്ളപ്പണം തിരിച്ചെത്തില്ലെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും നിരോധിച്ച നോട്ടുകളുടെ 99. 3 ശതമാനവും തിരിച്ചെത്തിയതും നാം ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. കള്ളപ്പണവുമായി ബന്ധപ്പെട്ട

കണക്കുകൾ നോക്കുമ്പോൾ അതൊക്കെയും നോട്ട് നിരോധനത്തെ നോക്കുകുത്തിയായി മാറ്റുന്നു. നോട്ട് നിരോധനം നടപ്പാക്കിയ 2016 -ൽ 5. 32 ലക്ഷം കള്ളനോട്ടുകൾ പിടിച്ചു. തുടർന്നുള്ള നാലു വർഷങ്ങളിലായി പിടിച്ചെടുത്തത് 18. 87 ലക്ഷം കള്ള നോട്ടുകളാണ്.

നോട്ട് നിരോധനം ഏറ്റവും കാര്യമായി ബാധിച്ചത് ഏറ്റവും സാധാരണക്കാരനെ ആണെന്നതിൽ സംശയമില്ല. അതേ സമയം വമ്പൻ മുതലാളികൾക്ക് പ്രത്യേകിച്ച് ജയ്ഷായെ പോലുള്ള ബിജെപി അനുകൂലകർക്ക് നോട്ട് നിരോധനം വലിയ രീതിയിൽ ഗുണം ചെയ്തു എന്നത് ജനാധിപത്യ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ലജ്ജാവഹമാണ്. പവിത്രയുടെ മകൻ ജൈഷയുടെ കമ്പനി 2015 16 സാമ്പത്തിക വർഷത്തിൽ മുൻപുണ്ടായിരുന്ന ഇഷ്ടങ്ങൾ ഒക്കെ നികത്തി 80.5 കോടി രൂപയുടെ ലാഭമുണ്ടാക്കിയതും നോട്ട് നിരോധനത്തിന്റെ ആഴ്ചകൾക്കു മുമ്പ് കമ്പനി അടച്ചു പൂട്ടിയതും ജനം തിരിച്ചറിഞ്ഞ നാടകങ്ങൾ ആണ്.

നോട്ട് നിരോധനം ശരി വെച്ച് സുപ്രീം കോടതി പോലും നടപ്പാക്കിയ രീതി ശരിയായില്ല എന്ന അഭിപ്രായം പങ്കുവെച്ചിട്ടുണ്ട്. മുൻ ആർ ബി ഐ ഗവർണർ ആയിരുന്ന രഘുറാം രാജൻ തന്റെ ഐ ഡു വാട്ട് ഐ ഡു' എന്ന പുസ്തകത്തിൽ നോട്ടുനിരോധനത്തെ പരമാർശിക്കുന്നത് ശ്രദ്ധേയമാണ്. നോട്ട് നിരോധനം ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയെന്നും ബദൽ മാർഗങ്ങൾ സമർപ്പിച്ചെങ്കിലും ആരും ചെവികൊണ്ടില്ലെന്നു അദ്ദേഹം പുസ്തകത്തിൽ നിരീക്ഷിക്കുന്നു.

നിലവിൽ ഇന്ത്യയിൽ ഏറ്റവും മൂല്യം കൂടിയ കറൻസി 500 രൂപയുടെതാണ്. 1000 ത്തിനും 500നും പകരം പുറത്തിറങ്ങിയ 2000 രൂപയുടെ നോട്ടും സർക്കാർ പിൻവലിച്ചു എന്നത് ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയുടെ ദീർഘവീക്ഷണത്തെ ചോദ്യം ചെയ്യുന്നു. രാജ്യത്ത് കറൻസിയുടെ നിറം മാറിയിട്ട് ഒരു ദശകത്തോടടുക്കുമ്പോൾ, വിയർപ്പ് മണം മാറാത്ത നോട്ടുകൾ മാറ്റിയെടുക്കാൻ വരിനിന്ന് മരിച്ച 105 പേരുടെ ആത്മാക്കൾ പുതിയ കറൻസിയിൽ അദൃശ്യമായ ശാപ മുദ്രയായി തുടരുന്നു. നഗ്നനായ രാജാവിന്റെ നാണം മറക്കാൻ പ്രജകൾ മുഴുവനും തുണിയിരിക്കേണ്ടി വരുന്ന പുതിയ കാലത്ത് അച്ചടിച്ചു കൂട്ടിയ കറൻസിയിൽ ഇരുന്ന് ഗാന്ധി കണ്ഠ്ഠ നിശബ്ദം വിളിച്ചു പറയുന്നു. സ്വച്ഛ് ഭാരത്.



**നോട്ട് നിരോധനം ശരി വെച്ച് സുപ്രീം കോടതി പോലും നടപ്പാക്കിയ രീതി ശരിയായില്ല എന്ന അഭിപ്രായം പങ്കുവെച്ചിട്ടുണ്ട്.**

ജുമാന
BA Sociology

# പരിണാമ സിദ്ധാന്തം

ഡീ അവടെ...
എല്ലാരും അങ്ങോട്ട് ഓടണ് കണ്ടപ്പൊ പിന്നെ അവളും ഒന്നും നോക്കീല

അവൾടെ ത്രീ ഡയമൻഷൻ കോപ്പിയെ

സീറ്റിൽ പ്രിന്റ് ചെയ്ത് ഇട്ട് കാന്തിക വല

യങ്ങളാൽ ചുറ്റപ്പെട്ട ഗേറ്റിനെ തിരിഞ്ഞും മറിഞ്ഞും ചാടിക്കടന്ന്, റോബോട്ട് മാമനേം

സോപ്പിട്ട് ഒറ്റ ഓട്ടം.

ദ് എന്താ മാഷെ



അസ്ഥികൂടം, പണ്ടത്തെ മനുഷ്യന്റെ ഇയർ ഫോൺ യുഗത്തിനും മുമ്പുള്ളതാ. ഏലി യൻമാർ എസ് കവേഷൻ ചെയ്ത്

ഇട്ത്തതാ

എല്ലാരും അതിനെ വല്ലാണ്ട് തുറിച്ച് നോ ക്കി. അവളും. അപ്പൊ ദാ അതിന്റെ

എല്ലും കൂടിന്റെ ഇടതു മാറി താഴെ ചുവപ്പ നിറത്തിൽ ഒരു സാധനം ഒട്ടും മണ്ണ് പുരണ്ട ട്ടില്ല. എയ്റോ പ്ലെയിനിന്റെ എഞ്ചിൻ പോ ലെ അത് കിടന്നു തുടിക്കുന്നു.

'എന്താ മാഷേ അത്?'

'ഏത്?'

ആ ചുവന്ന സാധനം

എന്റെ കുട്ടീ നീ പരിണാമ സിദ്ധാന്തമൊ ന്നും പഠിച്ചിട്ടില്ലേ?

അയാൾ കയ്യിലുള്ള ലേസർ ലൈറ്റ് അവൾ ടെ ചെവിക്ക് ഓങ്ങി.

അവൾ വീണ്ടുമതിനെ തുറിച്ചു നോക്കി.

പണ്ടത്തെ പുസ്തകയുഗത്തിൽ ജീവിച്ച

മനുഷ്യന്മാരുടെ, ഓക്സിജൻ മാസ്ക്

ഉപയോഗിക്കാതെ ശ്വസിക്കാൻ കഴിവുള്ള

മാന്ത്രിക മനുഷ്യന്മാരുടെ വീടുകളിൽ നിന്ന്

ആർക്കിയോളജിക്കൽ സർവേയിൽ കണ്ടെ ത്തിയ ഏതോ ചിത്രത്തിന് ആ രൂപമുണ്ടാ യിരുന്നു.

ആവോ....?

എന്താണാവോ സാധനം?

അവൾ ബയോളജി ലാബിലേക്കോടി.

കത്തി തപ്പിയെടുത്ത് സ്വയം കീറി മുറി ച്ച് നോക്കി. ഇടതു മാറി താഴെ ഒരോട്ട......!

വെറും ശൂന്യത...!

സഫ മിൻഷ
BA Economics



# മൂങ്ങജന്മങ്ങൾ

'ഈ രാത്രിയെയും ജീവിച്ചുതീർക്കേണ്ടിയിരിക്കുന്നു.'

പകലുറക്കത്തിന്റെ നീണ്ട കാത്തിരിപ്പിനപ്പുറം ഇരുട്ടിൽ പ്രകാശിക്കുന്ന രാത്രികളുള്ളതാണ് താനടക്കമുള്ള മൂങ്ങവർഗത്തെ അതിജീവിക്കാൻ പ്രേരിപ്പിക്കുന്നതെന്ന് മൂങ്ങ ചുമ്മാ ഓർത്തു പോയി. വെളിച്ചത്തോടു സദാ തോറ്റുപോകുന്ന, കട്ടപ്പിടിച്ച ചാരനിറമുള്ള കണ്ണുകളെ വിടർത്തി അത് അടുത്ത കൊമ്പിനെ ലക്ഷ്യം വെച്ച് ചിറകുകളെ പായിച്ചു.

ഇപ്പോൾ, പല ദിക്കിൽ നിന്നുള്ള ഇടവഴികളെ ഒന്നാക്കിത്തീർക്കുന്ന കവലയുടെ നടുക്കാണ് മൂങ്ങ. പകലിനെ വീർപ്പുമുട്ടിക്കുന്ന കുതിപ്പുകളും കിതപ്പുകളും ചുവരുകൾക്കകത്ത് ഇരുട്ടിനെ പേടിച്ചു കണ്ണുകൾ മുറുക്കിയടച്ചിരിപ്പാകും. കറുപ്പ് കുത്തിനിറച്ച മരപ്പൊത്തിനുള്ളിൽ പെട്ട മിന്നാമിനുങ്ങിനെപ്പോലെ തൂങ്ങിയാടുന്ന സ്ട്രീറ്റ് ലൈറ്റ്, മിന്നിയും കെട്ടും ഒന്നിടവിട്ട്, കൂട്ടം കൂടിയ ഈയാംപാറ്റകൾക്ക് തൊട്ടടുത്ത ഫ്ലക്സിനു ചുറ്റും പ്രദക്ഷിണം നടത്താൻ വെളിച്ചം വീശിക്കൊടുക്കുന്നു. പൊടിഞ്ഞ പാറ്റച്ചിറകുകൾ ഉയിർത്തിടത്തേക്ക് തന്നെ പെയ്തുകൊണ്ടിരിക്കുകയാണ്.

പൊട്ടിച്ചിരിയോ, അട്ടഹാസമോ..?പേരറിയാത്ത ഒരു മുഴക്കം മൂങ്ങയുടെ ചെവിയിലേക്ക് തുളച്ചു കയറുന്നുണ്ട്. ഇരുട്ടിന്റെ ചിരികളെ തരംതിരിച്ച് നോക്കാനാവില്ലല്ലോ..?എല്ലാ വകഭേദങ്ങളും അവിടെ ഒറ്റ വേരിലേക്ക് ചുരുങ്ങും; ഒറ്റ നിറമുള്ള ആകാശം കണക്കെ...

രാത്രിയുടെ അനുസരണയുള്ള ക്ലാസ്സ്മുറിയിലൂടെ മൂളിപ്പാട്ടു പാടി മൂങ്ങ തനിച്ചുള്ള യാത്ര തുടർന്നു. കൂർത്ത ചുണ്ടറ്റങ്ങൾ മരക്കൊമ്പിൽ തട്ടി മുറിഞ്ഞു വീഴാണ്ടിരിക്കാൻ മരങ്ങളില്ലാത്ത ഒഴിഞ്ഞ വരമ്പിലൂടെ വഴി തിട്ടപ്പെടുത്തി. കരിഞ്ഞ കതിരുകൾ പോലും ഇപ്പോൾ മയക്കത്തിലാണ്. ദിശ തിരിച്ചറിയാനാകാത്ത ഏതെങ്കിലും വസന്തം ഇരുട്ടിൽ വഴിതെറ്റിവന്നെങ്കിലോ എന്നോർത്ത്, അവ ഇലകളെ കാതുകളായി കൂർപ്പി



ച്ചു വെച്ചിരിക്കുന്നു. രാത്രിയുടെ ഉത്ത
രമില്ലാത്ത കടംകഥകൾ മൂങ്ങയുടെ ചി
റകിൽ ചോദ്യങ്ങളെ നിക്ഷേപിച്ചതു
കൊണ്ടു തന്നെ, ഉറങ്ങാത്ത ഉൾക്കാഴ്
ചയാൽ അത് ലക്ഷ്യമില്ലാതെ പറക്കാൻ
തുടങ്ങുകയാണ്.

'ആത്മാക്കളുടെ പകലിനെയാ
ണ് ജീവിച്ചിരിക്കുന്നവർ 'രാത്രി'യെ
ന്ന് പേരിട്ടു വിളിക്കുന്നത്' -ഗവേഷണ
പ്രബന്ധത്തിൽ ചുവന്ന അടിവരയിട്ട
ത് മൂങ്ങ ഓർത്തെടുത്തു. മരിച്ചവരുടെ
കോളനിയിലേക്ക് തന്നെയാകാമല്ലേ
ഇന്നത്തെ യാത്ര? കവലയിൽ നിന്ന്
കൃത്യം ആറ് ചിറകടികൾ കൂട്ടിവെച്ചാ
ലുള്ളത്ര ദൂരം ഉല്ലോട്ടു പറന്നാലാണ്
ആ രാജ്യത്ത് എത്തിച്ചേരികയെന്ന് മൂ
ങ്ങയ്ക്കറിയാം. ചില പകലിൽ (ക്ഷമി
ക്കണം, നിങ്ങളുടെ ചില രാത്രികളിൽ)
അതുവഴി ഉലാത്തുമ്പോഴൊക്കെ ഒച്ച
പ്പാടുകൾ കേൾക്കാറുള്ളതാണ്. വിവർ
ത്തനം ചെയ്യപ്പെടാനാകാത്ത ആദിമഭാ
ഷയിലെ കവിതകളെന്ന പോലെ അവ
രുടെ ലോകം ദുരൂഹമായി അവശേഷി
ക്കുന്നു. ചിറകിനെ കനം കൂട്ടിക്കുന്ന
അടുത്ത ചോദ്യത്തിന്റെ ഉത്തരം തേടി
മൂങ്ങ യാത്ര തുടർന്നു..

മരിച്ചിട്ടും ജീവിച്ചുകൊണ്ടേയിരു
ക്കുന്ന മർമ്മരം ഇപ്പോൾ നേർത്തതായി
കേൾക്കുന്നുണ്ട്. മേൽക്കൂരയില്ലാത്ത

**ഇരുട്ട് നിശബ്ദമായി കൂടുതൽ
ഇരുണ്ടു വരുംതോറും
ചിറകടിക്ക് ആക്കം കൂടി.
ധ്രുവങ്ങളോളം വളർന്ന ചിറകു
കൾക്കുള്ളിൽ തന്റെ കൊച്ചു
ശരീരത്തെ മൂങ്ങ മെല്ലെ
പൊതിഞ്ഞുവെച്ചു.**

നാലുകെട്ടിന്നുള്ളിൽനിന്ന് അവ്യക്ത
മായ തേങ്ങലുകൾ കനം വെച്ച് ഉച്ചത്തി
ലുള്ള നിലവിളികളായി മൂങ്ങയിലേക്ക്
ഒഴുകിയെത്തി.

'ആരാണ്'

തന്റെ നേർക്ക് എയ്തുവിട്ട ചോ
ദ്യത്തിന് ഏതുത്തരം എടുത്തുനൽക
ണമെന്ന് ഒരുവേള മൂങ്ങ അന്ധാളിച്ചു.
പൊടുന്നനെ, ഞരമ്പിലെ കടുംചോപ്പ്
രക്തം അതിന്റെ ജീവശാസ്ത്രഘടന
യോട് വിളിച്ചുപറഞ്ഞു:

'മൂ... ങ...'

ചിറകിട്ടടിയുടെ കോലാഹളങ്ങൾ
ക്കിടയിലും ഉത്തരത്തിന് വഴി തെറ്റി
പ്പോയതേയില്ല.

"നിന്റെ കണ്ണുകൾക്ക് ഞങ്ങളെ കാ
ണാമോ?! മരിച്ചവനല്ലെന്ന് തോന്നുന്നു
ജീവിച്ചിരിക്കുന്നോ..?"

മൂങ്ങയുടെ തൊണ്ടയ്ക്കും നാക്കി
നുമിടക്ക് വെച്ച് ഉത്തരം പുറത്തുകട
ക്കാനാകാതെ കുരുങ്ങിക്കിടന്നു.

വീണ്ടും മരിച്ചവരിൽനിന്നുള്ള വി
ചാരണ:

'എന്തിനാണ് മനുഷ്യരുടെ രാത്രി
യിൽ ഉറങ്ങാതിരിക്കുന്നത്? നീ ജീവി
ച്ചിരിക്കുന്നില്ല, തീർച്ച'.

മനുഷ്യരുടെ രാത്രി... അവരുടെ
പകൽ... ജീവിതത്തിനും മരണത്തിനു
മിടക്കുള്ള മുടിനാരു പാലത്തിൻമേലാ
ണ് തന്റെ കാലുകൾ അള്ളിപ്പിടിച്ചിരി
ക്കുന്നതെന്ന് മൂങ്ങ തിരിച്ചറിഞ്ഞു.

'ഇല്ലാ... എന്റെ ശ്വാസത്തിന് കുന്തി
രിക്കത്തിന്റെ മണമല്ല. കനം കുറഞ്ഞ
ഒച്ചപ്പാടായി എന്റെ കാഴ്ച ഇവിടെ ഒ
കി നടക്കുന്നത് നിങ്ങളാരും കാണു
ന്നില്ലേ?

മൂങ്ങയുടെ പ്രകമ്പനം കൊള്ളി
ക്കുന്ന ഉത്തരത്താൽ ആത്മാക്കളുടെ
ചോദ്യങ്ങൾ പേടിച്ചു കല്ലറക്കുള്ളിലേ
ക്കുതന്നെ ഓടിപ്പോയി. ശ്മശാനത്തി
ലെ മതിൽക്കെട്ടിനിപ്പുറത്തെ കാട്ടുപെ
ന്തയ് ക്കിടയിൽ മിന്നാമിനുങ്ങ് വെളി
ച്ചം അഴിച്ചു വെച്ചു; ഇരുട്ടിൽ അലി
ഞ്ഞുചേർന്നു...

* * *

'ഈ രാത്രിയെയും ഉറങ്ങാതെ ജീ
വിച്ചുതീർക്കേണ്ടതാണ്.' ജീവികളുടെ
ഭരണഘടനയിൽ മൂങ്ങയുടെ പേരിന്
നേരെയുള്ള ഒഴിഞ്ഞ കോളം പൂരിപ്പി
ക്കപ്പെട്ടു. അതിർത്തിക്കപ്പുറം ചിറകു
കൾ പായിച്ച കുറ്റത്തിന്, വെളിച്ചമുള്ള
കൽതുറുങ്കിന്റെ ആകാശമില്ലാത്ത രാ
ത്രികളെ ജീവിച്ചുതീർക്കുക തന്നെ..!

ഇരുട്ട് നിശബ്ദമായി കൂടുതൽ ഇരു
ണ്ടു വരുംതോറും ചിറകടിക്ക് ആക്കം
കൂടി. ധ്രുവങ്ങളോളം വളർന്ന ചിറ
കുകൾക്കുള്ളിൽ തന്റെ കൊച്ചു ശരീ
രത്തെ മൂങ്ങ മെല്ലെ പൊതിഞ്ഞുവെ
ച്ചു. ആകാശത്ത് കഴുകനേക്കാൾ ഉയ
രത്തിൽ വട്ടമിട്ടു പറക്കുമ്പോൾ, ഇരു
ളിൽ മുങ്ങിപ്പോയ നേരുകൾ മൂങ്ങക്ക
ണ്ണിൽ തറച്ചു നിന്നു. പകലിന്റെ അട
ച്ചിട്ട മുഖാവരണങ്ങൾക്കിടയിൽ അറ
മാളങ്ങൾ തിരയുകയാണ്; ഇഴഞ്ഞ
ഴഞ്ഞ്... മൂങ്ങ കണ്ണുകളടച്ച് ലക്ഷ്യമി
ല്ലാത്ത ഇരുണ്ടയാത്ര തുടർന്നു; ജീവി
ച്ചിരിക്കുന്നതിന്റെ അടയാളമെന്നോണം
രണ്ടു തുള്ളി വിയർപ്പ് മണ്ണിലേക്കിറ്റിച്ച്
കൊണ്ട്...



Jannath Fazli
BA English

# The Etymology of Memory

"Sorry, I've forgotten how to spell. I keep blabbing about dead people in the basements of torn cities. But the truth is - I don't know their names. I think I knew once, but I don't anymore. Even if I knew, I wouldn't be able to write them down for you; because I've forgotten how to spell! Did I tell you that?" Salma was talking in circles again. She knew this and wished she wouldn't do it, but only realized it when she closed another circle, and then it was too late to stop herself. She didn't like circles; they were too complete to be natural. She had a feeling that triangles were much better.

"So would you like to learn how to spell again?" For some reason, the doctor kept asking this question. Salma wondered why. She reminded the doctor that she wasn't here for a spelling lesson, for heaven's sake.

"Doctor, I keep forgetting! Do you understand? That's what I need a cure for, not the spelling, " she said.

"I understand. But what about the spelling?" "What about it?" "Do you want to learn your spellings again? They were very important to you, weren't they?"

"But what point is there in re-learning spellings when I keep forgetting everything I know?!" Salma was losing it.

She was never the patient type, but she tried her best not to lose her calm



nowadays because people were quick to call her crazy, what with the memory problem and all. She glared at the hologram hovering between the doctor and her, where details regarding her "condition" were being recorded as they spoke. She was labelled "forgetful," a word she found insufficient in representing her effectively. The doctor squirmed in his seat, looking hazy as the hologram's light reflected off him. He decided to kick himself later for agreeing to consult this patient in person. She was creepy in a way that made him suspect she knew more than she must. And he knew he was in trouble if she did. So he decided to change his approach and tweak away the tension growing in her mind before it became suspicion.

"So. Umm.. what else have you forgotten?" "I don't know. " "I see. Interesting! How is your family?" "That is one of the forgotten things. I'm not so sure I had a family. Did I?" "Oh! I'm sorry, that's confidential information," the doctor touched his heart in exaggerated sympathy and referred to the hologram. "One last question, Salma. How often do you smile?" "I've forgotten that too, doctor!" "Ah! Forgetting seems to be the only thing you remember!" He had a hard time suppressing the smile that crept up his face like a bad habit, but he managed. After all, he had to keep the mask on with the patients.

"You know, maybe it's a good thing you've forgotten how to smile. Must be easier for you to survive in our world, what with the ban and all. Right?" Salma stared at the doctor's passive face, she knew she was missing something, but she didn't know what. So she nodded, "Right. " The doctor nodded stoically, and continued, "There is nothing the matter with you, Salma. Really, forgetting is a very human activity. It is only natural to not remember unimportant data. I'm sure you agree with this. You're a very educated young lady, aren't you? You must have read the new theory on memory and life expectancy? The more you forget, the longer you live! So be content in your forgetfulness. " "But the names of the dead?! And did I have a family? I can't forge-" "You can. And you should. I mean, why think about the dead when you're still living, right? Just forget it. " The doctor shrugged. It looked like he was unused to the exercise, his shoulders protested against the movement ever so slightly, but Salma saw the reluctance in his muscles. She wanted to tell him to - To what? Oh, nevermind. "So, we're done here, Salma.

Here's a GPS to get you back home. As long as you have it on you, you are going to be fine. And there are charts at home to guide you if you forget what to do with your time. They'll tell you how to use time, reuse it and unuse it, if necessary. Is that all?" "That must be?" "That is all, " the doctor widened his eyes as if he meant to punctuate his words with his eyeballs. He stood, brushed his palms on his grey jeans and guided Salma out, hooking the GPS on to her sleeve, double-checking that the destination he set was accurate. And Salma floated out like a mechanical ghost whose every move was a calculated error.

**"You know, maybe it's a good thing you've forgotten how to smile. Must be easier for you to survive in our world, what with the ban and all. Right?" Salma stared at the doctor's passive face, she knew she was missing something, but she didn't know what.**

She got home without incident, turned the key in the lock the wrong way a couple times before she remembered that it was, in fact the wrong way and turned it to the opposite side, banging her head on the door in frustration until it opened. Thankfully, the writings on the walls kept reminding her that doors were for openings. Every inch of the walls in her house were covered in instructions. She didn't remember who put them there. She didn't want them there, but the doctor says she needs them. So she must. Or maybe - Maybe what? Oh, nevermind. Salma followed the map on the floor and went to the kitchen, filled her glass half full of water (just as the instruction said) and gulped it down like an old duty that must continue. And she remembered that for a brief instant, she'd forgotten the taste of water. And she also remembered that she didn't want to forget it. She didn't want to forget anymore. She was tired of following the map. She was tired of the never ending walls staring her down, telling her what to do with her time. And she wanted - Wanted what? Oh! Nevermind... She was getting carried away, wasn't she? This isn't the way to think. What would the doctor say if he knew she thought so? Not good things, she was sure. No need to think so much. Must she always complicate things? The wall says that's enough thinking for a day. "Time for a nap!" the green lights on her clock announced. How true! It really was nap time. She had forgotten all about it. Salma glided absently to her bed, laid down precisely as the diagrams asked her to and closed her eyes. Sleep came tumbling in like a lost child finding home. And on its heels followed jarring colours and sharp shapes that morphed into people and places she thought she had forgotten. But it didn't bother her.

She was on the beach, collecting shells on a sunny day and her feet still hit the ground, leaving their prints. This must have been a long time ago. Or yesterday. She was drinking orange juice, laughing at someone she couldn't see, the smell of the oranges sickening her, sweetly. When was this?! Laughing was banned four years ago. She was crying through the rain, walking back home from the doctor's, forgetting to forget the dead people in the old city's basement. They had stuck her with a cold, cold needle that day. "This will help with the memories, " the nurse had said with one hand on the syringe and the other on her heart. "Forget it, darling. " Not the names of the dead! Not the basement! She was back on the beach, waiting for her grandfather's ship to take her back home. But he's not coming, he is one of the bodies in the basement, torn through with memories and stories. How busy getting killed was! She was watching the fireworks, wondering why people thought they were celebratory when all they did was remind her of the bombs in the dead city and the dying in the basements. She was back on the beach, waiting for the sun to rise. But this wasn't where you came for that, Salma.

You forget.





Again. She was back on the beach, reaching for the waves with her feet, scampering on wet sand, losing her balance in the water. Falling. She was back The nap timer went off like a bomb underwater. She was back on the beach. Why wake up? She didn't want what? Nevermind. Time to wake up.

Salma woke with a start, flinching at the saltless air in her apartment, wanting to be swallowed by the sea of history she had forgotten to remember. She wanted to see the sunrise. But she had forgotten where to come. Again. There was no sunlight in her bedroom, but there were those strange markings on its walls. And there were pictures: a woman folding her blankets, tucking her sheets, fluffing up her pillows, leaving. What were those squiggly markings? Why were they on her walls? What are they doing there? Did she put them there? She didn't think so. In that moment, she remembered the word tear. It was something like an eye drop - tear. Only this wasn't the kind of eye drop you put into your eyes, but the kind that slipped out. She had forgotten how to make it happen. But it was effortless once, that much she knew. But tear, that word! It meant something else too. A very long time ago, it meant to piece things into different parts, to undo, to rip. She didn't know if she could push those eye drops out, but she could tear alright. She was still figuring out how to do it, but those markings on the wall had to go, this much she knew. Who put them there anyway? And what use were they if she didn't know what they were? Salma stared hard at the wiry little drawings and she noticed that some of them kept repeating themselves, and some only deigned to appear occasionally. She wondered why the former category loved attention so much and the latter pretended not to care. Some audacity! Sitting on her walls and asking her to look, to notice them when she has so little on her mind already. Why did she have to look at them? She didn't. She didn't want to look at them! She wanted - She wanted to remember! Strange.



She hadn't wanted something for so long, she had forgotten how pressing wanting was. She couldn't bear this anymore. She couldn't look at those tiny little printed things one second longer. Salma scrambled out of bed and went the wall, she poked with her finger at the wallpaper, where those pictures and symbols were grinning at her. She wiggled her finger inside and pulled at the paper. Slowly. And it made a crunching squelch of a noise, progressing through the paper's length like wound about to bleed life. Sweet melody of a dying habit. She hadn't thought she could do this. She hadn't wanted to do this, once. But it was a beautiful sound; it reminded her of old notebooks and paper planes, scattered boats in a puddle of rain in her grandma's backyard, love letters torn in rejection splintering to pieces like the hearts that wrote them, her poems scrunched up into balls of disgust, their metaphors thrown on the floor like stones in a rubble. She wanted to remember. She wanted to tell her grandma that the rain wasn't so hard that day. It was only a drizzle, really, but she hated that word so she hadn't used it. Why belittle the efforts of the clouds? Drizzle was when you did things halfway, like chocolate syrup on a cake. Rain was rain. It had to be. Or her world would come crumbling down in the mouth of her words like an avalanche of underbaked pastries. She would not let that happen. Not again. Because this time, she would remember. Salma tore through the wallpaper, pulling them off her walls and piling them up in a corner where she wouldn't stumble on them. She saw there were drawings on her floors as well, maps and floor plans for the house, leading her to the bathroom, the kitchen, anywhere but where she wanted to go - the basement, the basement and its people. Her people. But that was in a lost city a long time ago, she didn't know what it was anymore. What happened to a lost city when it lost its people? The maps can stay a little longer. But she would get to them eventually, and she would make sure to draw new ones for herself. Maybe she should go back to the basement. Maybe they would still be waiting for her. But she knew that it was not so. She knew why the doctors didn't want her to remember. Did she have a family? Oh, that was confidential information, wasn't it? Nevermind. She would find out. She had forgotten, but her people wouldn't. Would they? No, they wouldn't, because they knew how to get to the sea. They knew how to sail away when the sun rose on its waters. But how many of them were in the basement? How many got out? She wanted to remember. And she wanted to remind. The world was "forgetful," finding ways to rid its memories of lost cities and losing people, remembering to bury its killed deep into its soils where they can rest forever forgotten. Salma worked her way through the paper.



When she got to the part near the door of the bathroom, and pulled it off, she found a drawing in crayon. A house in green with a red car in its porch, and a little stick girl etched into the white wall with black crayon. She smiled at it involuntarily, and then clapped her hands against her mouth. She thought she had forgotten how to smile! But suppose she hadn't. Suppose she hadn't! What does that mean? She would find that meaning some day. And she would hold on to it like a sailor held to her ropes. But now she wanted to remember the artist - who was it? She knew the girl. Was she her sister? Cousin? Her daughter? Did she have a family once? Oops. Confidential information. Salma giggled. And she thought she had forgotten! She thought she had forgotten the orange juice, Ajmal teasing her about her girlfriend, the beach with its sand that took her footprints like an offering of alms, the little artist waiting for her outside the bathroom, drawing her home into existence, her home! Where were they now? Salma didn't know how long it would take her to remember them, to be sure that she wasn't thinking in circles when she spoke of them. She didn't know how many of her memories would tear her to pieces and crumble her heart, crush it against her ribs like a flower pressed with grief. She didn't know how forgetting the doctors' symbols had made her remember.

She didn't know why the beach kept showing up in her dreams. But she knew that somewhere in the etymology of memory, there was happiness. She would not let them take it away again ●





Hamdha K
BA English

# THE LAND UNDEFEATED

A young girl plays outside on a sunny afternoon, moments before disaster strikes. She breathes in the cool air, grateful to be alive. The wind whistles and trees stand tall, shying away from sharing fables of its own. The child has food and her happiness knows no bounds. For the first time, she allows herself to believe that everything would be fine. A flash of light. A deafening noise. The world shifts, raining concrete. The air swims with debris. The wind howls and bare, charred trunks of trees loom on an Earth covered in remnants of a land undefeated. The weight of rubble presses onto the limp body of the girl. Her world is torn apart into multitudes of fragments of her shattered childhood. She was wrong. Life wasn't what she figured it to be. Was it ever going to be okay? She wasn't sure.

What had she done to deserve this? Nothing.

Her actions whisper nothing but innocence.






**The supposed land of the free - America - funds the genocide that is based entirely on racism and personal profit. With the leverage of having the stereotype of being 'civilized' on their side, first world countries are using their obvious privilege to their advantage.**

Her only charge was being born in Gaza, Palestine. Palestine - a land like no other, as well as a land like any other. The country stretches on, rightfully claiming its position on the map. Yet what makes it different from the others? An occupation, perhaps - that takes pleasure in terrorizing the country all the while calling themselves 'God's chosen people'.

The perpetrators manipulate the world into believing that Palestinians are undeserving of their right to live on their own land. This notion is as ridiculous as it is untrue. Palestine has become a great subject that dictates the stance of every individual. It is a scale, a measure that helps us peer deep into the psyche of a person to determine what kind of a person they are. Simply phrasing - whether they're complicit in the genocide or not. Freedom is a lie. It is a ploy practiced by bodies in power to make people feel like they are liberated enough to be in control of the world they live in. It's a believable, elaborate illusion.

The supposed land of the free - America - funds the genocide that is based entirely on racism and personal profit. With the leverage of having the stereotype of being 'civilized' on their side, first world countries are using their obvious privilege to their advantage. The colonizer countries who wave the banner of reformation from their older, barbaric ways to the newly civilized and respectable front have all revealed their true colours by supporting and providing arms for the oppressors. Some things never change, after all. These countries have turned their backs on compassion which will eventually lead to deep rooted hatred among people. As developed as we claim the world to be, it still is ruled by discrimination and of course, the greatest motivator of all - money. Targeted regions apart from Palestine like Sudan, Congo, Afghanistan and West Papua are all at the receiving ends of destruction for possessing resources such as gold, cobalt, copper and crude oil. This chart in itself is self-explanatory.

How far are they willing to go

for money?



SLICE OF RESISTANCE

**Israeli Prime Minister Benjamin Netanyahu openly claims the IDF 'the most moral army in the world'. What scale is morality being measured when these soldiers kill unarmed innocents in masses, assaulting hostages, subjecting them to forced starvation and torture?**

Does humanity not matter in the world anymore?

Another thing that has called my attention is the lack of emphasis on an entire set of perpetrators that work hand in hand with the Israeli army. Known by several names, I would prefer to call them by their common one - Reporters. They are more villainous than given credit for. Most news channels that have rested their support with the Zionists. To carry out their mission of dehumanizing Palestinians, they change keywords in articles to influence the thoughts of readers. For instance, calling it the 'Israel-Hamas conflict', further dismisses it as a war rather than a genocide. The terminology of 'Arab-Israel war' shows the Arabs in a barbaric and violent light. Calling unarmed citizens 'Gazan Militants' and using the term 'killed' while hiding the killers in obscurity are examples of the indirect impact of media influence. Israeli Prime Minister Benjamin Netanyahu openly claims the IDF 'the most moral army in the world'. What scale is morality being measured when these soldiers kill unarmed innocents in masses, assaulting hostages, subjecting them to forced starvation and torture? Where's the ethics in soldiers infiltrating a refugee camp disguised as humanitarian aid, murdering over 200 civilians?A hungry man killed whilst preparing food, whose body was found with untouched food still on the stove.

Ahmed Al-Najjar - the beheaded, one year old boy. He wasn't just a number. He had a name, a life, before it was stolen by Israel. How can such atrocities be justified on moral ground? Cultivating hatred and inflicting harm on people on the basis of religion or ethnicity is the lowest form of prejudice and the world has already achieved it. As of now, Gaza's death toll is at 37, 396, almost half of it children. They aren't just numbers. They were living, breathing people just like us. The world isn't blind. We hear and see the truth. Our generation cannot be silenced. We are with the Palestinians. We will condemn the occupation. We will make their voices known. From the river to the sea, Palestine will be free.

**Ceasefire now!**





Hanna
BA English

# ABNORMALIZING NORMALISATION

Once again I revisited the movie "Farha" (2021), directed by Jordanian writer Darin J Sallam. The film vividly portrays the harrowing atrocities of the 1948 'Nakba' through the eyes of its protagonist, Farha.

The spirited young girl continued daydreaming about her urban adventures with her dearest friend, Farida. Just as her father, the village head, had allowed her to pursue her education in the city, their village, along with many others, was suddenly attacked by the Zionist militia. Though the movie does not explicitly show the Zionist brutalities on anything Palestinian, the 'visceral horror' I felt every time I watched it is beyond words. Now as we are exposed to the ongoing genocide in Palestine through several social media platforms, we see burned bodies, beheaded babies, and bodies in pieces. We mistake missiles in their skies for stars, as our brightest minds fail miserably to comprehend the level of horror they go through.

For the past seven decades, the Israeli settlers have been trying to occupy Palestinian land by forcefully evicting its inhabitants. Israel has been relentlessly trying to wipe out Palestinian lives, let alone their memory, even before October 7th.

But the scale of destruction and devastation this time is like no other Within nine months, Israel has slaughtered over 50, 000 Palestinians, 60% of whom are women and children, wounded thousands, and displaced over 2 million Palestinians from their homes; all with the unwavering support from the United States.

Half the population is being systematically starved, while hundreds of aid trucks are unable to enter through the Rafah crossing. Carpet bombings and airstrikes have killed journalists, scholars, and healthcare workers all alike; and destroyed healthcare facilities, educational institutions, mosques, and churches.

The blockade of medical aid and electricity and the siege on hospitals have left newborn babies in incubators to death. Even the worst of medical emergencies has no option for anesthesia Palestinian mothers are having their wombs removed to stop the bleeding from childbirth! It sounds as unreal as real it is.

Within a span of a few months, there have been over half a dozen massacres including the 'floor massacre', the Nasser Hospital mass grave, and most recently, the Nusierat refugee camp massacre. Israel is shooting any unarmed civilians crossing into "kill zones" under the garb of "self-defense."

The recent reports on Palestinian detainees in "torture camps" exposed the mental and physical torture inflicted upon them; they were blindfolded, isolated, beaten, raped with electric sticks, and bitten by dogs! There was forced starvation and malnourishment. Not to our surprise, Nazi Germany had been the same.

The Israeli settler colonial project has been full-on while the so-called humanitarian organizations sit idle, doing nothing for the Palestinian cause. All the human-made apparatus is deemed equally unworthy for these people.

On the other hand, truly, Palestine is liberating us! It Freed us from slavery to countless false notions created and perpetuated by the West. The world believed the "West" to be the "superpower" and our "savior" no matter what, but not anymore.

The Western demand for oil has resulted in mass killings of Arabs. Now, the Western world's appetite for cobalt has killed millions of Congolese people. The Democratic Republic of Congo is facing one of the worst hunger crises in the world, with over 23 million people facing famine and food insecurity, along with armed conflict and widespread displacement over 25 years.

The Congolese genocide is one of the most forgotten ones in the world, not having any media coverage.





The ongoing persecution of Uyghur Muslims under Xi Jinping is yet another example. China is systematically erasing Uyghur people and culture by detaining them in "re-education camps" and forcibly mass sterilizing Uyghur women to suppress the population.

At the same time, the Rohingya of Myanmar, a mostly Muslim majority, have been described as "the most persecuted minority in the world."

Indian Muslims, Dalits, and Adivasis are no exception. Hate speech and mob lynchings have become quite frequent. The fascist regime, drawing inspiration from the Zionists, is bulldozing Muslim homes and detaining them infinitely without charges; not to forget the Kashmir. As there is an immediate mobilization worldwide for the Palestinian cause, we should not forget. how India has been implementing the "Israel model" in Kashmir.

For decades, their demand for freedom, or at least the right to self-determination has always met with immense repression from the government. People are harassed at checkpoints in the broad daylight daily. Lead-plated pellets used by the military forces have wounded and blinded many over the years, to cite the least of sufferings there. To prevent any form of resistance, internet, and telephone services are regularly cut off. There are laws similar to the Israeli policy of administrative detention that enable detaining anyone without charge.

'India has always tried to domesticate what was always an international issue, meaning that something that was one of the leading issues in the United Nations, along with Palestine, turned into a bilateral dispute between India and Pakistan,' Kashmiri historian Hafsa Kanjwal says. The Kashmiri struggle has always been their struggle for freedom or liberation.

Today, with around 700, 000 troops amid a population of 14 million, Kashmir is the most militarised place on earth. Many sympathizing with the resistance struggles round the globe do not acknowledge the Kashmiri struggle and the Indian government's active role in it.

Be it in Kashmir or Gaza, the Middle East, or the West, holding native populations under siege and occupation is not normal. And cannot be normalized.

While there are concerted efforts to normalize these atrocities and leave them to memory, as the younger generation, it is upon us to remember and not to forget…●

Minhath K V
BA English

# BABRI

## THE BEGINNING OF THE END

In the heart of Ayodhya where whispers of ancient tales echo through the entwining bylanes one can hear the silent cry of a beautiful structure, the Babri Masjid.

Once a Testament to cultural fusion, it's absence now marks witness to a painful discord.

It's destruction like thunder tearing through a tranquil Sky, tore across hearts, severing in the ties of harmony, leaving behind a schism of hatred and distrust. Each brick destroyed, was a blow on our Unity, a blow on our constitution. In its ruins, the silent echoes of prayers mingle with the throes of injustice. But as the new Mandir takes shape let each one of us remind ourselves, that religion are all about humans and love of humanity. No religion promotes killing fellow humans for building a Mandir, Masjid, Gurudwara, Church Or monasteryBelief is and should all be about peace and tolerance. What's done is done and cannot be undone. Let's keep the secular tapestry of our nation intact, making a firm attempt to mend the frayed parts then and there. Learn from history and not repeat our mistakes.

Jai Hind!



അഫ്ന ടി
MLISC

# ചമ്പൽ നദി



ഭൂപടത്തിൽ നിന്നിറങ്ങിപ്പോയി,
കടലായ് പരിണമിച്ച ചമ്പൽ നദി
ആരിൽനിന്നോ ഊറ്റിയെടുത്ത
പെയ്തുതീരാത്ത വേനൽമഴയാണ്
അവളിൽ ഉപ്പ് നിറച്ചത്.
ഇടവേളയില്ലാതെ,
ഉടുപ്പ് നനയാതെ,
തെരുവിൽ പാട്ടുപാടിയിരുന്നു
കടലാകുന്നതിന്നും മുൻപേ ചമ്പൽ.
ദൂരദർശിനികൾ കണ്ടെത്തിയിട്ടില്ലാത്ത
പ്രപഞ്ചങ്ങളുണ്ട് കടലിൽ;
ആകാശത്തിലെന്നപോല...
ചുഴികൾ തിരകൾക്കുള്ളിൽ പമ്മിയിരിക്കും;
കാട്ടുതീ മണമുള്ള കുളമ്പടിയൊച്ചകളെ
ഒറ്റവലിക്ക് വിഴുങ്ങി തുപ്പിക്കളയാൻ.
സുനാമിത്തിരയിലും കരയോടുള്ള
തൊട്ടുകൂടായ്മ
തെറ്റിച്ചതേയില്ല കടൽ;
തീയാൽ ബാക്കിയാക്കപ്പെട്ട കരി
പവിഴപ്പുറ്റുകളെ ചുട്ടുപൊള്ളിക്കുന്നത് പേടിച്ച്!
അടിത്തട്ടിൽ പുറംലോകമറിയാതെ പാമ്പും
കോണിയും കളിക്കാറുണ്ട്
വെള്ളത്തില് ശ്വസിക്കുന്ന മനുഷ്യർ.
ഏണിപ്പടികൾക്കപ്പുറം
പെരുമ്പാമ്പിനെകാണാത്ത കരുക്കൾ
കളിക്കളത്തിലേക്ക് തന്നെ പിന്നെയും
എടുത്തു ചാടും.
അന്നേരം ഭൂപടത്തിലെ മരുഭൂമിയിൽ
ഒരു നദി പതുക്കെപ്രത്യക്ഷപ്പെടും.
ആർക്കോ വേണ്ടി പെയ്യുന്ന മഴയിൽ
ചമ്പൽക്കാടുകൾ മുളച്ചുകൊണ്ടേയിരിക്കും

മുഹമ്മദ് അസ്‌ലം ഇ ടി
BA Sociology



# മനപ്പൂർവം മറന്ന 'ഉമർ ഖാലിദ്'

**പ്രിസണർ നമ്പർ 626710 അഥവാ ഉമർ ഖാലിദ്.**

നീതിനിഷേധത്തിന്റെയും അനീതിയുടെയും മേൽവിലാസമാണ് ഇന്നിത്. 626710 എന്ന ആറക്ക നമ്പർ ഉമർ ഖാലിദ് എന്ന വിദ്യാർഥിയുടെയും സാമൂഹിക പ്രവർത്തകന്റെയും മേൽവിലാസമാണ്. ഇങ്ങനെയുള്ള മേൽവിലാസങ്ങളും, മേൽവിലാസങ്ങൾ തേടുന്ന കത്തുകളും അനേകമായി തീരുന്നു.

ഇക്കഴിഞ്ഞ ദിവസങ്ങളിൽ ജെ എൻ യു വിദ്യാർഥി നേതാവും CAA NRC കാലത്തെ ഇന്ത്യൻ വിദ്യാർഥി സമൂഹത്തെ ഒന്നടങ്കം തെരുവുകളിലേക്ക് സമര പോരാട്ടവുമായി ഇറങ്ങാൻ പ്രചോദനമായ ഉമർ ഖാലിദിന്റെ ജാമ്യ ഹർജി കോടതി വീണ്ടും തള്ളിയിരിക്കുന്നത്. രാജ്യത്തെ കഴിഞ്ഞ അനേകം കാലങ്ങളായി താൻ ചെയ്ത തെറ്റ് അറിയാതെ ജയിലറകളിൽ കഴിയുന്ന നിരവധി അനവധി തടവുകാരെ ചരിത്ര താളുകളിൽ നമുക്ക് കാണാം. അബ്ദുന്നാസർ മദനി, ടീസ്റ്റ സെൽവബട്ടും, അരുന്ധതി റോയും, അവരിൽ ചിലർ മാത്രം. അധികാര വർഗത്തിന് എതിരായിട്ടുമുള്ള അവരുടെ അനീതിക്കും പ്രത്യേക മത വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങളുമെല്ലാം ഒരു ഹിന്ദുത്വവാദ സർക്കാർ അധികാരത്തിൽ എത്തിയത് മുതൽ നമ്മൾ കാണുന്നതാണ്. അതിന്റെ പ്രതീകം തന്നെയാണ് ഉമർ ഖലീദും. തനിക്കെതിരെ പോലീസും മാധ്യമങ്ങളും നടത്തുന്ന വ്യാജ പ്രചാരണങ്ങളെക്കുറിച്ച് തടവറയിലായി രണ്ട് വർഷം പിന്നിട്ടപ്പോൾ തന്റെ സുഹൃത്തിനെഴുതിയ കത്തിൽ ഉമർ പറയുന്നുണ്ട്. ശത്രുപക്ഷത്തുള്ളവരുടെ പ്രചാരണത്തെ എങ്ങനെ നേരിടുമെന്ന ആശങ്ക ഉമർ ആ കത്തിൽ പങ്കുവയ്ക്കുന്നു. 'വിദ്വേഷത്തിന്റെയും കളവിന്റെയും ഭീകരതയെ എങ്ങനെ നേരിടും? വിദ്വേഷ പ്രചാരകർക്ക് പണമുണ്ട്, വിധേയരായ ന്യൂസ് ചാനലുകളുണ്ട്. പിന്നെ ട്രോൾ സംഘങ്ങളുണ്ട്. ചിലപ്പോൾ എനിക്ക് വല്ലാതെ ഒറ്റപ്പെടൽ അനുഭവപ്പെടുന്നു. പൗരത്വ നിയമത്തിനെതിരെയും ഫാസിസത്തിനെതിരെയും പോരാടുന്ന എന്നെക്കാൾ പ്രിവിലേജുള്ള ചില ആളുകൾ ഇപ്പോൾ നിശബ്ദരായിരിക്കുന്നു. അതേ സമയം വ്യാജ പ്രചാരണത്തിന് എന്നെ തിരഞ്ഞു പിടിക്കുകയും ചെയ്യുന്നു. ഇതൊന്നും വ്യക്തിപരമല്ലെന്ന ബോധ്യം മാത്രമാണ് ഇപ്പോൾ എനിക്ക് ആശ്വാസം തരുന്നത്. എന്റെ അറസ്റ്റും ഒറ്റപ്പെടുത്തലുമെല്ലാം ഒരു വിശാലമായ പദ്ധതിയുടെ പ്രതീകാത്മകത മാത്രം ഉൾകൊള്ളുന്നതാണ്. അതായത് മുസ്‌ലീങ്ങൾക്കെതിരായ നീക്കത്തിന്റെ പ്രതീകം മാത്രം.'



പൗരത്വ ഭേദഗതി പ്രതിഷേധങ്ങളുടെ മറവിൽ വർഗീയ കലാപങ്ങൾ, കേന്ദ്ര സർക്കാരിനെതിരായ നീക്കം, റോഡ് തടയുക എന്നിവ ആസൂത്രണം ചെയ്തെന്ന പേരിൽ അറസ്റ്റ് ചെയ്യപ്പെട്ട 18 പേരിൽ ഒരാളായിരുന്നു ഉമർ ഖാലിദ്. ഇത്തരം കേസുകളിൽ അറസ്റ്റിലായവരിൽ അധികവും 2014ന് ശേഷമുള്ള പല കേസുകളിലെ പോലെതന്നെ വിദ്യാർഥികളും ആക്ടിവിസ്റ്റുകളുമായിരുന്നു. ഡൽഹി കലാപകേസിലെ പോലീസിന്റെ വാദങ്ങളിൽ പലതും വ്യാജമാണെന്നും കെട്ടിച്ചമച്ചതാണെന്ന് കോടതികൾ തന്നെ കണ്ടെത്തിയിരുന്നു. പോലീസ് ഹാജരാക്കിയ പ്രോസിക്യൂഷൻ സാക്ഷികൾ പോലും കോടതികളിൽ വെള്ളംകുടിക്കുന്ന കാഴ്ചകൾ രാജ്യം കണ്ടതാണ്. കാര്യങ്ങൾ ഇങ്ങനെയാണെന്നിരിക്കെ തന്നെയാണ് കോടതികൾ ഉമറിന്റെ ജാമ്യാപേക്ഷകൾ നിരസിച്ചുകൊണ്ടേയിരുന്നത്. ജയിൽ നിയമവും ജാമ്യം അപവാദവുമായി മാറിയിരി

**ഡൽഹി കലാപകേസിലെ പോലീസിന്റെ വാദങ്ങളിൽ പലതും വ്യാജമാണെന്നും കെട്ടിച്ചമച്ചതാണെന്ന് കോടതികൾ തന്നെ കണ്ടെത്തിയിരുന്നു. പോലീസ് ഹാജരാക്കിയ പ്രോസിക്യൂഷൻ സാക്ഷികൾ പോലും കോടതികളിൽ വെള്ളംകുടിക്കുന്ന കാഴ്ചകൾ രാജ്യം കണ്ടതാണ്. കാര്യങ്ങൾ ഇങ്ങനെയാണെന്നിരിക്കെ തന്നെയാണ് കോടതികൾ ഉമറിന്റെ ജാമ്യാപേക്ഷകൾ നിരസിച്ചുകൊണ്ടേയിരുന്നത്.**

ആഷിഖ് പി എം
B.Com CA

# വിദ്യാർഥിസമരത്തെ ഒരു വിദ്യാർഥി നോക്കിക്കാണുന്നു



## 1975: അടിയന്തരാവസ്ഥയും, തിരമാലകളും

ജവഹർലാൽ നെഹ്രു സർവകലാ ശാലയുടെ (ജെ.എൻ.യു) തിരതടങ്ങ ളിൽ 1975-ൽ അടിയന്തരാവസ്ഥയുടെ നിറം ചാലിക്കുന്നിടത്തും, വിദ്യാർഥിക ളുടെ ഒഴുക്കുകൾ ഒരു വൻ പുഴയായി പൊങ്ങിയിരുന്നു. ഇന്ദിരാഗാന്ധിയുടെ അധികാരം, ഒരു വലിയ അണക്കെട്ടു പോലെ അവരെ തടയാൻ ശ്രമിച്ചെങ്കി ലും, സീതാറാം യെച്ചൂരിയുടെ നേതൃ ത്വത്തിലുള്ള വിദ്യാർഥി നീരൊഴുക്കു കൾ ആ അടിയന്തരാവസ്ഥയെ തകർ ത്ത് കടന്നുപോയി. 1977-ൽ, വിദ്യാർ ഥികൾ ഇന്ദിരാഗാന്ധിയുടെ വീട്ടിലേ ക്ക് മാർച്ച് ചെയ്തപ്പോൾ, നദി ആവ ശ്യപ്പെട്ട ഒരു തീരത്തിന്റെ പേരിലായി രുന്നു, സമാധാനത്തിന്റെ തീരം.

## 2024: ബംഗ്ലാദേശിൽ പുഴയുടെ പൊക്കം

2024 ജൂലായ് 1-ന്, ബംഗ്ലാദേശിൽ കുളിർമരങ്ങളുടെ കീഴിലെ വിദ്യാർഥി കൾ അവരുടെ പ്രവാഹം എവിടെ നിറ ഞ്ഞുനിന്നുപോയതോ അവിടെ പുനരു ദ്ധരിക്കാൻ ആരംഭിച്ചു. സംവരണ വ്യ വസ്ഥകളുടെ മൂർച്ചയിൽ അടർന്നൊഴു കിയ തങ്ങളുടെ പ്രതിരോധത്തിന്റെ പു ഴ, ധാക്ക സർവകലാശാലയിലെ നഹീ ദുൽ ഇസ്‌ലാമിന്റെ കയറ്റങ്ങൾ അതിർ ത്തികൾ കടന്നുപോയതുപോലെ വി റക്കിച്ചു.

സമരങ്ങൾ തങ്ങൾ തീരങ്ങളി ല്ലാത്ത ഒരു സമുദ്രമായ് മാറിയപ്പോ ഴാണ് വിരുദ്ധ കക്ഷികളും തിരിച്ചറി ഞ്ഞത്. ബംഗ്ലാദേശിന്റെ മണ്ണിൽ, ഒരു ആവേശംകൊണ്ട് പാഞ്ഞുനടന്ന പുഴ, പ്രപഞ്ചത്തിന് മുന്നിൽ മാറാത്ത അഭി മാനമായി.

വിദ്യാർഥി സമരത്തിന്റെ കാലിക മായൊരു ഉദാഹരണമാണ്. വിദ്യാർഥി യെന്തിന് സമരം നടത്തണം? സാധു വായ ചോദ്യമാണ്, കാലാന്തര സംവാദ വിഷയമാണ്. വിദ്യാർഥി സമരം നടത്തി യില്ലെങ്കിൽ എന്തു സംഭവിക്കും? ഒന്നും നടക്കില്ല, അവർ ലോകമെന്തെന്ന് തിരി ച്ചറിയുന്നതേ ഉള്ളൂ എന്ന് പറഞ്ഞ് വെ ക്കുന്നവരോട് ചില കഥകൾ പറയാനു ണ്ട്. വിദ്യാർഥി രാഷ്ട്രീയത്തിലിറങ്ങിയ കഥകൾ, അവകാശലംഘനത്തിനെ തിരേ രാഷ്ട്രീയത്തിലതീതമായി പോ രാടിയ കഥകൾ . വിദ്യാർഥികൾ പഠി ക്കേണ്ടവരാണെന്നും അല്ലാതെ സമര ത്തിനിറങ്ങി പഠിപ്പു മുടക്കി വേണ്ടാത്ത (?) അവകാശങ്ങൾ നേടിയെടുക്കേണ്ട വരല്ലന്നും പറയുന്ന അനേകായിരം പേരുണ്ട്. അവരുടെ പക്ഷം വിദ്യാർ ഥിയെന്നാൽ കോരിക്കൊടുത്തു വളർ ത്തേണ്ട (spoon feeding) വനാണെന്നാ ണ്. എന്നാൽ അർഥിക്കുന്നവൻ അർ ഥം കണ്ടെത്താൻ സ്വയം -മറ്റുള്ളവരു ടെ സഹായത്താലും - വഴി തെളിയി ക്കുന്നവനായല്ലേ വിദ്യാർഥിയെ കാ ണേണ്ടത്? പറഞ്ഞു വരുന്ന വിദ്യാർഥി കൾ കോരിക്കൊടുക്കൽ പ്രായം കഴി ഞ്ഞവരാണ്. ലോകത്തെ കുറിച്ച് പൂർ ണ്ണമല്ലെങ്കിലും ചെറുതായ ചില ധാര ണകൾ വച്ചു പുലർത്തുന്നവരാണ്. സ്വ യം തിരിച്ചറിവിന്റെ ഘട്ടങ്ങളിലൂടെ കട ന്നു പോകുന്നവരാണ്. അങ്ങനെയൊ ക്കെയുള്ള ഒരു വിദ്യാർഥി അവർക്കും കണ്ടു നിൽക്കുന്നവർക്കും ന്യായമെന്ന് ഒരു പോലെ ബോധ്യപ്പെട്ട കാര്യങ്ങൾ നേടിയെടുക്കാൻ ശ്രമങ്ങൾ നടത്തുന്നു എന്നത് പ്രധാനം തന്നെയല്ലേ. ഇങ്ങനെ യൊക്കെയുള്ള സമരങ്ങൾക്ക് ഇന്നോ ഇന്നലെയോ മാത്രമല്ല ലോകം സാ ക്ഷിയായിട്ടുള്ളത്. പല വിപ്ലവാത്മക രാഷ്ട്രീയ സംഭവവികാസങ്ങൾക്കെല്ലാം വിദ്യാർഥി ഹേതുവായിട്ടുണ്ട്.

മാറിച്ചിന്തിക്കുന്നവനായ വിദ്യാർ ഥി സമരത്തിലിറങ്ങുന്നത് പലരുടേയും ഉറക്കം കെടുത്തിയേക്കാം. എന്നാൽ ഗുണകരമായ രാഷ്ട്രീയ സമരവക്താ ക്കളുടെ സാന്നിധ്യം അധികാരികളെ - അവർ ആര് തന്നെ ആയിക്കോട്ടെ ജാ ഗരൂകരാക്കുന്നു. സമരമെന്നത് അത് സമാധാനപരമാവുന്നിടത്തോളം കാ ലം വിദ്യാർഥിക്ക് അവന്റെ അസ്ഥി ത്വവും സ്വത്വബോധവും സ്ഥിരപ്പെടു ത്താനുള്ള കരുവാണ്. അസമാധാന പരമാവുമ്പോൾ അതിന്റെ അർഥതല ങ്ങൾക്ക് പല നിലക്കും മാറ്റങ്ങൾ സം ഭവിച്ചേക്കാം. എങ്കിലും ഒരു വിദ്യാർ ഥിയെ സംബന്ധിച്ചിടത്തോളം ഉന്ന യിച്ച ആവശ്യങ്ങൾ പൂർത്തീകരിക്കു ന്നത് വരെ അവൻ പിന്മാറില്ല. അവിടെ മറ്റുള്ളവർ ശാഠ്യമെന്നും കുട്ടിത്തമെ ന്നും വിളിക്കുന്ന യുവത്വത്തിന്റെ ചോ രത്തിളപ്പാണ് തെളിയുന്നത്. ആയിട ങ്ങളിലൊക്കെ മുഴങ്ങി കേൾക്കുന്നത് ഉത്തരം വേണ്ടാത്ത ഈ ചോദ്യങ്ങളാ ണ്. ഞങ്ങൾക്ക് വേണ്ടി ഞങ്ങൾ ശബ്ദി ച്ചിട്ടില്ലെങ്കിൽ പിന്നെയാര് ശബ്ദിക്കും? ഞങ്ങൾക്ക് ശബ്ദമുണ്ടായിരിക്കെ ശബ്ദ മില്ലാത്തവർക്ക് ശബ്ദമാവുന്നതിൽ പ്രശ് നമെന്താണുള്ളത്?



മുഖ്യധാരാ രാഷ്ട്രീയത്തിൽ നിന്നും വിദ്യാർഥി രാഷ്ട്രീയത്തെ പല അവസരങ്ങളിലും വേറിട്ടു തന്നെ നോക്കിക്കാണണം. നഹീദുൽ ഇസ്‌ലാമിന്റെ സുഡന്റ് എഗൈൻസ്റ്റ് ഡിസ്ക്രിമിനേഷനും ഗ്രേറ്റ തുംബെർഗിന്റെ ഫ്രൈഡേയ്സ് ഫോർ ഫ്യൂചറും അതിന്റെ ചില ഉദാഹരണങ്ങൾ മാത്രം. വിദ്യാർഥിയുടെ രാഷ്ട്രീയം അവന് ശരിയെന്നു തോന്നുന്നിടത്താണ്. ഗ്രേറ്റ തുംബെർഗ് സ്വീഡനടക്കമുള്ള രാജ്യങ്ങൾ വൻതോതിൽ കാർബൺ പുറന്തള്ളുന്നുണ്ടെന്ന് മനസ്സിലാക്കിയതാൽ നിന്നാണ് ഫ്രൈഡേയ്സ് ഫോർ ഫ്യൂചർ ഉണ്ടാവുന്നത്. അത് പിന്നീട് ലോകം മൊത്തം ഏറ്റെടുക്കുകയുണ്ടായി. തന്റെ ശരി യഥാർഥ ശരിതന്നെ യായിരുന്നുവെന്ന് അടയാളപ്പെടുത്തി ഫ്രൈഡേയ്സ് ഫോർ ഫ്യൂചർ. ഇങ്ങനെ വിദ്യാർഥി എടുക്കുന്ന ശരികളിലധികവും ശരി തന്നെയാണെന്ന് തെളിയിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു. അങ്ങനെ രാഷ്ട്രീയ നാടകങ്ങൾക്കതീതമായ ഒരു രാഷ്ട്രീയം രൂപപ്പെടുത്തുന്നതിൽ വിദ്യാർഥി പ്രധാന പങ്കു വഹിക്കുന്നു.

"സാറേ ഒരു ഹേതുവങ്ങെടുക്ക് സമരമുണ്ടാക്കി തരാം" എന്നു പറയാറുള്ള കുഞ്ഞനന്തനെ അക്ബർ കക്കട്ടിലിന്റെ 'സ്കൂൾ ഡയറി'യിൽ കണ്ടവരാണ് നമ്മൾ. ഇത്തരം കുഞ്ഞനന്തന്മാർ ഒരു കാലത്ത് നമ്മുടെ കലാലയങ്ങളിൽ സജീവമായിരുന്നു. കാലത്തിനൊപ്പം രക്ഷ്ട്രീയ പ്രബുദ്ധമായിരുന്ന കലാലയങ്ങൾ പലതും മാറിക്കഴിഞ്ഞു. രാജ്യത്തിന് മുതൽകൂട്ടാവാൻ പഠിക്കുക എന്നതിൽ നിന്നും രാജ്യം വിടാൻ വേണ്ടി പഠിക്കുക എന്നതിലെത്തിയ വിദ്യാർഥികളെയാണ് ഇന്ന് നാം കാണുന്നതൊക്കെയും. ഇവർക്കിടയിൽ രാഷ്ട്രീയത്തിന് എന്തു സ്ഥാനം. സമരം വിളിക്കാൻ പോയിട്ട് പങ്കെടുക്കാനോ അല്ലെങ്കിൽ തന്റേതായ ആദർശമുണ്ടാക്കാനോ ഒരുമ്പെടാത്തവർ ഇത്തരക്കാരിലുണ്ടായിരിക്കേ എങ്ങനെ നമ്മുടെ കലാലയങ്ങൾ രാഷ്ട്രീയ പ്രബുദ്ധമാവും? പറഞ്ഞു വന്നത് ഇപ്പോഴത്തെ കേരളത്തിലെ കലാലയങ്ങളുടെ അവസ്ഥയാണ്. ഇത്തരമൊരു സ്ഥിതിവിശേഷത്തിൽ ആശ്വാസം കൊള്ളുന്ന ഒരുപാട് പേരുണ്ടാകാം. അവർക്ക് മുന്നിൽ കാണിക്കാനുള്ളത് എം. എസ്. എഫിൽ നിന്ന് ഉയർന്നു വന്ന സി. എച്ച്. മുഹമ്മദ് കോയ, കെ. എസ്. യു. വിൽ നിന്നും തുടങ്ങിയ ഉമ്മൻ ചാണ്ടി, എസ്. എഫ് ഐയിൽ സജീവമായിരുന്ന സീതാറാം യെച്ചൂരി തുടങ്ങിയ വിദ്യാർഥി രാഷ്ട്രീയത്തിൽ ആരംഭിച്ച നല്ല രാഷ്ട്രീയ ജീവിതം കാഴ്ചവെച്ചവരെയാണ്. അതിനാൽ സമരങ്ങളും രാഷ്ട്രീയവും നല്ല നേതാക്കന്മാരെ വാർത്തെടുക്കാനും സഹായമാകുമെന്ന് സ്ഥാപിക്കപ്പെട്ട വാദം തന്നെ.

കഴിഞ്ഞ കാലമത്രയും വിദ്യാർഥി സമരങ്ങളും പ്രക്ഷോഭങ്ങളും നമ്മെ ഇരുത്തിച്ചിന്തിപ്പിച്ചിട്ടേയുള്ളൂ. 'മുതിർന്നവർ'ക്ക് 'മനസ്സിലാക്കാൻ' കഴിയാത്ത കാര്യങ്ങൾ വിദ്യാർഥികൾക്ക് എങ്ങനെ മനസ്സിലാവുന്നു എന്ന ചിന്ത നല്ലതാണ്. വിദ്യാർഥികൾ അനങ്ങുമ്പോൾ മുതിർന്നവർ അതിനെ ഏറ്റെടുക്കുന്നത് അപൂർവ കാഴ്ചയൊന്നുമല്ല. ഉദാഹരണങ്ങളായി നമ്മുടെ മുന്നിൽ സി.എ.എ. എൻ.ആർ.സി. സമരങ്ങളുണ്ട്. ഒരു പക്ഷേ രാജ്യത്തെ പ്രമുഖ കാമ്പസുകൾ സമരത്തിനായി ഉൾത്തിരിഞ്ഞിട്ടില്ലായിരുന്നെങ്കിൽ അതിനത്രത്തോളം തീവ്രതയേറാൻ കാലതാമസമെടുക്കുമായിരുന്നു എന്നത് യാഥാർഥ്യം. അതിനാൽ സമരോത്സുകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കലാലയങ്ങൾ തയ്യാറായിരിക്കണം. രാഷ്ട്രീയ പരിസരങ്ങളെ നിയന്ത്രണങ്ങൾ കൊണ്ട് വരിഞ്ഞു മുറുക്കാത്തിടത്തോളം കാലം കലാലയ രാഷ്ട്രീയം ഗുണകരമാവും. നിയന്ത്രണങ്ങൾ ശക്തവും പ്രഹസനങ്ങളുമായിത്തീരുമ്പോൾ അണ പൊട്ടിയൊഴുകുന്ന അവസരം ഉണ്ടാക്കിയേക്കാം. അതുകൊണ്ട് ആരോഗ്യകരമായ വിദ്യാർഥി രാഷ്ട്രീയം നിലനിൽക്കാനുള്ള സാഹചര്യം കലാലയങ്ങളിലുണ്ടാക്കുന്നതിൽ കൂടുതൽ ഊന്നൽ നൽകുകയാണ് വേണ്ടത്. ജനാധിപത്യ സംവിധാനം നിലനിൽക്കുന്നിടത്തോളം കാലം വിദ്യാർഥിരാഷ്ട്രീയത്തിന്റെ പ്രസക്തി ചോർന്നു പോവില്ലെന്ന് തീർച്ച.




സഅദ് സി ടി
MLISC



# അക്ഷരം 'പ്രതി'

ഞാനൊരു പ്രതി.
ആശയങ്ങളെ മോഷ്ടിച്ച പ്രതി.
താളുകളിൽ മഷിയായി പടർന്ന്
പലരെയും കുത്തി നോവിച്ച പ്രതി.
ജീവനെടുത്തില്ലെങ്കിലും ജീവിതങ്ങളെ
അപഹരിച്ച പ്രതി....
നിങ്ങളെന്നെ ചട്ടകൾക്കുള്ളിൽ
തടവിലാക്കി, നിശ്ശബ്ദതയുടെ
ജയിൽകുപ്പായം ധരിച്ചവനാക്കി,
ഭയത്തിന്റെ കോടതിയിൽ
വിചാരണ ചെയ്ത് പ്രതിയാക്കി.
നിങ്ങൾ 'ആരെയൊക്കെയോ'
അനുസരിക്കുന്നു;
അക്ഷരംപ്രതി..
വിധേയരായ നിങ്ങൾ വിളിച്ചു കൂവുന്നു
'അക്ഷരം തന്നെ പ്രതി...!'

ഫാത്തിമ ജാഫർ
BA Sociology

# ഒഴുകുന്ന ജാതി നദി:



നദികൾ ഭൂമിയെ ആകർഷണാത്മകമായി മാറ്റിമറിക്കു
ന്നതുപോലെ, ഇന്ത്യയിലെ ജാതി വ്യവസ്ഥയും സാ
മൂഹികരീതികളെ രൂപപ്പെടുത്തുന്ന ശക്തമായ പ്രതിഭാസമാ
യി നിന്നു. ഒരു നദി ചിലപ്പോൾ ആഴമാക്കിയ വഴികൾ ഭൂമി
ക്ക് സാരമുള്ള ഉപജീവനവും നൽകുമ്പോൾ, മറ്റൊരിടത്ത്
അതിന്റെ കരകളിൽ ജീവിക്കാനാവാത്തവരെ പുറന്തള്ളുന്ന
വിധത്തിൽ ജാതി വ്യവസ്ഥയും സമൂഹത്തെ പൊട്ടിക്കീറാ
നും ജാതിഭേദത്തെ ഉറപ്പിക്കാനും ഉപയോഗപ്പെട്ടു. ചരിത്രപ
രമായി, 'അയിത്ത ജാതികൾ' എന്നറിയപ്പെടുന്നവർ ഈ ഒഴു
ക്കിന്റെ മറവിൽ പൂർണ്ണമായും പുറന്തള്ളപ്പെടുകയും, സാംസ
്കാരികവും സാമ്പത്തികവുമായ കരകളിൽ നിന്ന് തള്ളപ്പെടു
കയും ചെയ്തു.

ഇന്നും, ഈ ചരിത്രത്തിന്റെ തരംഗങ്ങൾ സമൂഹത്തിൽ
ദൃശ്യമാവുന്ന സാഹചര്യത്തിലാണ് ജാതി സെൻസസ് എന്ന
ഒരു പരിഷ്കാര സാധ്യത ഉയർന്നു വരുന്നത്. ജാതി വ്യവസ്ഥ
യുടെ ആഴങ്ങളും അതിന്റെ വിഭജനങ്ങളും ശരിയായി രേഖ
പ്പെടുത്തുന്നതിലൂടെ, സംവരണവും വികസനവും കുടികൊ
ള്ളാത്തവർക്ക് പിന്തുണ നൽകാനാണ് ലക്ഷ്യം. എന്നിരുന്നാ
ലും, നദിയൊഴുക്ക് പുതുതായി വഴിമാറുന്നതുപോലെ, ഈ
നിർദേശങ്ങളും സമൂഹത്തെ എങ്ങോട്ടുകൊണ്ടുപോകുമെന്ന്
പറയാനാവില്ല ഒന്നാം തലത്തിൽ ഇത് ഐക്യം കൊണ്ടുവ
രുമെന്ന് പ്രതീക്ഷിക്കപ്പെടുമ്പോൾ, അതേ സമയം വർഗീയത
കൂടുതൽ ആഴപ്പെടുത്താനും സാധ്യതയുണ്ട്.

ഇന്ത്യ ഒരു സമൃദ്ധമായ സാംസ്കാരിക നദീതടമാണ്,
ഭൂപ്രദേശങ്ങളിലെ ഭാഷകളും മതങ്ങളും സാമൂഹ്യരീതികളും
ഇതിന്റെ പ്രധാന സ്രോതസ്സുകളാണ്. നദിയോടൊപ്പം ഉയർ
ന്നെഴുന്നേൽക്കുന്ന കരകൾ പോലെ, ജാതി സമൂഹത്തിൽ
സമ്മർദ്ദവും വിഭജനം നടത്തുന്നു.

ജാതി സെൻസസ് അതിന്റെ സാമൂഹ്യ സങ്കീർണ്ണതകളെ
മനസ്സിലാക്കുന്നതിലൂടെ സമാനതയും നീതിയും ഉറപ്പാക്കാൻ
കഴിയും എന്നുമാണ് പലരും വിശ്വസിക്കുന്നത്. പക്ഷേ, ഒരു
നദി പൊങ്ങിക്കയറുമ്പോൾ ഉരുൾപ്പൊട്ടലുകൾ ഉണ്ടാകുന്ന
തുപോലെ, ജാതിയെ കുറിച്ച് കൂടുതൽ ശ്രദ്ധിച്ചാൽ സമൂഹ
ത്തിലെ തിരിവ് വർധിപ്പിച്ചേക്കാം, ജാതിയെ കൂടുതൽ ശക്ത
മായ തിരിച്ചറിയലാക്കി മാറ്റാനും സാധ്യതയുണ്ട്.

ഡോ. ബി. ആർ. അംബേദ്കർ, ഇന്ത്യയുടെ ഭരണഘടന
യുടെ സ്രഷ്ടാവ്, സാമൂഹിക നീതിക്കായുള്ള നദിയുടെ ഒഴു
ക്ക് തിരിച്ച് പുതുവഴികൾ തുറക്കണ
മെന്നുറച്ച് പ്രവർത്തിച്ചു. സംവരണം
എന്ന പ്രാതിനിധ്യം, ജാതി വ്യവസ്ഥയു
ടെ പിടിത്തത്തിൽപ്പെട്ടവർക്ക് സമൂഹ
ത്തിൽ തുല്യത ഉറപ്പാക്കുന്ന ജലാശയ
മെന്ന നിലയിൽ അദ്ദേഹത്തിന്റെ ദർശ
നം നടപ്പാക്കി. അംബേദ്കർ 'അയിത്ത
ജാതികൾ'ക്ക് വിദ്യാഭ്യാസവും രാഷ്ട്രീ
യവും പൊതുജനവിഭാഗങ്ങളായും
അംഗീകാരം നൽകണമെന്നത് തന്റെ
പോരാട്ടമായിരുന്നു.

എന്നിരുന്നാലും, ഇന്നത്തെ രാ
ഷ്ട്രീയ സംവിധാനങ്ങൾ, അംബേദ്ക
റിന്റെ ദർശനത്തിൽ ഉറച്ചുനിൽക്കുന്നു
ണ്ടോ എന്നു ചോദിക്കാവുന്നതാണ്.
ജാതി സെൻസസ്, അദ്ദേഹം ഉദ്ദേശിച്ച
സമത്വത്തിന് പകരം, ജാതി തിരിച്ചറി
യൽ കൂടുതൽ ശക്തിപ്പെടുത്തുന്ന ഒരു
ഉപാധിയായി മാറുമോ എന്ന ആശങ്ക
ശക്തമായി നിലനിൽക്കുന്നു. ജാതി തി
രിച്ചറിയലിന് മുന്നിൽ സമത്വം തേടി
യുള്ള യാത്ര തടസ്സപ്പെടുകയാണെന്ന്
ഭയപ്പെടുന്നവരുണ്ട്.

മണ്ഡൽ കമ്മീഷൻ, ഇന്ത്യയിലെ
ജാതിഭേദത്തിന്റെയും അധികാര-വിപ
രീതികളുടെയും ആഴം തെളിയിച്ച ഒരു
സമഗ്ര പഠനം പോലെ, ജാതി സംവര
ണം കൂടുതൽ സാമൂഹിക നീതി ഉറ
പ്പാക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ,
ഉയർന്ന ജാതികൾ ഇതിനെ ശക്തമാ
യി എതിർത്തുവെന്നും അത് അസമ
ത്വം കൂടുതൽ ശക്തിപ്പെടുത്തുന്ന ഒരു
സംവിധാനമായി മാറുമെന്നും പലരും
പറഞ്ഞു.

ജാതി സെൻസസ് സമുദായ വികാ
സത്തിനായുള്ള ഒരു പ്രധാന ഉപകരണ
മാണെങ്കിലും, അതിന്റെ ഉപയോഗം രാ
ഷ്ട്രീയ വിഭജനങ്ങൾ കൂടുതലായി സൃ
ഷ്ടിക്കാനാണ് സാധ്യതയെന്ന് വിമർശ
കർ പറയുന്നു. നദികൾ പോന്നുചേ
രുന്ന സ്ഥലങ്ങളിൽ തടയണകൾ നിർ
മിക്കുന്നതുപോലെ, ജാതി തിരിച്ചറിയ
ലിനെ വളർത്തിക്കൊണ്ട്, മറ്റു പ്രധാന
മായ വ്യവസ്ഥിതികളെയും അവഗണി
ക്കാൻ ഇടവരാൻ സാധ്യതയുണ്ട്.

ജാതി സെൻസസ്, ഒരു സമുദായ
ത്തിന്റെ ശരിയായ പ്രാതിനിധ്യം ഉറപ്പാ
ക്കാനുള്ള ഒരു ശ്രമം ആകുന്നു. ഒരു
നദി കുത്തൊഴുക്കിന്റെ അതിമുഹൂർത്ത
ത്തിൽ എല്ലാ പരിസരങ്ങളെയും തൊ
ടുന്നത് പോലെ, ജാതി സെൻസസും
സമുദായത്തെ സമൂഹത്തിൽ എല്ലായി
ടത്തും വരുത്താനാണ് ലക്ഷ്യമിടുന്നത്.

എന്നാൽ, ഇതിനു നദിയുടെ മറ്റ് മാ
റ്റങ്ങൾ പോലെയുള്ള അപകടങ്ങളുണ്ട്.
ജാതി തിരിച്ചറിയൽ അധികമാകുന്നത്,
സാമുദായിക ഐക്യം തകർത്തേക്കാം.
സമുദായതലത്തിലുള്ള വിഭജനങ്ങൾ
ശക്തിപ്പെടുത്തുന്ന തരത്തിൽ ഇത് കൂ
ടുതൽ വർഗീയത സൃഷ്ടിക്കുമെന്ന് വി
മർശകർ വാദിക്കുന്നു. അതേ സമയം,
സാംസ്കാരിക സാമൂഹിക സമത്വവും
നീതിയും ഉറപ്പാക്കുന്നതിന് ഈ സെൻ
സസ് വളരെയധികം പ്രസക്തമാണ്.

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുക
ളിൽ, സർക്കാർ വ്യവസ്ഥകളും ബ്യൂ
റോക്രസിയും ജാതിയെ അടിസ്ഥാന
മാക്കി സാമുദായിക വിഭജനങ്ങൾക്കാ
യി സമൂഹത്തെ വഴി മാറ്റിയിട്ടുണ്ട്. കീ
ഴാള ജാതികൾക്ക് കൂടുതൽ അവസര
ങ്ങൾ നൽകാനുള്ള സമുദായ പോളി
സികൾ, നീതി ഉറപ്പാക്കുന്നതിനുള്ള
ശ്രമം ആകുമ്പോഴും, അതിന്റെ ഉപ
യോഗം അധികാര വിഭജനത്തിന്റെ
ആഴം കൂടി വർധിപ്പിക്കാനാണ് സാ
ധ്യത.

ജാതി സെൻസസ്, ഈ നദിയുടെ
ഒഴുക്ക്, ഉത്തരം നൽകാനാകുമെങ്കി
ലും, വലിയൊരു ചുടുപിടിച്ച സാമൂ
ഹിക രാഷ്ട്രീയ സമ്മർദ്ദം കൂടി സൃഷ്ടി
ക്കാനിടവരുന്നു. ഇങ്ങനെ ഒരു സെൻ
സസ് സമൂഹത്തിൽ സാമുദായിക
അനീതിയോടുള്ള നീതിയും പങ്കാളി
ത്തവും ഉറപ്പാക്കുമെന്നാണ് പ്രതീ
ക്ഷ, പക്ഷേ അതിന്റെ ദുരുപ
യോഗം വലിയ ഭിന്നതകൾ
സൃഷ്ടിച്ചേക്കാമെന്നും സം
ശയം നിലനിൽക്കുന്നു.

ഒഴുക്കിന്റെ ഇരട്ടമു
ഖങ്ങൾ

പൊതുവെ, നദികൾ
സസ്യജാലത്തിന് ജലം പകരു
മ്പോൾ, ചിലപ്പോൾ അത് പ്രളയമാ
കുകയും, ഒരിടത്ത് സമൃദ്ധി വരുത്തു
മ്പോൾ മറ്റൊരിടത്ത് നാശം വിതയ്
ക്കുകയും ചെയ്യുന്നതുപോലെ, ജാ
തി സെൻസസിന്റെ ഉപയോഗവും
അതിന്റെ സാധ്യതകളും അങ്ങനെ
ഇരട്ടമുഖങ്ങളുള്ളതാണ്. നദിയെ സം
രക്ഷിക്കണമെങ്കിൽ അത് ചെറുതും
ശക്തമായും നിയന്ത്രിക്കേണ്ടതുണ്ട്,
അതുപോലെ ജാതി സെൻസസിനെ
യും ഒരു വൈവിദ്ധ്യത്തിന്റെയും
സമത്വത്തിന്റെയും ഉപാധിയായി
ഉപയോഗിക്കണമെങ്കിൽ സമാന
മായതായ ഒരു തന്ത്രപരമായ സമീ
പനം വേണം.

നദികൾ അവസാനിക്കുന്നത് സമു
ദ്രത്തിൽ ചേർന്ന് മാത്രമാണല്ലോ;
അതുപോലെ, ജാതി സെൻസസും ഐ
ക്യത്തിനും ഉൾപ്പെടലിനും വഴിയൊ
രുക്കാൻ ഉപയോഗിക്കപ്പെടണം ഓ
രോ സമുദായവും, ഓരോ വിഭാഗവും,
സമൂഹത്തിന്റെയും ജനാധിപത്യത്തി
ന്റെയും വലിയ സ്രോതസ്സിലേക്ക് ഒരു
പോലെ ഒഴുകി ചേർന്ന് നീതി കണ്ടെ
ത്തുവാൻ.



ഫിന്നു മുഹമ്മദ്
B.Com CA

# ചുവരിലെ അംബേദ്കറും മേശപ്പുറത്തെ ഭരണഘടനയും

ഡോ. ബി. ആർ. ഇന്ത്യൻ ഭരണഘട
നയുടെ പ്രധാന ശില്പിയായ
അംബേദ്കർ, നീതിയിലും സമത്വത്തിലും സാ
ഹോദര്യത്തിലും അധിഷ്ഠിതമായ ഒരു രാഷ്ട്രമാണ്
വിഭാവനം ചെയ്തത്. ഇന്ന്, അദ്ദേഹത്തിന്റെ പ്രതി
ച്ഛായ ഇന്ത്യയിലുടനീളമുള്ള മതിലുകളെ അലങ്ക
രിക്കുന്നു, ഇത് ബഹുമാനത്തിന്റെ പ്രതീകാത്മക
ആംഗ്യമാണ്, എന്നിട്ടും അദ്ദേഹത്തിന്റെ തത്വങ്ങൾ
പലപ്പോഴും പ്രായോഗികമായി അവഗണിക്കപ്പെടു
ന്നു. ഭരണഘടന, അദ്ദേഹത്തിന്റെ ദർശനത്തിന്റെ
സാക്ഷ്യപത്രം, മേശപ്പുറത്ത് കിടക്കുന്നു-പലപ്പോ
ഴും. പക്ഷേ അതിന്റെ യഥാർഥ ആത്മാവിൽ വളരെ
അപൂർവമായി മാത്രമേ നടപ്പിലാക്കൂ. അംബേദ്ക
റുടെ ആദരണീയമായ പ്രതിച്ഛായയുടെയും അവഗ
ണിക്കപ്പെട്ട ഭരണഘടനയുടെയും ദ്വിമുഖം ഇന്ത്യ
യുടെ സ്ഥാപക ആദർശങ്ങളും അതിന്റെ നിലവി
ലെ സാമൂഹിക-രാഷ്ട്രീയവും സാമ്പത്തികവുമായ
യാഥാർഥ്യങ്ങൾ തമ്മിലുള്ള കടുത്ത വിച്ഛേദത്തെ
എടുത്തുകാണിക്കുന്നുണ്ട്

## സിംബലിസം വേഴ്സസ് സബ്സ്റ്റൻസ്:

ഭരണഘടനാ മൂല്യങ്ങൾക്കുള്ള രാഷ്ട്രീയ റാ
ലികളിലും അനുസ്മരണ പരിപാടികളിലും സാ
മൂഹിക നീതി പ്രസ്ഥാനങ്ങളിലും ആഘോഷിക്ക
പ്പെടുന്ന ശക്തമായ പ്രതീകമാണ് ചുവരിലെ അം
ബേദ്കറുടെ ചിത്രം. എന്നിരുന്നാലും, ഈ പ്രതീ
കാത്മക അംഗീകാരം അദ്ദേഹം ഉയർത്തിയ മൂല്യ
ങ്ങളോടുള്ള യഥാർഥമായ അനുസരണത്തിലേ
ക്ക് വിവർത്തനം ചെയ്തിട്ടില്ല. എല്ലാ പൗരന്മാരു
ടെയും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരു
ടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി
രൂപകല്പന ചെയ്ത ഭരണഘടന, രാഷ്ട്രീയ മുത
ലെടുപ്പിനും ജനകീയതയ്ക്കും വേണ്ടി പലപ്പോ
ഴും വശത്താക്കപ്പെടുകയാണ്.

ഇന്ത്യൻ സാമൂഹിക-രാഷ്ട്രീയ ഭൂപ്രകൃതി വർ
ധിച്ചുവരുന്ന അസമത്വങ്ങൾ, ജാതി അടിസ്ഥാനമാ
ക്കിയുള്ള അക്രമങ്ങൾ, ജനാധിപത്യ മാനദണ്ഡങ്ങ
ളുടെ ശോഷണം എന്നിവയാൽ അടയാളപ്പെടുത്തി
യിരിക്കുന്നു. സാമൂഹ്യനീതിയെക്കുറിച്ചുള്ള ഭരണ
ഘടനയുടെ വാഗ്ദാനങ്ങൾ വിശേഷാധികാരമുള്ള
കുറച്ചുപേർക്ക് അനുകൂലമായ നയങ്ങളും സമ്പ്ര
ദായങ്ങളും തുരങ്കം വയ്ക്കുകയാണ്. സാമ്പത്തിക
പരിഷ്കാരങ്ങളും വികസന പദ്ധതികളും പലപ്പോ
ഴും തദ്ദേശീയ സമൂഹങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതി
ന്റെ ചെലവിലാണ് വരുന്നത്, അംബേദ്കർ ഉയർ



ത്താൻ ശ്രമിച്ച ആളുകളെ തന്നെ അവ
ഗണിച്ചു. ഭരണഘടനയുടെ തത്വങ്ങളും
അവ നടപ്പാക്കലും തമ്മിലുള്ള അകലം
കേവലം നിയമപരമായ പരാജയമല്ല,
മറിച്ച് ഇന്ത്യൻ ജനാധിപത്യത്തിന്റെ
ഘടനയെ ഭീഷണിപ്പെടുത്തുന്ന ഒരു
ധാർമ്മിക പ്രതിസന്ധിയാണ്.

## ജാതി, വർഗം, സാമ്പത്തിക ചൂഷണം

ജാതിയെക്കുറിച്ചുള്ള അംബേദ്ക
റുടെ വിമർശനവും വിവേചനരഹിത
മായ ഒരു സമൂഹത്തിനായുള്ള അദ്ദേ
ഹത്തിന്റെ കാഴ്ചപ്പാടും എന്നത്തേയും
പോലെ പ്രസക്തമാണ്. ഭരണഘടനാ
പരമായ സംരക്ഷണങ്ങൾ ഉണ്ടായിരു
ന്നിട്ടും, ജാതീയമായ അടിച്ചമർത്തൽ
വിവിധ രൂപങ്ങളിൽ നിലനിൽക്കുന്നു,
സൂക്ഷ്മമായ സാമൂഹിക ബഹിഷ്ക
രണം മുതൽ ക്രൂരമായ അക്രമ പ്രവർ
ത്തനങ്ങൾ വരെ. ദലിതർക്കും മറ്റ് പാർ
ശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്കു
മെതിരായ അതിക്രമങ്ങളുടെ വർധന
വ്, ജാതിയുടെ അടിസ്ഥാനത്തിൽ വി
ഭജിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂ
ഹത്തെ പ്രതിഫലിപ്പിക്കുന്നു, സാമ്പ
ത്തികവും സാമൂഹികവുമായ ചലനാ
ത്മകത ഇപ്പോഴും പ്രധാനമായും നിർ
ണ്ണയിക്കുന്നത് ഒരാളുടെ ജനനമാണ്.

സാമ്പത്തികമായി, അംബേദ്ക
റുടെ ഭരണകൂട ഇടപെടലിനും സാ
മൂഹിക ക്ഷേമത്തിനും വേണ്ടിയുള്ള
ആഹ്വാനത്തെ സാമൂഹിക നീതിയെ
ക്കാൾ കമ്പോള സ്വാതന്ത്ര്യത്തിന്
മുൻഗണന നൽകുന്ന ഒരു നവലിബ
റൽ അജണ്ട നിഴലിച്ചു. പൊതുവിഭവ
ങ്ങളുടെ സ്വകാര്യവൽക്കരണം, തൊ
ഴിൽ അവകാശങ്ങൾ ദുർബലപ്പെടു
ത്തൽ, ക്ഷേമപദ്ധതികളുടെ ശോഷ
ണം എന്നിവ സാമ്പത്തിക അസമത്വ
ങ്ങളെ ആഴത്തിലാക്കി. ന്യായമായ ഒരു
സാമ്പത്തിക ക്രമം സൃഷ്ടിക്കുന്നതി
ന് സംസ്ഥാനത്തെ നയിക്കാൻ ഉദ്ദേ
ശിച്ചുള്ള ഭരണഘടനയുടെ നിർദ്ദേശ
തത്വങ്ങൾ, ബാധ്യതകളേക്കാൾ കൂടു
തൽ കേവലമായ അഭിലാഷങ്ങളായി
കണക്കാക്കപ്പെടുന്നു.

## രാഷ്ട്രീയ അവസരവാദവും അംബേദ്കറുടെ പൈതൃകത്തിന്റെ കൃത്രിമത്വവും

രാഷ്ട്രീയക്കാർ പലപ്പോഴും അംബേ
ദ്കറുടെ പേര് വിളിക്കാറുണ്ട്, എന്നിട്ടും
അവരുടെ നയങ്ങൾ പലപ്പോഴും അദ്ദേ
ഹത്തിന്റെ ആദർശങ്ങളെ വഞ്ചിക്കുന്നു.
അദ്ദേഹത്തിന്റെ പൈതൃകം രാഷ്ട്രീയ
സ്പെക്ട്രത്തിലുടനീളം വിനിയോഗിക്ക
പ്പെട്ടു, സാമൂഹിക പരിഷ്കരണത്തെ
ക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാ
ടിനോട് യഥാർഥ പ്രതിബദ്ധതയില്ലാ
തെ വോട്ടുകൾ നേടുന്നതിനുള്ള ഒരു
ഉപകരണമായി ഇത് ഉപയോഗിക്കു
ന്നു. ജനങ്ങളുടെ ആവശ്യങ്ങൾക്കനു
സൃതമായി വികസിപ്പിച്ചെടുക്കാൻ ഉദ്ദേ
ശിച്ചുള്ള ജീവനുള്ള രേഖയായി അം
ബേദ്കർ കണക്കാക്കിയ ഭരണഘടന,
ഹ്രസ്വകാല രാഷ്ട്രീയ നേട്ടങ്ങൾക്കായി
പലപ്പോഴും കൃത്രിമം കാണിക്കുന്നു.

ഭൂമി ഏറ്റെടുക്കൽ നടപടികളി
ലെ മാറ്റങ്ങൾ മുതൽ വിയോജിപ്പുക
ളെ നിയന്ത്രിക്കുന്നത് വരെ നിയമങ്ങ
ളിലും നയങ്ങളിലുമുള്ള സമീപകാല
മാറ്റങ്ങൾ ഭരണഘടനാ മൂല്യങ്ങളോ
ടുള്ള അവഗണനയെ പ്രതിഫലിപ്പിക്കു
ന്നു. ജനാധിപത്യം സംരക്ഷിക്കുന്നതി
നായി അംബേദ്കർ സൂക്ഷ്മമായി രൂ
പപ്പെടുത്തിയ പരിശോധനകളെയും
സന്തുലിതാവസ്ഥയെയും ഈ പ്രവർ
ത്തനങ്ങൾ ദുർബലപ്പെടുത്തുന്നു. ഭൂരി
പക്ഷത്തിന്റെ സ്വേച്ഛാധിപത്യത്തിനെ
തിരെയുള്ള അംബേദ്കറുടെ മുന്നറി
യിപ്പുകൾ ഇന്ന് പ്രതിധ്വനിക്കുകയാണ്,
ജനപക്ഷ രാഷ്ട്രീയം നിയമവാഴ്ചയെ
മറികടക്കുകയും ന്യൂനപക്ഷ അവകാ
ശങ്ങൾ കൂടുതൽ ഭീഷണി നേരിടുക
യും ചെയ്യുന്നു.

## ജനാധിപത്യ സ്ഥാപനങ്ങളുടെ ശോഷണവും ഭൂരിപക്ഷവാദത്തിന്റെ ഉയർച്ചയും

ജനാധിപത്യത്തിന്റെ ദുർബലത
യെക്കുറിച്ചുള്ള അംബേദ്കറുടെ ഭയം
സമകാലിക ഇന്ത്യയിൽ യാഥാർഥ്യ
മായിക്കൊണ്ടിരിക്കുകയാണ്. ഭരണ



ഘടനാപരമായ ധാർമികത പാലിച്ചില്ലെങ്കിൽ ജനാധിപത്യം പൊള്ളയായ ആചാരമായി ചുരുങ്ങുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. ഇന്ന്, വർധിച്ചുവരുന്ന അധികാര കേന്ദ്രീകരണം, പരിശോധനകളും സന്തുലിതാവസ്ഥയും നൽകുന്ന സ്ഥാപനങ്ങളുടെ ദുർബലപ്പെടുത്തൽ, വിയോജിപ്പുകളോടുള്ള വർധിച്ചുവരുന്ന അസഹിഷ്ണുത എന്നിവ സ്വേച്ഛാധിപത്യത്തിലേക്കുള്ള അസ്വസ്ഥമായ വ്യതിചലനത്തെ സൂചിപ്പിക്കുന്നു.

ജുഡീഷ്യറി, മാധ്യമങ്ങൾ, സിവിൽ സമൂഹം - ആരോഗ്യകരമായ ജനാധിപത്യത്തിന്റെ നെടുംതൂണുകൾ - അഭൂതപൂർവമായ സമ്മർദങ്ങൾ നേരിടുന്നു. സർക്കാരിനെ വിമർശിക്കുന്നവരെ പലപ്പോഴും ദേശവിരുദ്ധരെന്ന് മുദ്രകുത്തിക്കൊണ്ട് സംവാദങ്ങളും സംവാദത്തിനുള്ള ഇടങ്ങളും ചുരുക്കുകയാണ്. ഈ ഭൂരിപക്ഷ സമീപനം ഭരണഘടനയുടെ ബഹുസ്വരതയോടുള്ള പ്രതിബദ്ധതയെ ഒറ്റിക്കൊടുക്കുക മാത്രമല്ല, മതബോധത്തിനും അടിച്ചമർത്തലിനും മേൽ യുക്തിയും സംവാദവും നിലനിൽക്കുന്ന ഒരു സമൂഹത്തെക്കുറിച്ചുള്ള അംബേദ്കറുടെ കാഴ്ചപ്പാടിനെ തകർക്കുകയും ചെയ്യുന്നു.

## അംബേദ്കറുടെ സാമ്പത്തിക വിമർശനവും അസമത്വത്തിന്റെ നിലനിൽപ്പും

അംബേദ്കറുടെ സാമ്പത്തിക തത്വചിന്ത, വിഭവങ്ങളുടെ പുനർവിതരണത്തിലും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിലും കേന്ദ്രീകരിച്ച്, സമത്വത്തേക്കാൾ വളർച്ചയ്ക്ക് മുൻഗണന നൽകുന്ന നിലവിലെ സാമ്പത്തിക നയങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. വർധിച്ചുവരുന്ന സമ്പത്തിന്റെ വിടവ്, തൊഴിലില്ലായ്മ വളർച്ച, അനൗപചാരിക മേഖലയുടെ ചൂഷണം എന്നിവ നിലവിലെ സാമ്പത്തിക മാതൃകയുടെ പരാജയങ്ങളെ ഉയർത്തിക്കാട്ടുന്നു. ദശലക്ഷക്കണക്കിന് ആളുകൾ അടിസ്ഥാന അവകാശങ്ങൾക്കും അവസരങ്ങൾക്കുമായി സമരം തുടരുമ്പോൾ എല്ലാവർക്കും അന്തസ്സ് ഉറപ്പാക്കുന്ന സമഗ്ര സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള അംബേദ്കറുടെ കാഴ്ചപ്പാട് പൂർത്തീകരിക്കപ്പെടാതെ തുടരുകയാണ്.

വികസനത്തിന്റെ പേരിൽ ദുർബലരായ സമൂഹങ്ങളെ പാർശ്വവൽക്കരിക്കുന്നത്-അത് നിർബന്ധിത കുടിയൊഴിപ്പിക്കലിലൂടെയോ, പരിസ്ഥിതി നശീകരണത്തിലൂടെയോ, അല്ലെങ്കിൽ അടിസ്ഥാന സേവനങ്ങളുടെ നിഷേധത്തിലൂടെയോ ആകട്ടെ- സാമൂഹികവും സാമ്പത്തികവുമായ നീതി എന്ന ഭരണഘടനയുടെ വാഗ്ദാനത്തോടുള്ള വഞ്ചനയാണ് വെളിപ്പെടുത്തുന്നത്. കോർപ്പറേറ്റ് താൽപ്പര്യങ്ങൾക്കും സാമ്പത്തിക ഉന്നതർക്കും അനുകൂലമായ നയങ്ങൾക്കായി അംബേദ്കറുടെ പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കുന്നതിൽ ഭരണകൂട ഉത്തരവാദിത്തത്തിനുള്ള അഭ്യർഥന വലിയ തോതിൽ അവഗണിക്കപ്പെടുന്നുണ്ട്.

## ചിഹ്നത്തിനും പ്രവർത്തനത്തിനും ഇടയിലുള്ള വിടവ്

ഭിത്തിയിലെ അംബേദ്കറുടെ ചിത്രം, ഇന്ത്യ എന്തായിരിക്കാനാണ് ആഗ്രഹിക്കുന്നതെന്ന് - സമത്വവും നീതിയും സാഹോദര്യവും നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിന്റെ നിരന്തരമായ ഓർമ്മപ്പെടുത്തലായി വർത്തിക്കുന്നു. എന്നിരുന്നാലും, മേശപ്പുറത്തുള്ള ഭരണഘടന, പലപ്പോഴും ആത്മാവിലും അക്ഷരത്തിലും അവഗണിക്കപ്പെടുന്നു, ഈ ആദർശങ്ങളെ യാഥാർഥ്യത്തിലേക്ക് വിവർത്തനം ചെയ്യുന്നതിൽ പരാജയം അടിവരയിടുന്നു. അംബേദ്കറുടെ പൈതൃകത്തെ ആദരിക്കാൻ, അദ്ദേഹത്തിന്റെ പ്രതിച്ഛായ ആഘോഷിച്ചാൽ മാത്രം പോരാ; അദ്ദേഹം ആവേശത്തോടെ സംരക്ഷിച്ച ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ യോജിച്ച ശ്രമം ഉണ്ടാകണം.

അംബേദ്കറുടെ ദർശനം വീണ്ടെടുക്കുന്നതിന് യഥാർഥ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ പരിഷ്കരണത്തിനുള്ള പ്രതിബദ്ധത ആവശ്യമാണ്. ഭൂരിപക്ഷവാദത്തിന്റെ ശക്തികളെ ഞങ്ങൾ വെല്ലുവിളിക്കണമെന്നും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നും ഭരണഘടന എല്ലാ പൗരന്മാരെയും സേവിക്കുന്ന ഒരു ജീവനുള്ള രേഖയായി നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കണമെന്നും അത് ആവശ്യപ്പെടുന്നു. അപ്പോൾ മാത്രമേ അംബേദ്കർ വിഭാവനം ചെയ്ത സമത്വ സമൂഹത്തിലേക്ക് ഇന്ത്യക്ക് കൂടുതൽ അടുക്കാൻ കഴിയൂ. പൈതൃകം ചുവരിൽ മാത്രമല്ല, ജനങ്ങളുടെ ഹൃദയങ്ങളിലും പ്രവർത്തനങ്ങളിലും ജീവിക്കുന്ന ഒരു സമൂഹത്തിന്റെ ആത്മാവായി തീരും ●




**അനസ് കെ**
MSc. Statistics



# തെക്ക്-വടക്ക് അന്തരം

## വിഭജന രാഷ്ട്രീയം അളവ് കോലാവുമ്പോൾ

കേരളത്തിൽ കുറ്റകൃത്യങ്ങളെ കുറിച്ചും സർക്കാറിനെതിരെയുള്ള ആരോപണങ്ങളെക്കുറിച്ചും ചർച്ചയാകുമ്പോൾ പല രാഷ്ട്രീയ നേതാക്കളുടെയും സ്ഥിരം പല്ലവിയാണ് ഇത്. കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ അണികളാവട്ടെ ഇതിനെ തിരസ്കരിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ വാഴ്ത്തിപ്പാടും. എന്നാൽ എന്താണ് യാഥാർഥ്യം. നാനാത്വത്തിൽ ഏകത്വം എന്ന നമ്മുടെ സുന്ദരമായ മുഖമുദ്ര ഇത്തരം പ്രസ്താവനകളുമായി യോജിക്കുന്നുണ്ടോ?... ഇന്ത്യ എന്ന രാജ്യം അതിന്റെ വൈവിധ്യത്തിനും വ്യാപകമായ സാംസ്കാരിക മാറ്റങ്ങൾക്കുമുള്ള മഹത്വത്തിൽ അറിയപ്പെടുന്നു. എന്നിരുന്നാലും, ഈ വൈവിധ്യങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ തെക്ക്-വടക്ക് വിഭജനം ഒരു പ്രധാന രാഷ്ട്രീയ വിഷയമായി നിലകൊള്ളുന്നു. ഇത് ഒരു ഭൂപ്രദേശം എന്നതിലുപരി ഭാഷാപരമായും സംസ്കാരികപരമായും, സാമ്പത്തികമായും, രാഷ്ട്രീയപരമായും വിദൂര നേട്ടങ്ങൾ കൈവരിച്ച ഒന്നാണ്. ഇന്ത്യയിലെ തെക്ക്-വടക്ക് വിഭജനം രാഷ്ട്രീയം എല്ലായ്പ്പോഴും നിലവിലുണ്ടായിരുന്നുവെങ്കിലും, സമീപകാലത്ത് ഇത് ഒരു അളവ് കോലായി മാറിയിരിക്കുന്നു. ഇത് ദേശീയതലത്തിലും ഫെഡറൽ ഘടനയിലും വലിയ പ്രതിഫലനം സൃഷ്ടിച്ച് കൊണ്ടിരിക്കുന്നു.




**ഭാഷയുടെ പ്രാധാന്യം എപ്പോഴും ഒരു കലഹകാരമായിരുന്നു. സ്വതന്ത്ര്യാനന്തര ഇന്ത്യയിൽ ഏറ്റവും വലിയ പ്രതിസന്ധിയും ഇത് തന്നെ ആയിരുന്നു. ഇതിന്റെ പ്രതിഫലനമാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാങ്ങളുടെ രൂപീകരണം. 1960-കളിൽ ഹിന്ദിയെ ദേശീയ ഭാഷയായി അംഗീകരിക്കാൻ നീക്കങ്ങൾ നടന്നപ്പോൾ, തമിഴ്നാട്ടിൽ വ്യാപകമായ പ്രതിഷേധങ്ങൾ ഉണ്ടായതും ഈ വിരോധത്തിന്റെ തുടക്കം അടയാളപ്പെടുത്തുന്നു.**

ഇന്ത്യയിലെ തെക്ക്-വടക്ക് വിഭജനം ചരിത്രപരമായും, സാംസ്കാരികമായും, ഭാഷാപരമായും ആരംഭിച്ച ഒരു വിഭജനമാണ്. വടക്കൻ ഇന്ത്യ, പ്രധാനമായും ഹിന്ദി ഭാഷ സംസാരിക്കുന്ന പ്രദേശം, അഥവാ ഹിന്ദി ഹൃദയഭൂമി യിൽ നിന്നും ദ്രാവിഡ ഭാഷകൾ (മലയാളം, തമിഴ്, കന്നഡ, തെലുങ്ക്... ) സംസാരിക്കുന്ന തമിഴ്നാട്, കേരളം, കർണാടക, ആന്ധ്രപ്രദേശ് തുടങ്ങിയ ദക്ഷിണ സംസ്ഥാനങ്ങൾ നിന്നും വ്യത്യസ്തമായ സാംസ്കാരികവും ചരിത്രപരവുമായ പശ്ചാത്തലം ഉൾക്കൊള്ളുന്നു. ആര്യ- ദ്രാവിഡ വിഭജനം, ബ്രിട്ടീഷ് അധിനിവേശകാലത്ത് രൂപീകരിച്ച ഒരു ദാർശനിക പദവിയാണെങ്കിലും, ഇതിനെ തുടർന്നുള്ള ഭാഷ, ലിപി, സാംസ്കാരികപ്രവർത്തനങ്ങളിലെ വ്യത്യാസം ഇപ്രകാരം ശക്തമായി നിലകൊണ്ടിട്ടുണ്ട്.

ഭാഷയുടെ പ്രാധാന്യം എപ്പോഴും ഒരു കലഹകാരമായിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഏറ്റവും വലിയ പ്രതിസന്ധിയും ഇത് തന്നെ ആയിരുന്നു. ഇതിന്റെ പ്രതിഫലനമാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണം. 1960-കളിൽ ഹിന്ദിയെ ദേശീയ ഭാഷയായി അംഗീകരിക്കാൻ നീക്കങ്ങൾ നടന്നപ്പോൾ, തമിഴ്നാട്ടിൽ വ്യാപകമായ പ്രതിഷേധങ്ങൾ ഉണ്ടായതും ഈ വിരോധത്തിന്റെ തുടക്കം അടയാളപ്പെടുത്തുന്നു. ഇന്നും ഇതിന്റെ പ്രതിഫലനങ്ങൾ നമ്മൾ കണ്ട് കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ, ഹിന്ദിയുടെ പ്രാബല്യം ദക്ഷിണസംസ്ഥാനങ്ങളിൽ മറ്റൊരു സംസ്കാരത്തിന്റെ അടിച്ചേൽപ്പിക്കലായി കാണപ്പെടുന്നു.

തെക്ക്-വടക്ക് വിഭജനത്തിന്റെ മറ്റൊരു ഘടകം സാമ്പത്തിക വ്യത്യാസങ്ങളാണ്. കേരളം, തമിഴ്നാട്, കർണാടക, തെലങ്കാന തുടങ്ങിയ തെക്കൻ സംസ്ഥാനങ്ങൾ പൊതുവേ ഉയർന്ന ജിഡിപിയും മികച്ച ആഗോള വികസന സൂചികകളിലും ഉയർന്ന വിദ്യാഭ്യാസ നിരക്കിലും ആരോഗ്യ സംവിധാനത്തിലും മുന്നിലാണ്. താഴ്ന്ന ശിശുമരണ നിരക്കും ഉയർന്ന സാക്ഷരതാ നിരക്കും എല്ലാം ഇതിന് ഉദാഹരണങ്ങളാണ്. വടക്കൻ സംസ്ഥാനങ്ങളിൽ, പലപ്പോഴും, സാമ്പത്തികമായി പിന്നോക്കവും, വിദ്യാഭ്യാസക്കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുന്നു.

ഈ സാമ്പത്തിക വ്യത്യാസം കേന്ദ്ര ധനങ്ങൾ വിതരണം ചെയ്യുന്നതിലും പ്രതിഫലിക്കുന്നു. ദക്ഷിണസംസ്ഥാനങ്ങൾ ദേശീയ ജിഡിപിയിൽ വലിയൊരു സംഭാവന നൽകി കൊണ്ടിരിക്കുമ്പോഴും, അവക്കു ലഭിക്കുന്ന കേന്ദ്ര ഫണ്ടുകളിലെ വിഭാഗീയത താങ്ങാവുന്നതിലും അപ്പുറമാണ്. ജനസംഖ്യ നിരക്ക് നിയന്ത്രണത്തിൽ വിജയിച്ച സംസ്ഥാനങ്ങളായ തെക്ക്, 2011 ജനസംഖ്യാ കണക്കുകൾ ഉപയോഗിക്കുന്നതിൽ നിന്ന് ലഭിക്കുന്ന ഫണ്ട് കുറവ്, അവയെ ദോഷകരമായി ബാധിക്കുന്നതായി പറയുന്നു. 2021 ൽ സെൻസസ് നടക്കാത്തതും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ പോകുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' അമേരിക്കൻ വിപ്ലവ സമയത്ത് നമ്മൾ കേട്ടറിഞ്ഞ പ്രഖ്യാപനമായിരുന്നു ഇത്. കൊളോണിയൽ അധിനിവേശങ്ങളെ സാമ്പത്തിക സ്ഥിതി ഉറപ്പിച്ചിരുന്നത് കോളനികളിലെ തീരുവകളായിരുന്നു. എന്നാൽ ഭരണ പ്രാതിനിധ്യം കൊടുക്കാതെ നികുതി തരാൻ കഴിയില്ല എന്നതായിരുന്നു അമേരിക്കൻ ജനതയുടെ പ്രഖ്യാപനം. ഇത് ഇവിടെ പറഞ്ഞ് വരുന്നത് മറ്റൊരു രീതിയിലുള്ള വിഭജനത്തെ കുറിച്ചാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ വടക്ക്-തെക്ക് വിഭജനം രാഷ്ട്രീയ പ്രതിനിധാനത്തിലും പ്രതിഫലിക്കുന്നു. വടക്കൻ സംസ്ഥാനങ്ങൾ, വലിയ ജനസംഖ്യ കാരണം, ലോക്സഭയിലെ സീറ്റുകളുടെ കാര്യത്തിൽ വലിയൊരു മുൻതൂക്കം ഉണ്ട്. ഇതു പലപ്പോഴും തെക്കൻ സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ കേന്ദ്ര തലത്തിൽ അവഗണിക്കപ്പെടുന്നു വെന്ന തിരിച്ചറിവിലേക്ക് നയിക്കുന്നു.

തെക്കൻ സംസ്ഥാനങ്ങൾക്ക് അവയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് സ്വതന്ത്രമായ അധികാരവും, നിർണ്ണായകമായ സ്ഥാനവും ആവശ്യപ്പെടുന്നുണ്ട്. ഇക്കാര്യങ്ങൾക്കു മറുപടിയായി, ദേശീയ വിദ്യാഭ്യാസ നയത്തെ കുറിച്ചും, ഹിന്ദിയുടെ പ്രാബല്യത്തെ കുറിച്ചും ഉള്ള ചർച്ചകൾ ഇനിയും വേഗത്തിലും ശക്തിയായി തുടരുന്നു.

ഇന്ത്യയുടെ ഫെഡറൽ ഘടന അതിന്റെ വൈവിധ്യത്തെ ഉൾക്കൊള്ളാനായി രൂപപ്പെടുത്തിയതാണ്, എന്നാൽ തെക്ക്-വടക്ക് വിഭജനം ഈ ഘടനയുടെ പരിധികൾ തേടുന്നുണ്ട്. തെക്കൻ സംസ്ഥാനങ്ങൾ, പലപ്പോഴും, ധനപരവും, ഭരണപരവുമായ അധികാരം കൂടുതലായി ആവശ്യപ്പെടുന്നു.

സമകാലിക അവസ്ഥയിൽ, ചരക്ക് സേവന നികുതി (GST) നഷ്ടപരിഹാരം, ഫണ്ട് വിതരണം തുടങ്ങിയ വിഷയങ്ങൾ ദക്ഷിണ സംസ്ഥാനങ്ങളിലെ പൊരുത്തക്കേടുകൾ വർധിപ്പിച്ചിട്ടുണ്ട്. ഈ വിഭജനം ദേശസൗഹൃദത്വത്തിനും ഫെഡറൽ ഘടനയ്ക്കും സാങ്കൽപ്പികമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

വടക്കൻ ഇന്ത്യയിൽ ജാതി, മതം, ഭാഷ വ്യത്യാസങ്ങൾ ചേർന്നാണ് രാഷ്ട്രീയ കാഴ്ചപ്പാടുകൾ ഉണ്ടാക്കിയത്. എന്നാൽ, ദക്ഷിണത്തിൽ പ്രത്യേകിച്ചും തമിഴ്നാട്ടിൽ, ഭാഷ, സംസ്കാരം, ചരിത്രം എന്നിവയ്ക്കായുള്ള ശക്തമായ പ്രാദേശിക പിന്തുണയാണ് കാണുന്നത്. ദ്രാവിഡ ചലനങ്ങളൊക്കെ വടക്കൻ ഇന്ത്യയുടെ അത്യധികം ശക്തമായ ഒരു ഒന്നിപ്പിക്കുന്ന ശക്തിക്കെതിരെ പ്രാദേശിക സമത്വത്തിന് വേണ്ടി ഉയർന്നുവന്നിരുന്നു. വടക്കേന്ത്യയിൽ സമകാലിക രാഷ്ട്രീയ പ്രശ്നങ്ങൾ നമ്മളെടുത്ത് വായിച്ചാൽ ഇന്നും ഇന്ത്യയിൽ ഇങ്ങനെയൊക്കെ നടക്കുമോ എന്ന ഒരു സ്വാഭാവിക ചോദ്യം നമ്മിൽ ഉടലെടുക്കും. ദുരഭിമാനക്കൊല, പശുവിന്റെ പേരിലുള്ള ആൾക്കൂട്ട അക്രമങ്ങളും കൊലപാതകങ്ങളും, സ്ത്രീകളെയും കുട്ടികളെയും പ്രായഭേദമന്യേ പീഡിപ്പിക്കുന്നതും പെൺ ഭ്രൂണഹത്യകളും, താഴ്ജാതി മേൽ ജാതി എന്ന് പറഞ്ഞ് കൊണ്ടുള്ള സാമൂഹിക വിഭജനങ്ങൾ ഇതെല്ലാം ഇന്നവിടെ സജീവമാണ്. അതേസമയം തെക്കൻ സംസ്ഥാനങ്ങളിൽ ഇതിന്റെ അളവ് കുറവുണ്ടന്നെ ഉള്ളൂ. പാടെ ഇല്ലാതാക്കാൻ അവർക്കും പറ്റിയില്ല എന്നത് ഇന്ത്യൻ ബഹുസ്വരതയുടെ ശാപമായി തുടരുന്നു.

**തെക്കൻ സംസ്ഥാനങ്ങൾക്ക് അവയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് സ്വതന്ത്രമായ അധികാരവും, നിർണ്ണായകമായ സ്ഥാനവും ആവശ്യപ്പെടുന്നുണ്ട്.**



ഇന്ത്യയിലെ തെക്ക്-വടക്ക് വിഭജനം രാഷ്ട്രീയപ്രസക്തമായ ഒരു വിഷയമായിരുന്നെങ്കിലും, ഇത് കൂടുതൽ തീവ്രമാകുന്നത് ജനാധിപത്യപരമായ നിരവധി മേഖലകളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ വിഭജനത്തെ കൂടുതൽ ഗൗരവമായി പരിഗണിച്ച്, ഒരു പരിഷ്കാരം വേണമെന്ന ആവശ്യം ശക്തമാവുകയാണ്.

വിഭജനം വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്യപ്പെടേണ്ടതാണ്. ഫെഡറൽ ഘടനയ്ക്കുള്ളിൽ കൂടുതൽ ആത്മസമർപ്പണവും, ഭാഷയും സാംസ്കാരിക വൈവിധ്യവും ഉൾക്കൊള്ളുന്ന സമീപനവും ആവശ്യമാണ്.

ഇങ്ങനെ ചിന്തിച്ചാൽ, "നാനാത്വത്തിൽ ഏകത്വം" എന്നത് ഇന്ത്യയുടെ സത്തയായി തുടരുകയും അവിടുന്നുള്ള രാഷ്ട്രീ ശാന്തവും, പുരോഗതിയുമുള്ള രാഷ്ട്രീയമായ ഇടപെടലുകൾ ഉണ്ടായിരിക്കുകയും ചെയ്യും.

ഫഹ്ദ
BA Arabic

# നിഷ്കളങ്ക നീതി



ആളുകൾ മരിച്ചിട്ടിത്ര നാളുകൾ
താണ്ടിയിട്ടെന്തുകാര്യം
ആക്കിവെച്ചൊരാശയങ്ങളും
മണ്ണിനടിയിലേക്കിറക്കിയിട്ടില്ലിത്രനാളും
വെറുക്കുവാനാരോ തിരിച്ച വേലികൾ
അറുത്തുമാറ്റുവാൻ തുടങ്ങിയിട്ടിതെത്ര
കാലം.
പോരാളികൾതൻ വീരഗാഥകൾ
പാഠപുസ്തകത്തിൽ
ഒതുങ്ങിയിരിക്കുമിനിയുമെത്ര കാലം?.
മാലോകരൊക്കെയും തുല്യരെന്ന ധർമ്മം
പര്യായമല്ല, വിപരീതമാകുന്നതെന്ത് കർമ്മം?!
ആശയവകാശത്തിനൊക്കെയും ആരെയോ
കാക്കണമെന്നതെന്ത് കഷ്ട്ടം!
നീതിന്യായപീഠതിനൊക്കെയും ന്യായം
നാണയമെന്നത് സ്പഷ്ടം.
നിന്ദ്യകുലമെന്ന് ചാർത്തപ്പെട്ടോർക്ക്,
നന്മ കാണാൻ കൊതിക്കാത്ത
പെരിയ ന്യായം!
നിന്ദ്യരല്ല, നീചർ വരച്ചതാണവരുടെ
ഹൃത്തകങ്ങളിൽ നിന്ദ്യരെന്ന്
കറകൊണ്ട്.
നീതിക്കുള്ളിലാണ് അനീതികൾ
ശബ്ദത്തിനുള്ളിലാണ് നിശബ്ദത
മനിതനെ മനിതനുതന്നെ
കീഴിലിരുത്തുന്നതെത്രനാൾ?
ഒച്ച ഉച്ചിയിലേക്കുയർത്തിടാം
പറഞ്ഞതൊക്കെയും വീണ്ടും പറഞ്ഞിടാം
നീതിക്കകത്തുനിന്ന് ഞങ്ങൾക്കേകുമോ
ഒരു നിഷ്കളങ്ക നീതി.

മുഹമ്മദ് ഹാഷിർ
MLISC

# ചെറിയ മനുഷ്യരുടെ വലിയ ആകാശം

ആകാശവും അമ്പിളിയും സൂര്യനും നക്ഷത്രവും ഇത്രയധികം ഉയരത്തിൽ ആയത് എന്തുകൊണ്ടാവാം? എല്ലാവർക്കും കാണാൻ വേണ്ടിയാണ്. വലിയവർക്കും ചെറിയവർക്കും. വലിയവർ കാണുന്ന ആകാശവും ചെറിയവർ കാണുന്ന ആകാശവും ഒന്ന് തന്നെ. ഉയരങ്ങളിൽ ചിരി തൂകുന്ന അമ്പിളിയും വലിയവന്നും ചെറിയവന്നും ഒരേപോലെതന്നെ. എനിക്ക് സംസാരിക്കാനുള്ളത് ചെറിയ മനുഷ്യരുടെ വലിയ കാഴ്ചകളെപ്പറ്റിയാണ്. പ്രകാശത്തിന്റെ വേഗത കണക്കിലെടുത്താൽ ഒരല്പം സമയം അധികം വേണ്ടിവരും ഞങ്ങൾക്ക് ആകാശം കാണാൻ പക്ഷേ ഞങ്ങളും അത് കാണുന്നു ആസ്വദിക്കുന്നു..

ഫാറൂഖാബാദിന്റെ വിശാലമായ ഇടങ്ങളിൽ എന്റെ ചെറിയ കാലുകൾ കൊണ്ട് നടന്നു നീങ്ങുമ്പോൾ ഈ കലാലയും ഇവിടെയുള്ളവരും ഇത്രമേൽ പ്രിയപ്പെട്ടതാകുമെന്ന് കരുതിയിരുന്നില്ല. ഈ കലാലയം തന്ന സൗഹൃദ വലയം തന്നെയാണ് ലിറ്റിൽ പിപ്പിൾ എന്ന വലിയ ഇടത്തിലേക്ക് എന്നെ എത്തിച്ചത്. 'ചെറിയ മനുഷ്യരുടെ വലിയ ലോകം' അക്കൂട്ടത്തിൽ പച്ചമഷി ഉപയോഗിക്കാൻ അർഹതയുള്ളവരുണ്ട് ചുവന്ന മഷി കൊണ്ട് അടിവരക്കുന്നവരുണ്ട്.. ലോട്ടറി വിൽക്കുന്നവരും കച്ചവടക്കാരും അങ്ങനെ നാനാജാതി മനുഷ്യർ ചേർത്ത വലിയൊരു ലോകം.. കിനാക്കൾ തന്നെയാണ് ഈ കൂട്ടായ്മയെ നെയ്തത്. ജന്മം കൊണ്ട് ചെറുതായി പോയവർ കർമ്മം കൊണ്ട് വലുതാകാൻ ശ്രമിക്കുന്നതിന്റെ അധ്വാനവും ഉത്സാഹവുമാണ് ഇതിന്റെ ചാലവി ശക്തിയായി വർത്തിക്കുന്നത് ഇവിടെയുള്ളവർ പല ദിക്കുകളിൽ നിന്ന് പ്രകാശം പൊഴിക്കുന്നു. ഭാഗ്യവും പ്രയത്നവും ഒന്നിക്കുന്ന ബിന്ദുവിൽ അതൊക്കെയും മഴവില്ലായി വിരിയുന്നു





**കാലുകൾ ചെറുതായവർക്ക് വലിയ ചുവടുകൾ വെക്കാൻ കാര്യമായ പിന്തുണകൾ തന്നെ വേണ്ടി വന്നു. പക്ഷേ കയറിപ്പോകാൻ ഒരു പിടിവള്ളിക്കായി പല വാതിലുകൾ മുട്ടി പലവുരു മുട്ടിയിട്ടും തുറക്കാത്ത വാതിലുകളാണ് അർജന്റീനയിലേക്കുള്ള യാത്ര മുടക്കിയത്.**

മുപ്പതോളം അംഗങ്ങൾ ചേരുന്ന കൂട്ടായ്മയാണ് ലിറ്റിൽ പീപ്പിൾസ് സ്പോർട്സ് ക്ലബ്ബ് 30 മുത്തുകളും എന്ന നൂലിലൂടെ കോർക്കപ്പെട്ടിരിക്കുന്നു. അദ്ദേഹമാണ് ഈ കൂട്ടായ്മയെ നട്ടുപിടിപ്പിച്ചത് വെള്ളവും വളവും നൽകി വളർത്തിയത്. അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ വെറുതെയായില്ല ക്ലബ്ബിലെ അംഗങ്ങൾ വളർന്നു.. ദ്വാർഫ് ഒളിമ്പിക്സിൽ പങ്കെടുത്ത് വെങ്കലവും വെള്ളിയും മെഡൽ നേടിയ ആകാശേട്ടനും ബാഡ്മിന്റണിൽ മത്സരിച്ച ബൈജു ചേട്ടനും ഏഷ്യൻ ഗെയിംസ് ബാഡ്മിന്റണിൽ മലസരിച്ച നിധിനേട്ടനും റാഷിദ് സാറിന് അഭിമാനിക്കാൻ കഴിയുന്ന വലിയ നക്ഷത്രങ്ങൾ തന്നെയാണ്. 2022 ഡിസംബറിൽ നടന്ന സ്റ്റേറ്റ് പാരാ അത്ലറ്റിക്സിലും പാരാ പവർ ലിഫ്ഗിലും പാര ബാഡ്മിന്റണിലും ലിറ്റിൽ പീപ്പിൾസ് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു. അക്കൂട്ടത്തിൽ ജാവലിൻ, ഷോട്ട്, പവർ ലിഫ്ടിംഗ് മത്സരങ്ങളിൽ ഞാൻ നേടിയ വെങ്കലവും വെള്ളിയും ഇന്നും തിളക്കത്തോടെ ഓർമ്മയിൽ ജനിക്കുന്നു 2023 ൽ സ്റ്റേറ്റ് പേരാ പവർ ലിഫ്റ്റിങ്ങിൽ സ്വർണ്ണം നേടാൻ കഴിഞ്ഞതും ഈ കൂട്ടായ്മയുടെ ബലത്തിൽ തന്നെയാണ്.. ഇതുവരെ 4 ഇന്റർനാഷണൽ താരങ്ങളെയും നിരവധി ദേശീയ താരങ്ങളെയും വളർത്തിയെടുക്കാനും ഈ കൂട്ടായ്മയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

കാലുകൾ ചെറുതായവർക്ക് വലിയ ചുവടുകൾ വെക്കാൻ കാര്യമായ പിന്തുണകൾ തന്നെ വേണ്ടി വന്നു. പക്ഷേ കയറിപ്പോകാൻ ഒരു പിടിവള്ളിക്കായി പല വാതിലുകൾ മുട്ടി പലവുരു മുട്ടിയിട്ടും തുറക്കാത്ത വാതിലുകളാണ് അർജന്റീനയിലേക്കുള്ള യാത്ര മുടക്കിയത്. ദ്വാർഫ് വേൾഡ് കപ്പിൽ മത്സരിക്കാനുള്ള മോഹം അങ്ങനെ പൊലിഞ്ഞു. കായിക മേഖലയെ ഇവിടുത്തെ സർക്കാർ എങ്ങനെ നോക്കിക്കാണുന്നു എന്നത് വലിയ ചോദ്യമാണ്. 138 കോടി പേർ ഒരു മെഡൽ പങ്കിട്ട ദയനീയ ചിത്രം ആ ചോദ്യത്തിന്റെ ഉത്തരവുമാണ്. ലിറ്റിൽ പീപ്പിൾസ് സ്പോർട്സ് ക്ലബ്ബിനും ഒരുപാടുണ്ട് പരിഭവങ്ങൾ. സാമ്പത്തികമായും സാമൂഹികമായുള്ള പരിഗണനന തന്നെയാണ് പ്രധാനമായും വേണ്ടത്. ഫാറുഖാബാദിലിരുന്ന് ഇത് എഴുതുമ്പോൾ ഞാൻ അങ്ങേയറ്റം കൃതാർഥനാണ്.. ഇത്രമേൽ ഭിന്നശേഷി സൗഹൃദ കലാലയത്തിൽ പഠിക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നവനാണ്. പക്ഷേ കുഞ്ഞിക്കൂട്ടുകാർ കൂടുമ്പോൾ പലർക്കും അവഗണനയുടെ കഥകളാണ് പങ്കുവെക്കാനുള്ളത്. ഉയരത്തിലുള്ള വ്യത്യാസം കൊണ്ടാവാം ചെറിയവരുടെ ലോകം പൂർണമായും വലിയവർക്ക് മനസ്സിലാക്കാൻ കഴിയാത്തത്. എങ്കിലും ഞങ്ങൾ ഇമ്മിണി വലിയ അടയാളപ്പെടുത്തലുകൾ നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ ഏറ്റവും വലിയ ഉദാഹരണം തന്നെയാണ് ലിറ്റിൽ പീപ്പിൾസ് സ്പോർട്സ് ക്ലബ്ബ്



Sulthana M
MA English

# The Future is ACCESSIBLE

It's a man's world. It's a heteronormative world. It's a neurotypical world. It's also an ableist world. A big part of the world is designed for the able-bodied. People with disabilities, especially the ones who use mobility aids, find it hard to access the wide world of the able-bodied. Allow me to show you what it's like: imagine you are a wheelchair user. You go to a restaurant and get royally escorted in through the back door because there is no ramp in the front. Then you go to wash your hands and maybe do a little touching up on your hair and, well, you get a free shower while trying to wash your hands and you can style the top of your hair because that is about as much as you can see in the mirror. Too short for the faucets, maybe you really should have eaten your veggies. Then you go to the restroom, but the door is too narrow for your wheelchair. The toilet is too small for you to navigate your wheelchair inside it anyway. And if you want to hang your coat, the hanger is above your reach. Would you enjoy a world like that? A world where ignorance is the attitude towards disability? Where people are willing to help with things you don't need help with just to show off their 'sympathetic' good heart but don't want to question inaccessibility. You could be born disabled but you could also, by just one unfortunate accident, become disabled- God forbid that happens. So being ignorant is not entirely 'backfir-ing-proof'. Let me tell you my experience of my disability.

When I came to Calicut, I really wanted to go to SM street. I'm a fan of small shops and cheap clothes. But when I went



to SM street in my wheelchair, most of the stores were inaccessible. And when people volunteered to get me into their store by lifting me with my wheelchair into the store, I felt bad and made sure to buy something even if I didn't like the clothes I found in that shop. I spent more money than I intended to. That is how it is. The only kind of stores that are properly accessible are malls. Even then, you are not entirely free from capitalist ableism. It seeps in in the form of accessible shopping centers but inaccessible workplaces, such as the Business Park at HiLite mall. It is as if this place is telling you that you can spend your money if you're disabled, but don't you dare want to work and make money. When I go to small shops in the street, I always end up having to stand outside the store and buy what I want because there is always at least one step to get into the store. A disabled friend of mine once shared a story with me about an instance where his dignity was shaken due to his disability. He was at a bus stand with his crutches and a person gave him a ten rupee note. This affected him deeply as he still carries it inside after many years. This is but one example of people's internalized ableism and the attitude of the society towards disabled people. I have had my fair share of ableist disempowerment as well. I have a boy cut. But it's turning into more of an Indira Gandhi. There's a story to it. Everyone usually has a regular barber, right? So did I. Hair salons are not accessible around here but there was this place where they would always help me by lifting me with my wheelchair into the store. There is only one step in the front but it's still a task. The last time I went there, the guy at the barbershop said to my mom, while I was sitting there, "Don't bring her here for the next haircut" This is what 'help' for a disabled person is like. Of course everyone wants to help. As long as it's convenient for them.



**As long as it feeds their ego and makes them feel good about themselves by getting some 'charity' done. The point is, charity is not accessibility. Is this what the world should be like?**

As long as it feeds their ego and makes them feel good about themselves by getting some 'charity' done. The point is, charity is not accessibility. Is this what the world should be like? A place where a person who does not have the privilege of having a fully functioning body has less options, less places they can go to and less of the world they can experience? Well, it's easier said than done. So let me waste no time and ask the real question: what can be done? The answer is RPwD (Rights of Persons with Disabilities). The Government of India enacted the RPwD act in 2016 and it came into force in 2017.

And accessibility, which was a welfare measure up until then, became a right, non-compliance of which is punishable by the law. The RPwD Act, 106 through sections 40-46 makes it a necessity for all public-centric buildings (buildings that are extensively used by the public) to be made accessible. Section 2(w) of the act defines 'public building' as any government or private building that is used by the public at large. This includes buildings used for educational, transportational, health service or judicial purposes, workplaces, roadways, bus stands etc. According to the Constitution of India, no person shall be deprived of their personal liberty only on the grounds of disability. A disabled person should not have to call and check if a public place is accessible before they go there. They shouldn't have to Google schools and colleges that are accessible so they can study without added distress. They shouldn't feel like the world is telling them "Stay home, the outside world isn't for you. " The world should be wider. Because not all doors open for people like me, some are too narrow. The world for us becomes narrow when its view of us becomes narrow.





awwa Ayyub
Arabic

# The Deliberate Stigmatization of Sign Language or Why We Must Question the Defaults

The history of the relationship between scientific research and the oppression of disabled people is a long and troubled one, including segregation, eugenics and systematic human rights abuses (Stone and Priestley 1996). Children with behaviours regarded deviant by the social mannerisms of each era have undergone various forms of abuse, ranging from forced seclusion and starvation to squirting hot sauce in their eyes and electrocution (evidence of this persisting even in 2020 has been submitted in the US supreme court).

In discourse on disability as a social construct and popularizing sign language to accelerate inclusion and remove communication barriers for deaf people to enter the mainstream, an oft-heard point of contention is that it would be impossible to integrate sign language unto the hearing community. However, a look into history reveals that the marginalization of deaf people was a very deliberate and conscious decision that stemmed from the desire to eradicate deafness. In the late 19th century, manual language versus oral communication for deaf children was a hot topic of debate among educators, embodied by Thomas H. Gallaudet, the cofounder of the American School for the Deaf, and Alexander Graham Bell. Gallaudet had seen the success of signing Deaf schools firsthand in France, making him a strong proponent of signed languages.

But Bell, a proponent of Eugenics (a popular pseudoscience that was used to justify the forcible sterilization of disabled people, a program that Hitler admired and

is said to have learned from) believed that getting rid of sign language was the key to eradicating deafness. Without sign, deaf people would be forced to speak and would integrate into the general population rather than marry one another, thereby producing fewer deaf babies. The Milan Conference held under his presidency in 1880 banned sign language from schools for the deaf around the world for about 80 years. There were policies to stop deaf intermarriages to wipe out deafness, asylums where fingers were tied or beaten or jammed in drawers to stop deaf children from communicating in sign language, and mass termination of deaf schools under the facade of inclusive education, all of which led to the depopularization of sign language. Besides his ethics, Bell's actual science was wrong—most deafness isn't directly hereditary—but his ideas remain prevalent in deaf education circles even now. Today, speech therapists in our habilitation centres regard sign language as a crutch, which upon learning will prevent a child from being intrinsically motivated to learn an oral language, a belief that is an offshoot of the oralism of the 1800s.

Parents and caretakers who consult audiologists or speech language pathologists, are asked to withhold sign language from deaf children in the belief that it interferes with speech development despite the abundance of research clearly showing that early acquisition of sign language and higher levels of sign language proficiency are strongly correlated with better reading skills in deaf signing children (Chamberlain & Mayberry, 2000; Hoffmeister, 2000 etc. ). The first five years of a child (also known as the language acquisition window) is a critical period with high degree of brain plasticity. When a child is not exposed to language in this period, it affects the development of neuro-linguistic structures in the brain, especially those related to developing grammar and second language acquisition (Skotara, Salden, Kugow, Hanel-Faulhaber, & Roder, 2012). The denial of an accessible language harms children's cognition, comprehension and learning capacity, causing a fundamental and irreversible biological impact on the brain and on healthy development.

**The denial of an accessible language harms children's cognition, comprehension and learning capacity, causing a fundamental and irreversible biological impact on the brain and on healthy development.**



After acquiring hearing aids or cochlear implants, learning how to hear and learning a spoken language simultaneously is more burdensome than already having a growing language foundation that can be used to help cochlear implant skill development. Our pathologists consider using sign language as a "last resort" after noticeable failure to develop speech skills, creating the possibility for language deprivation, given that there is only one time-sensitive language acquisition window regardless of visual or auditory modalities. The "intrinsic motivation" to learn an oral language is the denied ability to communicate their needs, resulting in communication barriers, misunderstood childhood and unmet emotional needs, factors that lead to low self-esteem and unhealthy attachment styles in adulthood. Research has shown that children deprived of language due to deafness suffer from mental health difficulties, lower quality of life, and higher levels of trauma. Apart from language deprivation, the cochlear implant and subsequent habilitation pose a number of other problems:

1) caretakers are not informed of the possible side effects, those during the surgery like the damage to facial nerve and taste nerve, and long-term ones such as electrocution inside the head.

2) This kind of habilitation is accessible only to those who have the financial means. Despite government funding for the initial surgery (and sometimes two years of therapy), children whose caretakers cannot afford to take days off of work to accompany them to and from the centres will not see any improvement in speech because of the implant alone.

3) The planned obsolescence of the companies that provide the equipment results in lack of spare parts and inability to repair once the provider stops manufacturing a specific model. Unlike other products, the dysfunction of cochlear implants results in students being unable to participate in class. They cannot switch to deaf schools, since they have been denied it. Most deaf people in India are not trained in Indian Sign Language.

4) Isolation is a requirement of the implant. Since children are deprived of language and parents are discouraged from learning and teaching sign language, kids end up unable to have a conversation with their own families. Parents are also asked to keep them away from other signing children "in order to motivate speech" and in the process these kids lose their social circle and grow up without a support system or sense of community, two major factors that contribute to a person's self-image and sense of worth, creating irreversible damage to a person's personality and mental wellbeing.



5) Due to the thorough stigmatization of sign language, parents do not realise that they are opting for a modern version of institutionalization. Children whose parents feared sign language would mark them end up marking them by its absence.

6) Deaf education had been hyperstratified by the rise of the cochlear implant. Funding for deaf schools were cut short to promote "inclusive education" and donors have the illusion that the students can be "saved" through implants. The legacy of Milan gave birth to a self-reinforcing cycle: Deaf teachers were removed from schools since they could not teach orally, the language deprived deaf students did not have deaf role models to look up to, resulting in fewer successful deaf professionals and further stigmatization of Deafness. A newer form of eugenics has risen today in the form of prenatal genetic screening.

**Due to the thorough stigmatization of sign language, parents do not realise that they are opting for a modern version of institutionalization.**

The testing itself feeds into the cycle of ableism by portraying disability as something to be cautious of and telling disabled people that their identities are unwanted and preferably erased, leading to internalised ableism and inferiority complex. The hypocrisy of genetic counsellors who claim "informed choice" is revealed in their reports of being "deeply troubled" when parents with disabilities like autism or deafness ask for assistance in having a child who shares their disability

Solutions: The importance of having the agency and authority to determine what type of treatment one wants to undergo, whether at all, is underscored with every new case one comes across. Intervention centres are usually run by non-disabled people. Imagine an organisation for women run by men! Or the irony of men making rules about abortion. The lack of



representation in decision-making and organisational levels stems from the idea that disabled people cannot think properly or lead an institution.

In my research, I was unable to find any organisation by and for disabled people in India. Medicine should work to alleviate pain and improve quality of life, not give in to the normalisation agenda. Intervention centres should function upon the functional model of disability, while taking extra care to ensure clients are informed about possible side effects and all available options. They must maintain medical integrity and should not be profit-driven. Priorities of deaf child development should focus on healthy growth of all developmental domains through a fully-accessible first language foundation such as sign language, rather than auditory deprivation and speech skills.

Teachers and learners can take advantage of one language to assist in acquiring the other. A pooling of extensive research data by independent researchers concluded that it might be more realistic and successful if procedures similar to the ones used in bilingual education programs for minority children were followed in teaching English to deaf children. Ideally, in the earliest years, deaf children should learn Sign Language. Once that is established as a means of communication, teachers can then use it as a medium of instruction for all subjects, including languages, which can be taught along with speech and reading.

As part of the growing political consciousness surrounding post-colonialism, feminist studies, and self-determination (also see Gopal Guru on empirical Shudras and theoretical Brahmins 3 ), disabled people have rejected being the 'objects' of rational empiricism. Non-disabled researchers who are not part of an anti-oppressive political movement are seen as part of the problem, not the solution to disabled people's oppression. The least non-disabled people can do is to not impose their ideas of well-being and equality upon disabled people. Instead they must check their privilege, listen to the demands of the disabled community and amplify authentic anti-ableist voices to compensate for their ableism. As with any social and environmental justice cause, people advocating for the well-being of any community must remember to be louder than the oppressor but quieter than the oppressed. Many disabled influencers use social media to eliminate prejudices, criticise problematic portrayals in popular media, highlight the lack of higher education opportunities, and expose organisations that fund research for "cures" or prenatal scans rather than allocating it for initiatives to foster inclusion. We need to stop propagating our ideas about any community but amplify existing voices, lived experience and authentic opinions from the community, and push for policies that meet their needs and recognise their civil rights. Moral of the story is that when people claim it is impossible to create a truly inclusive world, we need to go back in time to find the roots of discrimination and check whether it really is the default state of things, or if they are intentionally created binaries and tools of oppression.

*. 1 1 Hall W. C. (2017). What You Don't Know Can Hurt You: The Risk of Language Deprivation by Impairing Sign Language Development in Deaf Children. Maternal and child health journal, 21(5), 961–965. https://doi. org/10. 1007/s10995-017-2287-y 1*

*. 2 Friedner, M. , When Planned Obsolescence Metts Cochlear Implants, Sapiens, Wenner Gren Foundation and University of Chicago Press, 29 March 2023*

*3 Gopal Guru. (2002). How Egalitarian Are the Social Sciences in India? Economic and Political Weekly, 37(50), 5003–5009. http://www. jstor. org/stable/4412959*



ശൗഖിയ റഷീദ്
MLISC



# സാംസ്കാരിക കേരളം;

## അകത്തളങ്ങളിലേക്കൊരു എത്തിനോട്ടം

മനുഷ്യോൽപ്പത്തി മുതൽക്കേ സംസ്കാരം അവനിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. അത് വളർച്ചയിൽ ആയാലും തളർച്ചയിൽ ആയാലും. തലമുറകളായി കൈമാറി വരുന്ന ഈടുറ്റ കലകളും സംസ്കാരങ്ങളും അവതീർക്കുന്ന മാസ്മരിക പ്രഭാവങ്ങളുമാണ് ഏതൊരു ദേശത്തെയും ഇതര ദേശങ്ങളിൽ നിന്നും വ്യതിരിക്തമാക്കുന്നത്. ജീവിതത്തിന്റെ സർവമാനമണ്ഡലങ്ങളിലും മനുഷ്യരാശിയ്ക്കുണ്ടായിട്ടുള്ള മഹത്തായ നേട്ടങ്ങളുടെ ആകെത്തുകയെ സംസ്കാരം എന്ന് വിളിക്കാം. മതം, തത്വചിന്ത, ഭാഷ, സാഹിത്യം, ശില്പവിദ്യ, വിദ്യാഭ്യാസം, സാമ്പത്തിക സാമൂഹിക സംവിധാനങ്ങൾ, എന്നിങ്ങനെ വിഭിന്നമായ മേഖലകളിൽ ഒരു ജനതയ്ക്ക് ഒന്നടങ്കം കൈവരിക്കാനായ നേട്ടങ്ങളുടെ അന്തഃസാരയാണത്. ആൽഫ ജനറേഷന്റെ വികാസവും കാലാന്തരങ്ങളിൽ വന്നുചേർന്ന പരിവർത്തനങ്ങളും വികസനം എന്ന സംജ്ഞയിൽ വ്യാപരിക്കുന്ന പുരോഗമന പ്രവർത്തനങ്ങളും സാംസ്കാരിക മുന്നേറ്റത്തിന് അനുഗുണമാവേണ്ടതുണ്ട്. വൈയക്തികമായ ആചാരാനുഷ്ഠാനങ്ങളും ഭാഷയും ജീവിതത്തിലെ സാർവജനീനവും സാർവലൗകികവുമായ കർമ്മങ്ങളുമെല്ലാം രൂപപ്പെടുത്തുന്ന അടിസ്ഥാന ആശയങ്ങൾക്ക് ഇളക്കം തട്ടിയോ എന്ന വിചിന്തനവും നിരന്തര പരിശോധനയും സാംസ്കാരികോന്നതിയുടെ ഗതി നിർണയിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

## കേരളീയ പൈതൃകം

വിരചിതമായ സാംസ്കാരിക വൈവിധ്യങ്ങളാൽ സമ്പുഷ്ടമായ കേരളീയ പൈതൃകം ആർഷഭാരത സംസ്കൃതിയോട് അഭേദ്യമായ ബന്ധം പുലർത്തുന്നതും അവിടെ നിലനിന്നിരുന്ന പരശ്ശതം സംസ്കാരങ്ങളുടെ അമരത്തും ആയിരുന്നു. അച്ചടക്കരാഹിത്യങ്ങളേതുമില്ലാതെ വ്യത്യസ്ത മതവിശ്വാസികൾ പരസ്പരം സമഭാവനയുടെയും സഹവർത്തിത്വത്തിന്റെയും സാഹോദര്യത്തിന്റെയും പാഠങ്ങൾ അനുവർത്തിച്ചു പോന്നു. അതുകൊണ്ടാണല്ലോ വ്യാപാരത്തിനായെത്തിയ അറബികൾ പോലും കന്യാകുമാരിയുടെ ശീതളച്ഛായയിൽ മയങ്ങുന്ന ഈ കൊച്ചു കേരളത്തെ 'ദൈവത്തിന്റെ വരദാനം' എന്ന് പ്രകീർത്തിച്ചത്. അന്യദേശങ്ങളുമായി പുലർത്തിയ അനന്യമായ സൗഹൃദവും ആതിഥേയത്വത്തിലെ തികഞ്ഞ മര്യാദയും മറ്റുള്ളവരുടെ ഇഷ്ടഗേഹമായി മാറാൻ കാരണമായി.

പ്രാകൃതമായ ആചാരങ്ങളുടെയും നടപടിക്രമങ്ങളുടെയും ഫലമായി ദ്രാവിഡ സംസ്കാരം മലയാളമണ്ണിൽ ചെലുത്തിയ സ്വാധീനത്തെ നേർപഥത്തിലേക്ക് നയിക്കുന്നതിൽ വൈജാത്യ സാമൂഹിക സാംസ്കാരിക ധ്രുവങ്ങളുമായുള്ള നമ്മുടെ സമ്പർക്കം ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. ബിസി 300 നകം ആര്യ-ദ്രാവിഡ വരവോടെ രൂപംകൊണ്ടതായി ചരിത്രം രേഖപ്പെടുത്തുന്ന കേരളീയ സംസ്കൃതി മറ്റു സംസ്കാരങ്ങൾ കടപുഴകിയൊഴുകിയ പല പ്രളയങ്ങളിലും സക്രിയമായ ഇടപെടലുകളിലൂടെ പിടിച്ചു നിന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. ഇന്ത്യയുടെ തെക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന കേരളത്തെ പശ്ചിമഘട്ട മലനിരകൾ രാജ്യത്തെ മറ്റു ഭൂഭാഗങ്ങളിൽ നിന്നും അറബിക്കടൽ ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്നു. ഭൂമിശാസ്ത്രപരമായ ഈ സവിശേഷതയും സാംസ്കാരിക വളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്. പ്രതിഭാധനരായ കവികളും സാഹിത്യകാരന്മാരും ചിത്രകാരന്മാരും കൊട്ടാരങ്ങളിൽ പ്രൗഢിയോടെ വാണത് അന്നത്തെ ഉത്തുംഗമമായ സാമൂഹിക- സാംസ്കാരിക പശ്ചാത്തലത്തെയാണ് വരച്ചിടുന്നത്.

## അക്ഷരങ്ങൾക്കപ്പുറം വളരേണ്ട സംസ്കാരം

വർണ്ണശബളമായ ചരിത്രസന്ധിക്കിടയിൽ വേരാഴ്ത്തിയ മൂല്യച്യുതികളും നാം കാണാതിരുന്നു കൂടാ. മനുഷ്യമനസ്സുകളിൽ മുന്നാൾപ്പൊക്കത്തിൽ മതിലുകൾ കെട്ടിയ അനാചാരങ്ങൾ, നിരർഥകമായ വിശ്വാസസമ്പ്രദായങ്ങൾ, മനുഷ്യവിരുദ്ധമായ ശിക്ഷാ നടപടികൾ എന്നിവയെല്ലാം അരങ്ങുവാണിരുന്ന കാലത്ത് മുന്നോട്ടുള്ള പ്രയാണത്തിലും ഒരു താക്കീതാവാൻ വിവേകാനന്ദ സ്വാമിജി എടുത്തണിയിച്ച കുച്ചു വിലങ്ങാണ് ഭ്രാന്താലയം. അനവധി സാമുഹ്യ പരിഷ്കർത്താക്കൾ ഉച്ചനീചത്വങ്ങൾക്കെതിരെ രംഗത്തുവന്നും നിരർഥകത ബോധ്യപ്പെടുത്തിയും മാതൃകാ സന്ദേശം നമുക്ക് പകർന്നു തന്നു. എന്നാൽ ഇന്നും മാധ്യമ വാർത്തകളിൽ നിത്യസാന്നിധ്യമാകുന്ന, സാക്ഷരകേരളത്തെ ലജ്ജിപ്പിക്കുന്ന, നാം എവിടെയെത്തി എന്ന് ആശ്ചര്യപുർവം പരസ്പരം ചോദിക്കേണ്ടി വരുന്ന സംഭവവികാസങ്ങൾ, ഇത് കേരളത്തിലോ? എന്ന നടുക്കത്തിന് അറുതി വരുത്തിയിരിക്കുകയാണ്. കേവലം അന്ധവിശ്വാസത്തിന്റെ പേരിൽ നരബലിക്ക് പ്രീണിതരായത് വിദ്യാസമ്പന്നരാണെന്നോർക്കണം. പ്രണയനൈരാശ്യങ്ങളിൽ തുടങ്ങുന്ന വികാരവിദ്വേഷങ്ങൾ ജീവന്റെ നാഡിയറുക്കുന്നതും പതിവ് പല്ലവി തന്നെ. പാണാവള്ളിയിൽ നവജാത ശിശുവിനെ നിഷ്ഠൂരമായി കൊലപ്പെടുത്തിയിട്ടും നാളേറെയായില്ല. അനിർവചനീയമായ മാതൃത്വത്തിന്റെ മഹത്തരമായ നിർവചനങ്ങൾക്ക് വിഘാതമേകി മാനുഷിക മുല്യങ്ങളെ അപ്രസക്തമാക്കുന്ന ചാപല്യങ്ങളും സ്വഭാവ വൈകല്യങ്ങളും എണ്ണിത്തിട്ടപ്പെടുത്തുക അസാധ്യം. ഊഷ്മളമായ സ്നേഹബന്ധവും കുടുംബത്തിന്റെ കെട്ടുറപ്പും ഭൗതികലാഭങ്ങൾക്കുള്ള പേക്കുത്തുകളായി അധഃപതിക്കുമ്പോൾ സംസ്കാരശില തേടി എവിടെപ്പോകാനാണ്? വിവാഹ ഫോട്ടോയെടുക്കാനെത്തിയ ഫോട്ടോഗ്രാഫറെ കാരണമന്യേ മർദ്ദിച്ചവശനാക്കിയതിനും വിശപ്പിന്റെ വെല്ലുവിളി അസഹ്യമായപ്പോൾ മോഷ്ടിച്ചതിന് ക്രൂരമായി കൊലചെയ്യപ്പെട്ട മധുവിന്റെ നിലവിളികൾ വീണ്ടും അലയടിച്ചതിനും ആര് ഉത്തരവാദിത്വമേൽക്കാനാണ്? എഴുപത്തൊന്ന് രാവുകൾ പിന്നിട്ടും പ്രതീക്ഷയോടെ ആത്മ സുഹൃത്തിനായുള്ള തിരച്ചിൽ തുടർന്ന മനാഫിന്റേയും പ്രഹരത്തിനും കുറവില്ലല്ലോ. അർജുന്റെ ലോറിയിൽ സംഭരിച്ച ഡ്രഗ്സിനും സ്വർണ ബിസ്കറ്റിനും വേണ്ടിയായിരുന്നു ഈ നിതാന്തശ്രമമെങ്കിൽ 'അത്തരമൊരു മനുഷ്യൻ നമ്മുടെ ജീവിതത്തിലും ഉണ്ടായിരുന്നെങ്കിൽ' എന്ന് സമന്വിദ്വേഷസ്സുള്ളവർ പറയുകയില്ലല്ലോ. വിദ്വേഷ

യുട്യൂബർമാർ പടച്ചു വിടുന്ന നുണപ്രചരണങ്ങളും പേരിനാൽ പ്രവൃത്തിയെ മതവൽക്കരിക്കുന്ന പ്രവണതയ്ക്കും കർഫ്യൂ ഏർപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വയനാട്-മുണ്ടക്കൈ ദുരന്തത്തിൽ അനാഥരായ പിഞ്ചോമനകളെ മുലയൂട്ടാൻ സന്നദ്ധരായി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വന്ന സ്ത്രീകളോട് സമൂഹമാധ്യമങ്ങളിൽ അസഭ്യവർഷം നടത്തിയവർക്ക് 'സംസ്കാരശൂന്യർ' എന്നതിനപ്പുറം മറ്റൊരു അപരനാമമുണ്ടാകില്ല. അടിസ്ഥാനപരമായ നൈതിക ബോധത്തെ അട്ടിമറിമാറ് വ്യത്യസ്തങ്ങളായ പരികല്പനങ്ങൾ കമന്റ് ബോക്സുകളിൽ നിറയുമ്പോൾ സമൂഹത്തിന്റെ മുഖച്ഛായ തന്നെയാണ് പ്രകടമാകുന്നത്. പിൻവാതിൽ നിയമനങ്ങളും വില്പനച്ചരക്കാകുന്ന വിദ്യാഭ്യാസവും സംസ്കാരച്ചോർച്ചയുടെ മറ്റൊരു പരിച്ഛേദം മാത്രം. അതിജീവിതകൾ തുടർക്കഥയാകുമ്പോഴും ഗാർഹിക പീഡനങ്ങളും കുടുംബശൈഥില്യങ്ങളും അധികരിക്കുമ്പോഴും സ്ത്രീയാണ് ധനം എന്ന ആദർശത്തെ പ്രായോഗികവൽക്കരിക്കാൻ നമുക്കിനിയുമായിട്ടില്ല. ഉത്രാടത്തിനു മാത്രം സംസ്ഥാനത്ത് 124 കോടിയുടെ മദ്യം വിറ്റഴിഞ്ഞുവെന്ന വാർത്ത ഏറെ അഭിമാനകരമായാണ് പലരും പറയുന്നത്. ഗാന്ധിയൻ ആദർശങ്ങളിലേക്ക് തിരിഞ്ഞു നടക്കേണ്ടത് ഇവിടെയാണ്. മദ്യപരെ ഉപദേശിച്ച് പിന്തിരിപ്പിച്ച് കൂടേയെന്ന ഒരു പത്രപ്രവർത്തകന്റെ ചോദ്യത്തിന് മറുപടിയായി മഹാത്മജി പറഞ്ഞത് 'നിങ്ങളുടെ കുട്ടി തീയിൽ ചാടാൻ പോകുന്നെങ്കിൽ ചാടരുതെന്ന് ഉപദേശിക്കലല്ല, പകരം ബലം പ്രയോഗിച്ച് കുഞ്ഞിനെ തടഞ്ഞ് നിറുത്തലാണ് ബുദ്ധി' എന്നാണ്. ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ മാർഗം മദ്യ വർജനമല്ല; നിരോധനമാണെന്ന് ഇനി എന്നാണ് നാം തിരിച്ചറിയുക? ഇത്തരം നിലപാടുകൾക്കെല്ലാം സംസ്കാരനിർമ്മിതിയിൽ പ്രഥമ സ്ഥാനമുണ്ടെന്ന വസ്തുത അനിഷേധ്യമാണ്. അഞ്ചു വർഷങ്ങളായി കൽത്തുറുങ്കിലായിരുന്ന ഹേമ കമ്മിറ്റി റിപ്പോർട്ട് മറ നീക്കവേ പിടിവീഴേണ്ടവർ ഒളിവിൽ കഴിയുന്ന സ്ഥിതിയും സ്വാഭാവികം. 2018 ൽ ആളിപ്പടർന്ന മീ ടൂ വിവാദം ഒരു പരിധിവരെ സ്ത്രീകളുടെ ആവശ്യങ്ങൾ ഉന്നയിച്ചെങ്കിലും അസ്തമിക്കാത്ത അധികാരവാഞ്ചയും ആധിപത്യവും തൊഴിലിടങ്ങളിലെ പാരതന്ത്ര്യവും പറന്നുയരാനാവാത്ത വിധം അവളെ ബന്ധനസ്ഥയാക്കുകയാണ്. സമൂഹത്തിൽ തുറന്നുപറച്ചിലുകൾക്ക് പൂർവാധികം വേദിയൊരുങ്ങുന്നതും ആത്മഭിത്തിയിലെ വൈകാരിക വ്രണങ്ങളെ ലോകത്തോട് വിളിച്ചു പറയാൻ സ്ത്രീകൾ തയ്യാറെടുക്കുന്നതും അനുകൂലാത്മകമായ മാറ്റങ്ങളാണ്. ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കാതെ, നന്മയുടെ കാവലാളുകൾ കുറ്റവാളികൾക്ക് കാവലാകാതെ, സമൂലമായ മാറ്റത്തിനുതകുന്ന നിയമപരിഷ്കരണവും നടപ്പിലാക്കലുമാണ് ഇനി വേണ്ടത്.





ഫർസീൻ തരകൻ
MA History

## കാലചക്രം

മനുഷ്യാ....
ഒന്ന് നിവർന്നിരിക്കാൻ
എഴുനേറ്റ് നിൽക്കാൻ
പിച്ചവെക്കാൻ, ശബ്ദ മുയർത്താൻ
തലയുയർത്തി പിടിക്കാൻ
എത്ര കൈ പിടിച്ചെടോ നീ....
നീ ധരിച്ച വസ്ത്രം, ആഭരണം
പിടിച്ച യന്ത്രങ്ങൾ
എത്ര എത്ര കൈകളിലൂടെ
കടന്നുവന്നതാണ്
ഒന്ന് ശ്വാസമെടുക്കാൻ, ദാഹമകറ്റാൻ
വിശപ്പടക്കാൻ, കണ്ണീർ തുടക്കാൻ,
പുഞ്ചിരിക്കാൻ അവനില്ലാതെ നിനക്കാവുമോ
ഇത്ര നിസാരനായിട്ടും
എന്താടോ മനുഷ്യാ നീ
അവനെ കാണാതിങ്ങനെ.....
എന്തിനാടോ അവനെ കേൾക്കാതിങ്ങനെ....
എങ്ങോട്ടാടോ അവനെ അറിയാതിങ്ങനെ.....
കാലചക്രത്തിലുരുളുന്നു.....

ആഷിഫ
BA Sociology



# നിലനിൽപ്പ്

പോകെപ്പോകെ വിണ്ട കാലടികൾ
വഴുതി പ്പോവുന്നു
ആരോ വരച്ച ദാരിദ്ര രേഖയിൽ
അവകാശങ്ങൾ വെറുതെ തൂങ്ങിയാടുന്നു
നിവർത്തും തോറും ചുരുണ്ടു വരുന്ന
പായപോലെ ജീവിതം..
ഒടുക്കം ഉത്തരത്തിൽ കെട്ടിയ കയറിൽ
കഴുത്ത് ഞെരിയുമ്പോൾ
കഴുക്കോലിൽ ഒരു വാചകം
പല്ലിളിച്ചു കാണിക്കുന്നു..
നില നിൽപ്പിനായുള്ള പോരാട്ടം,
ഉത്തമമായതേ അതി ജീവിക്കൂ.

മുഹമ്മദ് സാബിഖ്
BSc Chemistry



# ഉടവ്

അന്ധത തൻ പിച്ചള പാത്രത്തിൽ
വരളുന്ന നിലാവിനെയോർത്തു
തേങ്ങുമാ നെഞ്ചകം അലതല്ലിയതു
കേൾക്കുവാൻ നിനക്കാകുമോ
നീരസത്തിണ്ണയിൽ ചാഞ്ഞുറങ്ങി നിൻ
അമരമാം വിഷമതു നിശ്വാസമാക്കുന്ന
അമറുന്നൊരുപറ്റം ചെന്നായകൾ
അവ തിന്നുതീർക്കുന്നൊരീ മൺകുനകൾ
ഉതിരുന്ന ഉടലതിൻ വിങ്ങലുകൾ പൊട്ടി
ച്ചിരികളായ് മാറുന്ന മായാദൃഷ്ടി
ഉഷിരിൽ പടരുമാ വിളിച്ചോതലൊന്നാകെ
ഉൾക്കാട്ടിൽ എരിയുന്ന വിറകുകളായ്
വരുവില്ലൊരിക്കലും വിരപോൽ ഇഴയുന്ന
ധർമ്മത്തിൻ നിശ്വാസം ഭുമിയോളം
അരുതരുത് അന്ധതയിൽ ഇടറരുത്
കപടമുഖങ്ങൾ ഭസ്മമായിടും പാരിലാകെ
ഉടയും നിറത്തിങ്കളിൻ ശോഭയാലെ



സഹദ് സി ടി
MLISC

# സുഗ്ഗും കോട്ടുമിട്ട ചപ്ലാച്ചി ഭാഷ

വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട് എന്നു പറയുന്നതിലെ കോതയായിട്ടാണ് ഞാനെന്നെ മനസ്സിലാക്കുന്നതെന്ന് സംവിധായകൻ മുഹ്സിൻ പരാരി ഈയിടെ പ്രസ്താവിക്കുകയുണ്ടായി. ആ കോതപ്പാട്ടിന്റെ ഭംഗി തല്ലുമാലയിലൂടെയും സുഡാനി ഫ്രം നൈജീരിയയിലൂടെയും KL10 പത്തിലൂടെയുമെല്ലാം മലയാളി ആസ്വദിച്ചു. കോതയുടെ പാട്ടുകൾ അഥവാ മൊഴിമലയാളത്തിന്റെ മധുരം സാഹിത്യത്തിലും കലയിലുമോന്നും പൂർണ്ണമായി ഉപയോഗിക്കപ്പെട്ടിട്ടില്ല എന്നത് യാഥാർഥ്യമാണ്. ഏകതാനതാ രൂപം കൈവരിക്കുമ്പോൾ മാത്രമേ ഭാഷയ്ക്ക് ഭംഗി വരൂ എന്നത് മാറ്റി നിർത്തി വാമൊഴികളുടെയും നാട്ടു മണമുള്ള സംസാരങ്ങളെയും അർഹിക്കുന്ന വിധം ഉപയോഗപ്പെടുത്താൻ കേരളീയ കലാ സാഹിത്യ സമൂഹത്തിലെ ചിലരെങ്കിലും ഈയിടെ ശ്രദ്ധിക്കുന്നുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ ഭാഷയുടെ അസ്ഥിത്വം ചോദ്യം ചെയ്യപ്പെടുന്നില്ല മറിച്ച് അതിന്റെ ശാഖകൾ പന്തലിക്കുകയാണ് ചെയ്യുന്നത്.

വാക്കുകൾ വെറുതെ കോർത്തിട്ട ചരടല്ല ഭാഷ, മറിച്ച് ശബ്ദ ഭംഗിയുള്ള, സുന്ദരമായ മുത്തുമണികൾ കോർത്ത മാലയാണ്. മനുഷ്യരെ ഒന്നിപ്പിച്ചും ആശയങ്ങളെ അണി നിരത്തിയും ഭാഷ അതിന്റെ പ്രയാണം തുടർന്നു കൊണ്ടേയിരിക്കു ന്നു. ഭാഷ സമൂഹത്തെ, സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു.

തോട്ടി, ഏമാനൻ, കുടിൽ തുടങ്ങിയ വാക്കുകളൊക്കെയും ഇന്ന് ഭാഷയിൽ നിന്ന് അസ്തമിച്ചത് ഭാഷ സമൂഹത്തെ ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്ന കണ്ണാടി ആയതു കൊണ്ടാണ്.

ഭാഷ എന്ന നിലയിൽ മലയാളം തീർത്തും സമ്പന്നവും ആഢ്യത്വമുടയതുമാണെന്ന കാര്യത്തിൽ രണ്ടഭിപ്രായം ഇല്ല. എത്ര സുന്ദരം എത്ര സുന്ദരം എന്റെ മലയാളം മു



ത്ത് പവിഴങ്ങൾ കൊരുത്തൊരു പൊന്നു നൂൽ പോലെ എന്ന് ഓ എൻ വി പാടിയത് അതുകൊണ്ടാണ്. ഉത്ഭവം മുതൽ ഇന്നുവരെ ഉത്ഥാന പതനങ്ങൾ ഏറെ കഴിഞ്ഞു പോയിട്ടുണ്ട് മലയാളഭാഷയിൽ. എഴുത്തച്ഛന്റെ മലയാളം പൊതുവെ അംഗീകരിക്കപ്പെട്ടത് കൊണ്ട് അദ്ദേഹം ഭാഷയുടെ പിതാവായി എന്ന നിരീക്ഷണത്തിൽ അതല്ലാത്ത മലയാളവും ഉണ്ട് എന്ന ധ്വനിയെ അത്രയെളുപ്പം നിഷേധിക്കാൻ കഴിയില്ല..

**ഏറ്റവും സാധാരണക്കാരനെയടക്കം ഉൾക്കൊള്ളാൻ കഴിയുമ്പോഴാണ് ഭാഷ ഒരു സമൂഹത്തിന്റെ ചാലകശക്തി ആകുന്നത്. മലയാളത്തിലെ സാഹിത്യകാരന്മാരിൽ ചങ്ങമ്പുഴയും ബഷീറുമൊക്കെ ഈ ധർമ്മം സുന്ദരമായി നിർവഹിച്ചവരാണ്.**

ഏറ്റവും സാധാരണക്കാരനെയടക്കം ഉൾക്കൊള്ളാൻ കഴിയുമ്പോഴാണ് ഭാഷ ഒരു സമൂഹത്തിന്റെ ചാലകശക്തി ആകുന്നത്. മലയാളത്തിലെ സാഹിത്യകാരന്മാരിൽ ചങ്ങമ്പുഴയും ബഷീറുമൊക്കെ ഈ ധർമ്മം സുന്ദരമായി നിർവഹിച്ചവരാണ്.

സംസ്കൃത വൃത്തങ്ങളിലും ദ്രാവിഡ വൃത്തങ്ങളിലും ഒതുങ്ങിയിരുന്ന മലയാള കവിതയെ നാടൻ ശീലുകളിലേക്കും നാട്ടുകാരുടെ ഭാഷയിലേക്കും ചങ്ങമ്പുഴ കൊണ്ടുവന്നു. അതുകൊണ്ടാണ് ഉരൽപ്പുരപ്പെണ്ണുങ്ങൾക്കു പോലും രസിക്കാവുന്ന വിധമായി കവിത എന്ന ആക്ഷേപം രമണനെ ചൊല്ലി ഉയർന്നുവന്നത്. പിന്നീട് ബഷീർ നല്ല 'ചപ്ലാച്ചി' ഭാഷയിൽ കഥകൾ എഴുതി വച്ചു. 'ഭാർഗവീനിലയ'ത്തിൽ 'പുവമ്പഴം' തിന്നു കൊണ്ടിരുന്ന 'പാത്തുമ്മയുടെ ആടി'നെ മലയാളി നെഞ്ചോട് ചേർത്ത് പിടിച്ചു. ഭാഷ എന്ന വൃക്ഷം സമൂഹത്തിന്റെ അടിത്തട്ടിലേക്ക് വേരുന്നിയപ്പോൾ ഉണ്ടായ ഫലങ്ങൾ ആയിരുന്നു ബഷീർ കൃതികൾ മുഴുവനും..



കാലം പിന്നെയും കടന്നുപോയി. സച്ചിദാനന്ദൻ പറഞ്ഞ പോലെ കടങ്കഥകൾ നിറഞ്ഞ പാമ്പിൻ മാളങ്ങളിലൂടെയും വഴിയരികിൽ കേട്ടുനിന്ന ഖര ഹരപ്രിയയിലൂടെയും ഭാഷ പല വഴിയിലൂടെ പരിണമിച്ചു. മിന്നൽ വേഗമുള്ള റാപ്പും പഴമ മണക്കുന്ന റീമേക്കുകളും പ്രാദേശിക ഭാഷകളുടെ മാധുര്യമാവാഹിച്ച കതകളും പുതിയ കാലത്തെ മലയാള മണ്ണിൽ മലരുകൾ ആയി വിരിഞ്ഞു നിൽക്കുന്നു. അവയൊക്കെയും പുറത്തേക്ക് വീശുന്ന പുതിയൊരു സുഗന്ധമുണ്ട്. ആ സുഗന്ധത്തിൽ ഭാഷയുടെ രാഷ്ട്രീയവും നിലപാടും ഉൾചേർന്നിരിക്കുന്നു. മഴ മയേടെ പര്യായമാണെന്ന പുതുമുഖ സംവിധായകൻ മുഹ്സിൻ പരാരിയുടെ നിരീക്ഷണത്തിൽ ഭാഷയുടെ മുഴുവൻ രാഷ്ട്രീയവും നിറഞ്ഞുനിൽക്കുന്നു. ഒരു ഭാഷയും മറ്റൊന്നിനേക്കാൾ മികച്ചതല്ല. പരിഷ്കൃതവും അപരിഷ്കൃതവും എന്ന വർഗീകരണം ഭാഷയ്ക്ക് ചേരുകയുമില്ല. ഭാഷയ്ക്കുള്ളത് ഭാവങ്ങളാണ്.

പച്ചയായ ജീവിത പരിസരങ്ങളുടെ മണമുള്ള വാക്കുകളെ തന്മയത്വം ഒട്ടും ചോരാതെ ഉപയോഗപ്പെടുത്താൻ ബോധപൂർവമായ ശ്രമങ്ങൾ ഉണ്ടായേ മതിയാവുകയുള്ളു. അങ്ങനെ ചെയ്യുമ്പോൾ അരികുവൽക്കരിക്കപ്പെട്ട പല സമുഹങ്ങളെയും പുതിയൊരു തലത്തിൽ ചേർത്തു പിടിക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. തക്കാരം എന്നു പേരുള്ള ഭക്ഷണശാലകൾ എറണാകുളത്തും തിരുവനന്തപുരത്തും വരുന്നതുപോലെ, നീറായി എന്ന വയ്യാപ്പുറത്തെ വാക്ക് രാജ്യാന്തര പ്രശസ്തമായ റസ്റ്റോറന്റിനു പേരാവുന്നതും നല്ല മാറ്റങ്ങളുടെ ഉദാഹരണങ്ങളാണ്. കോന്തലയ്ക്കൽ കെട്ടിവച്ച കഥകളുടെ സൗന്ദര്യം ആവാഹിക്കുന്ന ഡാബ്സി റാപ്പുകൾക്ക് കിട്ടുന്ന സ്വാധീനവും അടയാളപ്പെടുത്തേണ്ടത് തന്നെയാണ്. ഭാഷ മൂല്യങ്ങളിൽ വേരൂന്നി ഭാവങ്ങളുടെ ചില്ലകൾ ഇനിയും വിടർത്തട്ടെ..



ഫൈസാൻ അസീസ്
BA English

# കളിയിലെ കാര്യം




കളിയിലും കാര്യമുണ്ടെന്ന സിദ്ധാന്തത്തിന്റെ ഏതെങ്കിലും രീതിയിലുള്ള പ്രായോഗിക പ്രതിഫലനം കണ്ടവരായിരിക്കും ഓരോ മനുഷ്യനും. അഥവാ കളിയായി പറഞ്ഞത് കാര്യമായി എടുക്കുന്നതിൽ അല്ല; കളിയിലൂടെ കാര്യങ്ങൾ പറയുന്നിടത്താണ് കാര്യം എന്ന് മനുഷ്യരായ ഓരോരുത്തർക്കും എളുപ്പം ബോധ്യപ്പെടുന്ന കാര്യമാണ്. കാര്യം കാര്യം എന്നിങ്ങനെ ആവർത്തിച്ചതു കൊണ്ട് കാര്യമില്ല; കാര്യത്തിലേക്ക് വരാം. കാര്യം കിടക്കുന്നത് ലോകത്തിലെ ഏറ്റവും വലിയ കായകായികോത്സവത്തിലാണ്. അഥവാ ഒളിമ്പിക്സിൽ. ബുദ്ധിയും ശക്തിയും ഒരുപോലെ മാറ്റുരയ്ക്കുന്ന കായിക മാമാങ്കം മാത്രമല്ല ഒളിമ്പിക്സ്. അതിന് വിയർപ്പ് തുള്ളികളുടെ കഥ പറയാനുണ്ട്. വംശവെറിയുടെയും അപരവൽക്കരണത്തിന്റെയും മൈതാനങ്ങളിൽ സമത്വത്തിന്റെ ട്രാക്ക് വരച്ച ചരിതമോതാനുമുണ്ട്..

1898 ലാണ് ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റി കൂടുതൽ വേഗത്തിൽ ഉയരത്തിൽ കരുത്തോടെ എന്ന വാചകം ഒളിമ്പിക്കിന്റെ മോട്ടോയായി തെരഞ്ഞെടുത്തത്. അന്നുമുതൽ വ്യത്യസ്ത വേഗത്തിൽ, പല ഉയരത്തിൽ സഞ്ചരിക്കുന്ന സമൂഹങ്ങളെ കരുത്തോടെ കൂട്ടിപ്പിടിച്ച് ഒളിമ്പിക് അതിന്റെ ജൈത്രയാത്ര തുടരുന്നു. ആ യാത്രയിൽ പോരാട്ടത്തിന്റെ, അടയാളപ്പെടുത്തലിന്റെ സൗഹൃദത്തിന്റെ വഴിയടയാളങ്ങൾ പ്രത്യക്ഷപ്പെടുന്നു.

ഹിറ്റ്ലറുടെ വീരാരാധനയും വംശ വെറിയും ഉഗ്രരൂപം പൂണ്ട കാലത്താണ് ബെർലിൻ ഒളിമ്പിക്സ് നടക്കുന്നത്.

ലോകം മുഴുവൻ ഉറ്റുനോക്കിയ ബെർലിൻ



> **ഹിറ്റ്ലർ ആശിച്ച പോലെ ലസ് ലോങ് എന്ന ജർമൻ കാരൻ വിജയിച്ചില്ല. ഹിറ്റ്ലറുടെയും കൂട്ടാളികളുടെയും അധീശത്വത്തെ നിഷ്പ്രഭമാക്കി ബർലിൻ ഒളിമ്പിക്ക് വേദി വിളിച്ചു പറഞ്ഞ ചേർത്തു പിടിക്കലിന്റെ സന്ദേശം താളുകളിൽ സ്വർണ്ണ ലിപികളാൽ വിരചിതമാവേണ്ടതാണ്.**

ഒളിമ്പ്യാസ്റ്റേഡിയത്തിൽ അന്ന് ലോംഗ്ജമ്പിൽ പ്രാഥമിക റൗണ്ടിലെ ആദ്യ രണ്ട് ചാട്ടങ്ങളും പിഴച്ച് പുറത്താകലിന്റെ വക്കിലായിരുന്നു ഓവൻസ് എന്ന അത്‌ലിറ്റ്. ഒന്നുകൂടി പിഴച്ചാൽ പുറത്ത്. തളർന്നിരിക്കുന്ന ഓവൻസിന്റെ അടുക്കലേയ്ക്ക് വന്ന് എതിരാളി ലസ് ലോങ് എന്തോ ഒരു വിജയരഹസ്യം പറഞ്ഞു. പിന്നീട് അയാൾ ഫൈനലിൽ പ്രവേശിക്കുകയും സ്വർണമണിയുകയും ചെയ്തു. ഹിറ്റ്ലർ ആശിച്ച പോലെ ലസ് ലോങ് എന്ന ജർമൻകാരൻ വിജയിച്ചില്ല. ഹിറ്റ്ലറുടെയും കൂട്ടാളികളുടെയും അധീശത്വത്തെ നിഷ്പ്രഭമാക്കി ബർലിൻ ഒളിമ്പിക്ക് വേദി വിളിച്ചു പറഞ്ഞ ചേർത്തു പിടിക്കലിന്റെ സന്ദേശം താളുകളിൽ സ്വർണ്ണ ലിപികളാൽ വിരചിതമാവേണ്ടതാണ്.

കാലം പിന്നെയും അതിന്റെ ട്രാക്കിൽ കുതിച്ചുകൊണ്ടിരുന്നു. തകർന്നു തരിപ്പണമായ സോവിയറ്റ് യൂണിയന്റെ ടീം 1992 ൽ ബാർസിലോണ ഒളിമ്പിക്സ് ൽ യൂണിഫൈഡ് ടീം എന്ന ബാനറിൽ ആണ് രംഗ പ്രവേശനം ചെയ്തത്. കടലാസിൽ വരച്ച അതിർത്തികൾക്ക് മനുഷ്യരെ വേർപിരിക്കാൻ കഴിയില്ലെന്ന് അന്ന് ലോകം മനസ്സിലാക്കി. വർഷങ്ങൾക്കിപ്പുറം രണ്ടായിരമാണ്ടിൽ സിഡ്നി ഒളിമ്പിക്സിൽ ബദ്ധവൈരികളായ രണ്ടു കൊറിയകളും ഒരുമിച്ച് മാർച്ച് പാസ്റ്റ് ചെയ്തു. കയ്യടികൾക്കൊപ്പം ഹൃദയതാളവും ഒന്നിക്കുന്നത് അന്ന് വീണ്ടും ലോകം തിരിച്ചറിഞ്ഞു.

പുതിയ മനുഷ്യ നാഗരികതയ്ക്ക് വെറുമൊരു കായിക മാമാങ്കം മാത്രമല്ല ഒളിമ്പിക്സ് മറിച്ചത് പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും പ്രദർശന ഭൂമികയാണ്. ഉറച്ച ദേശീയ ബോധത്തോടെ മത്സരിക്കുമ്പോൾ തന്നെ ജന്മം കൊണ്ട് അതിർത്തികൾക്കപ്പുറമായി പോയവരെ ചേർത്തുപിടിക്കാനും ഒരുമയുടെ കാവ്യങ്ങൾ പാടാനും മോഡേൺ ഒളിമ്പിക്സ് ലോകത്തെ പഠിപ്പിച്ചു കഴിഞ്ഞു. പാരിസിന്റെ മണ്ണിൽ സ്വർണ്ണമേന്തി പറന്ന ജാവലിനെ പിന്നിലാക്കി കുതിച്ച നീരജ് ചോപ്രയുടെ അമ്മയുടെ വാക്കുകൾ ഇനിയും അവസാനിച്ചിട്ടില്ലാത്ത ആ കാവ്യത്തിന്റെ ഒടുവിലത്തെ ഈരടികളാണ്.

ചുരുക്കി പറഞ്ഞാൽ കാര്യം ഇത്ര യേ ഉള്ളു. അത് പാരീസ് ഷൂട്ടിങ് മത്സ രിച്ച Yousuf Dikec യുടെ ശരീരഭാഷയിൽ പറയുന്നതാവും ഉചിതം. അതിർത്തി കളും അപരനെ ഉൾക്കൊള്ളാൻ കഴി യാത്ത അസ്ഥിത്വവും മനുഷ്യത്വം എന്ന ലക്ഷ്യത്തിലേക്ക് ചെന്ന് തറയ് ക്കാൻ ആവശ്യമില്ല. അനാവശ്യമായ നാം പേറുന്ന ഗർവിന്റെ അടയാഭരണ ങ്ങൾ മുഴുവനും ഒഴിവാക്കി പച്ച മനു ഷ്യനായി വന്നു നിന്ന് സ്നേഹത്തിന്റെ വെടിയുണ്ട പൊട്ടിക്കുക. അത് മനു ഷ്യരുടെ ഹൃദയ ങ്ങളിൽ ചെന്ന് തറ യ്ക്കുക തന്നെ ചെയ്യും. ●



Mahzoom Abdul Kareem
BA Economics

# The ugly patch on the beautiful game

Football, often hailed as "the beautiful game", has mostly stood out for its ability to unite people across nations, cultures and most importantly different backgrounds. Yet, there's this one deep and stern issue that definitely needs to be addressed. Yes, racism.

What needs to be realised is that when a player like Vinicius is subjected to racist taunts from a certain section of fans, it's not just an attack on the player but on everything football stands for. This one instance reminds us of no matter how skilled or famous you are, being black in football still makes you open to hatred. Black athletes face challenges beyond their performance on the pitch; the toxic atmosphere created where skin color becomes the target. Hence players not only have to juggle with the ball but also in the face of bigotry.

We often talk about how your effort and skill shall dictate your success but the stories of players like Camavinga and Tchouameni says otherwise. The current Champions league winners, despite coming from refugee backgrounds, overcoming every obstacle and reaching the pinnacle haven't however been able to shed off the racist threats that they face both on and off the fields. It is high time such double standards in the game needs to be called off.






The aftermath of the Euro 2020 final is something harsh to take in. The young kings Sancho, Rashford and Saka who failed to score the penalties met not with the support any player under such immense pressure would expect to deal with. Social media platforms to be precise, reminded them how the colour of a player's skin, in some people's eyes, is more important than their contribution to the game. Sadly, the game's inclusive spirit is tainted here and most importantly, the integrity of football.

Although this is a global issue and it is possible to refer out several such incidents like Argentinian players trolling French players after winning Copa America, players dealing with abuse just because they probably pocketed the opposition's best player, there are some countries that stand as repeat offenders. Spain and La Liga being scrutinised the most for the frequency of racist incidents, followed by Italy where players are often subjected to monkey chants. France and England aren't back in the competition as well

Alright, so do we have a solution to this problem? Theoretically yes, but how about making it practical?

We have seen symbolic gestures like taking the knee and wvearing black arm bands. But the message needs to be heard out aloud:

**RACISM HAS NO PLACE IN FOOTBALL.**

Mental health support for players isnt something we always think about. Emotions need to be prioritized and the wider football community should stand out for the players. This also means that fans have the responsibility. They are more than just spectators, to be kore precise, the heartbeat of the game~

It's upto them to call out racism when they see it, to stand in solidarity with the victims and to make the beautiful game, the beautiful game.

**Mental health support for players isnt something we always think about. Emotions need to be prioritized and the wider football community should stand out for the players.**

Racism is not a problem within football and hence isn't a problem football alone can solve - its a reflection of much broader societal issues deepened in our minds. But the very sport, football, has the ability to lead by example and present to the world that the only colour that matters is the colour of your team jersey. The beautiful game deserves better, and so do the players who pour their heart into it





# 'ചെങ്കോലുകൊണ്ട് അളക്കാനാവില്ല സർ ഈ പെൺകുട്ടികളുടെ മഹത്വം'

അമാൻ ഇ ടി
BBA

ഗർജനമാകുന്ന പെൺശബ്ദങ്ങൾ... അസ്വസ്തരാകുന്ന മേൽക്കോയ്മ.... സാക്ഷി മുതൽ വിനേഷ് ഫോഗട്ട് വരെ

ആ സമരം ഒരു ഓർമപ്പെടുത്തലായിരുന്നു. ഇന്ത്യൻ കായികരംഗത്തോടു മാത്രമല്ല, സ്ത്രീകളുടെ അവകാശവും സ്വാഭിമാനവും സംരക്ഷിക്കാൻ ബാധ്യസ്ഥമായ ഭരണകൂടത്തിനു നേർക്കുതന്നെ ചോദ്യചിഹ്നമുയർത്തിയ ഗുസ്തിതാരങ്ങൾ നീതിക്കുവേണ്ടി നടത്തിവരുന്ന പ്രതിഷേധപരമ്പര. ലോകവേദികളിൽ രാജ്യത്തിനായി അഭിമാനനേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളെ അധികാര രാഷ്ട്രീയത്തിൽ സ്വാധീനമുള്ളവർ തുടർച്ചയായി അപമാനിക്കുന്നതു നാം കണ്ടുകൊണ്ടിരിക്കുന്നു. ഒരു വർഷത്തോളമായി തുടർന്ന ഈ നീറുന്ന പ്രശ്നത്തിന്റെ നാൾവഴിയിലത്രയുമുള്ളത് രാഷ്ട്രീയ സ്വാധീനത്തിന്റെയും അധികാരമേൽക്കോയ്മയുടെയും പുരുഷമേധാവിത്തത്തിന്റെയും അപലപനീയ മുദ്രകൾ തന്നെയാണ്.

വനിതാ ഗുസ്തി താരങ്ങളുടെ മാനത്തിനായി സമരംചെയ്ത സാക്ഷി മാലിക് എന്ന ഒളിമ്പിക് മെഡൽ ജേത്രിയെ ഇന്ദ്രപ്രസ്ഥത്തിലെ തെരുവീഥികളിലൂടെ വലിച്ചിഴക്കുന്ന ദൃശ്യം രാജ്യത്തിനാകെ ഒരു നോവായിരുന്നു. സാക്ഷിക്കും അവളുടെ ഉറ്റകൂട്ടുകാരിയായ വിനേഷ് ഫോഗറ്റിനോടും ഒരിക്കൽ ഒരു മാധ്യമപ്രവർത്തകൻ ചോദിക്കുന്നുണ്ട്, നിങ്ങളുടെ നാട്ടിൽ അവിടെയുള്ള ആളുകൾ വലിയ പിന്തുണ തരുന്നുണ്ടാവുമല്ലേയെന്ന് ചോദിച്ചപ്പോൾ സാക്ഷി പൊട്ടിച്ചിരിച്ചു. 'വീട്ടിൽ അച്ഛനും അമ്മയും എപ്പോഴും കൂടെ നിന്നിരുന്നു. പക്ഷേ, മറ്റുള്ളവർ കളിയാക്കുമായിരുന്നു. പെൺകുട്ടികൾക്ക് പറ്റിയ പണിയല്ലെന്ന് പറഞ്ഞ് നിരുത്സാഹപ്പെടുത്തി. ചെവി പപ്പടം പോലാവും, സൗന്ദര്യം പോവുമെന്നെല്ലാം പറഞ്ഞ് ആളുകൾ പേടിപ്പിച്ചു കൊണ്ടിരുന്നു. ഗുസ്തിക്കാരിയായി ജീവിക്കുകയെന്നത് ഒട്ടും എളുപ്പമായിരുന്നില്ല. നിരന്തര പരിശീലനവും കഠിന



വ്യായാമമുറകളും ശരീരം താങ്ങില്ലെന്ന് പോലും തോന്നിയിരുന്നു. നാട്ടിൽ പെൺകുട്ടികൾ ഗുസ്തി പരിശീലിക്കാത്തതു കൊണ്ട് ആൺകുട്ടികളുമായി മല്ലിടേണ്ടിവന്നത്. അതെല്ലാം കഠിനമായിരുന്നു.'-സാക്ഷി പറഞ്ഞു നിർത്തിയപ്പോൽ വിനേഷ് ഒരു കാര്യം മാത്രം സൂചിപ്പിച്ചു, 'നമ്മുടെ നാട് എത്ര പുരോഗമിച്ചാലും പെണ്ണിന് ഉയരങ്ങളിലേക്കുള്ള യാത്ര എളുപ്പമാവില്ല.' വിനേഷ് അന്നു പറഞ്ഞതിന്റെ അർഥം പൂർണമായി പിടികിട്ടിയത് ഇപ്പോഴാണ്. ദേശീയ ഗുസ്തി ഫെഡറേഷന്റെ മുൻ അധ്യക്ഷനും ഭരണകക്ഷിയായ ബി. ജെ. പിയുടെ പാർലമെന്റ് അംഗവുമായ ബ്രിജ്ഭൂഷൺ ശരൺസിങ്ങ് വനിതാ ഗുസ്തിതാരങ്ങൾക്കെതിരേ നടത്തിയ അതിക്രമങ്ങളിൽ നടപടി വേണമെന്ന താരങ്ങളുടെ ആവശ്യം പോലീസും ഭരണകൂടവും മുഖവിലയ്ക്കെടുക്കാതെ വന്നപ്പോഴാണ് സാക്ഷിക്കും വിനേഷിനുമെല്ലാം തെരുവിലിറങ്ങേണ്ടി വന്നത്. ആഴ്ചകളോളമായി പൊരിവെയിലത്ത് സമരം ചെയ്യുന്ന ഇന്ത്യയുടെ അഭിമാന താരങ്ങളോട് തികച്ചും നിഷേധാത്മകമായ നിലപാടാണ് ഭരണകുടം കൈകൊണ്ടത്. മാത്രമല്ല സമരം ചെയ്യുന്നവരെ പോലീസ് നിരന്തരം ഭിഷണിപ്പെടുത്തുകയും അപമാനിക്കുകയും ചെയ്യുന്നു. അവർക്കെതിരേ കേസുകൾ ഫയൽ ചെയ്യുന്നു. വർഷങ്ങളുടെ കഠിനാധ്വാനം കൊണ്ട് അവർ കെട്ടിപ്പടുത്ത കരിയർ തകർത്തുകളയുന്നു. ഇതിൽ ഉത്തമ ഉദാഹരണമാണ് ഈ വർഷത്തെ ദുമൃശര ഒളിമ്പിക്സിലെ സംഭവ വികാസങ്ങൾ. സ്വപ്ന സമാനമായ തുടക്കത്തോടെയാണ് ഓളിംഭിക്സിൽ ഇന്ത്യയുടെ വിനേഷ ഫോഗട്ട് അരങ്ങേറിയത്. 82 മത്സങ്ങളിൽ തോൽവിയറിയാതെയെത്തിയ മലർത്തിയടിച്ച മുന്നേറ്റം. പാൻ അമേരിക്കൻ ക്യൂബൻ താരത്തെ മലർത്തിയടിച്ച വിനേഷ് സെമിയിലെത്തുമ്പിൽ ഈ രാജ്യം പ്രതീക്ഷകളുടെ കൊടുമുടിയിലെത്തി. ഒളിമ്പിക്സ് ഗുസ്തി ഫൈനലിൽ എത്തുന്ന ആദ്യ ഇന്ത്യൻ വനിത എന്ന ചരിത്ര നേട്ടത്തിലേക്കായിരുന്നു ആ കാലവേപ്പ്. എന്നാൽ ലോകനെറുകയിൽ ഇന്ത്യയുടെ യെശാസ്സുയറും എന്ന് പ്രതീക്ഷിച്ച ഇന്ത്യൻ ജനതക്ക് മുമ്പിൽ അപ്രതീക്ഷമയാണ് ആ വാർത്ത എത്തുന്നത്. ഫൈനൽ മത്സരത്തിന് തൊട്ടുമുമ്പുള്ള ഭാര പരിശോധനിയിൽ വിനേഷിന് നിശ്ചയിച്ചതിലും കുടുതൽ ഭാരമുള്ളതായി കണ്ടെത്തി. വിനീഷിനെ അയോഗ്യതയാക്കി. തുടർന്ന് ഭാരം കുറക്കാനായി ഉറക്കംപോലുമില്ലായ്തെയുള്ള അധികഠിന വ്യായാമം. എന്നാൽ തള്ളപ്പെട്ടു. കേവലം 100 ഗ്രാം വ്യത്യാസത്തിൽ അയോഗ്യതയാക്കപ്പെട്ടപ്പോഴും ഈ ഇരുപതിമൂന്ന കാരി ഇന്ത്യക്കായി സമ്മാനിച്ചത് കണ്ണീരല്ല പൊരുതാനുള്ള കനലാണ് അത്രത്തോളം ത്യാഗവും സഹനവും നേരിട്ട് പോർവീഥികളിൽ തളരാതെയുള്ള മനസ്സുമയാണ് വിനേഷ് പാരിസിൽ എത്തുന്നത്. നിശ്ചയമായും ഗോദയിലെ പോരാട്ടത്തിനേക്കാളും കടുപ്പമായിരുന്നു കഴിഞ്ഞ പതിനെട്ടുമാസക്കാലത്തെ അവരുടെജീവിതം. ഗുസ്തിഫെഡറഷനെതിരായുള്ള സമരപരമ്പരയിലെ മുന്നണിപ്പോരാളി. ജന്ദർ മന്തറിന്റെ സമരവീഥികളിലൂടെ വിനേഷ് ഫോഗത്തിന്റെ വലിച്ചാഴച്ച കാഴ്ച നാം ഏവരും വീക്ഷിച്ചതാണ്. ഡൽഹിയിലെ തെരുവിൽ കിടന്നത് നാല് മാസം. അതിക്രൂരമായ പോലീസ് മർദ്ദനം ഏറ്റുവാങ്ങി ഒടുവിൽ പൊരുതിനേടിയ മെഡലുകൾ വരെ ഗംഗയിൽ ഒഴുക്കാൻ തീരുമാനിച്ചു. അതിന് ശേഷിച്ച കാലത്ത് ദുമൃശര ഒളിബിക്സിലേക്കുള്ള കഠിന പരിശ്രമം. ഒരിക്കലും കൈവിടാത്ത ധൈര്യദൃഢനിശ്ചയത്തിന്റെ കരുത്തിൽ ഫൈനലിൽ. ഒടുവിൽ പാരിസിൽ നിന്നും നെഞ്ചപൊട്ടി മടങ്ങുപ്പോഴും വിനേഷ് ഫോഗട്ട് എന്ന പോരാളി ഇന്ത്യക്കാരുടെ ഇടനെഞ്ചിൽ ജയിച്ചു തന്നെ നിൽക്കും. അനേകായിരം ഐതിഹസിക മായ വനിതാ പോരാളികളുള്ള ഇന്ത്യൻ ചരിത്രത്തിൽ ഒരു നാഴിക കല്ലായി വിനേഷ് നിലകൊള്ളും തീർച്ച





Riza Roshik
BA Functional English

# MARGAM KALI

She moves, and her hair moves behind her like a shadow. like a waterfall flowing from her temples. it moves slower than she does, and takes its time to reach her.

she moves, and the light accommodates her. it moulds their movements. it cannot outshine them. the lamp casts a glow over their faces, lends a soft yellow to their attires.

she moves, and the song serenades her. she mouths the words; her eyes carry the weight of the tune.

she moves, and her hands hold the mudra. arms flowing with a mind of their own. feet move in unison, pounding the floor. the lamp shakes. they kick their legs. grace and power synonymous in their movements.

she moves, with her shoulders alert. when she goes down, they go down with her. their heads sway playfully. they dare us to look away but we cannot.

she moves, with a solemn face. she moves, the epitome of grace. she moves, with boundless energy. she moves, she moves endlessly

Namitha Rajiv
BA English



# Sow and Reap

She came rushing through the door uninvited, yet hoped on,
Like the aunt who gives you money but blabbers on and on.
Blasted open the windows, the hinges, the bolts and locks,
all muddy and dirty she came in and spread on the floor.
She took the youngest first, swallowed him as a whole,
Then the second, the third and fourth,
The mother too gone, and the father was left weeping tears into her, growing her stronger.
"You were complaining on that chair mister, along with your friends,
'Oh she doesn't come here, oh she doesn't like here,
oh it's all dry and parched here',
and now lords when I come,
You sit here and weep uglily, what a shame!"
The father remembers the time when he did all but complain on anything and everything.
She rushed out the door to one of the father's friends' homes.
The old farmer father reaped what he sowed.



ഫാത്തിമ സഫ
BSc. Mathematics

# പുറത്താക്കപ്പെട്ടവരുടെ രാജ്യം

കുടിയിറക്കപ്പെടും കുട്ടരേ പറയുവിൻ
പറയുവിൻ 'ഏതു രാഷ്ട്രക്കാർ' നിങ്ങൾ
പ്രസവിച്ചതിന്ത്യയായ് പ്രസവിച്ചതിംഗ്ലണ്ടായ്
പ്രസവിച്ചതാഫ്രിക്കൻ വൻകരയായ്
അതിലെന്തുണ്ടാർക്കാനു-മുടമയില്ലാത്ത
ഭുപടമേലും പാഴ് വരയ്ക്കർഥമുണ്ടോ
എവിടെവിടങ്ങളിച്ചട്ടിപുറത്തെടു
ത്തെറിയപ്പെടുന്നുണ്ടിപ്പാരിടത്തിൽ
അവിടവിടങ്ങളെച്ചേർത്തുവരയ്ക്കുകി-
ന്നിവരുടെ രാജ്യത്തിന്നതിർവരകൾ'

ഇടശ്ശേരി

ലോകത്തിലെ എല്ലാ ദേശങ്ങളും, അതിൽ ജീവിക്കുന്ന ജനതയും, ഒരേസമയം വികാസത്തിന്റെയും, വേദനയുടെയും പോരാട്ടങ്ങൾ കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. പല ദേശങ്ങളെയും അതിന്റെ ജനങ്ങളെ വേർതിരിച്ചിരിക്കുന്നത് ഭൗതിക അതിർത്തികളും രാഷ്ട്രീയ വ്യത്യാസങ്ങളുമാണെങ്കിലും, ഭൂമിയിലെ ഏറ്റവും വലിയ സംവേദനശേഷിയുള്ളവയായ മനുഷ്യന്റെ ആധുനിക ലോകം



**മധ്യ കിഴക്കിലെ സിറിയ, ഇറാഖ്, പലസ്തീൻ, യമൻ തുടങ്ങിയ രാജ്യങ്ങളിൽ, പ്രാദേശിക തർക്കങ്ങളും യുദ്ധങ്ങളും ജനങ്ങളെ അവരുടെ വീടുകളിൽ നിന്ന് ഒഴിപ്പിക്കുകയും ദുരിതങ്ങളിലേക്കു നയിക്കുകയും ചെയ്യുന്നു.**

ഭിന്നതയും വേർതിരിവും അനുഭവിക്കുന്ന ലോകമാണ്. മനുഷ്യരാശി അഭിമാനപൂർവമായ ഒരു രാജ്യവും സമൂഹവും സൃഷ്ടിച്ചിട്ടുണ്ടെങ്കിലും, ഓരോ ദേശവും ഓരോ പ്രദേശവും മനുഷ്യന്റെ വിശാലമായ ബോധത്തിലെ ഒരു ഭിന്നമായ കൂട്ടായ്മയാണ്. എന്നാൽ, പലപ്പോഴും ഈ ഭിന്നത, ആത്മാർഥമായ ആളുകൾക്ക് അവരുടെ ജന്മഭൂമിയിൽ വേരുകളില്ലാതെ പെരുമാറാൻ ഇടയാക്കുന്ന ഒരു അവസ്ഥയായി മാറിയിരിക്കുന്നു.

പുറത്താക്കലിനെ ഒരു ദേശസൂചിക മാത്രമായി കാണാനാവില്ല. അന്തർദേശീയ തലത്തിൽ, പല തരത്തിലുള്ള ജനതയും അവരുടെ ദേശങ്ങളിൽ നിന്നും അവകാശങ്ങളിൽ നിന്നും പുറത്താക്കപ്പെടുന്നു. ആഫ്രിക്കയിൽ നിലനിൽക്കുന്ന ഭൂമിശൂന്യത, ദാരിദ്ര്യം, യുദ്ധം, ഭൂമിക്കുലുക്കം, ആസൂത്രിത കൊലപാതകങ്ങൾ എന്നിവ ജനങ്ങളെ അവരുടെ പാരമ്പര്യസ്ഥലങ്ങളിൽ നിന്നും ഒഴിപ്പിച്ചുകൊണ്ടിരിക്കുന്നു. ലാറ്റിൻ അമേരിക്കയിൽ, അർജന്റീന, ചിലി, ബ്രസീൽ എന്നിവിടങ്ങളിലെ ഭീകരമായ ഏകാധിപതിവ്യവസ്ഥകളും, ക്യൂബയിലെ ആണവ മുറിയിൽ നിന്നുള്ള വ്യാപകവും രാഷ്ട്രീയ തീവ്രവാദിയും ജനങ്ങളെ അന്യദേശങ്ങളിൽ അഭയം തേടുവാൻ നിർബന്ധിതമാക്കുന്നു.

മധ്യ കിഴക്കിലെ സിറിയ, ഇറാഖ്, പലസ്തീൻ, യമൻ തുടങ്ങിയ രാജ്യങ്ങളിൽ, പ്രാദേശിക തർക്കങ്ങളും യുദ്ധങ്ങളും ജനങ്ങളെ അവരുടെ വീടുകളിൽ നിന്ന് ഒഴിപ്പിക്കുകയും ദുരിതങ്ങളിലേക്കു നയിക്കുകയും ചെയ്യുന്നു. റോഹിംഗ്യൻ മ്യാന്മർ ജനതയും, സിറിയൻ അഭയാർഥികളും, പലസ്തീനിൽ കൊല്ലപ്പെട്ട ഗാസയിലെ ജനങ്ങളും ഈ നാട്ടുകളിൽ നിന്നു ഒഴിപ്പിക്കപ്പെട്ടവരാണ്. യുറോപ്പിൽ യുഗോസ്ലാവിയ വിഭാഗീയ യുദ്ധങ്ങൾ കൊണ്ട് നാട്ടുരാജ്യങ്ങൾ കൈയൊഴിഞ്ഞതും, പലരുടെയും ജീവിതം നശിച്ചവരായി മാറിയതും ഇന്നും മുറിപ്പാടാണ്.

ഇന്ത്യ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളിലെ ജനതയും അവരുടെ മതപരമായ, ഭാഷാപരമായ, വർഗീയതകളെ ചുറ്റിപ്പറ്റിയുള്ള രാഷ്ട്രീയ ദൗർബല്യങ്ങൾക്കും പരിണിതഫലങ്ങളുടെയും അടയാളങ്ങളായിത്തീരുന്നു. മണിപ്പൂർ, കശ്മീർ, ഗുജറാത്ത് എന്നിവിടങ്ങളിലെ വർഗീയ കലാപങ്ങൾ, വംശഹത്യകൾ, മതമൈത്രിയുടെ പാളിച്ചകൾ, 1992 ലെ ബാബരി മസ്ജിദ് തകർച്ചയുടെ പേരിലുള്ള കലാപങ്ങൾ എല്ലാം ഈ രാഷ്ട്രീയ വ്യവസ്ഥകളുടെ പ്രതിഫലനമാണ്.

പാർശ്വവത്കരണം വിവിധ രൂപങ്ങളിൽ അരങ്ങേറുന്നു. ഏകദേശം എല്ലാ രാഷ്ട്രങ്ങളിലും സാമ്പത്തിക വ്യവസ്ഥയുടെ പരാജയങ്ങൾ ജനങ്ങളുടെ ഒരു വിഭാഗത്തെ അവരുടെ സ്വാധീനവുമായുള്ളതും സാമ്പത്തികവുമായുള്ളതും ഭാവിയിലുള്ളതുമായ എല്ലാ അവകാശങ്ങളിൽ നിന്നും പുറത്താക്കുന്നു. ഗ്ലോബൽ വെൽത്ത് ഇക്വാലിറ്റി എന്ന കണക്കുകൾ പ്രകാരം, ആഗോള സമ്പത്ത് വിതരണം പാശ്ചാത്യ സമ്പന്ന രാഷ്ട്രങ്ങളിലേക്ക് മാത്രം അടിച്ചമർത്തുന്നതാണ്. ആഫ്രിക്ക, ദക്ഷിണ അമേരിക്ക, ആസിയാൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ സാമ്പത്തിക പരാധീനത വളരുന്നു. ** നൈജീരിയ, സോമാലിയ, മാലി, ദക്ഷിണ സുഡാൻ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ദാരിദ്ര്യം, സമ്പത്ത് അസമത്വം, ഉന്നത വരുമാന വ്യത്യാസം എന്നിവ ജീവിതം പിന്നാക്കത്തിലാക്കുന്നു.



വൻകിട കോർപ്പറേറ്റുകളുടെ സാമ്പത്തിക ശക്തി ആഗോളതലത്തിൽ സമ്പത്ത് കുറച്ച് ആളുകളിലെ കേന്ദ്രീകരിച്ചിരിക്കുമ്പോൾ, വ്യാപകമായ പാവപ്പെട്ടവരും, തൊഴിലില്ലായ്മയും, സാമ്പത്തിക അഭയാർഥികളായി മാറുന്നവരുമുണ്ട്. ഗ്ലോബൽ വില്ലേജിന്റെ തന്ത്രത്തിലൂടെ മാനവരുടെ ഒരു വിഭാഗം, ജനാധിപത്യത്തിന്റെ പേരിൽ സ്വപ്നങ്ങൾ പൊളിഞ്ഞു നിൽക്കുന്ന ഒരിടത്താണ്. ലോക ബാങ്കും, അന്താരാഷ്ട്ര നാണ്യ നിധിയും ഏകാധിപത്യ രീതിയിൽ സാധാരണക്കാരന്റെ ജീവിതത്തെ ഉൾക്കൊള്ളാത്ത തീരുമാനം നടപ്പാക്കുന്നു. പുറംതിരിഞ്ഞു പോകുന്ന സാമ്പത്തിക ഭരണം ജനങ്ങളെ അവരുടെ സ്വന്തം സമ്പന്ന ഭൂമികളിൽ നിന്ന് വേർതിരിച്ചുകൊണ്ട് മറ്റുള്ളവർക്ക് അതിന്റെ ആനുകൂല്യം നൽകുന്നു.

മനുഷ്യാവകാശങ്ങളുടെ ജന്മാവകാശം സംരക്ഷിക്കുന്നതിലും പരാജയം സംഭവിക്കുമ്പോൾ, സമൂഹങ്ങൾ കൂടുതൽ അധികാരത്തിലേറിയവരുടെ കീഴിൽ പെടുന്നു. യു.എൻ.ഡി.പി (UNDP)വഴി നമുക്ക് അറിയപ്പെടുന്ന മനുഷ്യാവകാശ ലംഘനങ്ങൾ ആഗോളതലത്തിൽ വ്യാപകമായി സ്ഥിതിചെയ്യുന്നു. സ്ത്രീകളെ, കുട്ടികളെ, ഭിന്നശേഷിക്കാരായവരെ, വർഗീയ വിഭാഗങ്ങളെ ദാരിദ്ര്യത്തിലാക്കുന്നത് ഈ സമൂഹത്തിലെ മേലാള രാഷ്ട്രീയത്തിന്റെ ഭാഗമാണ്.

മനുഷ്യാവകാശ നിർവചനങ്ങളും നിയമവ്യവസ്ഥകളും, ഓരോ രാജ്യത്തും അവരുടെ വ്യവസ്ഥാപിത പ്രശ്നങ്ങളുടെ ചാരികയിൽ സ്വതന്ത്രമായി നിലനിൽക്കാനുള്ള ശ്രമങ്ങൾ വളർത്തപ്പെടുന്നത് തടയുന്നു. പിറകിലായ ജീവിതം സ്വാതന്ത്ര്യത്തിന്റെ പോരാട്ടങ്ങൾ സമൂഹത്തെ വേർതിരിക്കുന്നു. ഇറാഖ്, അഫ്ഗാനിസ്ഥാൻ, ലിബിയ, വെനിസ്വല, , റോയിങ്ഗ്യ മ്യാന്മർ, ഗസ്സ, തിബറ്റ് തുടങ്ങിയ പല രാജ്യങ്ങളിലും രാജ്യദ്രോഹ, മതീയ വിദ്വേഷ, വർഗീയ തീവ്രവാദ പ്രശ്നങ്ങൾ മനുഷ്യാവകാശ ലംഘനങ്ങളുടെ പ്രകടമായ ഉദാഹരണങ്ങൾ ആണ്.

**മനുഷ്യാവകാശങ്ങളുടെ ജന്മാവകാശം സംരക്ഷിക്കുന്നതിലും പരാജയം സംഭവിക്കുമ്പോൾ, സമൂഹങ്ങൾ കൂടുതൽ അധികാരത്തിലേറിയവരുടെ കീഴിൽ പെടുന്നു. യു.എൻ.ഡി.പി വഴി നമുക്ക് അറിയപ്പെടുന്ന മനുഷ്യാവകാശ ലംഘനങ്ങൾ ആഗോളതലത്തിൽ വ്യാപകമായി സ്ഥിതിചെയ്യുന്നു.**

ലോകം ബഹുസ്വരതയുടെ, അഭിവൃദ്ധിയുടെ, ജനാധിപത്യത്തിന്റെ, പരസ്പര ആദരവിന്റെ വഴി സ്വീകരിച്ചാൽ മാത്രം സമാധാനപരമായ, പരസ്പര മാന്യമായ അടിത്തറയിൽ വികസിക്കാനുള്ള സാധ്യതകൾ ഉണ്ടാകും.

ലോകം മാനവികതയുടെ വഴി തേടുന്നത് മാത്രമാണ് ഓരോ രാജ്യത്തിനും ഓരോ ജനതയ്ക്കും മുന്നോട്ടുള്ള ശരിയായ മാർഗം. വിപുലവീക്ഷണമുള്ള രാഷ്ട്രങ്ങൾ, പട്ടാളങ്ങൾ, കൂട്ടായ്മകൾ എല്ലാം പ്രതിജ്ഞാബദ്ധമായി മനുഷ്യജീവിതത്തിനായി പ്രവർത്തിക്കണം. വ്യവസ്ഥാപിത മാനുഷികത്വവും, വ്യവസ്ഥാപിത നീതിയും, സമത്വത്തിന്റെ പ്രാധാന്യവും ഒരുപോലെ ആഗോള മാനവികതയെ മുന്നോട്ടു നയിക്കേണ്ടതുണ്ട്.



അംന എം ഫാത്തിമ
BSc. Zoology

# അശാന്തിയുടെ വെള്ളക്കെട്ട്

ബസ് കാത്ത് നിന്ന് മുഷിഞ്ഞപ്പോ അറിന്ന ഒരു വണ്ടി വന്ന് നിർത്തി നോക്കുമ്പോ വീടിന്റെ അടുത്തുള്ള താത്തയാണ് ടൗണിലേക്കാണേ കേറിക്കോളാൻ പറഞ്ഞു. നമ്മക് വേറെന്ത് വേണം ചാടിക്കേറിയിരുന്നു. ടൗണിലിറങ്ങേണ്ട സ്ഥലം എത്തിയപ്പോ ആകെ ബ്ലോക്ക് അങ്ങനെ ഇറങ്ങണ്ട സ്ഥലത്തിന്റെ കുറിച്ച് അപ്പുറത്തേക്ക് മാറി നിർത്തി തന്നു. എറങ്ങി നിന്ന് അടുത്ത ബസിന് കാത്ത് നിക്കുമ്പോഴാണ് വല്ലാത്തൊരു നാറ്റം തോന്നി തുടങ്ങിയത്. എവിടുന്നാ നാറ്റം വരുന്നേന്ന് ചുറ്റും നോക്കിയപ്പോ മഴ പെയ്തു ബാക്കിയായ വെള്ളം റോഡരികിൽ കെട്ടികിടക്കുന്നതാണ് കണ്ടത് 'വെള്ളം കെട്ടി കിടന്ന ഇങ്ങനെ ന്നെ'ന്ന് എന്റെ അപ്പുറത്ത് നിന്നിരുന്ന സ്ത്രീ പറഞ്ഞു അത് ശരിവച്ച് ഞാനും തലകുലുക്കി.

അവിടെ ഉണ്ടായിരുന്ന ഒരാൾ അഭിപ്രായപ്പെട്ടു 'വെള്ളമല്ല അതിന് ചുറ്റുമുള്ള ചെളിയാണ് മണക്കുന്നത്.'

ശ്രദ്ധിച്ചപ്പോ ശരിയാണ്. അതിന്റെ പുറകിലുള്ള ചളി തൊട്ടപ്പുറത്തെ കടയിലെ അഴുക്കും നനഞ്ഞ മണ്ണും കൂടെയാണ് നാറുന്നത്. വെള്ളം മഴയുടെ ബാക്കിയും പക്ഷെ ആ പറഞ്ഞത് നേരത്തെ വെള്ളത്തെ പറഞ്ഞോർക്ക് അത്ര ദഹിച്ചില്ലെന്ന് തോന്നി മുഖഭാവം കണ്ടപ്പോൾ, ഞാനിത്ര താണ് ചിന്തിക്കുന്നതെന്താന്ന് വായിക്കുന്ന ചിലർക്കെങ്കിലും തോന്നീട്ടുണ്ടാവും. നിത്യജീവിതത്തിൽ നടക്കുന്ന ഈ ചെറിയ കാര്യം ഞാനിങ്ങനെ വിശദമായി പറഞ്ഞതെന്തിനാണെന്ന് ചോദ്യമെങ്കിൽ നേരത്തെ പറഞ്ഞ വെള്ളക്കെട്ടു പോലെ തെറ്റിദ്ധരിക്കപ്പെട്ട ഒരു കൂട്ടം മനുഷ്യരുണ്ട് അവരെ ക്കുറിച്ചറിയണം. ഒറ്റ നോട്ടത്തിൽ തന്നെ അഴുക്കെന്ന് മുദ്രകുത്തി അറപ്പോടെ എല്ലാരും നോക്കി കാണുന്നു. അടുത്തേക്ക് അടുപ്പിക്കാനോ അടുത്തേക്ക് പോവാനോ അശ്രദ്ധയുടെ ഏറ്റവും അവസാനത്തെ കോണിൽ സ്ഥാനം കൊടുത്തിരിക്കുന്ന മനുഷ്യർ 'കുടിയേറ്റക്കാർ' അല്ലങ്കിൽ നുഴഞ്ഞു കയറ്റക്കാർ എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന ജീവിതം നഷ്ടപ്പെട്ടവർ മേലെയാകാശവും താഴെ ഭൂമിയും മാത്രം തിരിച്ചറിക്കുന്നവർ.

സി.ഐ.ഡി മൂസ ഫ്ലാറ്റിൽ ബോംബ് വെച്ചിട്ടുണ്ടെ കൈയ്യി കിട്ടിയതൊക്കെ എടുത്ത് ഓടിക്കോ എന്ന് ജഗതി ശ്രീകുമാർ പറയുമ്പോ കുലുങ്ങി കുലുങ്ങി ചിരിച്ചവരാണല്ലോ നമ്മൾ. എന്നാൽ ഈ ഒരു അവസ്ഥ യഥാർഥത്തിൽ അനുഭവിച്ചവരുടെ അവസ്ഥ ഓർക്കേണ്ടതുണ്ട്

ജീവിതം രണ്ട് കൈയിലൊതുക്കി, ഉറ്റതും ഉടയതും ഇട്ടേച്ച് ബാക്കി ജീവിക്കാൻ ഓടുന്നവരെ കുറിച്ചാണ് ഞാനീ പറയുന്നത്. വഴിയരികിലെ വെള്ളം പോലെ 1 അടുത്ത വെയിലിന് ആകാശത്തേക്ക് തിരിച്ച് പോയി മേഘങ്ങൾക്കൊപ്പം പുതിയ ജീവിതം തുടങ്ങാനിരിക്കുന്ന അവരെ ചുറ്റുപാടിലെ ചളി കണ്ട് നാറ്റമുള്ളതാക്കുന്നു, വൃത്തിക്കെട്ടതാക്കുന്നു, അറപ്പുള്ളതാക്കുന്നു.

എന്ത് കണ്ടാലും ഒറ്റ നോട്ടത്തിന് വിഴുങ്ങുന്ന ഒരു വിഭാഗം ജനങ്ങളും നമ്മുടെ കൂടെയുള്ളത്, ജീവിതം തേടി ഓടിപ്പോന്നവർക്ക് ഒരു പേരും കൊടുത്തിട്ടുണ്ട് നുഴഞ്ഞു കയറ്റക്കാർ. ഭരണ സംവിധാനങ്ങളും മാധ്യമങ്ങളും തന്നെയാണ് പലപ്പോഴും ഈ വെള്ള കെട്ടിന് നാറ്റം കൊടുക്കുന്നതിന് മുന്നിൽ അവരുടെ സമാധാനം നശിപ്പിക്കുന്ന അശാന്തിയുടെ വെള്ളക്കെട്ടായി ഈ നിസ്സഹായരായ മനുഷ്യൻ മാറുന്നു. ഇല്ലെങ്കിൽ മാറ്റുന്നു.

ഒന്നിൽ നിന്ന് വീണ്ടും ജീവിച്ചു തുടങ്ങേണ്ട ഇവർ രാജ്യത്തെയും നാട്ടുകാരെയും കൊന്നു തള്ളുകയാണെന്നും രാജ്യത്തെ നശിപ്പിക്കുകയാണ് എന്നുമുള്ള ചിന്തയാണ് നുഴഞ്ഞുകയറ്റം എന്ന പേര് ചാർത്തി കൊടുക്കാൻ പ്രേരിപ്പിക്കുന്നത്. കുടിയേറ്റക്കാരുടെ പേരിൽ നടന്ന ഒറ്റപ്പെട്ട അക്രമങ്ങൾ ഒഴിച്ചാൽ കയ്യും മെയ്യും മാത്രം ബാക്കിയുള്ള ഇവർ തേടുന്നത് ജീവിതം മാത്രമാണ്.

പുലരുന്ന വെയിലിനൊപ്പം മേഘങ്ങളുടെ അടുത്ത് തിരികെ പോയി പാർക്കാനുള്ള അവരുടെ പരിശ്രമങ്ങളെ ചുറ്റിലുള്ള ചെടികൾ മാറ്റമുള്ളതാക്കുന്നു.

പുതിയ പുലരിയെ നിഷേധിച്ചുകൊണ്ട് അവരെ മണ്ണിട്ട് മൂടുന്നു

അനന്തരം അശാന്തി പകരുന്ന വെള്ളക്കെട്ടുകൾ ആകുന്നു.



ഷെഹ്ല ഷെറിൻ പി
BA Sociology

# പൂർവികർ

ഒരുനാൾ ദൈവത്തിന് നാട്ടിൽ
ജാതിയും വർഗവും
അരങ്ങൊഴിയാതെ നൃത്തമാടിയിരുന്നത്രേ.
അന്ധത നിറഞ്ഞ കവിഞ്ഞൊരു കൂട്ടം
അക്ഷരം ഓതിയ ദളിതന്റെ കർണം
ഈയ്യം കൊണ്ട് ഉരുക്കിയത്രെ
മനുഷ്യൻ മനുഷ്യനെ കണ്ട് അശുദ്ധമായെന്ന്
വാദിച്ച ഒരു ചരിത്രം ദൈവത്തിൽ നാടിനുണ്ടത്രേ
ദൈവം പോലും ഉന്നത ജാതിക്കെന്നെഴുതി
പൂർവിക പരമ്പരയാണത്രെ നാമോരോരുത്തരും
ശുഭം



അസ്‌ലഹ ആർ കെ
B.Com

# പരാ'ജയം'



ബീജത്തിൽ നിന്നും പിറന്നവൻ
ജീവിതയാത്രായാമങ്ങളിലൂടെ കടന്നു
പോകവെ, അവനത് തിരിച്ചറിയുന്നു
അവനാനൂൽപ്പാലത്തിൻ ഭിത്തിയിലാണെന്ന്.
ജീവിതമാകുന്ന നൂൽപ്പാലത്തിന് ചരട് വലിഞ്ഞു
മുറുകാൻ വിതുമ്പുന്നു
അതിന്റെ, അന്തിമമുറ്റത്തവൻ
ചിലരെ കാണുന്നു
ചില വിജയനായകരെ
യാമങ്ങൾ നീണ്ടു പോയിട്ടും,
അവനവിടെ നിശ്ചലമാണ്
ആ വഴിയിലവൻ ഏകാന്തനാണ്
അവനേറെ ശ്രമിച്ചു നോക്കുന്നു.
അതിലവൻ പലതും പഠിക്കുന്നു
ഏകാന്തതയുടെ ഇരുട്ടിലവൻ ഒറ്റപ്പെട്ടപ്പോൾ
ഒരു നിമിഷമവൻ
നിസ്സഹായനാവുന്നു.
ഒടുവിലാനൂൽപ്പാലം തകരുമ്പോൾ
അവൻ നിസ്സംഗനാവുന്നു.
ചില സമൂഹജീവികൾക്കവനെ
ഒരിടത്തേക്കെത്തിക്കുന്നു,
ഒരു വേറിട്ട ലോകത്തേക്ക്
അപ്പോൾ അവൻ തിരിച്ചറിയുന്നു
അവസാനൂൽപ്പാലത്തിൽ ഒറ്റക്കായിരുന്നില്ലെന്ന്
അവിടെ അറ്റുപോയവരുടെ സമൂഹം
പരാജിതർ എന്ന് വിളിച്ചു.
അവരെ ഒരു കാഴ്ച്ചവസ്തുവാക്കി
അവശിൽ തകർന്നടിഞ്ഞു



റബീഹ്
BA Arabic



ഇളയ മകൻ വാതിലിൽ അമർത്തിപ്പിടിച്ച് മുട്ടിയപ്പോഴാണ് പ്രഭാതകിരണങ്ങൾ കണ്ണിൽ പതിച്ചത്. കുമാരന്റെ പ്ലാവിൽ കാക്കകൾ കൂട്ടത്തോടെ ഒച്ചവെയ്ക്കുന്നു

ഞാനെന്തു വേണം എന്ന് കിടന്നുകൊണ്ട് തന്നെ അവനോട് ചോദിച്ചു സ്കൂളിൽ മലയാളം പഠിപ്പിക്കുന്ന അധ്യാപകനാണ് ഞാൻ.

അവൻ പറഞ്ഞു : എനിക്ക് ഇന്ന് സ്കൂളിൽ ഫാൻസി ഡ്രസ്സ് കോമ്പറ്റീഷൻ ഉണ്ട് കയ്യിൽ എന്തെങ്കിലും ഐഡിയ ഉണ്ടോ?

എന്റെ ഉള്ളിൽ നിശബ്ദതയുടെ വാതിൽ തുറന്നു അകവും പുറവും ഒരുപോലെ വിയർത്തു. അപ്പോഴാണ് ഞാൻ ഒരു കാര്യം ഓർത്തത് ഓഗസ്റ്റ് 15ന് എന്റെ അപ്പൻ ചെയ്തുതന്ന ത്രിവർണ കോട്ട് വെള്ളയും പച്ചയും കുങ്കുമവും നിറഞ്ഞതായിരുന്നു.

ഞാൻ അലമാര മുഴുവനും അരിച്ചുപെറുക്കി അതിനിടയിൽ നുരുമ്പിച്ച പേപ്പറിൽ പൊതിഞ്ഞിരിക്കുന്ന ആ കോട്ട് എന്റെ ശ്രദ്ധയിൽപ്പെട്ടു

അത് ഞാൻ അവനു നേരെ നീട്ടി. അതിന് കോട്ടങ്ങൾ ഒന്നും സംഭവിച്ചിട്ടുണ്ടായിരുന്നില്ല.

പിന്നീട് ഒരിക്കൽ സ്കൂളിൽ നടന്ന പ്രോഗ്രാമിന് ഒരു ത്രിവർണപാന്റ് എടുത്തതിന്റെ ഓർമ സിരകൾ വഴി തലച്ചോറിലേക്ക് പാഞ്ഞടുത്തു

ഒഴിവാക്കിയ ജീൻസിന്റെ കൂടെ അതും കണ്ടെടുത്തു. അതിന്റെ നിറങ്ങളിൽ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. വെള്ളയും പച്ചയും മങ്ങിയിട്ടുണ്ടായിരുന്നു കുങ്കുമം മാത്രം അതിനുമേൽ ചമഞ്ഞിരിക്കുന്നു. അതിന്റെ നൂലുകൾ ഒക്കെ പൊട്ടിയിട്ടുണ്ട്.

അതും വാങ്ങിക്കൊണ്ട് അവൻ ചോദിച്ചു 'ഞാൻ അവിടെ പോയി എന്തു പറയും?'

നിനക്ക് തോന്നുന്നത് നീ പറഞ്ഞൊ എന്നും പറഞ്ഞ് ഞാൻ പുതപ്പുകൊണ്ട് മൂടി പുതച്ചു. വൈകിട്ട് കണ്ണ് തിരുമ്മി ഞാൻ എണീക്കുമ്പോൾ മകൻ ട്രോഫിയുമായി മുന്നിൽ നിൽക്കുന്നു. നീ അവിടെ പോയി എന്താണ് പറഞ്ഞത്? ഞാൻ തിരക്കി.

അവൻ പറഞ്ഞു 'ഗാന്ധി കോട്ടും മോദി പാന്റും' ഞാൻ അവന് നേരെ മോണ കാട്ടി ചിരിച്ചു. ●

സഫ മിൻഷ
BA Economics

# ഉറുമ്പുകൾ കവിതകൾ എഴുതാറുണ്ട്

കവികളുടെ ഹൃദയത്തിലാണ് രാഷ്ട്രം പിറവികൊള്ളുന്നത് തിമിരം ബാധിച്ച നേതാക്കന്മാരാണ് അതിനെ വളർത്തുന്നതും തളർത്തുന്നതും.

രാജ്യം എന്നത് ആ കാടിന് അവരിട്ട പേരായിരുന്നു. എല്ലാ മൃഗങ്ങളും ഉടുതുണിയില്ലാത്തവരായി അവിടെ ജീവിച്ചു പോന്നു. ഉറുമ്പ്, ചിലന്തി, പാറ്റ, എന്നിവക്കൊന്നും കാട്ടിലേക്ക് പ്രവേശനമില്ലായിരുന്നു.. ആ രാജ്യമാകുന്ന കാട്ടിലാണ് ആദമും ഹവ്വയും സ്വർഗത്തിൽ നിന്ന് വഴിതെറ്റിവന്നത്. അവർ ദൈവത്തെക്കുറിച്ച് മറ്റാരും കാണാത്ത സ്വർഗ നരകങ്ങളെ കുറിച്ച് കാട്ടു നിവാസികളോട് കോർത്തെടുത്ത കഥകളായി പറയാൻ തുടങ്ങി. കാട് നടുങ്ങി. അതിന്റെ വന്യത ഓരോ മൃഗത്തോടും കേട്ട കഥ പകർത്തിയെഴുതാൻ കൽപ്പിച്ചു. സിംഹം പിശാചിനെ കുറിച്ച് എഴുതി. പൂമ്പാറ്റ മാലാഖയെ കുറിച്ച് എഴുതി. കാട്ടിലകൾ കല്ലിൽ ഉരച്ചെടുത്ത് പിശാചിന്റെയും മാലാഖയുടെയും രേഖാചിത്രം വരച്ചെടുത്തു. ആദമിന്റെ ബീജവും ഹവ്വയുടെ അണ്ഡവും വെയിൽ നദിയിൽ എന്നപോലെ ഒട്ടിച്ചേർന്നു. അവിടെ ഉറുമ്പുകൾ പെറ്റുവീണു. മൃഗങ്ങളുടെ തുടയിൽ നിന്ന് കടിച്ചെടുത്ത മാംസക്കഷണങ്ങൾ കൊണ്ട് അവർ ദൈവത്തിന്റെ ശില്പമുണ്ടാക്കി. രാജ്യത്തെ രാജാവ് ദൈവമായി.

രാജ്യം ഇന്ന് കാട്ടിൽ നിന്നും ഓടി പോയിട്ടുണ്ട്. ദൈവത്തെ കൂടി അത് കട്ടെടുത്ത് കീശയിലിട്ടിരുന്നു. ഒളിച്ചോടുമ്പോൾ ഭൂഖണ്ഡങ്ങളും മഹാസമുദ്രങ്ങളും താണ്ടി ഉറുമ്പ് പ്രജകളെ തന്റെ ജനനേന്ദ്രിയത്തിൽ ഒളിപ്പിച്ചാണ് രാജ്യം തന്റെ സാമ്രാജ്യം ഒറ്റയ്ക്ക് കരിങ്കല്ല് കൊണ്ട് കെട്ടി ഉണ്ടാക്കാൻ ഇറങ്ങിത്തിരിച്ചത്. മരപ്പൊത്തിൽ ഉറങ്ങുകയായിരുന്ന ദൈവം ഈ കാഴ്ച കണ്ട് അങ്ങോട്ട് മൊഴിഞ്ഞ് എത്ര ഒറ്റ വഴിയുള്ള കാട്ടിൽ ജീവിക്കാൻ എനിക്കാവുന്നില്ല ഒറ്റ വേരാനുള്ള വൃക്ഷത്തിൽ നിന്ന് എനിക്ക് മറ്റൊരു കാടായി വളരണം എന്റേത് മാത്രമായ കാട്.

( എൻ ബി : രാജ്യത്തെ കുറിച്ച് സാമൂഹിക ശാസ്ത്രകാരന്മാർ എഴുതിവെച്ച ചരിത്ര ഗവേഷണ പുസ്തകത്തിൽ നിന്നും ഞാൻ അടിച്ചു മാറ്റിയതാണ് ഈ പേപ്പർ കഷ്ണം.)

കാട്ടിൽ നിന്നും ഒളിച്ചോടി വന്ന ഉറുമ്പുകൾ ചൂടും തണുപ്പും ഏറ്റു ഭീകരസത്വത്തെ പോലെ വളർന്നു വളർന്നു മറ്റൊരു ജീവിയായി രൂപാന്തരം പ്രാപിച്ചു. ദൈവം പുതിയ ജീവിക്ക് മനുഷ്യൻ എന്ന് ചോറൂണിന്റെ സമയത്ത് പേരിട്ടു വിളിച്ചു തന്റെ കണ്ടെത്തലിന് പരിണാമ സിദ്ധാന്തം എന്ന് പേറ്റന്റ് എടുത്തു.

( എൻ ബി :- ഇതും ഞാൻ മുമ്പ് സൂചിപ്പിച്ച പുസ്തകത്തിൽ നിന്നും മോഷ്ടിച്ചതാണ്.)

രാജ്യത്ത് ഇപ്പോഴും ചുരുളഴിഞ്ഞിട്ടില്ലാത്ത ഒരു രഹസ്യമുണ്ട്. അക്ഷരങ്ങൾ കണ്ടെത്തുന്നതിനുമുമ്പ് മനുഷ്യന്റെ വിരലുകൾക്കിടയിൽ ഒരു പേന എങ്ങനെ വന്നു എന്ന്. വേദ പുസ്തകങ്ങൾ കിടന്ന് അക്ഷരങ്ങൾ പരസ്പരം ചോദിച്ചത്രേ നമുക്ക് ഒളിച്ചോടിയാലോ

എന്തിന് അ ആണ് ചോദിച്ചത്.

എനിക്ക് കഥകൾ പറയണം. കവിതകൾ പാടണം. 'ഇര്' ഉച്ചത്തിൽ പറഞ്ഞു.

ഒളിച്ചോടലിന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കാനായി വാക്യങ്ങളിൽ നിന്നും വേർപ്പെട്ട അക്ഷരങ്ങൾ ദൈവത്തിന്റെ കണ്ണുവെട്ടിച്ച് ഉടുതുണിയില്ലാത്ത അക്ഷരങ്ങൾ മാത്രമായി പേനയിലേക്ക് നുഴഞ്ഞു കയറി. ഒറ്റയ്ക്കായി പോയതിന്റെ മരുഭൂമിയിൽ അന്ന് പേനയ്ക്കായി വേനൽ മഴ പെയ്തു. മനുഷ്യർ അതിരുകൾക്കപ്പുറത്തുനിന്ന് വാക്കുകളെ മോഷ്ടിച്ചെടുത്ത കവിതക ഹായ് പെറ്റ് വീഴ്ത്താനും തുടങ്ങി. (രാജ്യത്തെ കുറിച്ച് എഴുതിയ പുസ്തകങ്ങളിൽ ഒന്നും പേനയുടെ ജന്മമെടുക്കലിനു പിറകിലെ ദുരൂഹത കണ്ടെത്താൻ എനിക്ക് ആയിട്ടില്ല.

രാജ്യത്തിന്റെ പരമോന്നത കോടതി ന്യായാധിപന്റെ കറുത്ത കോട്ടിനുള്ളിൽ ദൈവം തന്റെ ശരീരത്തെ ഒളിപ്പിച്ചു വച്ചിരിക്കുന്നു. എല്ലാ കണ്ണുകളും അവിടേക്ക് ഉറ്റുനോക്കുന്നു.

പ്രതിക്കൂട്ടിൽ അവർ മൂന്നുപേർ ഭാവങ്ങൾ ഏതുമില്ലാതെ അവരുടെ ഞരമ്പുകളിലെ തിളപ്പ് നിശബ്ദരായിരിക്കാനുള്ള കോടതിയുടെ കൽപ്പനകളെ പോലും വല്ലാതെ പൊള്ളിക്കുന്നുണ്ടാകണം അല്ലേ..?

ദൈവം സിംഹാസനത്തിൽ നിന്നും ചാടി എണീറ്റു നഖങ്ങൾ നീട്ടി വളർത്തിയ ചൂണ്ടുവിരൽ പ്രതിക്കൂട്ടിനു നേരെ എയ്തുവിട്ടു.

നിങ്ങൾ എന്തിനാണ് കവിതകൾ എഴുതിയത്?

പേന ഞങ്ങളെ അസ്വസ്ഥത അസ്വസ്ഥരാക്കിയത് കൊണ്ട്.

നിങ്ങൾ രാജ്യത്തെക്കുറിച്ച് എഴുതി എന്നെ കുറിച്ച് എഴുതി നിങ്ങൾ വിദ്യാലയങ്ങളിൽ കവിതകൾ വിതരണം ചെയ്തു. കാണിക്ക പാത്രങ്ങൾ എറിഞ്ഞുടച്ച് തെരുവ് പട്ടികൾക്ക് കഞ്ഞി ഉണ്ടാക്കിക്കൊടുത്തു പട്ടികളുടെ മുരൾച്ചകളിൽ പോലും നിങ്ങൾ എഴുതിയ കവിതകളാണ് ഈ കൊടും പാതകത്തിന് നാമിതാ ശിക്ഷ വിധിക്കുന്നു.

കോടതിമുറി വിറങ്ങലിച്ചു നിന്നു രാജ സിംഹാസനത്തിൽ തിരികെയിരുന്ന് ന്യായാധിപൻ തന്റെ വിധി പുറപ്പെടുവിച്ചു.

**രാജ്യത്തിന്റെ പരമോന്നത കോടതി ന്യായാധിപന്റെ കറുത്ത കോട്ടിനുള്ളിൽ ദൈവം തന്റെ ശരീരത്തെ ഒളിപ്പിച്ചു വച്ചിരിക്കുന്നു. എല്ലാ കണ്ണുകളും അവിടേക്ക് ഉറ്റുനോക്കുന്നു. പ്രതിക്കൂട്ടിൽ അവർ മൂന്നുപേർ ഭാവങ്ങൾ ഏതുമില്ലാതെ അവരുടെ ഞരമ്പുകളിലെ തിളപ്പ് നിശബ്ദരായിരിക്കാനുള്ള കോടതിയുടെ കൽപ്പനകളെ പോലും വല്ലാതെ പൊള്ളിക്കുന്നുണ്ടാകണം അല്ലേ..?**

പൊടിച്ചു കളയുക ഇവരുടെ പേനകളെ ഊറ്റി ഊറ്റി വറ്റിച്ചെടുക്കുക നീല ഞരമ്പുകളെ ആട്ടിപ്പാക്കു കുറ്റവാളികളെ

നമ്മളോടി പോന്ന കാട്ടുവഴികളിലേക്ക്..

(ദൈവം കവിത ചൊല്ലിയതാണെന്ന് ആരും തെറ്റിദ്ധരിക്കരുത്)

അവർ കണ്ണുകൾ പതുക്കെ തുറന്നു. തങ്ങൾ ആറ്റികുറുക്കിയെടുത്ത കവിതകൾ ചുറ്റും മണക്കുന്നുണ്ട്. സുഗന്ധമോ ദുർഗന്ധമോ അത്..? തിരിച്ചറിയാൻ സാധിക്കുന്നില്ല. മൂന്ന് മനുഷ്യരെയും കോടിക്കണക്കിന് കവിതകളെയും വഹിച്ചു ആ ലോറി അപരിചിതമായ ഒരു വഴികളിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. മിനിറ്റുകൾക്കകം ലോറി സഡൺ ബ്രേക്ക് ഇട്ടപ്പോൾ വെളിച്ചം പോലെ കൂടുതൽ കൂടുതൽ പരന്നുവരുന്ന ഇരുട്ടിനിടയിലും അവരത് കണ്ടു. കാട് അവരുടെ കവിതക്കും അവിടെ കണ്ട ഒറ്റ മരത്തിന്റെ വീടിനും ഒരേ മണം. ഏതെന്ന് തിരിച്ചറിയാൻ ആവുന്നില്ല. കവിതകളെ ലോറിയിൽ തന്നെ ഉപേക്ഷിച്ചു കളഞ്ഞ് മനുഷ്യന്റെ കുപ്പായം അഴിച്ചുവെച്ച് മൂന്നു ഉറുമ്പുകൾ ആയി അവർ കാട്ടിലേക്ക് പ്രവേശിച്ചു. അവിടെ ഉറുമ്പ് ചിലന്തി പാറ്റ എന്നിവർക്ക് പ്രവേശനമില്ല എന്ന് മരപ്പലക അവർ കണ്ടിട്ടേ ഉണ്ടായിരുന്നില്ല. കുടിച്ചു കളയപ്പെട്ട പേനയിൽ അപ്പോഴും മഷി വറ്റി തീർന്നു നിന്നിരുന്നില്ല എന്ന് തോന്നുന്നു

നദ ഗഫൂർ
MSc Geology

# കഥാബീജങ്ങൾ



കഥകളിൽ മുങ്ങിത്താഴ്ന്ന് ജീവിക്കുന്നവരാണ് നമ്മൾ. ദിവസേന എത്രയെത്ര കഥകളാണ് നമ്മൾ കേട്ട്/പറഞ്ഞ് കൊണ്ടിരിക്കുന്നത്. സന്തോഷവും സങ്കടവും നിറഞ്ഞ സത്യവും കള്ളവുമായ കഥകൾ.

എങ്ങനെയാണ് ഒരു കഥയുണ്ടാവുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ? ഒട്ടനേകം ബീജങ്ങളിൽ നിന്നും ഒറ്റൊന്നുമാത്രം 'ജയിക്കു'ന്നിടത്ത് ഒരു കഥ ജനിക്കുന്നു, ജീവിതം പോലെ. കഥാകാരന്റെ മനസ്സിൽ അവിടവിടെയായി കിടക്കുന്ന തോന്നലുകൾ ദിവസങ്ങളെടുത്ത്, ഒരു പക്ഷെ മാസങ്ങളോ വർഷങ്ങളോ എടുത്ത് പാകപ്പെട്ട് കഥകളായി പുറത്ത് വരുന്നു. നേരത്തെ പറഞ്ഞ ജീവിതം പോലെ.

എഴുത്ത് കാരന്റെ മനസിലെ കഥയുടെ പരിണാമം ഗർഭസ്ഥ ശിശുവിനെ പരിപാലിക്കുന്ന സ്ത്രീയുടെ പോലെയാണ്. കയ്യും മെയ്യും വളരുന്നതോർത്ത് സ്വപ്നങ്ങൾ കണ്ട് ഓരോ വരിയും പതുക്കെ, ശ്രദ്ധയോടെ പകർത്തി വെക്കുന്നു. തെറ്റിയാൽ വീണ്ടും വീണ്ടും മാറ്റിയെഴുതി അതിനെ തന്റേതായ പൂർണതയിലേക്ക് വളർത്തിയെടുക്കുന്നു. 'തന്റേതായ' എന്ന് എടുത്ത് പറഞ്ഞത് വെറുതെയല്ല, എന്ത് തന്നെ പുറത്ത് വന്നാലും എഴുതിവെക്കുന്നത് തന്റെ കഥയാണ്, തന്റെ മനസ് തന്നെയാണ് എന്ന ഉത്തമബോധ്യത്തോടെ അതിനെ പരിപാലിക്കുന്ന ഒരു അമ്മയെ എഴുത്ത്കാരനിൽ കാണാൻ കഴിയും.

എഴുത്തിന്റെ ഓരോ ഘട്ടത്തിലും കഥയുടെ ഭാവങ്ങൾ എഴുതുന്നയാളിലും പ്രതിഫലനങ്ങൾ ഉണ്ടാക്കുന്നു. കഥാപാത്രങ്ങൾ മരണപ്പെടുമ്പോൾ ഉറ്റവരെ നഷ്ടപ്പെട്ട വേദന തന്നെ അയാളിലുമുണ്ടാകുന്നു.

പറഞ്ഞ് വന്നത് പക്ഷെ അത് മാത്രല്ല. 'കഥകളായി' പുറത്ത് വന്നവയെ ഓർക്കാനും പരിപാലിക്കാനും ആളുകളുണ്ടാകും. ചാപിള്ളയായി പ്പോയതിനെ ഓർത്തിരിക്കുന്നവരുണ്ടാകോ? ആരാലും ഓർമ്മിക്കപ്പെട്ടില്ലേലും അവയൊന്നും കഥകളാവാതെ ഇരിക്കുന്നില്ല.

കുഞ്ഞായി മാറുന്നത് ഒന്നോ രണ്ടോ ആണെങ്കിലും വഴിയിൽ തോറ്റ് പോയ കോടിക്കണക്കിന് ബീജങ്ങൾക്കും പറയാനുണ്ടായിരുന്ന കഥകൾ ഏറെയാണ്. തോറ്റ് പോയവന്റെയും വീണ് പോയവന്റെയും കഥകൾ. അപമാനത്തിന്റെയും മാറ്റിനിർത്തപ്പെടലിന്റെയും കഥകൾ. വിസർജ്യത്തേക്കാൾ മലിനമായ മനസ്സുകളുടെ കഥകൾ.

മറ്റൊരു കൂട്ടർ കൂടിയുണ്ട്. സഹനത്തിന്റെയും ധൈര്യത്തിന്റെയും പ്രതീകമായവർ. വേരോടെ പിഴുതെറിയാൻ നോക്കുന്നവരുടെ മുന്നിൽ വീണ്ടും വീണ്ടും തണ്ണിമത്തന്റേ വള്ളി പോലെ പടർന്ന് പന്തലിക്കുന്നവർ. ഓരോ തവണ തോൽപ്പിക്കപ്പെടുമ്പോഴും സധൈര്യം മുന്നോട്ടു പോകുന്നവർ. ലോകം തങ്ങൾക്ക് എതിരാണെന്ന് അറിഞ്ഞിട്ടും തളരാത്തവർ.

- വിജ്ഞാനം



Silna Maryam
BA Economics

# Breath Of Life: Navigating The Hazards Of Deteriorating Air Quality.

Air is essential for life, yet air pollution represents one of the most significant environmental health risks, impacting every individual without discrimination. A recent newspaper article highlighted that New Delhi, the capital of India, has been identified as the most polluted city in the world. The persistent annual smog in New Delhi is responsible for thousands of premature deaths each year, illustrating the severe health crisis faced by its residents.

A report published in August 2023 by the University of Chicago's Energy Policy Institute provides a stark picture of the situation. According to the report, the average resident of New Delhi could lose up to 12 years of life expectancy due to prolonged exposure to the city's polluted air. This alarming statistic underscores the grave impact of air pollution on the population's health and longevity.

The Air Quality Index (AQI) in New Delhi frequently reaches hazardous levels, often exceeding a value of 400. An AQI above 400 signifies a severe level of air pollution, which poses serious health risks to all individuals, especially vulnerable groups such as children, the elderly, and those with pre-existing health conditions. On many days, the air quality is so poor that the city is enveloped in a thick haze, reducing visibility and making it difficult to breathe.



The high pollution levels are attributed to various sources, including vehicular emissions, industrial activities, construction dust, and the burning of agricultural residues in neighbouring states. These pollutants combine to create a toxic mix that envelops the city, contributing to respiratory and cardiovascular diseases, as well as other serious health problems.

Efforts to combat air pollution in New Delhi have included measures such as implementing odd-even traffic schemes to reduce vehicular emissions, promoting the use of public transportation, and encouraging the adoption of cleaner technologies in industries. However, despite these initiatives, the city's air quality remains perilously poor.

**Not Only Delhi But Cities World-wide**

Since 1987, the World Health Organization (WHO) has been issuing Global Air Quality Guidelines (AQG) aimed at reducing global air pollution and related mortality. Initially, the annual exposure limit for fine particulate matter (PM2. 5) was set at 10 μg/m3. These guidelines have undergone updates in 1997, 2005, and most recently in 2021. The latest revision recommends a more stringent annual PM2. 5 exposure limit of 5 μg/m3 to better protect public health.

The Air Quality Index (AQI) is a tool used to communicate how polluted the air currently is or how polluted it is forecast to become. The AQI scale ranges from 0 to 500, with higher values indicating greater levels of air pollution and increased health risks. According to the AQI data from 2023, five countries have been identified as the most polluted globally. These countries are Bangladesh, with a PM2. 5 level of 79. 9 μg/m3—over 15 times higher than the WHO's recommended annual guideline; Pakistan with 73. 7 μg/m3; India with 54. 4 μg/m3; Tajikistan with 49. 0 μg/m3; and Burkina Faso with 46. 6 μg/m3.

The impact of such high levels of air pollution is profound. Each year, air pollution is responsible for an estimated 7 million premature deaths. This staggering figure includes 4. 2 million deaths attributed to outdoor air pollution and 3. 8 million due to indoor air pollution. In 2019, it was reported that 99% of the global population resided in areas where the WHO's air quality guidelines were not met, highlighting the widespread nature of this public health crisis.

By examining these statistics, it becomes clear how perilous the air quality is in many parts of the world, particularly in urban areas. The inhabitants of these cities are living in conditions where the air they breathe poses a significant threat to their health. The data underscores the urgency of taking robust actions to improve air quality globally. The updated WHO guidelines are a crucial step in this direction, but their effectiveness depends on strict adherence and implementation by all countries.

Measures implemented to address air pollution so far.

Significant efforts are being made globally to address the critical issue of air pollution, which poses a severe threat to human existence. Various countries and states have implemented numerous strategies to combat this pressing problem. Key measures include the adoption of clean and green technologies in industrial processes to minimize emissions, and the meticulous management of urban and agricultural waste to prevent harmful pollutants from entering the atmosphere. Additionally, there is a strong push towards the promotion of renewable energy sources such as solar, wind, and hydro power, which significantly reduce reliance on fossil fuels.



The transition to fuel-less vehicles, such as electric cars, and the use of low-emission fuels in traditional vehicles are also being encouraged to decrease the amount of harmful substances released into the air. Awareness programs are being conducted to educate the public about the importance of maintaining air quality and the severe health risks associated with air pollution. These programs aim to instil a sense of responsibility and urgency regarding environmental preservation.

Moreover, governments are framing and enforcing stringent laws and policies aimed at curbing air pollution. These regulations often include emission standards for industries, incentives for using cleaner technologies, and penalties for non-compliance. Despite these comprehensive remedial measures, air quality in many regions remains dangerously poor. People continue to suffer and lose their lives every day due to the direct or indirect consequences of air pollution, highlighting the ongoing challenge and the need for more effective and widespread action.



The persistent nature of this environmental crisis underscores the necessity for continued innovation, stricter enforcement of existing regulations, and greater international cooperation to develop and implement solutions that can significantly improve air quality worldwide. While progress has been made, the fight against air pollution requires relentless effort and commitment from all sectors of society to safeguard public health and the environment for future generations.

Efforts made by just one or two countries are insufficient to create a meaningful positive impact on air quality. What is critically needed is robust international cooperation. The air and atmosphere transcend political boundaries, meaning that no nation can isolate itself from the detrimental effects of air pollution. Since everyone on the planet breathes the same air, the consequences of polluted air are a shared global burden.

In the face of mounting environmental challenges, it is clear that the pursuit of wealth and power is futile if it comes at the expense of our health and the well-being of future generations. As stewards of this planet, it is our responsibility to work together, drawing inspiration from the actions taken by various countries and organizations so far, to address the existential threat of air pollution and ensure a sustainable and thriving world for generations to come.

Marva
BA English

# It's all about you

Never let the ocean in you dry up
You have got a lot more feet to wade through!!
Never let the shades in you fade off,
You have got a lot more hearts to claim!
Never let the clouds in you hide,
You have got just you to vent it out!
Never let the streams in you, stop it flows,
You have to caress millions around you,
Never let the flower in you wither away,
You have got a million yards to perfume!
Never let the land in you crack open,
You've got only you to patch it up!





Jannath Fazli
BA English



# Dear Home

dear home,
Few days away from you has gifted me
A precious epiphany
I realise I'm lucky
To have you to come to,
A place where I can say the word " beef "
Without starting any beef with anyone
It's ironic because I've always had an identity crisis
I've never felt like I belong to any single place
But now I know, I am grateful to be of a place
Where I can speak loudly,
I can see "alhamdulillah "when I sneeze
Without people, giving me weird looks,
I can
Criticise the government
When it demolishes the history of my people
As if it was written in stone mere stone.
I can talk to the shadows of the babri
and walk back home without shadows,
following my foot steps
But it's not just me, is it?
You hold multitudes of identities
That are proud to be unidentical
Spelling into each other like pieces of a puzzle
Thrown along the coast of harmony
Dear home, there is something so annoyingly
endearing about you
In the way, you make me feel like I need to run,
But it, but is actually the place where
I can be most myself
You are not just a place, but also a people
So please just stay the same forever
I don't want to have to run away from you
So don't make me!




**we don't condemn the resistance but we condemn how you stand tall with all those blood on your hands..... This should and will never be normalized...**

pray at. And they know this too... that there is no power, there is no strength, there is no perseverance you can find, than in the people of Palestine. They are afraid. Because they can't beat their faith. A faith deep rooted in the land of Gaza. How on earth are they going to pull out the plants of which the roots have been sank deep into the land of faith and power?

This, is not an issue concerning Muslims. This is an issue concerning humanity. If only there's some part of human empathy left, in this era that hardly emotes for their fellow creatures... An era where the basic human rights including the right to live is denied. How hardened your hearts must have become if you don't at least feel a need to share this pain and let others know what and how the people of Palestine have been going through for a very long time, how the word morality becomes a shame for the Israeli army.

Dear brothers and sisters,

We did see the so called "influencers" trying hard to keep up with their content for they knew Palestine was top on the chart. We saw the so-called " feminists doing paid advertisements for sanitary pads, while the Palestinian women bled all day with not even a piece of cloth to help themselves clean their menstrual blood. We saw the so-called organizations meant to safeguard human rights and dignity, allying with the wrong. Where did we lose??? How bad did we fail the people of Palestine??

To all who hear my voice... Now this is how I would like to conclude.

Israel, those babies are cursing you right now, for you bear the face of brutality.

No!! we don't condemn the resistance but we condemn how you stand tall with all those blood on your hands..... This should and will never be normalized... No matter how vicious and severe you're re going to be, how undermined your dignity is, how your cowardice is covered with the American veil by which you silence a whole generation, there shall witness a day when the smiles of Palestinians, showcase nothing but the taste of freedom.

Long live resistance... long live Palestine. Thankyou!!



Hawwa Ayyub
BA Arabic

# HEAVEN ON FIRE

I met a doctor from Kashmir once
He talked of his people
A besieged, tortured lot;
Silenced, suppressed,
Stripped of all rights.
Their houses burned
Their leaders caged
Their women gangraped
History distorted to clean the coloniser ledger
How savage can manage get
When given fully impunity?
Ever wondered?
Well here's your answer
Look no further
Then the so- called heaven of earth
I met a professor from Kashmir once
Said his brother was captured by the you-know-who
Was killed and returned a hundred days later
